വംശഹത്യയല്ല ,
ആശയ സംവാദമാണ് പരിഹാരം

എംകെ അർജുനൻ: മുത്തിലും
മുത്തായ സംഗീതകാരൻ

കരിമ്പനത്തറക്കാരന്റെ
ഊർജ്ജ തന്ത്രങ്ങൾ

പരമ്പരാഗത ആശയങ്ങളെ
വെല്ലുവിളിക്കുന്ന പ്രദർശനം

DECEMBER | VOL.04 | ISSUE 12

# മലയാളി.com magazine 2025

എന്തുകൊണ്ട് നല്ല നിരൂപണം ഉണ്ടാകുന്നില്ല?
എവിടെപ്പോയി നമ്മുടെ മികച്ച വിമർശകർ ?
ബഹുസ്വരത മൂല്യവിചാരത്തെ ബാധിക്കുന്നുവോ ?
എസ് സുന്ദർദാസ് എഴുതുന്നു

# സാഹിത്യവിമർശനത്തിന്റെ മരണം !



മിത്ര സുരേഷ്
ഏകാന്ത സഞ്ചാരി





ജോസഫ് എബ്രഹാം
ഒന്നാമത്തെ ദിവ്യ രഹസ്യം


START YOUR CHANNEL!
ML TurnKey
24hr LIVE!
MEDIA LOGISTICS
MediaAppUSA
Call for Details
1-917-900-2123
info@medialogistics.us
Media Logistics Inc. introduces 'ML TurnKey System' a total TV channel package easily for managing LIVE 24 Hr Channel, Video Playout, Capture, Scheduling and all operations. Delivering automatic and unattended efficiency 24/7, 'ML TurnKey' is the perfect tool for anyone who wants to have a 24 LIVE Channel including Playout andservers and Video On Demand. Launch on to 'Media App USA' readily available on iOS, Android, All Smart TV's and Streaming Devices around the world.

മലയാളി.com Magazine
DIGITAL MAGAZINE
2025 DECEMBER VOL/04 ISSUE/12
Contact: mag@emalayalee.com | www.emalayalee.com

# കേരളം എങ്ങോട്ട്?

കേരളം ഒട്ടാകെ മരണം വിതക്കുന്ന അമീബിക് മസ്തിഷ്ക ജ്വരം സംസ്ഥാനത്തെ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തത ഒരിക്കൽ കൂടി വ്യക്തമാക്കുകയാണ് . അതോടൊപ്പം ശുദ്ധമായ കുടിവെള്ള ശ്രോതസ്സുകളെപ്പറ്റിയുള്ള ആശങ്കയും ഉയരുന്നു .തെരഞ്ഞെടുപ്പിൽ കോവിഡ് കാ ലത്തെ ഇടപെടലുകളുടെ പേരിൽ കയ്യടിയും വോട്ടും നേടിയ സർക്കാർ ഇന്ന്ആരോഗ്യരംഗത്തെവീഴ്ചകളുടെപേരിൽപ്രതിക്കൂട്ടിലാണ്. എന്ത് കൊണ്ടാണ് അമീബിക് മസ്തിഷ്ക ജ്വരം ഇങ്ങനെ പടരുന്നത് എന്നതിന് ഒരു വിശദീകരണവുമില്ല.നമ്മുടെ ആരോഗ്യരംഗത്തിൻറെ പാളിച്ചകൾ വെളിവാക്കുന്ന ഒരു കാര്യം മാത്രമാണിത് . എച്ച് ഐ വി യുടെ വ്യാപനവും സംസ്ഥാനത്ത് വർദ്ധിക്കുന്നുവെന്നു പുതിയ കണക്കുകൾ സൂചിപ്പിക്കുന്നു .അടുത്തയിടെയാണ് കോടിക്കണക്കിനു രൂപയുടെ മേന്മയില്ലാത്ത മരുന്നുകൾ സർക്കാർ തന്നെ വിതരണം ചെയ്തു എന്ന വാർത്ത വരുന്നത് . അതോടൊപ്പം വിവിധ മേഖലകളിലെ നമ്മുടെ പരാജയങ്ങളും ഉയർത്തിക്കാട്ടപ്പെടുന്നു .ഇതിനും പുറമെയാണ് ലാഭേച്ഛ മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന യു എസ് നിക്ഷേപകർക്ക് നമ്മുടെ സ്വകാര്യ ആശുപത്രികൾ കൈമാറിയെന്ന വാർത്തകൾ .സർക്കാർ ഇൻഷുറൻസിനെ കുടുതൽ ആശ്രയിക്കുക കൂടി ചെയ്യുന്നതോടെ ഈ ദൂഷിത വലയത്തിൽ നിന്ന് നമുക്ക് മോചനമില്ല .

പകർച്ചവ്യാധികളെയും മാരകമായ രോഗങ്ങളെയും അമർച്ച ചെയ്യുകയും കേരളത്തിൻറെ ആരോഗ്യ സൂചികകൾ അസൂയാവഹമായ വിധം വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. ആരോഗ്യരംഗത്തു കേരളത്തിന്റെ സ്ഥാനം അടുത്ത കാലം വരെ ഒന്നാമതായിരുന്നു .പക്ഷേ കഴിഞ്ഞ നിതി ആയോഗിന്റെ കണക്കു അനുസരിച്ചു അത് നാലാമതായി താഴേക്കു പോയിരിക്കുന്നു .കേരളം അതിലും താഴേക്കു പോയെന്നു സൂചിപ്പിക്കുന്ന കണക്കുകളും ചിലർ നിരത്തുന്നുണ്ട് . ശബരിമലയിലെ കാട്ടുകള്ളന്മാരുടെ സ്വർണ്ണക്കൊള്ളയുടെയും രാഹുൽ മാംകൂട്ടത്തിനെതിരായ ലൈംഗീക പീഡന കേസിന്റെയും ഇടയിൽ ഇത് എല്ലാവരും അവഗണിക്കുന്ന വിവരമാകാം . എന്ത് കൊണ്ടാണ് നമ്മുടെ ആരോഗ്യരംഗം നാൾക്കു നാൾ പിന്നോട്ട് പോകുന്നത് ?

നിതി ആയോഗിന്റെ കണക്കു അനുസരിച്ചു സസ്ട്ടെയിനബിൽ ഡെവലപ്പ് മെന്റ് ഗോൾ കൈവരിക്കേണ്ട മേഖലകളിൽ കേരളം വളരെ പിന്നോട്ടാണ് എന്നതാണ് ശ്രദ്ധേയം .ഏറെ കൊട്ടിഘോഷിക്കപ്പെട്ട ആശുപത്രികളിൽ നടക്കുന്ന പ്രസവ നിരക്കിൽ വ്യതിയാനം വന്നിരിക്കുന്നു .രോഗപ്രതിരോധത്തിനായി വാക്സിനേഷൻ സ്വീകരിക്കുന്ന കുട്ടികളുടെ സംഖ്യ കുറഞ്ഞിരിക്കുന്നു .റോഡ് അപകടങ്ങളിൽ മരിക്കുന്നവരുടെ സംഖ്യ എത്രയോ ഉയർന്നിരിക്കുന്നു .മാനസികാരോഗ്യ പ്രശ്നങ്ങൾ മൂലം സ്വയം ജീവനെടുക്കുന്നവരുടെ സംഖ്യ ഉയരുന്നു .ആൽമഹത്യയുടെ തല്സ്ഥാനമായിട്ടുണ്ട് കേരളം ഇപ്പോൾ .

കണക്കുകൾ ഏറെ ആശങ്കപ്പെടുത്തുന്നതാണ്.നൂറു ശതമാനം കുട്ടികളെയും വാക്സിനേഷൻ ചെയ്യേണ്ട ഇടത്ത് അത് 85.40 ആയിരിക്കുന്നു .എച്ച് ഐ വി .01 ആണ് . ആൽമഹത്യ നിരക്കാണ് കുടുതൽ. പതിനായിരം പേരിൽ 28.50 .3.5 ആയി കുറക്കേണ്ട ഇടത്താണ് ഇത് .സ്വയം ആരോഗ്യത്തിനു ചെലവഴിക്കുന്ന തുക 17 ശതമാനമാണ് 7. 85 നു പകരമാണിത് .മറ്റു രംഗങ്ങളിൽ നല്ല പ്രകടനം ഉണ്ടെങ്കിലും ഈ കണക്കുകൾ അതിന്റെ ശോഭ കെടുത്തുന്നു .

ഇതിനൊപ്പമാണ് പൊതു ആരോഗ്യ സംവിധാനങ്ങളിൽ നിന്ന് സർക്കാർ പിന്മാറുന്ന ദയനീയ സ്ഥിതി വിശേഷം .ഇൻഷുറൻസ് മുടക്കുന്ന തുക സർക്കാർ ആശുപത്രികളുടെ വികസനത്തിനു ഉപയോഗിച്ചിരുന്നെങ്കിൽ അത് സമൂഹത്തിനു കുടുതൽ ഗുണകരമായെനേം .ഒരു എയിംസോ ഒരു സുപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയോ വന്നത് കൊണ്ടു മാത്രം തീരുന്നതല്ല നമ്മുടെ പ്രശ്നം . ഗ്രാമ ,താലുക്ക് തലങ്ങളിൽ ശക്തമയ പ്രാഥമിക ചികിത്സ സമ്പ്രദായം നാം കെട്ടിപ്പടുക്കണം .ഇപ്പോഴുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തണം . രോഗ നിയന്ത്രണ പരിപാടികൾ ശക്തമാക്കണം. പ്രത്യേകിച്ചും വാക്സിൻ വിരുദ്ധതക്ക് നേരെ ശക്തമായ നടപടികൾ ഉണ്ടാകണം. റോഡ് അപകടങ്ങൾ നാമുടെ ആരോഗ്യ രംഗത്തിൻറെ കഴിവ് കേടു കൊണ്ടല്ല.എങ്കിലും പൊതു മരാമത്തു വകുപ്പിനെ ശക്തമായി ഇതുമായി ബന്ധിപ്പെക്കേണ്ടതിന്റെ പ്രാധാന്യം കണക്കുകൾ പറയുന്നു .ഏറ്റവും ഭയപ്പെടുത്തുന്നത് ആല്മഹത്യ നിരക്കുകളാണ്. മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ അഭാവം വലിയ കടമ്പയാണ് .മയക്കുമരുന്നും ലഹരിയും സമൂഹത്തിലെ പ്രധാന തിന്മയായി മാറിയതോടെ ആരോഗ്യവകുപ്പിന് അതേൽപ്പിക്കുന്ന ഭാരം വലുതാണ് .ഇതിനു പുറമെയാണ് കേരള സമൂഹം വൃദ്ധരുടെ ലോകം ആകുന്നു എന്ന വസ്തുത.

ഫലത്തിൽ ആരോഗ്യരംഗത്ത് കേരളത്തിനു മുൻതൂക്കം നൽകിയിരുന്ന പല കാര്യങ്ങളും ഇന്നു നമ്മുടെ കൈവിട്ടു പോകുകയാണ് .അതിൽ നിന്ന് മോചനത്തിനുള്ള ഒരു ശ്രമമാണ് നമ്മുടെ ആരോഗ്യവകുപ്പ് ശ്രദ്ധയോടെ നടപ്പാക്കേണ്ടത് .

*സ്നേഹത്തോടെ,*

ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 **ലേഖനം**
**സാഹിത്യ വിമർശനത്തിന്റെ മരണം !**
എസ് സുന്ദർദാസ്

09 **നോവൽ/ അവസാന ഭാഗങ്ങൾ**
**ഒന്നാമത്തെ ദിവ്യരഹസ്യം**
ജോസഫ് എബ്രഹാം

19 **കാഴ്ചപ്പാടുകൾ /ഗാസ**
**വംശഹത്യയല്ല , ആശയസംവാദമാണ് പരിഹാരം**
ഡോ തിയോഡോഷ്യസ് മാർത്തോമ മെത്രാപ്പോലീത്ത

23 **ചെറുകഥ**
**രക്ത ബന്ധ(ന)ങ്ങളുടെ നവരസങ്ങൾ**
മീര രാധാകൃഷ്ണൻ

27 **കോളം /അച്യുതം – 3**
**ജനമുന്നണി നേതാവ്**
രത്നാകരൻ മാങ്ങാട്

31 **ചെറുകഥ**
**ലാസ്റ്റ് സപ്പർ**
ശ്രീകുമാർ ഭാസ്കരൻ

37 **പ്രത്യേക അഭിമുഖം**
**മിത്ര സതീഷ് / ഏകാന്ത സഞ്ചാരത്തിന്റെ കാണാപ്പുറങ്ങൾ**
പ്രദീപ് പനങ്ങാട്

43 **ചെറുകഥ**
**മെർജേർഴ്സ് ആൻഡ് അക്ക്വിസിഷൻസ്**
ഗിരിഷ് രാജ

49 **സിനിമ/എന്റെ സംഗീത വഴികൾ**
**മുത്തിന് മുത്തായ അർജുനൻ**
എസ് രാജേന്ദ്ര ബാബു

55 **കവിത**
**ജ്ഞാനപുസ്തകം**
രമാ പ്രസന്ന പിഷാരടി

57 **ഭഗവദ് ഗീത വ്യഖ്യാനം**
**സംഖ്യ യോഗം**
സുധീർ പണിക്കവീട്ടിൽ

63 **ഓർമ്മ/സിനിമ**
മെല്ലി ഇറാനി
**സ്റ്റാർട്ട് . ആക്ഷൻ . കട്ട് ഇറ്റ്.**
ടി ശരത് ചന്ദ്രൻ



67 **സാംസ്കാരികലോകം**
കുര്യൻ കെ തോമസ്
**കരിമ്പനത്രക്കാരന്റെ ഊർജതന്ത്രങ്ങൾ**
പ്രസന്നൻ ആനിക്കാട്

72 **പുസ്തകലോകം**
നിന്നുകത്തുന്ന കടലുകൾ /ജോളി ചിറയത്ത്
**പൊട്ടിത്തെറിക്കുന്ന അഗ്നിപർവതം**
പി എസ് ജോസഫ്

78 **കല**
ഗിരീഷ് ഗോപിനാഥൻ
**പനോരമക്കും അപ്പുറം**

81 **സാമൂഹികസേവനം**
ഗോപിനാഥ് മുതുകാട്
**കാലം എല്ലാം തിരിച്ചു ചോദിക്കുമ്പോൾ**

84 **ചിത്രലോകം**
അജയകുമാർ

● ലേഖനം

**വി സി ശ്രീജൻ, വി രാജകൃഷ്ണൻ, ബി രാജീവൻ, പി കെ രാജശേഖരൻ തുടങ്ങി ഒരു കാലത്ത് നിശിത നിരീക്ഷണങ്ങൾ കൊണ്ട് ശ്രദ്ധേയരായ വിമർശകർ ഇന്ന് സജീവമല്ല. എന്തുപറ്റി നമ്മുടെ വിമര്ശന സാഹിത്യത്തിന്?**




# സാഹിത്യവിമർശനത്തിന്റെ മരണം !



എസ് സുന്ദർദാസ്

ഇന്ന് മലയാളത്തെ സംബന്ധിച്ചിടത്തോളം സാഹിത്യവിമര്ശനം ഒരു ഭൂതകാല സ്മൃതിമാത്രമാണ്. ഒരുകാലത്ത് മലയാള സാഹിത്യത്തിൽ അതികായന്മാരായി വിരാജിച്ചിരുന്ന വിമർശകർക്ക് ഇന്ന് പിന്മുറക്കാരില്ല. കുട്ടികൃഷ്മണ മരാർ, ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, സുയകുമാർ അഴീക്കോട്, എം ലീലാവതി, കെ പി അപ്പൻ എന്നിവരെപോലെ സർഗാത്മക രചനകളെ വിലയിരുത്തുകയും പുതിയ പ്രവണതകളെ കർക്കശമായ മൂല്യവിചാരത്തിന് വിധേയമാക്കുകയും ചെയ്യാൻ ആരുണ്ട് ഇന്ന്? വി സി ശ്രീജൻ, വി രാജകൃഷ്ണൻ, ബി രാജീവൻ, പി കെ രാജശേഖരൻ തുടങ്ങി ഒരു കാലത്ത് നിശിത നിരീക്ഷണങ്ങള്കൊണ്ട് ശ്രദ്ധേയരായ വിമർശകർ ഇന്ന് സജീവമല്ല. എന്തുപറ്റി നമ്മുടെ വിമര്ശന സാഹിത്യത്തിന്?

സാഹിത്യകമ്പോളത്തിലെ വിലയില്ലാത്ത നാണയമായാണ് ഇന്ന് വിമര്ശനം കരുതപ്പെടുന്നത്. സഹിഷ്ണുത വറ്റിവരണ്ടുപോയ ഇക്കാലത്ത് ആർക്കും വിമര്ശനം സഹനീയമല്ല. ആനുകാലികങ്ങളിൽ വിമർശക സാന്നിദ്ധ്യമില്ല.



സുകുമാർ അഴിക്കോട്

ഏറ്റവും ശ്രദ്ധേയമായ ഒരു പംക്തിയായിരുന്നു മാതൃഭൂമി വാരികയിലെ 'വളരുന്ന സാഹിത്യം' എന്ന പുസ്തകനിരൂപണ പംക്തി. ഒരു പുസ്തകമിറങ്ങിയാൽ അതിനെപ്പറ്റി നിരൂപകൻ എന്തുപറയുന്നു എന്നാണ് വായനക്കാർ ആദ്യം നോക്കുക.മാറ്റ് സാഹിത്യ പ്രസിദ്ധീകരണങ്ങളിലും സമാനമായ പുസ്തകനിരൂപണ പംക്തികൾ ഉണ്ടായിരുന്നു. പുസ്തക രൂപത്തിലാകുന്നതിനുമുമ്പുതന്നെ ആനുകാലികങ്ങളിൽ പ്രത്യക്ഷപ്പെടുന്ന രചനകളെ തൽക്ഷണം തന്നെ തല്ലുകയോ തലോടുകയോ ചെയ്യുന്ന എം കൃഷ്ണൻ നായരുടെ 'സാഹിത്യ വാരഫലം' എന്ന നിരൂപണ പംക്തി (അത് ആദ്യം മലയാളനാട് വരികയിലും തുടർന്ന് ഏറെക്കാലം കലാകൗമുദി വാരികയിലെ പിന്നീട് മലയാളം വാരികയിലെ പതിവായി പ്രസിദ്ധീക



ജി ശങ്കരപിള്ള



**എം ടി യും ഒ എൻ വിയും**

രിച്ചുവ ന്നു} വൻ ജനപ്രീതി നേടിയിരുന്നു. എന്നാൽ ഇന്നോ?

ഒരു പുസ്തകം പ്രസിദ്ധീകരിച്ചാൽ അതിനെ നിക്ഷ്പക്ഷമായി നിരൂപണം ചെയ്യുന്ന പംക്തികളൊന്നും ഇന്ന് ആനുകാലികങ്ങളിൽ ഇല്ല. പുസ്തകത്തോടൊപ്പം തന്നെ അവതാരികയോ പഠനമോ ആയി പ്രശംസാകുറിപ്പുകൾ പുറത്തിറങ്ങും.

ഗ്രന്ഥകർത്താവിനെ സംബന്ധിച്ചിടത്തോളം 'പൊള്ളുന്ന' വിമർശനങ്ങൾ പുറത്തുവന്നിരുന്നപ്പോഴും അതൊന്നും ആരും വ്യക്തിപരമായ വിമർശനങ്ങളാണ് കരുതിയിരുന്നില്ല. മലയാളത്തിലെ ഏറ്റവും രൂക്ഷമായ വിമർശനമായിരുന്നു സുകുമാർ അഴീക്കോടിന്റെ 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെട്ടുന്നു.' മഹാകവി ജി യുടെ കവിതകൾ തികഞ്ഞ അനുകരണങ്ങളാണെന്ന് തെളിവുകൾ സഹിതം വാദിക്കുകയാണ് ആ കൃതിയിൽ അഴീക്കോട്. അതിൽ അല്പം വാസ്തവമുണ്ടായിരുന്നുന്നെങ്കിലും അതൊന്നും ജി യുടെ പ്രസക്തിയെയും പ്രശസ്തിയെയും ബാധിച്ചില്ല. അതിനൊക്കെ ശേഷമാണ് അദ്ദേഹം ജ്ഞാനപീഠ പുരസ്കാരം നേടിയത്. ആ പുസ്തകത്തിനുശേഷവും സുകുമാർ ജി യെ മഹാകവി എന്നുതന്നെ വിശേഷിപ്പിച്ചിരുന്നു. 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെട്ടുന്നു' എഴുതിയതുകൊണ്ട് തങ്ങൾക്കിടയിലുള്ള സ്നേഹബന്ധത്തിന് ഒരു

**സാഹിത്യകമ്പോളത്തിലെ വിലയില്ലാത്ത നാണയമായാണ് ഇന്ന് വിമര്ശനം കരുതപ്പെടുന്നത്. സഹിഷ്ണുത വറ്റിവരണ്ടുപോയ ഇക്കാലത്ത് ആർക്കും വിമര്ശനം സഹനീയമല്ല. ആനുകാലികങ്ങളിൽ വിമർശക സാന്നിദ്ധ്യമില്ല. ഏറ്റവും ശ്രദ്ധേയമായ ഒരു പംക്തിയായിരുന്നു മാതൃഭൂമി വാരികയിലെ 'വളരുന്ന സാഹിത്യം' എന്ന പുസ്തകനിരൂപണ പംക്തി. ഒരു പുസ്തകമിറങ്ങിയാൽ അതിനെപ്പറ്റി നിരൂപകൻ എന്തുപറയുന്നു എന്നാണ് വായനക്കാർ ആദ്യം നോക്കുക. മറ്റു സാഹിത്യ പ്രസിദ്ധീകരണങ്ങളിലും സമാനമായ പുസ്തകനിരൂപണ പംക്തികൾ ഉണ്ടായിരുന്നു.**

കുറവും ഉണ്ടായിട്ടില്ലെന്ന് അഴീക്കോട് എന്നോട് ഒരിക്കൽ പറയുകയുണ്ടായി. ആ പുസ്തകം പുറത്തിറങ്ങി ഏതാനും ദിവസങ്ങൾക്കുശേഷം അഴീക്കോടിന് ശങ്കരക്കുറുപ്പിന്റെ കാണേണ്ടതായി വന്നു. ഒരു വൈകുന്നേരം അദ്ദേഹം പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ലെന്ന ഭാവത്തോടെ അദ്ദേഹം കവിയുടെ വസതിയായ ഭദ്രാലയത്തിലേക്ക് കയറിച്ചെന്നു. കവി വൈകുന്നേരത്തെ ചായ കഴിക്കാനുള്ള ഒരുക്കത്തിലായിരുന്നു. ഗേറ്റുകടന്ന് അഴീക്കോട് വരുന്നതുകണ്ടതും അദ്ദേഹം സന്തോഷത്തോടെ ചാടിയെണീറ്റു. എന്നിട്ട് അകത്തേക്ക് നോക്കി വിളിച്ച് പറഞ്ഞു,

' സുഭദ്രേ, സുകുമാരൻ വന്നിരിക്കുന്നു. സുകുമാരനും ചായയും ദോശയും എടുത്തോളൂ.' സൽക്കാരത്തിനുശേഷം ദീർഘമായ സൗഹൃദ സംഭാഷണത്തിനുശേഷമാണ് അന്ന് അഴീക്കോട് അവിടെനിന്നും മടങ്ങിയത്. അതായത് വിമർശനം വേറെ, വ്യക്തിബന്ധം വേറെ.

ഞാൻ ഇന്ത്യാടുഡേയിൽ ജോലി ചെയ്തിരുന്നകാലത്തെ ചില സംഭവങ്ങൾ ഓർമ്മവരുന്നു. അക്കാലത്ത് പുറത്തിറങ്ങിയ ഓ എൻ വി യുടെ 'ഉജ്ജയിനി' എന്ന കാവ്യത്തെ രൂക്ഷമായി വിമർശിക്കുന്ന ഒരു നിരൂപണം വാരികയിൽ പ്രസിദ്ധീകരിച്ചു. തികച്ചും വസ്തുനിഷ്ഠമായ ആ വിമർശനം എഴുതിയത് വി രാജകൃഷ്ണൻ. ഓ എൻ വിയുടെ വ്യക്തിപ്രഭാവം കണക്കിലെടുത്താൽ മലയാളത്തിൽ ഒരു പ്രധാനപ്രസിദ്ധീകരണത്തിലും അങ്ങനെ ഒന്ന് പ്രസിദ്ധീകരിക്കുകയില്ല. എല്ലാവർക്കും അത് 'മഹാശ്ചര്യം' ആയിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം തിരുവനന്തപുരത്ത് ചെന്നപ്പോൾ ഞാൻ ഓ എൻ വിയെ ഫോണിൽ വിളിച്ച് കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹം വീട്ടിലേക്ക് വിളിച്ചു. ചെന്നപ്പോൾ അദ്ദേഹം ആ വിമര്ശനം കണ്ടതായിപ്പോലും ഭാവിച്ചില്ല. ദീർഘനേരം ഞങ്ങൾ സംസാരിച്ചിരുന്നു. അതിനടുത്ത കാലത്തുതന്നെയാണ് എം ടിയുടെ 'വാരണാസി' എന്ന നോവൽ പുറത്തിറങ്ങിയത് . അത് അത്ര നല്ല ഒരു കൃതിയായി തോന്നിയില്ല. അന്നത്തെ പല യുവ നിരൂപകരുമായി സംസാരിച്ചപ്പോൾ അവരും അതിനെ വിമര്ശിച്ചാണ് സംസാരിച്ചത്. എന്നാൽ ആ അഭിപ്രായം വിശദീകരിക്കുന്ന ഒരു നിരൂപണം എഴുതാൻ പറഞ്ഞപ്പോൾ അവരെല്ലാം വിസമ്മതിച്ചു. ഒടുവിൽ ഞാൻ തന്നെയാണ് ഒരു ചെറിയ വിമര്ശനക്കുറിപ്പ് എഴുതിയത്. ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ കോഴിക്കോട് പോയപ്പോൾ എം

**ആശയസംഘട്ടനങ്ങളുടെ തീ പാറുന്ന സാഹിത്യ ചർച്ചാവേദികൾ ഇന്ന് അപൂർവമാണ്. ചെറിയ വിമര് ശനമോ വിയോജിപ്പോ പോലും ഇന്ന് അസഹനീയമാണ്, മിക്കവർക്കും. തൂമ്പയെ തൂമ്പയെന്നുതന്നെ വിളിക്കണമെന്നതുപോലെ നല്ലതിനെ നല്ലതെന്നും ചീത്തയെ ചീത്തയെന്നും വിളിക്കുകതന്നെ വേണ്ടേ എന്ന് സുഹൃത്തായ ഒരു നിരൂപകനോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു : ഇത് ബഹുസ്വരതയുടെ കാലാമാണ് ; എല്ലാം അങ്ങനെ കണ്ടാൽ മതി!**

ടിയെ കാണാൻ ഒരുങ്ങിയപ്പോൾ എം ടിയുടെ നല്ല അടുപ്പമുള്ള എന്റെ ഒരു യുവ സുഹൃത്ത് ആ വിമര്ശനക്കുറിപ്പിന്റെ പേരിൽ എന്നെ നിരുത്സാഹപ്പെടുത്തി. അത് വകവെക്കാതെ ഞാൻ എം ടി യെപോയി കാണുകതന്നെ ചെയ്തു. അദ്ദേഹം ഒരുപക്ഷെ, ആ കുറിപ്പ് കണ്ടിരിക്കാമെങ്കിലും അതൊന്നും അദ്ദേഹം ഓർമിക്കുന്നതുതന്നെയില്ലെന്നാണ് തോന്നിയത്. എം ടി മാതൃഭൂമിവാരികയുടെ പത്രാധിപരായിരിക്കെയാണ് എം ടി യുടെ കാലം, ഒ വി വിജയൻറെ ഖസാക്കിന്റെ ഇതിഹാസം എന്നിവയെക്കുറിച്ചുള്ള നിർമൽകുമാറിന്റെ നിരൂപണം വാരികയിൽ വന്നത്. കാലത്തേക്കാൾ ഖസാക്കിന്റെ ഇതിഹാസത്തെ ഉയർത്തിക്കാട്ടുന്ന ആ നിരൂപണം പ്രസിദ്ധീകരിക്കാൻ എം ടിക്ക് ഒരു മടിയുമുണ്ടായില്ല. അത്തരം പത്രാധിപന്മാർ ഇന്നെവിടെ?

എന്നാൽ ഇന്ത്യാടുഡേയിൽ ത്തന്നെ ഒരു പ്രമുഖ എഴുത്തുകാരന്റെ പുസ്തകത്തെ വിമർശിക്കുന്ന നിരൂപണം പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹം രോഷാകുലനായി എന്നെയും അത് എഴുതിയ നിരൂപകനെയും ചീത്തവിളിച്ചു. കാലം മാറുന്നതിന്റെ സൂചനയായിരുന്നു അത്.


നിരൂപണം അനുകൂലമായാലും പ്രതികൂലമായാലും അതിനെ ഒരേ മനസ്സോടെ സ്വാഗതം ചെയ്യുന്നവരുമുണ്ട്. ഒരിക്കൽ സാറാജോസഫ് എന്നോട് പറഞ്ഞു. ' എന്റെ കഥകളെപ്പറ്റി കെ പി അപ്പൻ എന്തുപറയുന്നു എന്നറിയാൻ താല്പര്യമുണ്ട്, അത് അനുകൂലമായാലും പ്രതികൂലമായാലും. ദാസ് ഇടക്കൊക്കെ അദ്ദേഹത്തെ കാണാറുള്ളതല്ലേ, ചോദിച്ചുനോക്കൂ.' പിന്നീടൊരിക്കൽ അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ സാറാടീച്ചർ പറഞ്ഞ കാര്യം സൂചിപ്പിച്ചു. വളരെ മതിപ്പോടെയാണ് അദ്ദേഹം അവരുടെ കഥകളെപ്പറ്റി സംസാരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധ പുതിയ എഴുത്തിന്റെ പൊതുസ്വഭാവത്തെക്കുറിച്ചായിരുന്നു. ' അപാരമ്പര്യത്തിന്റെ ഉർജ്ജപ്രവാഹം ' എന്നാണ് അദ്ദേഹം അതിനെ വിളിച്ചത്. ആ പുതിയ എഴുത്തിന്റെ



**സാറ ജോസഫ്**

ജനിതകരഹസ്യങ്ങളിലായിരുന്നു അദ്ദേഹം തന്റെ വിമര്ശനങ്ങളിലൂടെ തേടിയത്.

വിമര്ശകരായിരുന്നു ഒരു കാലത്ത് സാഹിത്യ നായകന്മാർ. സാഹിത്യ സമ്മേളനങ്ങളിൽ അവർ എന്ത് പറയുന്നു എന്ന് ജനം കാതോർത്തു. കോഴിക്കോട്ട് കോളേജിൽ പഠിക്കുന്ന കാലത്ത് നഗരത്തിൽ പതിവായിരുന്നു സാഹിത്യസമ്മേളനങ്ങൾ ഓർത്തുപോകുന്നു. എൻ വി കൃഷ്ണവാരിയർ, സുകുമാർ അഴീക്കോട്, എ പി പി നമ്പൂതിരി, കരിമ്പുഴ രാമകൃഷ്ണൻ,



**വി രാജകൃഷ്ണൻ**

എം ആർ ചന്ദ്രശേഖരൻ, സി പി ശ്രീധരൻ തുടങ്ങി ഒട്ടേറെ വി മര്ശകര് നഗരത്തിലെ സാഹിത്യചർച്ചാവേദികളെ അലങ്കരിച്ചു. ഇ എം എസ്, പി ഗോവിന്ദപ്പിള്ള തുടങ്ങിയവർ മാർക്സിസ്റ്റ് വിമര്ശനത്തിന്റെ വാൾ വീശിയ സാഹിത്യ വേദികളും ഓർത്തുപോകുന്നു. പല വേദികളിലും വലിയ ആശയസംഘട്ടനങ്ങളുണ്ടായി. എന്റെ നാടായ പെരിന്തൽമണ്ണയിൽ നടന്ന ഒരു സാഹിത്യസമ്മേളനത്തിൽ . ഇ എം എസ് ചെറുകാടിനേയും എം ടിയെയും താരതമ്യപ്പെടുത്തിക്കൊണ്ട് സംസാരിക്കവെ, ചെറുകാടാണ് എം ടിയെക്കാൾ എന്ന സ്ഥാപിക്കാൻ ശ്രമിച്ചതും തുടർന്ന് കുഞ്ഞുണ്ണി മാഷ് അതിനെ എതിർത്ത് സംസാരിച്ചതും ഓർത്തുപോകുന്നു. ആശയസംഘട്ടനങ്ങളുടെ തീ പാറുന്ന സാഹിത്യ ചർച്ചാവേദികൾ ഇന്ന് അപൂർവമാണ്. ചെറിയ വിമര്ശനമോ വിയോജിപ്പോ പോലും ഇന്ന് അസഹനീയമാണ്, മിക്കവർക്കും. തൂമ്പയെ തൂമ്പയെന്നുതന്നെ വിളിക്കണമെന്നതുപോലെ നല്ലതിനെ നല്ലതെന്നും ചീത്തയെ ചീത്തയെന്നും വിളിക്കുകതന്നെ വേണ്ടേ എന്ന് സുഹൃത്തായ ഒരു നിരൂപകനോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു : ഇത് ബഹുസ്വരതയുടെ കാലാമാണ് ; എല്ലാം അങ്ങനെ കണ്ടാൽ മതി!

# SPECTRUM AUTO
*Exceeding Perfection*



## A FULL SPECTRUM OF AUTOMOTIVE CARE

- Customer Centric 'OEM' Certified Collision Center
- Highest Quality & Standard Auto Body Repairs
- All Makes and Models Cars Repaired
- Highest Customer Satisfaction!






**Tesla and EV Certified**

**Carwise Rating Spectrum Auto 5.0**

★★★★★ 5.0 average rating

**West Nyack**
175 NY-303, West Nyack,
New York 10994
1 845-348-7777

**Montrose**
2104 Albany Post Rd, Montrose
New York 10548
1 914-737-0766


contact@spectrumautoinc.com

FULL AUTO SERVICE | COLLISION REPAIR | FULL PAINTING AND COLOR MATCHING
FRAME STRAIGHTENING | CHASSIS REPAIR & UNIBODY REPAIR
GLASS AND WINDSHIELD REPAIR | PAINTLESS DENT REPAIR | 24 HOURS TOWING

● നോവൽ/

# ഒന്നാമത്തെ ദിവ്യ രഹസ്യം





◉ ജോസഫ് എബ്രാഹം

ജോസഫ് എബ്രാഹത്തിൻറെ നോവൽ 'ഒന്നാമത്തെ ദിവ്യരഹസ്യം'ഈ ലക്കത്തോടെ അവസാനിക്കുകയാണ്. ബൈബിളിൽ ഏറെ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ജോസഫ് അദ്ദേഹത്തിൻറെ രചനയിൽ പൂർണ്ണമനുഷ്യരൂപത്തിൽ പ്രത്യക്ഷപെടുന്നു. എന്തായിരുന്നു ജോസഫിന് മിരിയാമും യേഷുവയും?ഏതെല്ലാം സംഘർഷങ്ങളിൽ കൂടിയാണ് യേഷുവയുടെ വളർത്തു പിതാവ് കടന്നു പോയിരുന്നത് ?മിരിയവുമായുള്ള ആ ബന്ധത്തിലെ അറിയപ്പെടാത്ത രഹസ്യങ്ങൾ എന്താണ് ?ആരെയും എപ്പോഴും മഥിക്കുന്ന ചോദ്യങ്ങൾ . അതിനുള്ള ഉത്തരം തേടി ജോസഫ് എബ്രഹാം നമ്മെ ബെത്ലഹേമിലേക്കും ഈജിപ്തിലെക്കും ഹെറോദോസിന്റെ കൊട്ടാരത്തിലെക്കും ഗാഗുൽത്തയിലേക്കും നമ്മെ നടത്തുന്നു . പുതിയ ബന്ധങ്ങൾ ,കണ്ടെത്തലുകൾ സവിശേഷമായ നാടകീയ മുഹൂർത്തങ്ങൾ – ഇതെല്ലാം ഈ നോവലിനെ ശ്രദ്ധേയമാക്കുന്നു. ലളിതവും അർത്ഥസമ്പുഷ്ടവുമായ ആലേഖനം വായനക്കാരനെ പിടിച്ചിരുത്തുന്നതാണ്. ബൈബിൾ കാലത്തെ പറ്റിയുള്ള ആഴത്തിലുള്ള അറിവ് അതിന്റെ പശ്ചാത്തലമായി വർത്തിക്കുന്നു . 'ജോസഫ്, ഏറെ കൊണ്ടാടപ്പെടാത്ത ഒരു വ്യക്തി. ഒരു വിശുദ്ധനെന്ന നിലയിൽ വലിയൊരു സ്ഥാനം ലഭിക്കേണ്ടിയിരുന്ന ആൾ. എങ്കിലും ചരിത്രത്തിലും ഐതിഹ്യങ്ങളിലും, വിശ്വാസികളുടെ ആദരവിലും പിൻനിരയിലേക്ക് തള്ളപ്പെട്ട ജോസഫിൻറെ ജീവിതവും മരണവും എങ്ങിനെയായിരുന്നു? എവിടെയും വ്യക്തമായി എന്തെങ്കിലും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഭാര്യയായ മിരിയാമിൻറെ (മറിയത്തിൻറെ) അത്യുന്നതമായ വ്യക്തിത്വത്തിൻറെ നിഴലിൽ മറയപ്പെട്ടുപോയ ജീവിതം. ഊർജ്ജ്വസലനായ തൊഴിലാളിയായിരുന്ന ജോസഫിനെ ഒരു വൈരാഗിയായ വൃദ്ധതാപസനും 'കന്യാവ്രതക്കാരുടെ കാവൽക്കാരനായി' ചിത്രീകരിക്കുന്നത് മറിയത്തിന്റെ നിത്യകന്യകാത്വമെന്ന വിശ്വാസ സങ്കൽപത്തെ ഉറപ്പിക്കാനായിരുന്നോ?ജോസഫ് വിശുദ്ധനോ ദൈവപുരുഷനോ എന്നുള്ള അന്വേഷണത്തിനൊന്നും ഇവിടെ തുനിയുന്നില്ല. അതുകൊണ്ട് തന്നെ ഈ നോവൽ ഒരു ആത്മീയ സത്യാന്വേഷണമല്ലായെന്നു പറഞ്ഞുകൊള്ളട്ടെ. ഇതൊരു യാത്രയാണ്. ജോസഫ് എന്ന മനുഷ്യൻറെയൊപ്പം അദ്ദേഹത്തിന്റെ ഉള്ളറിയാനുള്ള സഞ്ചാരം. കുടുംബജീവിതത്തിലെയും വ്യക്തിജീവിതത്തിലെയും സംഘർഷങ്ങൾ പേറിയുള്ള ജോസഫ് എന്ന സാധാരണ മനുഷ്യൻറെ യാത്രകൾ. അദ്ദേഹത്തിനൊപ്പം ചരിത്രത്തിൻറെയും, ഭാവനയുടേയും വഴികളിലൂടെയുള്ള ഒരു ഭൌതീക സഞ്ചാരമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്. ഒരു ആത്മീയയാത്രയുടെ തണൽ തേടുന്നവർക്ക് അതിനുള്ള വഹയും ഇതിൽനിന്നും കണ്ടെത്തുവാൻ കഴിയുമെന്ന് ഞാൻ കരുതുന്നു',ജോസഫ് എബ്രഹാം തൻറെ നോവലിനെ പറ്റി പറയുന്നു .

ഞാൻ വായിച്ച പരിമിതമായ ചില മലായളനോവലുകൾ ഓർക്കുമ്പോൾ സി. വി. ബാലകൃഷ്ണന്റെ 'ആയുസിന്റെ പുസ്തകം', റോസി തമ്പിയുടെ 'റബ്ബോനി',മോഹന്റെ 'അമ്മ കന്യ', കെ. ആർ മീരയുടെ 'സൂര്യനെ അണിഞ്ഞ സ്ത്രീ' തുടങ്ങി സാറാ ടീച്ചറുടെ 'പാപത്തറ'യും ഇപ്പോൾ പുതുതായി ഇറങ്ങിയ 'കറ'വരെ, ബൈബിളിന്റെ സ്വാധീനതയിൽ വിളഞ്ഞ കൃതികളാണ്. ജോസഫ് എബ്രഹാമിൻറെ 'ഒന്നാമത്തെ ദിവ്യരഹസ്യവും' ബൈബിളിന്റെ ഭൂമികയിൽനിന്നും അടർത്തിയെടുത്ത സംഭവങ്ങളും കഥാപാത്രങ്ങളുമൊക്കെത്തന്നെയാണ്. ജോസഫിന്റെ ജീവിതം, ബൈബിളിൽ ഒന്നോ രണ്ടോയിടത്ത്, ചില വാക്യങ്ങളിൽ അദൃശ്യമായി കിടക്കുന്ന ഒന്നായിരുന്നു. അതിനപ്പുറത്തേക്ക് ആ കഥാപാത്രം ഒന്നുമല്ല. പക്ഷെ നോവലിസ്റ്റ് ജോസഫ് എബ്രഹാം അതിനെ കുഴിച്ചെടുത്തു ഈ നോവലിൽ അപാരമായ പാത്രസൃഷ്ടി നടത്തിയിരിക്കുന്നു. കാലം ചിലരെ ചിലത് ഏൽപ്പിക്കും, ഇവിടെ അത് ഏല്പിച്ചത് ജോസഫ് എബ്രാഹം എന്ന എഴുത്തുകാരനെ തന്നെയാണ്,എഴുത്തുകാരനായ ജോർജ് ജോസഫ് കെ എഴുതുന്നു .

' ഒന്നാമത്തെ ദിവ്യരഹസ്യം 'ഈ മലയാളി മാസികയിൽ ആദ്യമായി പ്രസിദ്ധീകരിക്കുന്ന നോവലാണ് . അതിനും ഞങ്ങൾ കാലത്തോട് കടപ്പെട്ടിരിക്കുന്നു .

അധ്യായം –15

# കപ്പലോട്ടക്കാരൻ




വര:
മറിയം ജാസ്മിൻ

ലോകരോട് മുഴുവൻ ആത്മബന്ധം ഉള്ളവനാണ് യേഷുവാ. ലോകത്തിലെ സകലരും അവനൊരുപോലെയാണ്. അപ്പനെന്നോ, മാതാവെന്നോ സഹോദരങ്ങളെന്നോ പറയുന്ന തരത്തിൽ ആരോടും പ്രത്യേക അടുപ്പമില്ല. അവനാരോടും പക്ഷപാതമോ പ്രത്യേകമായ മമതയോയില്ല.

'നിൻറെ അമ്മയും സഹോദരന്മാരും നിന്നെ കാണുവാൻ കാത്തു നിൽക്കുന്നു' എന്നറിയിച്ച ശിഷ്യന്മാരോടായി, തന്നെ ശ്രവിക്കാൻ വന്ന പുരുഷാരത്തിന്റെ നേരെ കൈകൾ നീട്ടി ലോകം കേൾക്കെ അവൻ വിളിച്ചു പറഞ്ഞു;

''ഇതാ ഇവരാണ് എന്റെ അമ്മയും എന്റെ സഹോദരന്മാരും!''

മറ്റൊരിക്കൽ ആൾക്കൂട്ടത്തിൽ നിന്നും ഒരു സ്ത്രീ, ശബ്ദം ഉയർത്തി പറഞ്ഞു;

''നിന്നെ പ്രസവിച്ച ഉദരവും നിന്നെ പോറ്റിവളർത്തിയ സ്തനങ്ങളും ഭാഗ്യമുള്ളത്!''

എന്നാൽ അതിനവൻ പറഞ്ഞത് .

''അതിലുപരി, ദൈവവചനം കേൾക്കുകയും അതു പാലിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ''

ലോകത്തെ മുഴുവൻ ഉൾക്കൊള്ളാൻ മാത്രം അവൻ വളർന്നു വലുതായി കഴിഞ്ഞിരിക്കുന്നു.

സ്വന്തം, ബന്ധം എന്നൊക്കെ പറഞ്ഞു യേഷുവായുടെ അടുക്കൽ ചെല്ലുക എന്നത് അവൻറെ മഹത്വം ചെറുതാക്കി കാണുന്നതിനു തുല്യമാണ്. അവനോളം ഉയരാൻ മനുഷ്യജന്മം എടുത്ത ആർക്കുമാവില്ലെങ്കിലും അവൻറെ മഹത്വത്തെ അംഗീകരിക്കാൻ തക്കവണ്ണമെങ്കിലും അവൻറെ വളർത്തുപിതാവായ ഞാൻ ഇനിയെങ്കിലും വളരേണ്ടതില്ലേ?.

അവൻ ബാലനായിരിക്കെ ''ആരാണ് എൻറെ പിതാവെന്നു സ്ത്രീയെ നിങ്ങൾക്ക് അറിഞ്ഞുകൂടെ?. ഞാൻ എൻറെ പിതാവിൻറെ അടുക്കൽ ആയിരിക്കേണ്ടതല്ലയോ?'' എന്നു പറഞ്ഞതിന്റെ പൊരുൾ മനസിലാക്കാൻ പറ്റാതെ താനന്നു വിഷമിച്ചു. എൻറെ പിതൃവാത്സല്യവും സ്നേഹവും അവൻ അവഗണിക്കുന്നതായി തോന്നിയതിനാൽ ഏറെ സങ്കടപ്പെട്ടു. സ്വന്തം രക്തത്തിൽ പിറന്ന പുത്രനേക്കാൾ അവനെ സ്നേഹിച്ചിട്ടും അവൻറെ ജീവനെ ചൊല്ലി മരുഭൂമിയിൽ അലഞ്ഞിട്ടും ശത്രുക്കളുടെ ഇടയിൽ പരദേശിയായി കഷ്ടപ്പെട്ടിട്ടും അവൻ എന്നെ പിതാവായി കാണുന്നില്ലല്ലോ എന്നോർത്ത് ഏറെ നിരാശപ്പെട്ടിരുന്നു. അന്നവൻ പറഞ്ഞതിൻറെ പൊരുളുകൾ മനസ്സിലാക്കാനായി ഏറെക്കാലം കഴിയേണ്ടി വന്നു.

**അവനോളം ഉയരാൻ മനുഷ്യജന്മം എടുത്ത ആർക്കുമാവില്ലെങ്കിലും അവൻറെ മഹത്വത്തെ അംഗീകരിക്കാൻ തക്കവണ്ണമെങ്കിലും അവൻറെ വളർത്തുപിതാവായ ഞാൻ ഇനിയെങ്കിലും വളരേണ്ടതില്ലേ?.**

ആൺമക്കളിൽ മൂത്തവൻ ഡാനിയൽ പത്തിരുപത്തിരണ്ടു വർഷം മുൻപ് വീടുവിട്ടു പോയതാണ്. അവൻറെ സഹോദരങ്ങൾ ഇടയ്ക്കു പലപ്പോഴും അവനെ കണ്ടുമുട്ടിയിട്ടുണ്ടെന്നു മാത്രം. മക്കളിൽ അവനും യേഷുവായും മാത്രമേ മരപ്പണി പഠിക്കാൻ താല്പര്യം കാണിച്ചുള്ളൂ. യേഷുവാ അത്യാവശ്യം നന്നായി പണി പഠിച്ചെടുത്തിരുന്നു. വീട്ടിൽവച്ചു ചെയ്യുന്ന പല മരപ്പണികളും അവനും കൂടി ചേർന്നാണ് നടത്തിയത്.

മിരിയാമിന്റെ അമ്മാവനായ അരിമത്തിയക്കാരൻ ജോസഫ് വലിയൊരു വാണിജ്യപ്രഭുവാണ്. ധാരാളം കപ്പലുകളും കച്ചവടവുമുള്ള വലിയൊരു വർത്തകപ്രമാണി. യേഷുവാ അമ്മാവനൊപ്പം കടൽ യാത്രകൾക്ക് പോകാറുണ്ടായിരുന്നു. അൽബിയോൺ* നാട്ടിൽനിന്നും കപ്പലുകളിൽ നാകം കയറ്റിക്കൊണ്ട് വിൽക്കുന്ന വലിയ കച്ചവടമായിരുന്നു മുഖ്യം. കൂടാതെ സുഗന്ധദ്രവ്യങ്ങളും മറ്റുകച്ചവട വസ്തുക്കളുമായി പേർഷ്യയിലും ഹിന്ദുദേശത്തും എത്യോപ്യയിലും പോകുന്ന കപ്പലുകളിൽ യാത്രപോവുക അവൻ പതിവാക്കിയിരുന്നു.

കപ്പലോട്ടത്തിന്റെ വിദ്യകൾ വളരെ വേഗത്തിൽ അവൻ സ്വായത്തമാക്കി.

നക്ഷത്രങ്ങളെ നോക്കി ദിക്കുകൾ അറിയുവാനും കടലിൻറെ ഗന്ധമറിഞ്ഞും തിരകളുടെ ഇളക്കമറിഞ്ഞും കടലിൻറെ സ്വഭാവം നിരീക്ഷിക്കാനും അങ്ങിനെ അപകടം ഒഴിവാക്കാനും യേഷുവാ പഠിച്ചു. കാറ്റിന്റെ കാലവും ഗതിയുമറിഞ്ഞു യാത്രനടത്തുവാനും യാത്രയുടെ കാലഗണന നടത്തുവാനും അവൻ പരിചയസമ്പന്നനായ നാവികനെക്കാൾ ഒരുപടി മികച്ചു നിന്നു. കൊടുങ്കാറ്റുകൾ പോലും അവനു മുൻപിൽ മുട്ടുമടക്കി. കാറ്റിലും കോളിലും കപ്പൽ സുരക്ഷിതമായി നയിക്കുന്നതിൽ യേഷുവാ വൈദഗ്ദ്യം നേടി. വഴി തടഞ്ഞുവരുന്ന വൻകാറ്റിനെപ്പോലും ശാസിച്ചു വരുതിയിൽ നിർത്താൻ കെൽപ്പുള്ളവനാണ് അവനെന്നു അവനെക്കുറിച്ച് കപ്പൽ ജീവനക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.

അമ്മാവനായ അരിമത്തിയാക്കാരൻ ജോസഫ്, യേഷുവായെ വലിയൊരു കപ്പലോട്ടക്കാരനും വ്യാപാരത്തിന്റെ ചുമതലക്കാരനും ആക്കി മാറ്റണമെന്ന് ആഗ്രഹിച്ചെങ്കിലും യേഷുവാ അതിനൊന്നും വഴങ്ങിയില്ല. യാത്രകൾ അവനു ഹരമായിരുന്നു. പക്ഷെ അതെല്ലാം അറിവുകൾ സമ്പാ

ദിക്കുന്നതിനുള്ള ഒരു ഉപാധിമാത്രമായിരുന്നു. യേഷുവാ അവൻ സന്ദർശിച്ച നാടുകളിൽ നിന്നും സ്വായത്തമാക്കാൻ പറ്റുന്ന അറിവുകൾ നേടുന്നതിൽ സദാ ശ്രദ്ധ ചെലുത്തിയിരുന്നു. യാത്രകളിൽ വച്ചു കിഴക്കുദേശത്തുള്ള അനേകം പണ്ഡിതന്മാരെ അവൻ കണ്ടുമുട്ടുകയും അവരുടെ വേദങ്ങളും ധർമ്മങ്ങളും അവൻ പഠന വിഷയമാക്കുകയും ചെയ്തിരുന്നു. അഹിംസയിലും സത്യത്തിലും ചരിക്കണമെന്നും തൃഷ്ണകൾ ഉപേക്ഷിച്ചാൽ ദു:ഖത്തെയും ഉൽകണ്ഠകളെയും അതിജീവിക്കാമെന്നും ഹിന്ദുദേശത്തു കണ്ടുമുട്ടിയ ഒരു സന്യാസിവര്യൻ ഉപദേശിച്ചത് തന്നെ ഏറെ സ്വാധീനിച്ചെന്നും ഒരിക്കൽ ഒരു യാത്രക്ക് ശേഷം അവൻ പങ്കുവച്ചത് ഞാനോർക്കുന്നു. മുപ്പതു വയസിനുള്ളിൽ അവൻ നിരന്തരം നടത്തിയ ദീർഘമായ യാത്രകളിൽ നേടിയ അനുഭവജ്ഞാനം അവനങ്ങിനെ പങ്കുവയ്ക്കുമായിരുന്നു.

അവൻറെ സഹോദരനായ യാക്കൂവും, മിരിയാമിൻറെ സഹോദരിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും സിനഗോഗിലെ പഠനപ്രായം കഴിഞ്ഞതോടെ അവരുടെ ഇഷ്ട തൊഴിലിലേക്ക് പോയി. മീൻ പിടുത്തമായിരുന്നു അവരുടെ തൊഴിൽ. എൻറെ രണ്ട് പെണ്മക്കൾ അസിയയും, ലിഡിയയും അവരുടെ ഭർത്താക്കന്മാർക്കൊപ്പം കഴിയുന്നു.

ഡാനിയൽ ജറുസലേമിൽ ആണെന്നും, വിപ്ളകാരികളായ കാനായികളുമായി രഹസ്യമായി ചേരുന്നുണ്ടെന്നും പലരും പറഞ്ഞറിഞ്ഞിരുന്നു. യെരുശലെമിൽ തന്നെയുള്ള വെറോനിക്ക എന്നൊരു വിധവയെ അവൻ വിവാഹം കഴിച്ചു ജീവിക്കുന്നു എന്നൊക്കെ അറിയാൻ കഴിഞ്ഞുവെങ്കിലും ഒരിക്കലും എന്നെയോ അവന്റെ സഹോദരങ്ങളയോ വന്നു കാണുവാൻ അവൻ കൂട്ടാക്കിയിട്ടില്ല.

**കാറ്റിന്റെ കാലവും ഗതിയുമറിഞ്ഞു യാത്രനടത്തുവാനും യാത്രയുടെ കാലഗണന നടത്തുവാനും അവൻ പരിചയസമ്പന്നനായ നാവികനെക്കാൾ ഒരുപടി മികച്ചുനിന്നു. കൊടുങ്കാറ്റുകൾ പോലും അവനു മുൻപിൽ മുട്ടുമടക്കി. കാറ്റിലും കോളിലും കപ്പൽ സുരക്ഷിതമായി നയിക്കുന്നതിൽ യേഷുവാ വൈദഗ്ദ്യം നേടി. വഴി തടഞ്ഞുവരുന്ന വൻകാറ്റിനെപ്പോലും ശാസിച്ചു വരുതിയിൽ നിർത്താൻ കെൽപ്പുള്ളവനാണ് അവനെന്നു അവനെക്കുറിച്ച് കപ്പൽ ജീവനക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.**

യേഷുവാ ജനങ്ങളെ പഠിപ്പിക്കാനായി വീടുവിട്ടു പോയി. അവൻ ഗ്രാമങ്ങളിൽ നിന്നു ഗ്രാമങ്ങളിലേക്കും അവിടെ നിന്നും പട്ടണങ്ങളിലേക്കുമായി പലസ്തീൻ മുഴുവൻ ചുറ്റി സഞ്ചരിച്ചു. അവൻറെ അമ്മയും സഹോദരന്മാരും മിക്കപ്പോഴും അവനെ അനുഗമിച്ചു. ഞാൻ എൻറെ ഏകാന്തമായ ജീവിതത്തോട് വീണ്ടും സമരസപ്പെട്ടു വന്നു, അതിനിടയിൽ പലവിധ രോഗങ്ങൾ പിടികൂടി. യേഷുവായെ 'അനുഗമിക്കുന്നതിൽ ഞാൻ ഒരു തടസമാകരുതെന്നു ഞാൻ തന്നെയാണ് അവൻറെ അമ്മയോടും സഹോദരനോടും പറഞ്ഞത്. എൻറെ ഏകാന്തതയാണ് അവൻറെ വഴികളിൽ മുന്നോട്ടു പോകാൻ അവന് നല്ലതെന്നു ഞാൻ കണ്ടു. അതൊരു സമർപ്പണമായി ഞാൻ കരുതി. എന്തായാലും എൻറെ ജീവിതകാലം അവസാനിക്കാറായി, അങ്ങിനെയെങ്കിലും അത് സാർത്ഥകമായി തീരട്ടെയെന്നു ഞാൻ ആഗ്രഹിച്ചു.

* * *

വാതിലിൽ മുട്ട് കേട്ടു.

ആരായിരിക്കാം ഈ സമയത്തു?

സാധാരണയായി ആരും ഈ വഴി വരാറില്ല. മിരിയാം വീട്ടിൽ ഇല്ലെങ്കിൽ അവളുടെ ചാർച്ചക്കാർ ആരും വരാറില്ല. എൻറെ ബന്ധുക്കളുമായുള്ള ബന്ധം എന്നോ അവസാനിച്ചതാണ്.

വീണ്ടു മുട്ടുകേട്ടു. കിടക്കയിൽ നിന്നും പതിയെ പിടിച്ചു എഴുന്നേറ്റു ചെല്ലാൻ സമയമെടുക്കും. വീണ്ടും വാതിലിൽ മുട്ടുകേട്ടു. വാതിൽ തുറക്കാത്തതിൽ ആഗതൻ അക്ഷമനാണെന്നു വ്യക്തം.

ഞാൻ ഒരു കണക്കിന് വേച്ചു ചെന്ന് വാതിൽ സാക്ഷ നീക്കിത്തുറന്നു.

ഇരുൾ വീണു തുടങ്ങിയിരുന്നത് കൊണ്ട് ആളെ മനസ്സിലായില്ല. ആരാണെന്നു ചോദിക്കാൻ തുടങ്ങിയതാണ് , അപ്പോഴാണ്

''അപ്പാ'' എന്ന വിളികേട്ടത്.

കാലങ്ങളായി കേൾക്കാൻ കൊതിച്ചിരുന്ന, എന്നും മനസ്സിൽ ഒരു നീറ്റലായി കൊണ്ടുനടന്നിരുന്ന ആ വിളി കേട്ടപ്പോൾ മനസ്സാകട്ടെ നിയന്ത്രണംവിട്ടു തേങ്ങിപ്പോയി.

'എൻറെ മകനെ ഡാനിയൽ' എന്ന് പറഞ്ഞു ഞാൻ അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു.

അവൻ ആളാകെ മാറിയിരുന്നു, അല്ല അങ്ങിനെ പറയുന്നത് ശരിയാകുമോയെന്നറിയില്ല. ഇരുപത്തിരണ്ടു വർഷങ്ങൾ ഒരാളെ തീർച്ചയായും മാറ്റുമല്ലോ. അവൻറെ നിശ്വാസത്തിൽ മദ്യത്തിൻറെ ഗന്ധം നിറഞ്ഞിരുന്നു. വാക്കിനും നോക്കിനും ഇരുതല വാളിൻറെ മൂർച്ച. അവൻറെ കൈകളിലെ തഴമ്പുകളിൽ പരതി, മരം ചെത്തി മിനുക്കുന്ന ഉളിപിടിക്കുന്ന കൈയല്ല, കനമുള്ള ഇരുമ്പ്ചുറ്റിക പിടിച്ചു പണിയുന്ന കാരിരിമ്പുപോലുള്ള ഉറച്ച കരങ്ങൾ.

ഡാനിയൽ യെരുശലെമിലാണ് താമസിക്കുന്നത്. എൻറെ ഏകാന്തവാസം അവസാനിപ്പിച്ചുകൊണ്ട്, അവൻറെ വീട്ടിലേക്കെന്നെ കൊണ്ടുപോകാൻ വന്നതാണ്. എൻറെ മകൻ. ഞാൻ ഏറെ സ്നേഹിച്ചിരുന്ന എൻറെ മൂത്തമകൻ.

എൻറെ അവസാനനാളുകളിൽ എന്നെ കൂടെകൂട്ടാൻ എത്തിയിരിക്കുകയാണ്.

പിതാക്കന്മാരുടെ ആചാരപ്രകാരം ഞാൻ അവൻറെ തലയിൽ കൈവെച്ചു അനുഗ്രഹിച്ചു. പിറ്റേദിവസം രാവിലെ അവനൊപ്പം യാത്രതിരിച്ചു. വളരെ ചെറുപ്പം മുതൽ എൻറെ ജീവിതമെന്നത് നിരന്തരമായ യാത്രകളായിരുന്നു. യാത്രകളെ എന്നും ഇഷ്ട്ടപ്പെടുകയും ചെയ്തിരുന്നു.

പക്ഷെ ഡാനിയലിനോപ്പം യാത്ര തിരിക്കുമ്പോൾ എനിക്കറിയാമായിരുന്നു അതെൻറെ ജീവിതത്തിലെ അവസാന യാത്രയാവുമെന്ന്.

എൻറെ മൂത്തപുത്രനൊപ്പം ശിഷ്ടകാലം കഴിയാമെന്ന സന്തോഷത്തിനപ്പുറം ആ യാത്രയിൽ ഒരിക്കൽകൂടി യെരുശലേമിലെ ദേവാലയത്തിൽ പോകാമെന്ന സന്തോഷം കൂടി ഉണ്ടായിരുന്നു.

വെറോനിക്ക, എൻറെ മരുമകൾ അവൾ എത്രയോ ദയവുള്ളവളും ദൈവ ഭയമുള്ളവളുമാണ്. അമ്മായിയച്ഛനായ എന്നെ അവൾ ആദരപൂർവ്വം സ്വീകരിച്ചു. എനിക്കുവേണ്ട ശുശ്രൂഷകൾ സന്തോഷത്തോടെ ചെയ്തു.

എൻറെ ആരോഗ്യം നാൾക്കുനാൾ ക്ഷയിച്ചു. ഏറെനാൾ കഴിയും മുമ്പേ പരസഹായമില്ലാതെ കിടക്കയിൽ നിന്നും എഴുന്നേൽക്കാൻ പറ്റാത്ത ഒരു പൂർണ്ണകിടപ്പുരോഗിയായി ഞാൻ മാറി. വെറോനിക്ക, അവളാണ് എനിക്കിപ്പോൾ എല്ലാം. എൻറെ ഓരോ ദിവസവും അവളുടെ കരുണയിൽ മുന്നോട്ടു പോകുന്നു.

അൽബിയോൺ* . ഇന്നത്തെ ഇംഗ്ലണ്ട്

## അധ്യായം -16

# എല്ലാം പൂർത്തിയായി

ഗാഗുൽത്ത മലമുകളിൽ മരണത്തിന്റെ കാറ്റ് വീശിത്തുടങ്ങിയിരുന്നു.

പ്രകൃതി, ദു:ഖത്തിന്റെ കറുത്ത ഉടയാടയിട്ടുകൊണ്ട് ദീനമായ മുഖത്തോടെ നിലകൊണ്ടു.

മലയുടെ താഴ്വാരത്തിലും മുകൾപ്പരപ്പിലും ഒരുപോലെ തീക്കാറ്റ് പരന്നു.

പക്ഷികൾ പോലും പറക്കാത്ത ആകാശം...

പീലാത്തോസിന്റെ വിധി കല്പനപ്രകാരം റോമൻ പടയാളികൾ കുരിശും ചുമപ്പിച്ച് മൂന്നുപേരെ തലയോട്ടിയിടം എന്ന മലമുകളിലേക്കു ക്രൂശിക്കാനായി കൊണ്ടുവന്നു.

ഒൻപത് കാരിരുമ്പാണികൾ മൂന്ന് ശരീരങ്ങളെ തുളച്ച് കുരിശിൽ ക്രൂരമായിതറച്ച് ലോകത്തിന് മുമ്പാകെ അപമാനക്കാഴ്ച്ചയാക്കി.

അടുത്തടുത്ത മൂന്ന് കുഴികളിലായി ആ കുരിശുകൾ നാട്ടപ്പെട്ടു.

കുരിശിലേറ്റപ്പെടുന്നവൻ ശപിക്കപ്പെട്ടവൻ എന്ന ദുർഖ്യാതി ആ കുരിശിൽ കിടക്കുന്നവർക്ക് ലഭിച്ചു.

**പീലാത്തോസിന്റെ വിധി കല്പനപ്രകാരം റോമൻ പടയാളികൾ കുരിശും ചുമപ്പിച്ച് മൂന്നുപേരെ തലയോട്ടിയിടം എന്ന മലമുകളിലേക്കു ക്രൂശിക്കാനായി കൊണ്ടുവന്നു. ഒൻപത് കാരിരുമ്പാണികൾ മൂന്ന് ശരീരങ്ങളെ തുളച്ച് കുരിശിൽ ക്രൂരമായിതറച്ച് ലോകത്തിന് മുമ്പാകെ അപമാനക്കാഴ്ച്ചയാക്കി.**

മരണത്തിന്റെ കയറ്റിറക്കങ്ങളിൽ അവർ വെയിലത്തു വെന്തുരുകി കാത്തുകിടന്നു.

കരുണയറ്റ വൈരിയെപ്പോലെ തലയ്ക്കുമീതെ നിന്നും മദ്ധ്യാഹ്ന സൂര്യൻ അഗ്നികിരണങ്ങളെ കൂരമ്പുകളായി ആ ശരീരങ്ങളിലേക്ക് പായിച്ചു.

കുരിശിൻ ചുവട്ടിലായി ദുരന്ത സാക്ഷികളായി ആർത്തുവിളിച്ചു കരയുന്നവരും ഇങ്ങിനെ തന്നെ വേണമെന്ന് സ്ഥാപിച്ച് പരിഹസിക്കുന്നവരും നിലകൊണ്ടു.

യേഷുവായെ നോക്കി തകർന്നുപോയ അമ്മ മിരിയാമും കുറച്ചു സ്ത്രീകളും കരഞ്ഞു കൊണ്ട് അവിടെ കൂടി നിന്നു.

കഴുവേറ്റപ്പെട്ടവരരുടെ ശവം കൊത്തി തിന്നാനുള്ള ഊഴവും കാത്ത് കഴുകന്മാർ കുരിശ്ശിലേറ്റപ്പെട്ടവരുടെ മരണവും കാത്തുകൊണ്ട് മരക്കൊമ്പുകളിൽ അക്ഷമയോടിരിക്കുന്നുണ്ട്.


യേഷുവായുടെ അനുജനും അരുമശിഷ്യനായ യോഹന്നാനൊഴിച്ച് മറ്റുശിഷ്യന്മാർ എല്ലാവരും ഭയന്നു ഓടിയൊളിച്ചിരുന്നു. യോഹന്നാനാകട്ടെ ആരുടേയും കണ്ണിൽപ്പെടാതെ അവന്റെ അമ്മയോടൊപ്പം സ്ത്രീകൾക്കിടയിൽ മറഞ്ഞു നിന്നുകൊണ്ട് കണ്ണുനീർ വാർത്തു.

''നീ മിശിഹായെങ്കിൽ ഈ നിമിഷം നിന്നത്തന്നെ രക്ഷിച്ചു കുരിശിൽ നിന്നും ഇറങ്ങി വാ. എങ്കിൽ നിനക്ക് വേണ്ടി ഞങ്ങൾ മരണം വരെ പോരാടും''

കാനായികളുടെ നേതാവായ ഗലീലയക്കാരൻ യൂദാസ് പരിഹ

സിച്ചു വിളിച്ചു പറഞ്ഞു. അവനെ യഹൂദ പടയാളികൾക്ക് ഒറ്റിക്കൊടുത്ത ഇസ്കറിയോത്താ യൂദാസ് തൻറെ നേതാവായ ഗലീലിയാക്കാരൻ യൂദാസിന്റെ അരികിൽ കനത്ത മുഖത്തോടെ നിൽക്കുന്നുണ്ടായിരുന്നു. ക്രൌര്യമോ, പരിഹാസമോ അതോ പാശ്ചാത്താപമോ എന്താണ് അവൻറെ മുഖത്തുള്ളത് ?

**"ഹ..ഹ അവൻറെ കൺകെട്ടും മായജാലവുമൊന്നും ഇവിടെ നടക്കില്ല. നല്ല ഒന്നാന്തരം ആണിയാണ് ഇവന്റെയൊക്കെമേൽ അടിച്ചു കേറ്റിയേക്കണത്. അത് പണിതത് ആരെന്നു അറിയാമോ? അവൻറെ തന്നെ സഹോദരനായ ഡാനിയലാണ്" അവൻറെ കൈകാലുകൾ കുരിശിൽ ചേർത്തുവച്ചു തറച്ച പടയാളികളിൽ മറ്റൊരുവൻ വിളിച്ചു പറഞ്ഞു .'വാ, ഇറങ്ങി വാ രാജാവേ ... 'അതു കേട്ടപ്പോൾ അയാൾക്കൊപ്പം നിന്നവർ ഉറക്കെ ചിരിച്ചു.**




അടുത്ത പരിഹാസം റോമൻ പടയാളിയുടേതായിരുന്നു.

''ഹ..ഹ അവൻറെ കൺകെട്ടും മായജാലവുമൊന്നും ഇവിടെ നടക്കില്ല. നല്ല ഒന്നാന്തരം ആണിയാണ് ഇവന്റെയൊക്കെമേൽ അടിച്ചു കേറ്റിയേക്കണത്. അത് പണിതത് ആരെന്നു അറിയാമോ? അവൻറെ തന്നെ സഹോദരനായ ഡാനിയലാണ്''

അവൻറെ കൈകാലുകൾ കുരിശിൽ ചേർത്തുവച്ചു തറച്ച പടയാളികളിൽ മറ്റൊരുവൻ വിളിച്ചു പറഞ്ഞു.

'വാ, ഇറങ്ങി വാ രാജാവേ ... '

അതു കേട്ടപ്പോൾ അയാൾക്കൊപ്പം നിന്നവർ ഉറക്കെ ചിരിച്ചു.

യേഷുവാ കുരിശിൽ തൂങ്ങിക്കിടന്ന് ശ്വാസമെടുക്കുവാൻ ബുദ്ധിമുട്ടി. ആണിക ളാൽ തറയ്ക്കപ്പെട്ട ദുർബലമായ കാലുകളിൽ ബലംകൊടുത്ത് മുകളിലേക്ക് ഉയർന്നുകൊണ്ട് ഉള്ളിൽകുടുങ്ങിയ ജീവവായുവിനെ പുറന്തള്ളാൻ പാടുപെട്ടു. കഠിന വേദനയാൽ പുളഞ്ഞുകൊണ്ട് ഉള്ളിൽ പിടയുന്ന പ്രാണവായുവിനെ പുറത്തേക്ക് വിട്ട് അവൻ ഒന്നു നിശ്വസിച്ചു.

കുരിശിൽ തറച്ചു കൊല്ലപ്പെടുക എന്നത് ചോരവാർന്നുള്ള എളുപ്പമരണമല്ല. ശ്വാസംകിട്ടാതെ പിടഞ്ഞുള്ള മരണമാണ്. ദിവസങ്ങളോളം പ്രാണവേദനയിൽ തൂങ്ങി കിടക്കുമ്പോൾ, ആദ്യം ശ്വാസകോശം തകരും, ചിലപ്പോൾ കൈകൾ സന്ധികളിൽ നിന്നു വിട്ടുപോരും. കാലുകൾ തളരും. വേദനയിൽ പുളഞ്ഞു കൊണ്ടെങ്കിലും കാലിൽകുത്തി നിവർന്നു ശ്വാസവായുവിനെ പുറംതള്ളാനാവാതെ ശ്വാസംമുട്ടിയാണ് മരിക്കുക. ചില സമയം മരണം എളുപ്പമാക്കാൻ വേണ്ടി ക്രൂശി

ക്കപ്പെട്ട കുറ്റവാളികളുടെ കണങ്കാൽ തല്ലിത്തകർക്കും. കാലുകൾ തകരുന്നതോടെ ശ്വാസം എടുക്കാനാവാതെ വരും. ഒന്നു പിടയുവാൻ പോലുമാവാത്ത മരണ വെപ്രാളത്തിൽ ശ്വാസംമുട്ടി മരിക്കും.

''യേഷുവാ നീ എന്നെ ഓർമ്മിക്കുന്നുവോ?''

അവൻറെ കുരിശിൻറെ വലതു ഭാഗത്തായി കിടക്കുന്ന കുറ്റവാളി ചോദിച്ചു.

യേഷുവാ പതിയെ ശിരസ്സു വലത്തേക്ക് തിരിച്ചു. മർദ്ദനമേറ്റ് വീങ്ങിയ അവൻറെ കൺപോളകൾ ആയാസപ്പെട്ടു തുറന്നു. അന്ധരുടെ കണ്ണുകൾ തുറന്ന അവൻറെ കണ്ണുകളുടെ കാഴ്ച, മർദ്ദന ഫലമായി മങ്ങിപ്പോയിരുന്നു. വേദനയിൽ ഞെരങ്ങുന്ന ശബ്ദത്തിൽ അവൻ ചോദിച്ചു.

''ആരാണ് നീ സഹോദരാ?''

അവൻ സ്വയം തന്നെ യേഷുവായ്ക്ക് വെളിപ്പെടുത്തി.

''ഞാൻ ഡിസ്മസ്, അന്നു നീയും മാതാവും പിതാവും കൂടി ഈജിപ്ത് ദേശത്തേക്ക് പോയപ്പോൾ, നിങ്ങളെ കവർച്ചചെയ്യാൻ വന്ന കള്ളന്മാരുടെ സംഘത്തെ ഓർമിക്കുന്നുവോ?. നിന്നെ കുളിപ്പിച്ച വെള്ളത്തിൽ മുക്കി എടുത്തപ്പോൾ കുഷ്ഠരോഗം മാറിയ ഒരു ബാലനെ ഓർക്കുന്നുവോ?

''നിങ്ങൾ അന്ന് യാത്ര തുടർന്നപ്പോൾ എവിടെ ആയാലും ഞങ്ങളെ ഓർമ്മിക്കണമേ എന്നപേക്ഷിച്ച ഒരു കള്ളനെ ഓർക്കുന്നുവോ?

അതെൻറെ പിതാവായിരുന്നു''

''ഇല്ല സഹോദരാ എനിക്ക് അതൊന്നും ഓർമ്മയില്ല, ഞാൻ അപ്പോൾ വെറും രണ്ടുവയസുകാരനായ ബാലൻ അല്ലായിരുന്നോ ?

അല്ലെങ്കിൽ തന്നെ ഈ പ്രാണവേദനയിൽ ഞാൻ എങ്ങിനെ അതെല്ലാം ഓർത്തെടുക്കാനാണ്''

കാരിരുമ്പാണികളിൽ ശരീരഭാരം തൂങ്ങിയപ്പോഴുള്ള വേദനയിൽ ഉള്ളിലെ ഞരമ്പുകൾ പൊട്ടി രോമകൂപങ്ങളിലൂടെ രക്തം കിനിഞ്ഞിറങ്ങിവന്നു. യേഷുവാ ദൈവത്തോട് കേണു.

''എൻറെ ദൈവമേ, എൻറെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്? എനിക്കീ വേദന താങ്ങുവാൻ ആവുന്നില്ല. എൻറെ പ്രാണനെ തിരികെ വിളിക്കാൻ അവിടുന്ന് ദയകാണിക്കുമോ ?''

സഹിക്കാനാവാത്ത വേദനയിൽ പുളഞ്ഞുകൊണ്ട് കഠിനമായി യേഷുവാ കരഞ്ഞു. കള്ളൻ ഓർമ്മിപ്പിച്ചു.

**കുരിശിൽ തറച്ചു കൊല്ലപ്പെടുക എന്നത് ചോരവാർന്നുള്ള എളുപ്പമരണമല്ല. ശ്വാസംകിട്ടാതെ പിടഞ്ഞുള്ള മരണമാണ്. ദിവസങ്ങളോളം പ്രാണവേദനയിൽ തൂങ്ങി കിടക്കുമ്പോൾ, ആദ്യം ശ്വാസകോശം തകരും, ചിലപ്പോൾ കൈകൾ സന്ധികളിൽ നിന്നു വിട്ടുപോരും. കാലുകൾ തളരും. വേദനയിൽ പുളഞ്ഞു കൊണ്ടെങ്കിലും കാലിൽകുത്തി നിവർന്നു ശ്വാസവായുവിനെ പുറംതള്ളാനാവാതെ ശ്വാസംമുട്ടിയാണ് മരിക്കുക. ചില സമയം മരണം എളുപ്പമാക്കാൻ വേണ്ടി ക്രൂശിക്കപ്പെട്ട കുറ്റവാളികളുടെ കണങ്കാൽ തല്ലിത്തകർക്കും.**

''യേഷുവാ, കവർച്ചക്കാരനായ ഞാൻ കുരിശുമരണം അർഹിക്കുന്നു. നിരപരാധിയായ നിന്നോട് ഇങ്ങനെ ചെയ്യാൻ അവർക്ക് എങ്ങിനെ കഴിയുന്നു?''

''സാരമില്ല സഹോദരാ ...

അവർ ചെയ്യുന്നത് എന്തെന്നു അവർ തന്നെ അറിയുന്നില്ല. അവരോടു ദൈവം പൊറുക്കട്ടെ''

''യേഷുവാ, ഇപ്പോഴും അവരോട് ക്ഷമിക്കുവാൻ കഴിയുന്ന നീ വെറുമൊരു മനുഷ്യനല്ല. നീ സത്യമായും ദൈവപുത്രനെന്നും, നിൻറെ രാജ്യം വരുമെന്നും ഞാൻ വിശ്വസിക്കുന്നു''

'' എനിക്കു ദാഹിക്കുന്നു.. എനിക്ക് ദാഹിക്കുന്നു''

കുരിശിൽ കിടന്നു കൊണ്ട് യേഷുവാ വെള്ളത്തിനായി യാചിച്ചു. ഈസോപ്പു ചെടിയുടെ കമ്പിൽ കെട്ടിയ ശീല നനച്ചവർ അവന്റെ വായോടു ചേർത്തുവച്ചു. അവർ നൽകിയ കുടിനീർ ചുണ്ടുകൾകൊണ്ട് ഒപ്പിയെടുത്ത് വരണ്ട നാവിനു നനവ് പകർന്നു. മരണവേദനയിൽ പുളയുന്ന അവനോടു അവർ അല്പം പോലും ദയകാട്ടിയില്ല. അവർ അവനു കുടിക്കാൻ നൽകിയത് കൈപ്പുനീരായിരുന്നു.

''യേഷുവാ ... അവർ നിനക്ക് ഇപ്പോഴും തന്നത് കൈപ്പുനീർ മാത്രമാണ് അല്ലേ ?''

ഡിസ്മസിന്റെ ചോദ്യത്തിനു അവൻ മറുപടിയൊന്നും പറഞ്ഞില്ല.

''യേഷുവാ...നീ പറുദീസയിൽ ആയിരിക്കുമ്പോൾ, എന്നെയും ഓർക്കണമേ''

ഡിസ്മസ് അവനോടു യാചിച്ചു.

യേഷുവാ പ്രാണവേദനയിൽ ഉച്ചത്തിൽ കരഞ്ഞു.

''പിതാവേ സകലവും നിവർത്തിയായി... നിന്റെ പുത്രനെ കൈക്കൊള്ളണമേ''

* * *

ആരോ പിടിച്ചു ശക്തമായി കുലുക്കിയപ്പോഴാണ് മയക്കം വിട്ടുണർന്നത്. കണ്ണു തുറന്നു നോക്കിയെങ്കിലും ആരെയും കണ്ടില്ല. ചുറ്റും കനത്ത ഇരുൾ ചൂഴ്ന്നുനിന്നു. ഇത്രയുംനേരം കിടന്നുറങ്ങിപ്പോയോ? വിശ്വസിക്കാനായില്ല. അങ്ങിനെ ആലോചിച്ചു ഇരുളിലേക്ക് കണ്ണുംനട്ട് കിടന്നപ്പോഴാണ് കട്ടിലും തറയും വീടുമെല്ലാം വീണ്ടു ശക്തമായി കുലുങ്ങിയത്. ആരോ എടുത്തു വലിച്ചെറിഞ്ഞ പോലെ കട്ടിലിൽ നിന്നും താഴേക്ക് തെറിച്ചു വീണു.

''മോളെ , വേറോനിക്കാ''

ഞാൻ എത്ര ഉറക്കെ വിളിച്ചു.

ആരും വിളികേട്ടില്ല.

പുറത്തെ തെരുവിൽ നിന്നും ആളുകൾ ഭയചകിതരായി ആർത്ത നാദം മുഴക്കുന്നതിൻറെയും ഓടിപ്പോകുന്നതിന്റെയും ശബ്ദങ്ങൾ കേട്ടു.

എഴുന്നേൽക്കാൻ ആവതില്ലാതെ ഇരുളിൽ കുറച്ചുനേരം കിടന്നപ്പോൾ മനസ്സിലേക്ക് വെളിച്ചം കടന്നുവന്നു. അതുവരെയുള്ള നിമിഷങ്ങളിൽ കഴിഞ്ഞുപോയ നാൾവഴിയിലൂടെ സഞ്ചരിക്കുകയായിരുന്നു.

മരണം എത്തുന്ന നേരത്ത് ചിലർക്കെങ്കിലും കഴിഞ്ഞ കാലത്തിലൂടെ ഒരു തിരിഞ്ഞുനോട്ടം സാധ്യമാകുമെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

ഒരു പക്ഷേ ദൈവം എന്റെ പ്രാർത്ഥന കേട്ടിട്ടുണ്ടാകണം.

എല്ലാ കഷ്ടതകളിൽ നിന്നും മോചിപ്പിക്കാനായി മരണത്തിന്റെ ദൂതൻ യാത്രതിരിച്ചിരിക്കാം. അതാകണം ഈ തിരിഞ്ഞുനോട്ടവും മറ്റു കാഴ്ചകളും.

ദൈവമേ ഞാനൊരു വെറും മനുഷ്യനാണ്. വിചാരത്താലും വാക്കാലും പ്രവർത്തിയാലും നിൻറെ മുൻപിൽ അനേകം തെറ്റുകൾ ചെയ്തിട്ടുണ്ട്. അതിനൊന്നും നീ എന്നെ ശിക്ഷിക്കരുതേ, എൻറെ വലിയ പിഴകൾ എല്ലാം നീ പൊറുക്കണമേ.

വെറോനിക്ക ഓടിക്കിതച്ചു വന്നതും മുറിയിൽ കമിഴ്ന്നു വീണ കാര്യം വീണ്ടും ഓർമ്മയിൽ തുളച്ചു കയറി. അവളുടെ കയ്യിൽ ഉണ്ടായിരുന്ന തൂവാലയിൽ കണ്ട ചോരയിൽ പതിഞ്ഞ മുഖം, അതു യേഷുവായുടേതായിരുന്നു. അതോ ഈ വൃദ്ധമനസിൻറെ തോന്നൽമാത്രമോ?

സമയബോധവും കാലവും മനസിൽ തിരിച്ചെത്തി.

മധ്യാഹ്നവെയിലിൽ ഉരുകി ഒലിച്ചായിരുന്നു വെറോനിക്ക പാഞ്ഞുവന്നത്. അതിനു ശേഷം ഇപ്പോൾ അധികം മണിക്കൂറുകൾ ഒന്നുമായില്ല. ഏറിയാൽ രണ്ടോ മൂന്നോ മണിക്കൂറുകൾ മാത്രം.

അപ്പോൾ, മകനെ യേഷുവാ, നീ തിരുവെഴുത്തിൻ പ്രകാരം എല്ലാം പൂർത്തിയാക്കിയല്ലെ?

അതാണ് ഈ ലോകമിപ്പോൾ അന്ധകാരത്തിൽ ആണ്ടുപോയത്, ഭൂമി ഇളകിയത്. നിൻറെ ഈ ബലിദാനം പാറകളെവരെ പിളർത്തിയിട്ടുണ്ടാകും. നരകം നിൻറെ രക്തതുള്ളികളാൽ വിറകൊള്ളും. നീ ആരെന്നു നിൻറെ മരണത്തോടെ എല്ലാവർക്കുമിപ്പോൾ ബോധ്യമായിട്ടുണ്ടാകും.

**" എനിക്കു ദാഹിക്കുന്നു.. എനിക്ക് ദാഹിക്കുന്നു" കുരിശിൽ കിടന്നുകൊണ്ട് യേഷുവാ വെള്ളത്തിനായി യാചിച്ചു. ഈസോപ്പു ചെടിയുടെ കമ്പിൽ കെട്ടിയ ശീല നനച്ചവർ അവന്റെ വായോടു ചേർത്തുവച്ചു. അവർ നൽകിയ കുടിനീർ ചുണ്ടുകൾകൊണ്ട് ഒപ്പിയെടുത്ത് വരണ്ട നാവിനു നനവ് പകർന്നു. മരണവേദനയിൽ പുളയുന്ന അവനോടു അവർ അല്പം പോലും ദയകാട്ടിയില്ല. അവർ അവനു കുടിക്കാൻ നൽകിയത് കൈപ്പുനീരായിരുന്നു.**

എൻറെ മകനെ, നിൻറെ മാതാവിൻറെ ഉദരത്തിൽ നീ രൂപം കൊണ്ട നാൾ മുതൽ ഞാൻ നിന്റെ കൂടെയായിരുന്നു എപ്പോഴും. നിന്നെ അടുത്തറിഞ്ഞിട്ടും നീ ആരാണന്നും എന്താണന്നും ഞാൻ അറിയാൻ ശ്രമിച്ചതേയില്ല.

മനസും ശരീരവും പിളർന്ന് എന്നെ വിട്ടുപോയ കടിഞ്ഞൂൽ പുത്രന്റെ പിന്നാലെയായിരുന്നു ഞാൻ.

നീ അടുത്തുണ്ടായപ്പോഴും ഞാൻ ദൂരെയായിരുന്നു.

പുരുഷാരം മുഴുവൻ നിന്റെ പിറകെ തിക്കിത്തിരക്കിയപ്പോഴും ഞാൻ നിന്നെ ഒന്ന് എത്തി നോക്കിയതു പോലുമില്ല. എൻറെ മനസ്സിൽ എന്നും വിശ്വാസവും അവിശ്വാസവും കുഴമറിഞ്ഞു കിടന്നു. ഒന്നുമാത്രം എനിക്കറിയാം ഞാൻ നിന്നെ എൻറെ മക്കളെപ്പോലെ തന്നെ സ്നേഹിച്ചിരുന്നു.

മിരിയാം പൂർണ്ണമായും നിന്നിൽ അർപ്പിച്ചിരിക്കുകയായിരുന്നു. ഞാനും നിൻറെ അമ്മയും തമ്മിൽ ഉണ്ടായിരുന്ന ബന്ധമെന്നത് ഒട്ടുമേ ആഴമില്ലാത്തതായിരുന്നു. മരിച്ചു പോയ മെൽക്ക തന്ന സ്നേഹത്തിന്റെ ആഴവും പരപ്പുമൊന്നും മിരിയാം എനിക്കു തരാത്തതിന്റെ അതൃപ്തിയിലായിരുന്നു എന്നും ഞാൻ. അതിനു കാരണവും ഞാൻ തന്നെയായിരുന്നു. എന്തുകൊണ്ടോ ദാമ്പത്യബന്ധത്തിൻറെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലാൻ എനിക്കായില്ല. നിൻറെ അമ്മയുടെ ജീവിതം ദുരിതമാകാൻ ഞാൻ ഒരു കാരണമായിട്ടുണ്ടെന്നു എനിക്കറിയാം.

യേഷുവാ നീ പലരേയും സൗഖ്യപ്പെടുത്തി എന്നു ഞാനറിഞ്ഞു.

പക്ഷെ, നീ എൻറെ അടുത്തുവന്ന് ഒന്നു തൊട്ടുപോലുമില്ല. നിനക്ക് എല്ലാത്തിനും ഒരു കാലവിളമ്പം ഉണ്ടായിരുന്നു.

നിന്നെക്കുറിച്ചുള്ള പ്രസിദ്ധി നാടെങ്ങും പരന്നു. അതിന്റെ തിരക്കിലായിരുന്നു നീ. വീടിനെക്കുറിച്ചോ ഞങ്ങളെക്കുറിച്ചോ ഒരുവിചാരവും നിനക്കുണ്ടായിരുന്നില്ല ഒരു നാളും.

ഒരു പക്ഷെ എന്റെ ഈ തോന്നലുകൾ തെറ്റായിരിക്കാം..

എന്റെ മനസ് എപ്പോഴും ഒരു കുഴപ്പക്കാരനാണ്. ആവശ്യമില്ലാത്ത കാര്യങ്ങൾ ചിന്തിക്കുകയും കാണാത്ത കാര്യങ്ങൾ കാണുകയും ചെയ്യുന്ന ഒരു പ്രകൃതം.

മകനേ,നിന്നെ പൂർണ്ണമായും മനസിലാക്കാൻ എനിക്ക് കഴിയാതെ പോയതാണോ?

നിൻറെ അമ്മ എന്നോട് പറഞ്ഞി

രുന്നു, എനിക്കു വേണ്ടി അവൾ നിന്നോട് ആവശ്യപ്പെട്ടതൊക്കെ.

''മകനെ യേഷുവാ,നിൻറെ പിതാവ് ഒരു കിടപ്പുരോഗിയായി കഴിയുന്നത് നീ അറിയുന്നില്ലേ, നീ അദ്ദേഹത്തെ പോയി കാണുകയും സൗഖ്യം നൽകുകയും ചെയ്യേണ്ട




തല്ലേ?''

''അമ്മേ, ഞാൻ ചെയ്യുന്നതൊക്കെയും എന്റെ ഇഷ്ടമല്ല. എന്റെ പിതാവിന്റെ ഇഷ്ടമാണ്. എല്ലാം ഞാനറിയുന്നു. പക്ഷെ, അമ്മ ആവശ്യപ്പെട്ടതിനുള്ള സമയം ഇനിയും ആയിട്ടില്ല''

മുൻപൊരിക്കൽ നീ സമയമായില്ലന്നു പറഞ്ഞെങ്കിലും നിൻറെ അമ്മയുടെ വാക്കുകൾ മാനിച്ചു നീയൊരു കല്യാണവിരുന്നിൽ പച്ചവെള്ളം വീഞ്ഞാക്കി മാറ്റിയത് ഞാനും കണ്ടിരുന്നല്ലോ.

നിൻറെ അമ്മ വല്ലാത്തൊരു ധർമ്മസങ്കടത്തിലായിരുന്നു. കിടപ്പുരോഗിയായ എന്നെ ശുശ്രൂഷിച്ചു ഇവിടെ കഴിയാൻ അവൾ അതിയായി ആഗ്രഹിച്ചിരുന്നു.

അവൾ അത് പറഞ്ഞറിയിക്കുകയും ചെയ്തു.

''നാഥാ, ഞാൻ ഇനി എങ്ങോട്ടും പോകുന്നില്ല. ഇവിടെ അങ്ങയെ ശ്രുശ്രൂഷിച്ചു കഴിഞ്ഞോളം. അല്ലെങ്കിൽ അങ്ങയെ ഞാൻ നസറത്തിലെ നമ്മുടെ വീട്ടിലേക്കു കൊണ്ടുപോകാം''

അന്നു ഞാനവളെ ആശ്വസിപ്പിച്ചു. അവൾക്കാഗ്രഹം എപ്പോഴും നിന്നോടൊപ്പം നടക്കാനായിരുന്നു.


''മിരിയാം നീ എന്നെ ഓർത്തു ആകുലപ്പെടേണ്ട, എനിക്കൊരു കുറവും വരാതെ വെറോനിക്ക നോക്കുന്നുണ്ട്. നിൻറെ മകൻ ലോകത്തിനു മുഴുവനായും ചെയ്യുന്ന ശുശ്രൂഷയിൽ അവനെ നീ സഹായിക്കൂ. അവൻ ഇനിയെത്രകാലം

**അപ്പോൾ, മകനെ യേഷുവാ, നീ തിരുവെഴുത്തിൻ പ്രകാരം എല്ലാം പൂർത്തിയാക്കിയല്ലെ? അതാണ് ഈ ലോകമിപ്പോൾ അന്ധകാരത്തിൽ ആണ്ടുപോയത്, ഭൂമി ഇളകിയത്. നിൻറെ ഈ ബലിദാനം പാറകളെവരെ പിളർത്തിയിട്ടുണ്ടാകും. നരകം നിൻറെ രക്ത തുള്ളികളാൽ വിറകൊള്ളും. നീ ആരെന്നു നിൻറെ മരണത്തോടെ എല്ലാവർക്കുമിപ്പോൾ ബോധ്യമായിട്ടുണ്ടാകും.**

നമ്മോടൊപ്പം ഉണ്ടാകുമെന്ന് നമുക്കറിയില്ലല്ലോ''

യേഷുവാ, നിൻറെ അമ്മയ്ക്ക് എന്തു വ്യാകുലങ്ങളെയും സഹിക്കുവാനുള്ള ശക്തിയുണ്ട് എനിക്കതില്ലെന്ന് നിനക്കറിയാം. കുഞ്ഞായിരുന്ന നീ ഓടിക്കളിക്കുന്നതിനിടയിൽ വീണ് നിന്റെ കാൽമുട്ടിൽ ചോര പൊടിഞ്ഞപ്പോൾ ഞാൻ എത്രമാത്രം തളർന്നു പോയെന്നു നീ കണ്ടുവല്ലോ ?

ഇന്നു നീ ഭാരമേറിയ കുരിശുമായി തളർന്നുവീണു, നിൻറെ




**ബെത്‌ലഹെമിൽ നിന്നും ഈജിപ്റ്റിലേക്കുള്ള യാത്ര**

കൈകാൽമുട്ടുകൾ മുറിഞ്ഞു ചോരചിന്തിയതും കുരിശിന്മേൽ ഇരുമ്പാണികളാൽ തറക്കപ്പെട്ടതുമൊക്കെ കാണുവാൻ ശക്തിയില്ലാത്ത ഈ വൃദ്ധനു സൗഖ്യം നൽകാതെ തളർത്തിയിട്ടത് നീ എന്നോട് കാണിച്ച വലിയ കരുണയല്ലാതെ മറ്റെന്താണ്?

എൻറെ വർഷങ്ങളായിട്ടുള്ള വേദന നിൻറെ ഒരു നിമിഷത്തെ വേദനയ്ക്ക് തുല്യമല്ലാതാകുമ്പോൾ, നീ അനുഭവിച്ച കഷ്ടങ്ങൾ കാണാൻ അനുവദിക്കാതെ എന്നെ മന:പൂർവ്വം മാറ്റിനിർത്തിയത് എന്നോട് കാണിച്ച കരുണയല്ലേ?

എങ്കിലും എൻറെ കുഞ്ഞേ, നിന്നെ അവസാനമായി ഒരുനോക്കു കാണാനാവാത്തതിൽ ഈ വൃദ്ധൻറെ മനസ്സ് വല്ലാതെ വ്യസനിക്കുന്നുണ്ട്.

* * *

ആ ഇരുളിൽ എത്രനേരം അങ്ങിനെ കിടന്നുവെന്നോർമ്മയില്ല. ആ കിടപ്പിൽ കണ്ണുകൾ അടഞ്ഞുപോയതും അറിഞ്ഞില്ല.

''അപ്പാ, കണ്ണുതുറക്കപ്പാ''

ആരോ കുലുക്കി വിളിച്ചപ്പോഴാണ് കണ്ണു തുറന്നത്.

**യേഷുവാ എൻറെ കൈകളിൽ പിടിച്ചപ്പോൾ ശരീര ഭാരമൊഴിഞ്ഞു. ഞങ്ങൾ ഒരുമിച്ചു പുറത്തേക്ക് നടന്നു. നടക്കുന്നതിനിടയിൽ ഞാൻ ഉപേക്ഷിച്ച എൻറെ ദേഹത്തിലേക്കു തിരിഞ്ഞു നോക്കി. ഞങ്ങൾ നടന്നു നീങ്ങുന്നതിനൊപ്പം അവിടെ വ്യാപിച്ചിരുന്ന ഇരുൾ മാറി, മറ്റൊരു ദിവ്യരഹസ്യത്തിന്റെ വെളിച്ചം വീണ്ടും പരന്നുകൊണ്ടിരുന്നു.**

വെറോനിക്ക ആയിരിക്കുമെന്നാണ് കരുതിയത്. എന്നാൽ അവളായിരുന്നില്ല.

പന്ത്രണ്ട് വയസുള്ള ഒരു ബാലൻ, അന്ന് യെരുശലേം ദേവലയത്തിൽ നിന്നും ഇറങ്ങിപ്പോയ ശുണ്ഠിക്കാരൻ, ഇപ്പോൾ അരികിൽ കുനിഞ്ഞു നിന്നു വിളിക്കുന്നു.

' അപ്പാ വാ...'

''യേഷുവാ, മകനെ....

എവിടെ നിന്റെ ആണിപ്പഴുതുള്ള കൈകാലുകൾ? അപ്പൻ കാണട്ടെ, എൻറെ കുഞ്ഞിനു വേദനിച്ചോ ?'

''ഇല്ലപ്പാ, ദേ നോക്കിക്കേ, അപ്പൻറെ യേഷുവായ്ക്കു ഒരു കുഴപ്പവുമില്ല''

അവൻറെ കുഞ്ഞുകൈകളിലും കാലുകളിലും പിടിച്ചു നോക്കിയപ്പോഴാണ് ആശ്വാസമായത്. ഇല്ല എൻറെ കുഞ്ഞിനു ഒന്നുമില്ല.

''അപ്പൻ എഴുന്നേറ്റു വാ നമുക്ക് പോകണ്ടേ''

''പിന്നെ, കുഞ്ഞേ നീ വരുവാൻവേണ്ടി ഞാൻ കാത്തിരിക്കുക അല്ലായിരുന്നോ?''

യേഷുവാ എൻറെ കൈകളിൽ പിടിച്ചപ്പോൾ ശരീര ഭാരമൊഴിഞ്ഞു.

ഞങ്ങൾ ഒരുമിച്ചു പുറത്തേക്ക് നടന്നു.

നടക്കുന്നതിനിടയിൽ ഞാൻ ഉപേക്ഷിച്ച എൻറെ ദേഹത്തിലേക്കു തിരിഞ്ഞു നോക്കി. ഞങ്ങൾ നടന്നു നീങ്ങുന്നതിനൊപ്പം അവിടെ വ്യാപിച്ചിരുന്ന ഇരുൾ മാറി, മറ്റൊരു ദിവ്യരഹസ്യത്തിന്റെ വെളിച്ചം വീണ്ടും പരന്നുകൊണ്ടിരുന്നു.

**-നോവൽ സമാപിച്ചു**



# വംശഹത്യയല്ല , ആശയ സംവാദമാണ് പരിഹാരം

## ഒരു പേര് വിളിക്കുന്നത് മറവിക്കെതിരായ പ്രതിരോധമാണ്. ഓർമ്മിക്കുക എന്നത് നീതിയുടെ പ്രവർത്തിയാണ്.

**ഡോ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**


ഗാസയിലെ വംശഹത്യക്കെതിരെ സമൂഹ മനസാക്ഷിയെ ഉണർത്താൻ ചിന്ത രവി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന ഗാസയുടെ പേരുകൾ എന്ന പരിപാടി തികച്ചും വ്യത്യസ്തതയാർന്ന സംഭവമാണ്.വിവിധ സ്ഥലങ്ങളിൽ ഇതിനോടകം ഗാസയുടെ പേരുകൾ എന്ന പരിപാടി സംഘടിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിൻറെ വിവിധ തുറകളിൽ നിന്നും സാമൂഹ്യ, രാഷ്ട്രീയ, മത, സാംസ്കാരിക നായക?ാർ ഇതിൽ പങ്ക് ചേരുന്നു എന്നുള്ളത് ഇതിൻറെ ഗൗരവം വർദ്ധിപ്പിക്കുന്നു .

ഗാസയിൽ കൊല്ലപ്പെട്ട കുട്ടികളുടെ പേരുകൾ വായിക്കുന്നതിലെ സാംഗത്യം എന്തെന്ന് ഒരു പക്ഷെ ചിന്തിക്കുന്നവരുണ്ടാകാം. ഇത് വളരെ ആത്മീയവും നൈതികവുമായ അർത്ഥം ഉൾക്കൊള്ളുന്ന ഒരു പരിപാടിയാണ്. ഒരാളുടെ പേര്

**നൂറുകളോ ആയിരങ്ങളോ മരിച്ചുവെന്ന വാർത്ത ദിനംപ്രതി നാം കേൾക്കുമ്പോൾ അവ നമുക്ക് പലപ്പോഴും കേവലം സംഖ്യ മാത്രമാണ്. അതിൽ വ്യക്തിയില്ല, ബന്ധമില്ല, ഹൃദയവുമില്ല. എന്നാൽ ഓരോ പേരും വായിക്കുമ്പോൾ അതു ആ വ്യക്തിയെ വീണ്ടും മനുഷ്യനായി അടയാളപ്പെടുത്തുന്നു.**



ഡോ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രസംഗിക്കുന്നു




**ശശികുമാർ പ്രസംഗിക്കുന്നു**

അയാളുടെ വ്യക്തിത്വത്തിൻറെ അടയാളമാണ്. നൂറുകളോ ആയിരങ്ങളോ മരിച്ചുവെന്ന വാർത്ത ദിനംപ്രതി നാം കേൾക്കുമ്പോൾ അവ നമുക്ക് പലപ്പോഴും കേവലം സംഖ്യ മാത്രമാണ്. അതിൽ വ്യക്തിയില്ല, ബന്ധമില്ല, ഹൃദയവുമില്ല.എന്നാൽ ഓരോ പേരും വായിക്കുമ്പോൾ അതു ആ വ്യക്തിയെ വീണ്ടും മനുഷ്യനായി അടയാളപ്പെടുത്തുന്നു. കൊല്ലപ്പെട്ട കുരുന്നുകളിൽ ഓരോരുത്തർക്കും സ്വപ്നങ്ങളുണ്ടായിരുന്നു, സ്നേഹവും ചിരിയും ഉണ്ടായിരുന്നു. പേര് വായിക്കുന്നതിലൂടെ നാം പറയുകയാണ് 'നീ മറക്കപ്പെട്ടിട്ടില്ല''. ജൂഡിത്ത് ബട്ട്ലർ എന്ന ചിന്തകൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്, ഒരു പേര് വിളിക്കുന്നത് മറവിക്കെതിരായ പ്രതിരോധമാണ്.

ഈ സമ്മേളനം കേവലം ഒരു സാമൂഹിക വിലാപം മാത്രമല്ല, അനീതിക്കെതിരായ പ്രതിഷേധം കൂടിയാണ്. അനുദിന സംഭാഷണങ്ങളിൽ മനുഷ്യരെ കേവലം സംഖ്യകളാക്കി അടയാളപ്പെടുത്തുമ്പോൾ, ഈ സമ്മേളനം പറയുന്നു – നഷ്ടപ്പെട്ട ഓരോ ജീവനും വിലപ്പെട്ടതായിരുന്നു, അവരുടെ നഷ്ടം

**ഭീകരാക്രമണങ്ങൾ ഏതു തലത്തിലായാലും മാപ്പ് അർഹിക്കാത്ത കൊടും ക്രൂരതയാണ്. ഈ ക്രൂരതയിൽ ഇരകളാകുന്നതാകട്ടെ ഏറെയും നിരപരാധികളും കുഞ്ഞുങ്ങളും സ്ത്രീകളും. നമ്മുടെ രാജ്യത്തിന് ആഴത്തിലുള്ള മുറിവാണ് ഭീകര ആക്രമണം സൃഷ്ടിച്ചത്. ലോകമെങ്ങും ഭീകര പ്രസ്ഥാനങ്ങളുടെ വേരുകൾ ആഴ്ന്നിറങ്ങിയിട്ടുണ്ടണ്. രാഷ്ട്രീയം, മതം, സർക്കാർ സ്പോൺസർഡ്, സൈബർ തുടങ്ങിയ വ്യത്യസ്ത തരം ഭീകരപ്രവർത്തനങ്ങൾക്ക് ലോകം ഇപ്പോൾ സാക്ഷ്യം വഹിക്കുന്നു.**

മനുഷ്യരാശിയുടെ നൈതിക മുറിവാണ്. എലി വീസലിൻറെ വാക്കുകളിൽ , ''ഓർമ്മിക്കുക എന്നത് നീതിയുടെ പ്രവർത്തിയാണ്''.

''ഓർമ്മിക്കുക എന്നത് നീതിയുടെ പ്രവർത്തിയാണ്''.

ഈ സമ്മേളനം നാം ഓരോരുത്തരുടെയും ഉത്തരവാദിത്തത്തിൻറെയും നമ്മിലൂടെ സാധ്യമാകേണ്ട മാറ്റത്തിൻറെയും വിളികൂടിയാണ് .നാം ദുഃഖം മാത്രം പങ്കിടേണ്ടവരല്ല, നീതിക്കായി പ്രവർത്തിക്കേണ്ടവരുമാണ്. മരിച്ചവരെ ഓർക്കുന്നതിന് മാത്രമല്ല, ജീവിക്കുന്നവരെ പരിരക്ഷിക്കുന്നതിനും ഈ സമ്മേളനം നമുക്ക് ഓരോരുത്തർക്കും പ്രചോദനം നൽകണം.

ഗാസയിൽ കൊല്ലപ്പെട്ട കുരുന്നുകളെ അനുസ്മരിക്കുമ്പോൾ തന്നെ നൈജീരിയയിലെയും എത്യോപ്യായിലെയും തീവ്രവാദ ആക്രമണത്തിന് ഇരയായി ജീവൻ നഷ്ടപ്പെട്ടവരെയും അവരുടെ കുടുംബാംഗങ്ങളെയും ഈ അവസരത്തിൽ ഓർക്കുന്നു. രണ്ട് നാൾ മുമ്പ് ഭാരതത്തിൻറെ തലസ്ഥാനമായ ഡൽഹിയിൽ ചെങ്കോട്ടയ്ക്ക് സമീപം കാർ ബോംബാക്രമണത്തിൽ 12 പേരുടെ ജീവൻ അപഹരിക്കപ്പെട്ടത് നമ്മെ എല്ലാവരെയും കൂടുതൽ സങ്കടത്തിലാക്കിയ സംഭവമാണ്.

ഭീകരാക്രമണങ്ങൾ ഏതു തലത്തിലായാലും മാപ്പ് അർഹിക്കാത്ത കൊടും ക്രൂരതയാണ്. ഈ ക്രൂരതയിൽ ഇരകളാകുന്നതാകട്ടെ ഏറെയും നിരപരാധികളും കുഞ്ഞുങ്ങളും സ്ത്രീകളും. നമ്മുടെ രാജ്യത്തിന് ആഴത്തിലുള്ള മുറിവാണ് ഭീകര ആക്രമണം സൃഷ്ടിച്ചത്. ലോകമെങ്ങും ഭീകര പ്രസ്ഥാനങ്ങളുടെ വേരുകൾ ആഴ്ന്നിറങ്ങിയിട്ടുണ്ടണ്. രാഷ്ട്രീയം, മതം, സർക്കാർ സ്പോൺസർഡ്, സൈബർ തുടങ്ങിയ വ്യത്യസ്ത തരം ഭീകരപ്രവർത്തനങ്ങൾക്ക് ലോകം ഇപ്പോൾ സാക്ഷ്യം വഹിക്കുന്നു.

ലോകത്തെവിടെയും വർദ്ധിച്ചു വരുന്ന അശാന്തി ഈ കാലഘട്ടത്തിൻറെ വലിയ പ്രതിസന്ധി തന്നെയാണ്. ആഗോള തലം മുതൽ ചെറു രൂപങ്ങളായ കുടുംബങ്ങളിൽ വരെ അസഹിഷ്ണതയുടെ വിത്തു മുളക്കുന്നത് കാണാതെ പോകരുത്. മനുഷ്യ മനസ്സുകളിൽ വെറുപ്പും വിദ്വേഷവും വളരുമ്പോൾ അത് സമൂഹത്തിലും കുടുംബങ്ങളിലും ഉണ്ടാക്കുന്ന



**സദസ്സിൻറെ ഒരു ദൃശ്യം**

സംഘർഷങ്ങൾ ചെറുതല്ല.

വംശഹത്യയും തീവ്രവാദവും ഭീകരാക്രമണങ്ങളും ഒന്നിനും പരിഹാരമല്ല. ആശയ സംവാദങ്ങളും ചർച്ചകളുമാണ് പരിഹാരം. സംഘർഷ മേഖലകളിൽ ശാശ്വത സമാധാനമാണ് ഇപ്പോൾ ആവശ്യം. മറ്റുള്ളവരെ കൊന്നൊടുക്കി സംഘർഷങ്ങൾ ലഘൂകരിക്കാമെന്ന് ആരും ധരിക്കരുത്. ചർച്ചകൾക്കും കൂടിക്കാഴ്ചകൾക്കും വേണ്ടി ശ്രമിക്കുകയാണാവശ്യം. വ്യത്യസ്ഥത ദൈവദത്തമാണ്. അതിലൂടെ ലോകം സുന്ദരമാക്കകുയാണ് ആവശ്യം.

വിഭാഗീയത വളർത്തുന്നതാണ് അപകടകരം. നമുക്ക് സ്വീകരിക്കുവാൻ സാധിക്കുന്നവയെ സ്വീകരിച്ചും, സ്വീകരിക്കുവാൻ സാധിക്കാത്തവയോട് ആദരവോട് അകലം പാലിച്ചും ജീവിക്കുമ്പോൾ അപരനിന്ദയും സംഘർഷങ്ങളും ഒഴിവാക്കാനാകും.

വിവിധ സമൂഹങ്ങൾ അന്യോന്യം വെറുപ്പ് വെടിഞ്ഞ് സമാധാനത്തിൽ ജീവിക്കുന്ന നാൾ വേഗം വരണമേയെന്ന് നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. അതിന് ദൈവം നമ്മെ ശക്തീകരിക്കട്ടെ.

**വംശഹത്യയും തീവ്രവാദവും ഭീകരാക്രമണങ്ങളും ഒന്നിനും പരിഹാരമല്ല. ആശയ സംവാദങ്ങളും ചർച്ചകളുമാണ് പരിഹാരം. സംഘർഷ മേഖലകളിൽ ശാശ്വത സമാധാനമാണ് ഇപ്പോൾ ആവശ്യം. മറ്റുള്ളവരെ കൊന്നൊടുക്കി സംഘർഷങ്ങൾ ലഘൂകരിക്കാമെന്ന് ആരും ധരിക്കരുത്. ചർച്ചകൾക്കും കൂടിക്കാഴ്ചകൾക്കും വേണ്ടി ശ്രമിക്കുകയാണാവശ്യം. വ്യത്യസ്ഥത ദൈവദത്തമാണ്. അതിലൂടെ ലോകം സുന്ദരമാക്കകുയാണ് ആവശ്യം.**

*(സംസ്ഥാന വ്യാപകമായി ചിന്തരവി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഗാസയിൽ കൊല്ലപ്പെട്ട ഇരുപതിനായിരത്തിലേറെ കുരുന്നുകളുടെ പേരുകൾ വായിക്കുന്ന 'ഗാസയുടെ പേരുകൾ' ക്യാംപെയ്ന്റെ ഭാഗമായി പത്തനംതിട്ട, ടൗൺ സ്ക്വയറിൽ നവംബർ 13 നു നടന്ന സാംസ്കാരിക പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം.ചെന്നൈ ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ചെയർമാനും മുതിർന്ന മാധ്യമപ്രവർത്തകനുമായ ശശികുമാർ ആമുഖ പ്രസംഗം നടത്തി.സാഹിത്യകാരൻ ബെന്യാമിൻ, മാത്യു ടി തോമസ് എംഎൽഎ , മുനിസിപ്പൽ ചെയർമാൻ അഡ്വ സക്കീർ ഹുസൈൻ, ആർജെഡി ദേശീയ ജനറൽ സെക്രട്ടറി ഡോ വർഗീസ് ജോർജ്, അഡ്വ ഫിലിപ്പോസ് തോമസ്, കവി എൻ എസ് സുമേഷ് കൃഷ്ണൻ, റവ രാജു പി ജോർജ്, റവ. റെജി ഡാൻ, എ ഗോകുലേന്ദ്രൻ, ടി എം സത്യൻ, വി കെ പുരുഷോത്തമൻ പിള്ള, എ അനിൽ കുമാർ, അഡ്വ ആശാ ചെറിയാൻ, ആദില, അനൂപ, സ്മൃതി മുരളീധരൻ, എം കെ വാസു, റോയി വറുഗീസ്, ബീനാ ഷാജി അടക്കം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ ശൃംഖലാ ക്യാമ്പേയ്നിൽ പങ്കെടുത്തു.)*


JOSCO TOURS & TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL & ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com




മീര രാധാകൃഷ്ണൻ

വര:
പി ആർ രാജൻ

# രക്ത 'ബന്ധ'ങ്ങളുടെ നവരസങ്ങൾ

## ഹാസ്യം

തൂണിലും തുരുമ്പിലും പ്രാർഥനകളും മുറജപങ്ങളും മുഖരിച്ചുകൊണ്ടിരിക്കുന്നു.

ഡെറ്റോൾ മണം മൂക്കിൻത്തുമ്പിലൂടെ ഇരച്ചു കയറിയിട്ടും വികാരനിർഭരരായി വഴിയേ പോകുന്നവരെയും വരുന്നവരെയും തങ്ങളുടെ ദയനീയത നിഴലിച്ച് മുഖം ആകാംക്ഷയോടെ പൊന്തിച്ചുനോക്കി. ആതി ലേബർറൂമിൻറെ കവാടത്തിനരികെ ചെവി നന്നേ പിറകോട്ടുള്ള മുത്തശ്ശിയുൾപ്പടെ തടിച്ചു കൂടിയിട്ടുണ്ട്.

കുടുംബത്തിലെ ഇളമുറ സന്തതിപരമ്പരയുടെ കന്നി വസന്തത്തെ കൈനീട്ടി വാങ്ങാൻ എത്തിയതാണ്.

'ള്ളേ... ള്ളേ.....' കരച്ചിൽ കേട്ട് അതിയായ ആകാംക്ഷയിൽ അവർ ചില്ലുകൂട്ടിലൂടെ ഏറുകണ്ണിട്ടുനോക്കി. അതാ നേഴ്സ് ആ ചോരക്കുഞ്ഞിനെ കുഞ്ഞു വെള്ളപ്പുതപ്പിൽ പൊതിഞ്ഞുകൊണ്ട് കവാടം തുറന്നു എടുത്തുകൊണ്ടു വന്നെത്തി.

'ലക്ഷ്മിക്ക് സുഖപ്രസവമാണ്. നല്ല ചുന്ദരി പെൺകുട്ടി..

പൊടുന്നനെ ആകാംക്ഷ മൂത്തിരുന്ന ആബാലവൃദ്ധം ജനങ്ങളുടെ മുഖത്തെ പുച്ഛഭാവവും, നീട്ടാൻ ഒരുങ്ങിയ കൈകളുടെ പിൻവലിവുമെല്ലാം ഇനിയും തുടയ്ക്കാൻ വിട്ടുപോയ ആ വെള്ളപ്പുതപ്പിൽ ഒളിച്ച ചോരക്കുഞ്ഞിൻറെ കുഞ്ഞിക്കാലിൽ പറ്റിപ്പിടിച്ച ഒരു തുള്ളി രക്തം പുച്ഛിച്ചു തള്ളപ്പെട്ട ഹാസ്യം എന്ന ഭാവത്തിൻറെ പ്രതീകമായി തൻറെ ജൈത്രയാത്ര ആരംഭിച്ചു.

## അത്ഭുതം

'അമ്മേടെ അമ്മുക്കുട്ടി പിച്ച പിച്ച നടന്നേ..' വള്ളിയുടുപ്പിലേക്ക് ചേക്കേറിയ അമ്മുക്കുട്ടിയെ നടത്താൻ കിണഞ്ഞു പരിശ്രമിക്കുക ആണ് ലക്ഷ്മി. ഒന്നര വയ സ്സായി. ഈ പ്രായത്തിലുള്ളവരൊക്കെ ഓടിക്കളിക്കുന്നു എന്നാണു ലക്ഷ്മിയുടെ പ രിഭവം.

പെൺകുഞ്ഞു ആയതുകൊണ്ടാവാം ആരും ആ പരിഭവം ഗൗനിക്കുന്നതേയില്ല. രണ്ടും കൽപ്പിച്ചു അവൾ പടിവാതിൽക്കൽ തൊട്ടു നടത്തിക്കുകയാണ്.

പ്ധിം!

'അയ്യോ മോളെ..'

ലക്ഷ്മി ഓടിവന്നപ്പോഴേക്കും കുഞ്ഞിക്കാ എവിടെയോ താങ്ങി എണീറ്റ് ദേ പിച്ച പിച്ച് വരുന്നു.

അമ്മുക്കുട്ടി അവളുടെ കാൽമുട്ടിലെ മുറിപ്പാടിൽ ഒളിച്ചിരുന്ന പൊടിച്ചോര തോണ്ടിയെടുത്തു അത്ഭുതം കൂറി ലക്ഷ്മിയെ എടുത്തു കാട്ടിയപ്പോൾ ആ വള്ളിയുടുപ്പിട്ട പൊടിചോരയുടെ അത്ഭുതമെന്ന വേഷവും രംഗമൊഴിഞ്ഞു.

## ഭയാനകം

ലക്ഷ്മിയുടെ പരാതികൾ അപ്പാടെ അമ്മുക്കുട്ടി അങ്ങ് തീർപ്പുകല്പിച്ചു.

ഇപ്പൊ ആള് ഒരിടത്തു അടങ്ങാണ്ടായിരിക്കുന്നു. വള്ളിയുടുപ്പിൽ നിന്നും ഫ്രോക്കിൽ എത്തിയതിൻറെ മാറ്റം ആവണം.

'അമ്മുക്കുട്ടീ.. ശ്ശൊ എവിടേ എൻറെ കുട്ടി, പറമ്പിലൊന്നും ഇങ്ങനെ കളിക്കല്ലേ. ഇങ്ങു വായോ..'

**'അമ്മേ ദേ ചോരാ..' കുളിമുറിയിൽ നിന്നും അമ്മുക്കുട്ടിയാണ്. ലക്ഷ്മി ഓടിച്ചെന്നു. ഉള്ളിലെ ആന്തലുകളൊന്നും പുറത്തു കാട്ടാതെ ഒരു പുഞ്ചിരി ഒട്ടിച്ചുകൊണ്ട് ഈ രംഗം മനസ്സിൽ കണ്ടു കാലേക്കൂട്ടി വാങ്ങി വെച്ചിരുന്ന പാവാടയും ബ്ലൗസും ഒരു ചെറു തുണിയും അലമാരയിൽ നിന്നും എടുത്ത് അമ്മുക്കുട്ടിക്ക് നൽകി. പുറത്തു വന്നു**

പൊടുന്നനെ നിലവിളിച്ചു ഓടിയെത്തിയ അമ്മുക്കുട്ടി കാലിലെ മുറിവ് കാട്ടി വാവിട്ടു കരച്ചിലായി. ഇക്കുറി ഭയപ്പാടിൻറെ വേഷമണിഞ്ഞു വന്ന ആ ഫ്രോക്കിൽ പതുങ്ങിയിരുന്ന ചോരത്തുള്ളികൾ ലക്ഷ്മിയെ ഭീതിയിലാഴ്ത്തി.

'ഈശ്വരാ.. എന്താ ഈ കാണ്.. കണ്ടിട്ട് പാമ്പിൻറെ ആണെന്ന് തോന്നുന്നല്ലോ.

ആരേലും ഒന്ന് ഓടി വരണേ' നിലവിളി കേട്ട് ഓടിക്കൂടിയ ജനം തിരക്കിട്ടു അവരെ ആസ്പത്രിയിലെത്തിച്ചു.

ഏതോ വീഴചയിൽ പറ്റിയ ഒരു നിസ്സാര പരിക്കാണെന്ന് ഡോക്ടർ സ്ഥിരീകരിച്ചപ്പോൾ മാത്രമാണ് ലക്ഷ്മിയുടെ ശ്വാസം നേരെ വീണത്.

## ബീഭത്സം

കാലചക്രം ഉരുണ്ടു നീങ്ങി.

'അമ്മേ ദേ ചോരാ..'

കുളിമുറിയിൽ നിന്നും അമ്മുക്കുട്ടിയാണ്. ലക്ഷ്മി ഓടിച്ചെന്നു.

ഉള്ളിലെ ആന്തലുകളൊന്നും പുറത്തു കാട്ടാതെ ഒരു പുഞ്ചിരി ഒട്ടിച്ചുകൊണ്ട് ഈ രംഗം മനസ്സിൽ കണ്ടു കാലേക്കൂട്ടി വാങ്ങി വെച്ചിരുന്ന പാവാടയും ബ്ലൗസും ഒരു ചെറു തുണിയും അലമാരയിൽ നിന്നും എടുത്ത് അമ്മുക്കുട്ടിക്ക് നൽകി.

പുറത്തു വന്നു ടെലിഫോൺ എടുത്തു ആരെയൊക്കെയോ വിളിക്കുന്നു.

ഏതാനം മണിക്കൂറിനുള്ളിൽ എത്തിച്ചേർന്നവർ ഒരു ചടങ്ങിന് എന്നവണ്ണം ഓ രോ ലഡ്ഡുവും ജിലേബിയും അമ്മുക്കുട്ടിക്ക് നീട്ടി. കാരണവർ ആണ് സമ്മാനിച്ചത് പരിഹാസം ഉണ്ടെങ്കിലും, കാരണവർ സ്ഥാനം ആർക്കും വിട്ടുകൊടുക്കാൻ ത യാറാവാത്ത കൂട്ടങ്ങൾ! സംഭവം എന്താണെന്ന് മനസിലാവാതെ അന്തം വിട്ടു നിന്ന അമ്മുക്കുട്ടിയോടു ഒരു കാരണവർ പറഞ്ഞു.

'അമ്മുക്കുട്ടി ഇനി കുട്ടി അല്ലട്ടോ. ഇപ്പോ വല്യ പെൺകുട്ടിയാണ്. ഇനി കുട്ടിക്കളി ഒന്നും വേണ്ട.'

'ങേഹേ. ങേഹേ..ഞാൻ കുട്ടി തന്നെയാ.'

അമ്മു ചിണുങ്ങി കൊണ്ട് കാരണവർക്ക് രണ്ടു ഇടിയും കൊടുത്തു ഓടിമറഞ്ഞു. പെട്ടെന്നായിരുന്നു ആ ആക്രോശം!

'ഹയ്,എന്താ ഈ കുട്ടി കാട്ടിയെ ? തൊട്ടു തീണ്ടി എല്ലാം അശുദ്ധമാക്കീല്ലോ.

എന്താ ലക്ഷ്മി, നാലാം പക്കം വരെ ഒരു മുറീന്ന് അനങ്ങാൻ പാടില്ലാന്നു ഇവൾ ക്ക് പറഞ്ഞു കൊടുത്തില്ലേ നീയ്?'

ഈ ആക്രോശം കേട്ട് കിടുകിടാ വിറച്ചു അമ്മുക്കുട്ടി ആദ്യമായി ആ പാവാടയും ബ്ലൗസും വേഷമണിഞ്ഞു വന്ന രക്തത്തിൻറെ ബീഭത്സ വേഷം അടുത്തുകണ്ടു.

## കരുണം

അമ്മുവിൻറെ ജീവിതത്താളുകൾ പിന്നെയും മറിഞ്ഞു മറിഞ്ഞു കൗമാരത്തിലെത്തിനിന്നു. പാവാടയും ബ്ലൗസിൽ നിന്നും ചുരിദാറിലോട്ട് ചേക്കേറിയിരിക്കുന്നു.

ബഹുമിടുക്കിയാണ് പഠിക്കാൻ. പെൺകുട്ടി ആയതിൻറെ പേരിൽ കുടുംബത്തിൽ നിന്നും തങ്ങൾ ഇറക്കപ്പെട്ടു വാടകവീട്ടിലായിട്ടു ഇന്നേക്ക് 20 വർഷം. നിസ്സഹായ അവസ്ഥയുടെ ഭാവങ്ങൾ പലതും കണ്ടത് കൊണ്ടാവണം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പലതിലും സജീവമാണ്. ഈയടുത്തു സ്കൂൾബസ് മറിഞ്ഞു പരിക്കേറ്റ കുട്ടികൾക്ക് അടിയന്തിരമായി രക്തദാനം ചെയ്യാൻ മുന്നിട്ടിറങ്ങിയത് അതുകൊണ്ടാവണം.കാരണം, ആ സിറിഞ്ചിലെ അവളുടെ രക്തം കാരുണ്യത്തിൻറെ പ്രതീകമായിരുന്നു.

## ശൃംഗാരം

ആസ്പത്രിയിൽ നിന്നും തിരിച്ചു വീട്ടിൽ എത്തിയപ്പോൾ തന്നെ പണ്ട് ആക്രോശിച്ച കാരണവരെ കണ്ടു എന്തോ പന്തികേട് അവൾ മണത്തു.

പെണ്ണുകാണൽ തന്നെ.! കാരണവർ എല്ലാം പറഞ്ഞുറപ്പിച്ചു വന്നിരിക്കുകയാണ്.

ആർക്കും ചോദ്യവുമില്ല, പറച്ചിലുമില്ല. ചെറുക്കനെ നേരെ കണ്ടത് പോലും അവൾ ഓർക്കുന്നില്ല. നിശ്ചയം ആയി, സാരി എടുക്കുന്നു, സ്വർണം എടുക്കുന്നു, കുറി അടിക്കുന്നു ക്ഷണിക്കുന്നു. കോലാഹലം തന്നെ.

ആരും അവളുടെ കാര്യം അന്വേഷിക്കുന്നേയില്ല. അന്വേഷിക്കാത്തത് അല്ല,

നാവു പൊന്തിക്കാൻ ഭയമാണ് എല്ലാവർക്കും എന്നതാണ് സത്യാവസ്ഥ.

അങ്ങിനെ കാരണവർ കൂട്ടിയടിച്ചു പറഞ്ഞുറപ്പിച്ച സ്ത്രീധനത്തിൻറെ പേരിൽ ആ കല്യാണം ഗംഭീരമായി പൊടിപൊടിച്ചു. അവൾ അങ്ങിനെ ചുരിദാറിൽ നിന്നും പട്ടുസാരിയിലേക്ക്..

'എത്ര പെട്ടെന്നാണ് താൻ ഒരു ഭാര്യ ആയത്..!?'അവളുടെ ഉള്ളിലെ ആന്തൽ കത്തിപടർന്നു.

രണ്ടുനാൾ കഴിഞ്ഞു ആവേശത്തോടെ വീട്ടിൽ പോകാനൊരുങ്ങുമ്പോൾ കിടക്കയിലാണ്ടുപോയ രണ്ടു ചോരത്തുള്ളികൾ ശൃംഗാര ഭാവത്തോടെ അവളെ നോക്കിയപ്പോൾ, ഒറ്റ രാത്രികൊണ്ട് തൻറെ കന്യകാത്വം പിച്ചിച്ചീന്തിയതിൻറെ അവശേഷിപ്പ് ആണല്ലോ എന്ന് നിസ്സഹായയായി ഓർത്തെടുത്തുകൊണ്ട് ആ പട്ടുസാരിയ ണിഞ്ഞ രക്തത്തുള്ളിയുടെ ശൃംഗാര ഭാവത്തെ ഒരു ഞെട്ടലോടെ അവഗണിച്ചു മുഖം വെട്ടിതിരിച്ചുകൊണ്ട് നടന്നകന്നു. അപ്പോഴും ആ ഭാവം അവളെ നോക്കി ഊറിച്ചിരിച്ചുകൊണ്ടിരുന്നു.

**കാര്യമെന്തെന്നു ആരാഞ്ഞപ്പോൾ 'സ്ത്രീധനം കിട്ടാനുള്ളത് ഇനിയും ഉണ്ടല്ലോ, അത് വേഗം എത്തിക്കാൻ വീട്ടിൽ വിളിച്ചു പറ, എന്നിട്ട് മതി അവളുടെ വീട്ടിൽ പോക്ക് എന്ന് പറഞ്ഞു പാഞ്ഞടുത്തു. എന്നിട്ട് ഒരു നൈറ്റിയും കൈയിലേക്ക് വെച്ചു കൊടുത്തു. അങ്ങിനെ കാലം ഊറിചിരിച്ചുകൊണ്ട് അവളെ പട്ടുസാരിയിൽ നിന്നുംപൊടുന്നനെ നൈറ്റിയിലേക്ക് വേഷം മാറ്റിച്ചു.പിന്നീടങ്ങോട്ടുള്ള ദിനങ്ങൾ നിശബ്ദ പീഡനങ്ങളിൽ നിന്നും ശബ്ദപീഡനങ്ങളിലേക്കുള്ള നരകയാത്ര ആയിരുന്നു**

## രൗദ്രം

അടുക്കി വെച്ച് ബാഗുമായി വീട്ടിൽ പോകുന്ന സന്തോഷത്തിൽ മുറിക്കു പുറത്തെത്തിയപ്പോൾ ചോദ്യചിഹ്നമായി നിൽക്കുന്ന ഭർതൃ വീട്ടുകാരെ കണ്ടു തെല്ലു അന്ധാളിച്ചു. കാര്യമെന്തെന്നു ആരാഞ്ഞപ്പോൾ 'സ്ത്രീധനം കിട്ടാനുള്ളത് ഇനിയും ഉണ്ടല്ലോ, അത് വേഗം എത്തിക്കാൻ വീട്ടിൽ വിളിച്ചു പറ, എന്നിട്ട് മതി അവളുടെ വീട്ടിൽ പോക്ക് എന്ന് പറഞ്ഞു പാഞ്ഞടുത്തു. എന്നിട്ട് ഒരു നൈറ്റിയും കൈയിലേക്ക് വെച്ചു കൊടുത്തു. അങ്ങിനെ കാലം ഊറി ചിരിച്ചുകൊണ്ട് അവളെ പട്ടുസാരിയിൽ നിന്നും പൊടുന്നനെ നൈറ്റിയിലേക്ക് വേഷം മാറ്റിച്ചു.

പിന്നീടങ്ങോട്ടുള്ള ദിനങ്ങൾ നിശബ്ദ പീഡനങ്ങളിൽ നിന്നും ശബ്ദ പീഡനങ്ങളിലേക്കുള്ള നരകയാത്ര ആയിരുന്നു. ഈ യാത്രയിൽ അമ്മുവിനും മാതാപിതാക്കളെയും വെച്ച് കച്ചവടം പറഞ്ഞുറപ്പിച്ച കാരണവരുടെ പൊടി പോലും ആ ഏഴയലത്തു കണ്ടില്ല.

പിന്നീടുള്ള ശബ്ദ പീഡനങ്ങൾ അവൾ വീട്ടിൽ പറയാതായി.എന്തിനാണ് മാതാപിതാക്കളെ സങ്കടപ്പെടുത്തുന്നത് എന്ന് കരുതി ആവണം. എല്ലാം ഒന്നും മിണ്ടാതെ ഒരു മൂലക്ക് സഹിച്ചു ദിനരാത്രങ്ങൾ തള്ളി നീക്കി. എന്നാൽ ഒരിക്കൽ ഇതേ കാര്യത്തിൻറെ പേരിൽ നിഷ്കരുണം ഭർതൃവീട്ടുകാർ അവളെ തള്ളിയിട്ടപ്പോൾ പക്ഷെ അവിടെ പൊലിഞ്ഞു പോയത് ഒരു ജീവനായിരുന്നു!

രക്തം വാർന്നു ഗർഭം അലസി ചുവരിലെ ഒരു മൂലക്ക് തളർന്നു കിടക്കുമ്പോൾ പാതി അടഞ്ഞ കണ്ണിൽ അവൾ കണ്ടു അവളുടെ നൈറ്റിയിലൂടെ വാർന്നൊലിച്ച രക്തം രൗദ്ര ഭാവത്തിൻറെ അവശിഷ്ടമായി തളം കെട്ടി കിടക്കുന്നത്.

## വീരം

നരകയാതനകൾ ലവലേശം കുറയാതെ കാലം കഴിയുംതോറും അവൾക്ക് കൂടുന്നതായി തോന്നി തുടങ്ങി. ആവതിയില്ലാത്ത നിസഹായരായ മാതാപിതാക്കളെ

ഓർത്തു മാത്രം തള്ളി നീക്കിയ ജീവിതം പക്ഷെ ഒരു വലിയ പടുകുഴിയിൽ ചെന്നെത്തിയപോലെ അവൾക്ക് തോന്നി. വീട്ടുതടങ്കലിലായ തനിക്ക് നേരാംവണ്ണം ഭക്ഷിക്കാൻ കൂടി കിട്ടാതായപ്പോൾ അവൾക്ക് ജീവിതയാത്രയുടെ മറ്റേ അറ്റം അടുത്ത് കാണാൻ കഴിഞ്ഞു തുടങ്ങി.

പൊടുന്നനെ അവൾ സ്തബ്ധയായ് അല്പനേരം അങ്ങനെ നിന്ന് ചിന്തിച്ചു. 'ഏതായാലും ഞാനെന്ന പാഴ്മരം ഇന്നോ നാളെയോ ഒടിഞ്ഞു വീഴും, പിന്നെ എന്തിനു ഞാൻ ഇവർക്ക് മഴു എടുത്തു വെട്ടി വീഴ്ത്താൻ വേണ്ടി കാത്തിരുന്നു അവസരം കൊടുക്കണം?'

അവൾ പതുക്കെ എഴുന്നേറ്റ്, എന്നെങ്കിലും ഒരിക്കൽ ഉടുക്കണമെന്ന് അതിയായ് ആഗ്രഹിച്ചിരുന്ന ആ മനോഹരമാം പൂക്കളും ചിത്രപ്പണികളും നിറഞ്ഞ വെള്ള പട്ടുസാരി എന്നേ പൊടിപിടിച്ചു പൂട്ടുപോലും തുരുമ്പിച്ച പെട്ടിയിൽ നിന്നും പുറത്തെടുത്തു.

തുരുമ്പിച്ച് പൂട്ട് തുറന്നപ്പോൾ അറിയാതെ വിരൽത്തുമ്പ് ഒന്ന് മുറിഞ്ഞെങ്കിലും ഇനി മറ്റൊരു ';വിസ്മയയും ഉണ്ടാവരുത് എന്ന് നിശ്ചയിച്ചുകൊണ്ട് അവൾ അതെടുത്തു ഉടുത്തു.

വിരൽത്തുമ്പിൽ നിന്നും ഒലിച്ച് രക്തം കണ്മുന്നിൽ കണ്ടിട്ടും അവൾക്ക് എന്തെന്നില്ലാത്ത, ഇതുവരെയുമില്ലാത്ത ഒരു ശൗര്യമായിരുന്നു. അവളുടെ ആശിച്ച മനോഹരമാം പട്ടുസാരി വേഷത്തിൽ ആ രക്തതുള്ളികൾ വീര ഭാവത്തിൽ കട്ടകെട്ടി കിടക്കുന്നത്പോലെ അവൾക്ക് തോന്നി.

## ശാന്തം

അങ്ങിനെ ഒരു പാഴ്ജന്മമെന്ന് മുദ്ര കുത്തപ്പെട്ട ആ സാധു എവിടെനിന്നോ ആർജ്ജവത്തോടെ ആർജ്ജിച്ചെടുത്ത ധൈര്യത്തിൽ രണ്ടും കൽപ്പിച്ചു അവിടെ നിന്ന് പടിയിറങ്ങുമ്പോൾ, മുകളിലൊരാൾ എവിടെ നിന്നോ പുഞ്ചിരിച്ചുകൊണ്ട് മന്ത്രിച്ചു..


'ഇത് നിൻറെ മോചനമാണ് കുട്ടീ ..'

നേരേ പോയത് അടുത്തുള്ള ജനമൈത്രി പോലീസ് സ്റ്റേഷനിലേക്ക്. ഒരു പരാതിയും സമർപ്പിച്ചു തനിക്കും മാതാപിതാക്കൾക്കുമായ് സർക്കാർ ക്ഷേമവകുപ്പിൻറെ സംരക്ഷണത്തിനുള്ള അപേക്ഷയും നൽകി പുറത്തിറങ്ങി നടന്നു തുടങ്ങി. ഒരു നിമിഷം അവൾ തൻറെ ആ മോചനയാത്രയുടെ പാതിവഴിയിൽ നിന്ന് പിന്തിരിഞ്ഞൊന്നു നോക്കിയപ്പോൾ തുരുമ്പിച്ച പെട്ടിയിൽ പറ്റിപ്പിടിച്ചിരുന്ന തൻറെ ആ ചോരത്തുള്ളികൾ തികച്ചും ഇപ്പോൾ ശാന്തഭാവത്തിനുടമയായി പരിണമിച്ചു കഴിഞ്ഞിരുന്നു.

**ആ വെള്ള പട്ടുസാരിയിലെ പൂക്കളും ചിത്രപ്പണികളും സന്തോഷവതികളായ് പൂത്തു തളിർത്തുവോ? എന്തെന്നാൽ അവയും ഇപ്പോൾ മോചനയാത്രയിൽ ആണ് രക്തത്തുള്ളിയുടെ ജൈത്രയാത്ര ഇവിടെപര്യവസാനിക്കുമ്പോൾ നവരസങ്ങളുടെ അവസാന വേഷമായ പൂത്തുതളിർത്ത പൂക്കളും ചിത്രപ്പണികളും ഉള്ള വെള്ള പട്ടുസാരിയുമണിഞ്ഞു ശാന്തവും അരങ്ങൊഴിയുകയാണ്..**

ആ വെള്ള പട്ടുസാരിയിലെ പൂക്കളും ചിത്രപ്പണികളും സന്തോഷവതികളായ് പൂത്തു തളിർത്തുവോ? എന്തെന്നാൽ അവയും ഇപ്പോൾ മോചനയാത്രയിൽ ആണ് രക്തത്തുള്ളിയുടെ ജൈത്രയാത്ര ഇവിടെ പര്യവസാനിക്കുമ്പോൾ നവരസങ്ങളുടെ അവസാന വേഷമായ പൂത്തുതളിർത്ത പൂക്കളും ചിത്രപ്പണികളും ഉള്ള വെള്ള പട്ടുസാരിയുമണിഞ്ഞു ശാന്തവും അരങ്ങൊഴിയുകയാണ്..

പുതു ചിറകുകൾ വിടർത്തി മറ്റൊരു അധ്യായത്തിലേക്ക്.. ഒരു പുതുയുഗത്തിനായ്..!



# ജനമുന്നണിനേതാവ്

**അച്ച്യുത മേനോന്റെ ജീവിതവും കാലവും പുനലൂർ രാജന്റെ ചിത്രങ്ങളിൽ , മാങ്ങാട് രത്നാകരന്റെ വരകളിൽ**



അച്യുതമേനോൻ ജനമധ്യത്തിൽ

***ഫോട്ടോ:* പുനലൂർ രാജൻ**
***എഴുത്ത്:* മാങ്ങാട് രത്നാകരൻ**

"കുടിലുകളിൽ കൂരകളിൽ
കൺമണിപോൽ സൂക്ഷിച്ചൊരു
ജനമുന്നണി നേതാവാ-
ണച്യുതമേനോൻ
കഥമാറും കളിമാറും
കേരളമിതു പറയുന്നു
ജനമുന്നണി നേതാവെ-
ത്തൊട്ടുകളിച്ചാൽ,
കഥമാറും കളിമാറും
കേരളമിതു പറയുന്നു
ഖദറിൻ കൊടി സിംഹാസന-
മറബിക്കടലിൽ.''

ജനപ്രിയ പുരോഗമന കവി പൊൻകുന്നം ദാമോദരൻ സി.അച്യുതമേനോന്റെ തിരഞ്ഞെടുപ്പു പ്രചാരണത്തിന് ആവേശം പകരാനായി എഴുതിയ ഈ വരികൾ നിയോജകമണ്ഡലത്തിന്റെ അതിരുകൾ ഭേദിച്ച് അലയടിക്കുകയുണ്ടായി.

1951-ൽ തിരു-കൊച്ചി നിയമസഭയിലേക്കു നടന്ന തിരഞ്ഞെടു

പ്പിൽ അച്യുതമേനോൻ കമ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി മത്സരിച്ചു. അന്ന് അദ്ദേഹം ഒളിവിൽ പ്രവർത്തിക്കുകയായിരുന്നു; തിരു-കൊച്ചി സംസ്ഥാന സെക്രട്ടറി കൂടിയായിരുന്നു. അത്യന്തം ജനശ്രദ്ധ പിടിച്ചുപറ്റിയ തിരഞ്ഞെടുപ്പായിരുന്നു അത്.

പൊടിപാറിയ ചതുഷ്കോണമത്സരമാണു നടന്നത്. ഡോ.എ.ആർ.മേനോൻ കോൺഗ്രസ് സ്ഥാനാർത്ഥി, ആർ.എം.മനയ്ക്കലാത്താണ് സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി, എ.എൽ. ദേവസ്സി കൊച്ചിൻ പാർട്ടിയുടെ സ്ഥാനാർത്ഥിയും. 300 വോട്ടിന്റെ ഭൂരിപക്ഷത്തിൽ അച്യുതമേനോൻ വിജയിച്ചു.

ഫലപ്രഖ്യാപനത്തെത്തുടർന്ന് പ്രകമ്പനം സൃഷ്ടിച്ച വിജയാഹ്ലാദ പ്രകടനം നടന്നു. ഒളിവിലായിരുന്നുവെങ്കിലും രണ്ടും കല്പിച്ച് അച്യുതമേനോൻ ചിലയിടങ്ങളിൽ പ്രകടനത്തിൽ പ്രത്യക്ഷപ്പെട്ടു. ആഹ്ലാദപ്രകടനത്തിലെ ജനസാന്നിധ്യം പരിഗണിച്ച് അച്യുതമേനോനെ ആ സമയത്ത് അറസ്റ്റുചെയ്യാൻ പോലീസ് മുതിർന്നില്ല. പ്രകടനം കഴിഞ്ഞ് അദ്ദേഹം വീട്ടിലെത്തിയപ്പോൾ പോലീസ് എത്തി അറസ്റ്റു ചെയ്യുകയായിരുന്നു.

അച്യുതമേനോൻ സമഗ്രവും വിശദവുമായ ആത്മകഥ എഴുതിയിട്ടില്ലെങ്കിലും ബാല്യയൗവനങ്ങളിലെ മിഴിവുള്ള ചില സ്മരണകൾ എഴുതിയിട്ടുണ്ട്. അതിലൊന്നാണ് 'വിചിത്രമായ ഒളിസങ്കേതങ്ങൾ' എന്ന പേരിലുള്ള ലഘുസ്മരണ (മറക്കാത്ത അനുഭവങ്ങൾ, മാതൃഭൂമി ബുക്സ്, 2025).

തുടക്കത്തിൽ എഴുതിയ പൊൻകുന്നം ദാമോദരന്റെ 'മുദ്രാവാക്യകവിത'യെ ഓർമ്മിച്ചുകൊണ്ടാകാം, അച്യുതമേനോൻ ഇങ്ങനെ തുടങ്ങുന്നു: ''കമ്യൂണിസ്റ്റ് പാർട്ടിയുടെ രഹസ്യപ്രവർത്തനകാലത്ത് നേതാക്കന്മാരുടെ ഒളിസങ്കേതങ്ങൾ ഒട്ടുമുക്കാലും പാവപ്പെട്ടവരുടെ 'കുടിലുകളും കൂരകളു'മായിരുന്നു എന്നാണല്ലോ പൊതുധാരണ. അതു ശരിയുമാണ്. എന്നാൽ കുടിലുകൾ മാത്രമല്ല, കൊട്ടാരങ്ങളും ചിലപ്പോൾ ഒളിസ്ഥലങ്ങളാകാറുണ്ട്. അങ്ങനെയുള്ള അനുഭവം എനിക്കുണ്ടായിട്ടുണ്ട്.''

**''കമ്യൂണിസ്റ്റ് പാർട്ടിയുടെ രഹസ്യപ്രവർത്തനകാലത്ത് നേതാക്കന്മാരുടെ ഒളിസങ്കേതങ്ങൾ ഒട്ടുമുക്കാലും പാവപ്പെട്ടവരുടെ 'കുടിലുകളും കൂരകളു'മായിരുന്നു എന്നാണല്ലോ പൊതുധാരണ. അതു ശരിയുമാണ്. എന്നാൽ കുടിലുകൾ മാത്രമല്ല, കൊട്ടാരങ്ങളും ചിലപ്പോൾ ഒളിസ്ഥലങ്ങളാകാറുണ്ട്. അങ്ങനെയുള്ള അനുഭവം എനിക്കുണ്ടായിട്ടുണ്ട്.''**

തൃപ്പൂണിത്തുറ കോട്ടയ്ക്കകത്തുള്ള ഒരു കൊട്ടാരത്തിൽ ഏതാനും ദിവസം താമസിക്കേണ്ടിവന്ന കഥയാണ് അതിലൊന്ന്. ''എന്തൊരു വിചിത്രമായ അവസ്ഥയെന്നോർത്തുനോക്കുക- ബ്രിട്ടീഷ് ഭരണത്തെയെന്നപോലെ നാട്ടുരാജവാഴ്ചയേയും അവസാനിപ്പിക്കാൻ കച്ചകെട്ടിയിറങ്ങി സമരം ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന്റെ പ്രധാനപ്രവർത്തകൻ രാജകുടുംബത്തിനകത്തുതന്നെ അഭയം പ്രാപിക്കുക!''

അച്യുതമേനോൻ ഒളിവിൽ കഴിഞ്ഞ മറ്റൊരു വിചിത്രമായ സങ്കേതം ഒരു യൂറോപ്യൻ ബംഗ്ലാവായിരുന്നു. ബംഗ്ലാവിലെ ഭൃത്യരുടെ മുറിയിൽ (servant's quarters) കമ്യൂണിസ്റ്റുകാരനായ ഒരു തൊഴിലാളി, പ്രിയനേതാവിനെ അയാളുടെ മുറിയിൽ താമസിപ്പിക്കുകയുണ്ടായി. ''ഇവിടെയും താമസം വളരെ സുരക്ഷിതമായിരുന്നു. കാരണം, ബ്രിട്ടീഷുകാരൻ സായിപ്പിന്റെ ബംഗ്ലാവിൽ കമ്യൂണിസ്റ്റ് പ്രവർത്തകന് ഒളിച്ചുതാമസിക്കാൻ സൗകര്യം കൊടുക്കുമെന്ന് ഒരു പോലീസുദ്യോഗസ്ഥനും സ്വപ്നം കാണുകയില്ലല്ലോ.''

തലനാരിഴവ്യത്യാസം കൊണ്ടാണ് അവിടെ നിന്ന് ഒരിക്കൽ പിടിക്കപ്പെടാതെ പോയത്. ബംഗ്ലാവിന്റെ ഉടമയായ സായിപ്പ് സാധാരണഗതിയിൽ ഭൃത്യർ താമസിക്കുന്ന സ്ഥലത്തേക്ക് വരികപതിവില്ല. എന്നാൽ ഒരു ദിവസം യാദൃച്ഛികമായി സായിപ്പ് മുറിയുടെ വാതിലിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ''ഞാൻ വാസ്തവത്തിൽ ഞെട്ടിപ്പോയി. ഞാൻ കട്ടിലിൽ ഇരുന്ന് (മുറിയിൽ കസേരയൊന്നും ഇല്ലായിരുന്നു) സ്റ്റാലിന്റെ ലെനിനിസത്തിന്റെ പ്രശ്നങ്ങൾ എന്ന പുസ്തകം വായിക്കുകയായിരുന്നു.

കേവലം കൗതുകം കൊണ്ട്, ''ഏതു പുസ്തകമാണ് വായിക്കുന്നത് എന്നു നോക്കട്ടെ,'' എന്നു പറഞ്ഞ് അദ്ദേഹം എന്റെ കൈയിൽ നിന്നും പുസ്തകം ആവശ്യപ്പെട്ടിരുന്നെങ്കിൽ എന്റെ കള്ളി ആകെ പൊളിയുമായിരുന്നു. ഭാഗ്യവശാൽ സായിപ്പിന്റെ മനസ്സിൽ അങ്ങനെയൊരു കൗതുകം മുളയെടുത്തില്ല.''

ബംഗ്ലാവിൽ താമസിക്കുന്ന കാലത്തുണ്ടായ മറ്റൊരു അനുഭവവും അച്യുതമേനോൻ എഴുതുന്നു. ഒരു ദിവസം കാലത്ത് ഒരു വേലക്കാരൻ ഒരു പൂവൻകോഴിയേയും തൂക്കിപ്പിടിച്ച് അതിലേ വന്നു.


സായിപ്പിന്റെ ഭക്ഷണമേശയിൽ ഉച്ചഭക്ഷണത്തിനു വിശി

ഷ്ടവിഭവമാകേണ്ട കോഴിയാണ്. പക്ഷേ ആ വേലക്കാരന് അതിനെ കൊല്ലാനുള്ള മനസ്സുറപ്പുണ്ടായിരുന്നില്ല. കോഴിയെ അവിടെ കെട്ടിയിട്ട് അയാൾ തിരിച്ചുപോയി ഒരു സ്ത്രീയേയും കൂട്ടിവന്നു. ആ സ്ത്രീയുടെ കൈയിൽ ഒരു അരിവാളുണ്ടായിരുന്നു. കോഴിയെ പിടിച്ച് ഒരു നിമിഷത്തിനകം കഴുത്ത് കണ്ടിച്ചു.


തീർത്തും സാധാരണമെന്നു തോന്നാവുന്ന ഈ സംഗതിക്ക് അച്യുതമേനോൻ സ്വാനുഭവത്തിൽ നിന്ന് മറ്റൊരു മാനം കൂടി നൽകുന്നു. ''ഒരു പുരുഷനു കശാപ്പുചെയ്യാൻ ഇത്ര അധൈര്യവും ഒരു സ്ത്രീക്ക് അതിത്ര നിഷ്പ്രയാസവും. ഇതിന്റെ മനഃശാസ്ത്രപരമായ അപഗ്രഥനമൊന്നും എനിക്കറിഞ്ഞുകൂടാ.

**അച്യുതമേനോൻ ഒളിവിൽ കഴിഞ്ഞ മറ്റൊരു വിചിത്രമായ സങ്കേതം ഒരു യൂറോപ്യൻ ബംഗ്ലാവായിരുന്നു. ബംഗ്ലാവിലെ ഭൃത്യരുടെ മുറിയിൽ (servant's quarters) കമ്യൂണിസ്റ്റുകാരനായ ഒരു തൊഴിലാളി, പ്രിയനേതാവിനെ അയാളുടെ മുറിയിൽ താമസിപ്പിക്കുകയുണ്ടായി.**

എൻ.സി.ശേഖർ തമാശയായി പറയാറുള്ള ഒരു കാര്യം മാത്രം ഞാനോർത്തു. 1948–നെത്തുടർന്നുള്ള കാലങ്ങളിൽ എൻ.സി. ശേഖർ പറയാറുണ്ടായിരുന്നു, വർഗ്ഗശത്രുക്കളെയും പോലീസിനെയും മറ്റും നേരിടുമ്പോൾ നമ്മൾ ദയ എന്ന വികാരത്തിനു വിധേയരാകാതിരിക്കണമെങ്കിൽ നമ്മൾ കോഴിയെ അറുത്ത് പരിശീലനം നേടണമെന്ന്. എൻ.സി. അതൊരു തമാശയായിട്ടാണു പറയാറുള്ളതെങ്കിലും ആ പ്രസ്താവത്തിന്റെ വിചിത്രമായ ഒരു സ്ഥിരീകരണമല്ലേ എന്റെ കൺമുന്നിൽ കണ്ടതെന്നു ഞാൻ സംശയിച്ചു. എന്തോ എനിക്ക് അറിഞ്ഞുകൂടാ.''



മാങ്ങാട് രത്നാകരൻ



പുനലൂർ രാജൻ

# 'Making Memorials all over the USA, Canada and India'













## MUKKUT MONUMENTS INC.

**Tel: 1-972-342-0041**

**www.mukkutmonuments.com**

**eMail: mukkutmonuments@gmail.com**

● ചെറുകഥ



വര:
പി ആർ രാജൻ



◉ ശ്രീകുമാർ ഭാസ്കരൻ

# ദ ലാസ്റ്റ് സപ്പർ

ഞാൻ കടൽഭിത്തിയിൽ ഇരുന്ന് താഴെക്കൂടി സാവകാശം നീങ്ങുന്ന ഒരു വലിയ തെരണ്ടിയുടെ ചലനം ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു.

അപ്പോഴാണ് ആ വിളി വന്നത്. ദേവികയുടെ വിളി.

ദേവിക എൻറെ ശിഷ്യയും രാമചന്ദ്രൻ സാറിൻറെ മകളുമാണ്.

രാമചന്ദ്രൻ സർ എന്റെ സഹപ്രവർത്തൻ ആയിരുന്നു. ഹൈറേഞ്ചിലെ ഒരു സ്കൂളിൽ. അദ്ധ്യാപനത്തോടൊപ്പം സൈഡ് ബിസിനെസ്സ് എന്ന നിലയിൽ വണ്ടിക്കച്ചവടവും അദ്ദേഹം ചെയ്തിരുന്നു.

''വണ്ടിക്കച്ചവടത്തിൽക്കൂടി ഒരുപാടു ഉണ്ടാക്കിയോ'' ഒരിക്കൽ ഞാൻ ചോദിച്ചു.

''ഈ ശരീരം'' അദ്ദേഹം സ്വന്തം ശരീരം തൊട്ടുകാണിച്ചു.

ഞാൻ കൌതുകത്തോടെ നോക്കി. അത്ര ശുഷ്കമായിരുന്നു സാറിന്റെ ശരീരം.

അദ്ദേഹം തുടർന്നു. ''ഈ ശരീരം. ഇത് നശിപ്പിക്കാവുന്നിടത്തോളം നശിപ്പിച്ചു. അതാണ് ആത്യന്തികമായ നേട്ടം.'' അല്പം കഴിഞ്ഞു അദ്ദേഹം തുടർന്നു.

''മത്സ്യാവതാരമായിരുന്നു അന്ന്. വണ്ടിപ്പരിപാടി നിർത്തിയതിനു ശേഷമാണ് കൂർമ്മാവസ്ഥയിലെങ്കിലും എത്തിയത്''

വണ്ടിക്കച്ചവടത്തിൽക്കൂടി സർ ഒരുപാട് ഉണ്ടാക്കി. കുറെയൊക്കെ നഷ്ടപ്പെടുകയും ചെയ്തു. ഫലത്തിൽ കാര്യമായ നീക്കിയിരിപ്പ് അതിൽ നിന്നും കിട്ടിയില്ല. വെള്ളമടി കുറച്ച് ലാവിഷായി നടന്നുപോയി എന്ന് മാത്രം. അതോടെ അദ്ദേഹം വണ്ടിക്കച്ചവടം നിർത്തി.

രാമചന്ദ്രൻ സർ ഒരു തികഞ്ഞ സാത്വികൻ ആയിരുന്നു. സാറിന്റെ സംസാരം ഉണങ്ങിയ മരത്തിൽ നിന്നും ഒരു ഇല കൊഴിഞ്ഞു വീഴുന്നത് പോലെയാണ്. അത്ര പതിഞ്ഞ ശബ്ദമാണ്.

സർ സംസാരത്തിൽ ധാരാളം ഫലിതം പറയും. ഒരു ടെൻഷനും ഞാൻ സാറിൽ കണ്ടിട്ടില്ല. ഒരിക്കലും. എല്ലാം ഒരു ലാഘവബുദ്ധിയോടെ നോക്കിക്കാണും.

എന്തും ചെയ്യാൻ തയ്യാറുള്ള ഒരു മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. വയസ്സാംകാലത്ത് അദ്ദേഹം വീഡിയോ എഡിറ്റിംഗ് പഠിച്ചു. വിവാഹ വീഡിയോകൾ എഡിറ്റു ചെയ്തും വരുമാനമുണ്ടാക്കി.

ഞങ്ങൾ വളരെ വേഗം കമ്പനിയായി. എന്നെക്കാട്ടിലും മൂന്ന് പതിറ്റാണ്ടിലധികം മൂപ്പുള്ള അദ്ദേഹം എൻറെ ആത്മമിത്രമായി.

ഞാൻ സ്കൂളിനു സമീപമുള്ള ഒരു പഴയ വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുകയായിരുന്നു. ഒരു ഭാർഗവീനിലയം എന്ന് പറയാവുന്നത്ര പഴക്കമുള്ള വീട്. അതിൻറെ പരിസരം കൊടുങ്കാടായി ഞാൻ പരിപാലിച്ചു. എന്നുവച്ചാൽ കൃത്യമായി പരിസരം വൃത്തിയാക്കുന്ന പണി ഞാൻ ചെയ്തിരുന്നില്ല എന്ന് സാരം.

**'ഒരു മനുഷ്യൻറെ ആയുസ്സിന്റെ ദൈർഘ്യം ഞാൻ പ്രവചിക്കാം". "എന്നാൽ എൻറെ ആയുർദൈർഘ്യം എത്രയാണ്" സർ ചോദിച്ചു. "എൻറെ എന്നല്ല. മൊത്തത്തിൽ ഉള്ള കണക്കാണ് പറയുന്നത്" ഞാൻ പറഞ്ഞു. "ശരി പറ" "മുക്കാൽ സെക്കൻഡ്. കൃത്യം പറഞ്ഞാൽ പോയിന്റ് എയ്റ്റ് സെക്കൻഡ്." ഞാൻ പറഞ്ഞു. "വ്യക്തമായില്ല." "ഒരു ഹൃദയസ്പന്ദനത്തിന്റെ ദൈർഘ്യമാണത്. അതാണ് നമുക്ക് ഉറപ്പിച്ച് പറയാവുന്ന ആയുർദൈർഘ്യം. ഹൃദയം ഒന്ന് അമങ്ങി ഉണരുന്നതിനുള്ള സമയ ദൈർഘ്യം. അതാണ് നമ്മുടെയെല്ലാം ജീവിത ഗ്യാരണ്ടി". ഞാൻ പറഞ്ഞു.**

സ്കൂൾ ഉള്ള ദിവസം എന്റെ ഭാർഗ്ഗവീനിലയത്തിൽ എല്ലാ അധ്യാപകരും ഉച്ചയ്ക്കും ഇന്റർവെൽ സമയത്തും വരും. പ്രാഥമിക കാര്യങ്ങൾക്കുള്ള ഏറ്റവും നല്ല സ്ഥലം ആയിരുന്നു അത്. ഫ്രീ ടൈമിൽ രാമചന്ദ്രൻ സർ അവിടെ വന്നു കിടന്നുറങ്ങും.

ഒരിക്കൽ സർ എന്നോട് ചോദിച്ചു. ''നമുക്കൊരു കോഴിയെ പിടിപ്പിച്ചാലോ''

''എന്ന്''

''ഇന്ന്'' അദ്ദേഹം പറഞ്ഞു. ''ശുഭസ്യ:ശീഘ്രം, എന്നല്ലേ. നല്ല കാര്യങ്ങൾ മാറ്റി വെക്കരുത്. നമ്മൾ പെട്ടെന്ന് ചത്തുപോയാൽ സാധിക്കാത്ത ഒരാഗ്രഹം ബാക്കിയാവില്ലേ''.

''എനിക്കാപ്പേടിയില്ല.''ഞാൻ പറഞ്ഞു.

''അതെന്താ''.

''ദുഷ്ടനെ പനപോലെ വളർത്തും എന്നല്ലേ ബൈബിൾ പറയുന്നത്. അപ്പോൾ എൻറെ കാര്യം ഗ്യാരണ്ടിയാണ്''. ഞാൻ പറഞ്ഞു.

സർ പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു. ''ഞാൻ വളരെ നല്ലവനായത് കൊണ്ട് എനിക്ക് ആ ഗ്യാരണ്ടി ഇല്ല''

''എങ്കിൽ നമുക്ക് ഇന്നു തന്നെ കൂടിക്കളയാം.'' ഞാൻ ഉറപ്പു കൊടുത്തു. എന്നിട്ട് ഞാൻ സാറിനോട് പറഞ്ഞു.

''ഞാനൊരു അഹങ്കാരം പറയട്ടെ.''

''എന്താണ്''

''ഒരു മനുഷ്യൻറെ ആയുസ്സിന്റെ ദൈർഘ്യം ഞാൻ പ്രവചിക്കാം''.

''എന്നാൽ എൻറെ ആയുർദൈർഘ്യം എത്രയാണ്'' സർ ചോദിച്ചു.

''എൻറെ എന്നല്ല. മൊത്തത്തിൽ ഉള്ള കണക്കാണ് പറയുന്നത്'' ഞാൻ പറഞ്ഞു.

''ശരി പറ''

''മുക്കാൽ സെക്കൻഡ്. കൃത്യം പറഞ്ഞാൽ പോയിന്റ് എയ്റ്റ് സെക്കൻഡ്.'' ഞാൻ പറഞ്ഞു.

''വ്യക്തമായില്ല.''

''ഒരു ഹൃദയസ്പന്ദനത്തിന്റെ ദൈർഘ്യമാണത്. അതാണ് നമുക്ക് ഉറപ്പിച്ച് പറയാവുന്ന ആയുർദൈർഘ്യം. ഹൃദയം ഒന്ന് അമങ്ങി ഉണരുന്നതിനുള്ള സമയ ദൈർഘ്യം. അതാണ് നമ്മുടെയെല്ലാം ജീവിത ഗ്യാരണ്ടി''. ഞാൻ പറഞ്ഞു.

''എങ്കിൽ ആ ഗ്യാരണ്ടി തീരുന്നതിനു മുമ്പ് നമുക്ക് കോഴിയെ ശരിയാക്കിയാലോ.'' സർ ചോദിച്ചു.

''ആവാം.'' ഞാൻ പറഞ്ഞു.

അന്ന് വൈകിട്ട് ക്ലാസ് കഴിഞ്ഞപ്പോൾ സർ എന്റെ കൂടെക്കൂടി.

''പാത്രങ്ങളൊക്കെ ഉണ്ടോ.''

''പാത്രങ്ങൾ ഇല്ല. നമുക്ക് ഒരു പാത്രം വാങ്ങാം.'' ഞാൻ പറഞ്ഞു.

ഞങ്ങൾ ഒന്നിച്ചു കടയിൽ പോയി ഒരു ചെറുസ്റ്റീൽ ഉരളി വാങ്ങി. അതിന്റെ പണം സർ നിർബന്ധപൂർവ്വം കൊടുത്തു.

''സർ ഒരു നേരത്തേക്ക് വേണ്ടി പണം മുടക്കണോ.''ഞാൻ ചോദിച്ചു.

''ഇതിലും വളരെക്കൂടുതൽ പണം ഞാൻ ഒരു നേരത്തേക്ക് മുടക്കിയിട്ടുണ്ട്''. സാറിന്റെ മനസ് ഒരു നിമിഷം വണ്ടിക്കച്ചവടക്കാലത്തേക്ക് മടങ്ങിപ്പോയി. എന്നിട്ട് സർ ഒരു ലോകസത്യം എന്നോട് പറഞ്ഞു.

''പിശുക്കൻ സ്വരുക്കൂട്ടിവെക്കുന്ന പണവും തേനീച്ച കൂട്ടിൽ കൂട്ടിവെക്കുന്ന തേനും മറ്റുള്ളവർക്കേ പ്രയോജനപ്പെടൂ.''

അങ്ങനെ ഞങ്ങൾ കോഴിക്കറിവെച്ച് വിശാലമായി കഴിച്ചു. രണ്ടുപേർ മാത്രം ഒരു കോഴിയെ തീർത്തു.

കഴിച്ചു കഴിഞ്ഞപ്പോൾ സർ എന്നോട് പറഞ്ഞു. ''ഇതുപോലൊരു ഭക്ഷണം ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. ഇനിയും ഉണ്ടാവുമോ ആവോ.''

ആ വാക്കുകൾ അറംപറ്റി. പിന്നെ അങ്ങനെ ഒരു ഭക്ഷണം ഞങ്ങൾക്കിടയിൽ ഉണ്ടായിട്ടില്ല. അത് അവസാന അത്താഴമായി. ദ ലാസ്റ്റ് സപ്പർ.

സ്കൂളിൽ ക്ലാസ്സുള്ളപ്പോൾ ചില ദിവസങ്ങളിൽ സാർ എൻറെ വീട്ടിൽ വന്നു കിടന്നുറങ്ങും. ഈ സ്വഭാവം പ്രാരംഭത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഏതാനും മാസം കഴിയവേ അത് തുടർച്ചയായി. രണ്ടു പീരിയഡ് ക്ലാസെടുത്താൽ രാമചന്ദ്രൻ സാറിന് കിടക്കണം. അത്ര ക്ഷീണം തോന്നിയിരുന്നു. ഒരിക്കൽ മുഖം കഴുകിയിട്ട് മൂക്കി ചീറ്റിയപ്പോൾ സാറിന്റെ മൂക്കിൽ നിന്നും രക്തം പൊടിഞ്ഞു. ചീറ്റലിന്റെ ശക്തികൊണ്ട് ചെറിയ രക്തക്കുഴൽ പൊട്ടിയതാകാം എന്നു സമാധാനിച്ചു. എന്നോട് അത് പറയുകയും ചെയ്തു.

ഒരു ദിവസം അദ്ദേഹം എന്നോട് 'വലിയ ക്ഷീണം തോന്നുന്നു' എന്ന് പറഞ്ഞു. ഈ ലക്ഷണം വെച്ച് ന്യായമായും ചിലത് എനിക്ക് സംശയിക്കാമായിരുന്നു. അല്ലെങ്കിൽ ഞാൻ സംശയിക്കേണ്ടിയിരുന്നു. പക്ഷേ വ്യക്തിബന്ധത്തിന്റെ കാഠിന്യം കൊണ്ട് അശുഭം ചിന്തിച്ചുറപ്പിക്കാൻ എൻറെ മനസ്സ് തയ്യാറായില്ല.

**കഴിച്ചു കഴിഞ്ഞപ്പോൾ സർ എന്നോട് പറഞ്ഞു. "ഇതുപോലൊരു ഭക്ഷണം ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. ഇനിയും ഉണ്ടാവുമോ ആവോ." ആ വാക്കുകൾ അറംപറ്റി. പിന്നെ അങ്ങനെ ഒരു ഭക്ഷണം ഞങ്ങൾക്കിടയിൽ ഉണ്ടായിട്ടില്ല. അത് അവസാന അത്താഴമായി. ദ ലാസ്റ്റ് സപ്പർ.**

രാമചന്ദ്രൻ സാർ പറയുന്നതിൽ നിന്നും ഞാൻ ഊഹിക്കേണ്ടിയിരുന്ന ഒരു വലിയ അസുഖമുണ്ട്. അതെനിക്ക് ആവുമായിരുന്നു. നിഷ്പക്ഷമായി ചിന്തിക്കാൻ ഞാൻ തയ്യാറായിരുന്നു എങ്കിൽ.

പക്ഷേ ഞാൻ അങ്ങനെ ചിന്തിച്ചില്ല. സംഭവിച്ചുകൊണ്ടിരുന്ന അല്ലെങ്കിൽ ഇനിയും നേരിടേണ്ടിവരുന്ന ആ വലിയ ആപത്തിനെപ്പറ്റി സാറിനോട് പറയാൻ എനിക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിൽ ദുഃഖത്തിന്റെ കരിനിഴൽ വീണില്ല. പക്ഷെ ആ ആശ്വാസം താൽക്കാലികമായിരുന്നു.

ഞാൻ ചിന്തിച്ചുറപ്പിച്ചതും സാറിനോട് പറയാൻ മടിച്ചതുമായ ആ ദുരന്തം തന്നെ സാറിന് വന്നുഭവിച്ചു. ക്യാൻസർ.

ക്യാൻസർ എന്ന മഹാദുരന്തത്തിന് സാറൊരു ഇരയായി.

ക്യാൻസറിന്റെ ഇരയാണ് താനെന്ന് സാർ തിരിച്ചറിയുന്നതിന് മുമ്പ് ഞാൻ ആ സ്കൂൾ വിട്ടു. മാലെയിലേക്ക് പറന്നു. ഞാൻ അവിടെ അധ്യാപകനായി.

പക്ഷേ ഞാൻ പ്രതീക്ഷിച്ചത് തന്നെ പിന്നീട് സംഭവിച്ചു. സാർ വളരെ പെട്ടെന്ന് കിടപ്പിലായി.

ആ കാര്യം പറയാനാണ് ഞാൻ കടൽക്കരയിൽ ഇരിക്കുമ്പോൾ ദേവിക വിളിച്ചത്.

''അച്ഛൻ സാറിനെ തുടർച്ചയായി തിരക്കുന്നുണ്ട്. അതുകൊണ്ട് വിളിച്ചതാ''. ദേവിക പറഞ്ഞു.

''സാറിന്റെ ഇപ്പോഴത്തെ അവസ്ഥ എങ്ങനെ''. ഞാൻ അന്വേഷിച്ചു.

''വളരെ മോശമാണ്. സർ പോയതിനു പുറകെ അച്ഛൻ സ്കൂളിലെ ജോലി രാജി വെച്ചിരുന്നു. പിന്നെ ഇവിടെ വീട്ടിലിരുന്ന് കല്യാണ സി. ഡികൾ എഡിറ്റ് ചെയ്തു കൊടുക്കുമായിരുന്നു. അതിന് ഒരു കമ്പ്യൂട്ടർ വാങ്ങിയിരുന്നു.'' ദേവിക പറഞ്ഞു.

രാമചന്ദ്രൻ സാറിന്റേത് ഒരു പ്രണയ വിവാഹമായിരുന്നു. തന്നെക്കാട്ടിലും വളരെ പ്രായം കുറഞ്ഞ ഒരു പെൺകുട്ടിക്ക്, തന്നോട് തോന്നിയ പ്രണയം, കലവറ ഇല്ലാത്ത ഇടപെടൽ, എല്ലാം പ്രായത്തിന്റെ രക്തത്തിളപ്പായിട്ടാണ് സർ ആദ്യമെടുത്തത്. പക്ഷേ അത് അങ്ങനെയല്ല എന്ന് തിരിച്ചറിഞ്ഞ നിമിഷം ആ പെൺകുട്ടിയെ തന്റെ ജീവിത സഖിയാക്കാൻ അദ്ദേഹം തീരുമാനിക്കുകയായിരുന്നു. അവൾ സാറിന്റെ ശിഷ്യകൂടി യായിരുന്നു. താമസിയാതെ അവർ വിവാഹിതരായി.

അവർ തമ്മിൽ ഒരു ചേർച്ചയും ഉണ്ടായിരുന്നില്ല. പ്രായത്തിൽ

മാത്രമല്ല കാഴ്ചയിലും. എന്നിട്ടും അവരുടെ ദാമ്പത്യം വലിയൊരു വിജയമായി.

''സർ ഉടൻ വരാൻ സാധ്യത യില്ലല്ലോ. എങ്കിലും സാറിനെ ഒന്ന് കാണാൻ ആഗ്രഹം ഉണ്ടെന്ന് അറിയിക്കാൻ അച്ഛൻ പറഞ്ഞു. അതുകൊണ്ട് വിളിച്ചതാണ്''. ഒരു ചെറിയ ക്ഷമാപണശബ്ദത്തിൽ ദേ വിക പറഞ്ഞു നിർത്തി.

പ്രത്യേകിച്ചൊന്നും ആലോചി ക്കാതെ ഉടൻ ഞാൻ ദേവികയോട് പറഞ്ഞു.

''ഞാൻ വരാം. സാറിനോട് പറ യൂ ഞാൻ വരുന്നുണ്ടെന്ന്.''

ഞാൻ അങ്ങനെ പറഞ്ഞത് കൃ ത്യമായ ഒരു തീരുമാനത്തിലാണ്. മാലെ വിടണം. നാട്ടിലേക്ക് തിരി ച്ചു പോകണം. ഞാൻ ഒരു ഉറച്ച തീരുമാനത്തിലെത്തി.

രാമചന്ദ്രൻ സാറിൻറെ അവ സ്ഥയെപ്പറ്റി ദേവിക പറഞ്ഞിരുന്നു. ആഹാരം കഴിക്കാതെ ആയിട്ട് നാളുകളായി. വയറു വല്ലാതെ വീർത്തു വരുന്നു. ഇടയ്ക്ക് അടു ത്തുള്ള ഹോസ്പിറ്റലിൽ പോയി വയറ്റിൽ നിന്നും ധാരാളം ദ്രവം കു ത്തിയെടുത്ത് കളയും എന്നെല്ലാം.

അതിൽ നിന്ന് സാറിൻറെ അവസ്ഥ എനിക്ക് ഊഹിക്കാൻ കഴിയുമായിരുന്നു. ക്യാൻസറിന്റെ അവസാനഘട്ടത്തിലാണ് രാമച ന്ദ്രൻ സാർ. ഇനി ഒരു തിരിച്ചുവര വ് അസാധ്യമാണ്. വയറ്റിൽ ഊറി കൂടുന്ന ദ്രവം മാലിഗ്നന്റ് അസൈ റ്റ്സ് ആണ്. ക്യാൻസർ രോഗം ഉദ രത്തെ ബാധിക്കുമ്പോൾ അങ്ങനെ സംഭവിക്കും. ചിലർ ആ ദ്രവം ശർ ദ്ദിച്ചുകളയും. അതിന് കഴിയാതെ വരുമ്പോൾ ദ്രവം കുത്തിയെടുത്ത് കളയേണ്ടി വരും.

ലിറ്റർ കണക്കിന് ദ്രവം വയ റ്റിൽ ഊറിക്കൂടും. അപ്പോൾ വയ റു വീർത്തു വരും. ഈ അവസ്ഥ കൂടുതൽ മോശമാകുന്നത് ക്യാൻ സറിന്റെ അവസാന ഘട്ടത്തിലാ ണ്.



രാമചന്ദ്രൻ സാർ ക്യാൻസറിന്റെ അവസാന ഘട്ടത്തിലാണ്. ഇനിയും അധിക ദിവസങ്ങൾ അദ്ദേഹത്തിന് ഇല്ല. ഒരു അത്യാഹിതം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതിനുമുമ്പ് അദ്ദേഹത്തിൻറെ അവസാന ആഗ്രഹം സാധിച്ചു കൊടുക്കണം. ഞാൻ തീരുമാനിച്ചു.

ഒരാഴ്ച്ചയ്ക്കുള്ളിൽ ഞാൻ ജോലി രാജിവെച്ചു. പിന്നെ നാട്ടിലേക്ക് പറന്നു.

നാട്ടിൽ കാലുകുത്തിയ ഞാൻ നേരെ പോയത് ഹൈറേഞ്ചിലേക്കാണ്. രാമചന്ദ്രൻ സാറിന്റെ വീട്ടിലേക്ക്.

''ഞാൻ കരുതിയില്ല സർ വരുമെന്ന്.'' രാമചന്ദ്രൻ സർ പതുക്കെ പറഞ്ഞു.

അദ്ദേഹത്തിന്റെ ഈർക്കിലുപോലെ ശുഷ്ക്കിച്ച കൈകളിലൂടെ ഞാൻ പതുക്കെ വിരലോടിച്ചു. രാമചന്ദ്രൻ സർ വളരെ ക്ഷീണിതനായിരുന്നു. വയറു നന്നായി വീർത്തിരുന്നു. അസൈറ്റ്സ് കാര്യമായി വയറ്റിൽ ശേഖരിക്കപ്പെടുന്നുണ്ട്.

''ഇടയ്ക്ക് ഹോസ്പിറ്റലിൽ പോയി കുത്തിയെടുത്തു കളയും.'' സർ ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു. ഞാൻ സാറിനെ കേട്ടിരുന്നു.

''ഇനി?.'' സർ ചോദിച്ചു.

''പാലക്കാട്. പുതിയ ലാവണം.'' ഞാൻ പറഞ്ഞു.

''നാടോടി, നാടറിയും.'' സർ ചിരിച്ചു. ആ അവസ്ഥയിലും സാറിന്റെ നർമ്മസംഭാഷണത്തിന് ഒട്ടും കുറവുണ്ടായിരുന്നില്ല.

''എനിക്ക് ഒരു കാര്യം സാറിനോട് പറയാനുണ്ട്.'' രാമചന്ദ്രൻ സാർ എന്നെ ചിന്തയിൽ നിന്നും കുലുക്കിയുണർത്തി.

''അന്നത്തെപ്പോലൊരു സപ്പർ പിന്നീടുണ്ടായിട്ടില്ല. അതിനു മുമ്പും''. സാറിൻറെ കൺകോണുകളിൽ നനവ് പടരുന്നത് ഞാൻ കണ്ടു.

സർ പറയുന്നത് അറംപറ്റിയ അദ്ദേഹത്തിന്റെ ആഗ്രഹത്തെപ്പറ്റിയാണ്. ഞങ്ങൾ ഒന്നിച്ച സപ്പറിനെപ്പറ്റിയാണ്. എൻറെ കൺകോളുകളും നനഞ്ഞു തുടങ്ങിയിരുന്നു.

**രാമചന്ദ്രൻ സാർ ക്യാൻസറിന്റെ അവസാന ഘട്ടത്തിലാണ്. ഇനിയും അധിക ദിവസങ്ങൾ അദ്ദേഹത്തിന് ഇല്ല. ഒരു അത്യാഹിതം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അതിനുമുമ്പ് അദ്ദേഹത്തിൻറെ അവസാന ആഗ്രഹം സാധിച്ചു കൊടുക്കണം. ഞാൻ തീരുമാനിച്ചു.**

''അന്ന് സർ പറഞ്ഞപോലെ..... ........................'' സാറിന് പൂർത്തിയാക്കാനായില്ല. പെട്ടെന്ന് സാറിന്റെ ഭാര്യ അങ്ങോട്ട് വന്നു.

''മതി. ഒരുപാട് സംസാരിക്കണ്ട. നല്ല ക്ഷീണം ഉണ്ട്.'' അവർ പറഞ്ഞു.

''ശരി സർ''. ഞാൻ പതുക്കെ എഴുന്നേറ്റു. എനിക്കും തോന്നി ആ അവസ്ഥയിൽ സാർ കൂടുതൽ സംസാരിക്കാതിരിക്കുന്നതായിരിക്കും നല്ലതെന്ന്.

''ഞാൻ വീണ്ടും വരാം സർ.'' ഞാൻ യാത്ര പറഞ്ഞിറങ്ങി.

ഇനി അവിടെ തുടർന്നാൽ ഞാനൊരുപക്ഷേ പെയ്തുപോയേക്കാം. വിടപറയുമ്പോൾ സർ എന്നെ ആർദ്രമായി ഒന്നു നോക്കി. എല്ലാ സ്നേഹവും ആവാഹിച്ചുള്ള ഒരു നോട്ടം.

പുതിയ ലാവണത്തിൽ തിരക്കേറിയ ദിനങ്ങൾ ആയി പിന്നെ. രണ്ടാഴ്ചയ്ക്കു ശേഷം ഒരു ദിവസം വെളുപ്പിനെ ഒരു കോൾ. ദേവിക ആയിരുന്നു.

''അച്ഛൻ........'' പിന്നെ നേർത്ത ഒരു തേങ്ങൽ. ഞാൻ മൂകനായി. അല്പം കഴിഞ്ഞവൾ പറഞ്ഞു.

''സംസ്കാരം പതിനൊന്നു മണിക്ക് ഉണ്ടാകും. ദൂരേന്ന് ആരും വരാനില്ല''.

പാലക്കാട്ടുനിന്നും എങ്ങനെപോയാലും പതിനൊന്നു മണിക്കൂർ യാത്ര. കുമളിയിൽ സമയത്ത് എത്തില്ല. അതുകൊണ്ട് സാറിന്റെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ പോയില്ല.

പതിനാറ് കർമ്മം കഴിഞ്ഞപ്പോൾ ദേവിക വീണ്ടും വിളിച്ചു. പതിനാറ് കർമ്മം കഴിഞ്ഞ വിവരം അറിയിക്കാൻ.

സാറിന്റെ സംസ്കാരകർമ്മങ്ങൾ എല്ലാം ചെയ്തത് ദേവികയാണ്. പൊതുവേ മരണാനന്തര കർമ്മങ്ങൾ പെൺകുട്ടികളെക്കൊണ്ട് ചെയ്യിക്കാറില്ല. പക്ഷെ അതിന് ഒരു അപവാദമായി ദേവിക. ഒരേ ഒരു മകൾ മാത്രമുള്ള വ്യക്തിയായിരുന്നു രാമചന്ദ്രൻ സാർ. അതുകൊണ്ട് അവൾ സ്വയം സന്നദ്ധയായി.

ദേവികയ്ക്ക് മറ്റൊരു ചിന്തയുടേയും ആവശ്യമില്ലായിരുന്നു. ഒരേ ഒരു മകൾ. അവൾ ആരുടേയും അഭിപ്രായം ചോദിച്ചില്ല. ഈറനണിഞ്ഞ് എല്ലാ കർമ്മങ്ങളും ചെയ്തു.

രാമചന്ദ്രൻ സാറിന്റെ ആത്മാവിനെ അവൾ സധൈര്യം 'പുത്' എന്ന നരകത്തീയിൽ നിന്നും സ്വർഗ്ഗത്തിലേക്ക് ആനയിച്ചു. ആത്മരക്ഷയ്ക്കായി ഒരു പുത്രി. അവൾ രാമചന്ദ്രൻ സാറിന്റെ ആത്മാവിന് സ്വർഗ്ഗകവാടം തുറന്നു കൊടുത്തു.

ദിവസങ്ങൾക്ക് ശേഷം ദേവിക വീണ്ടും എന്നെ വിളിച്ചപ്പോൾ 'ഞാൻ താമസിക്കാതെ എത്താം' എന്നുമാത്രം പറഞ്ഞു.

'പോണം. ഞാൻ സാറിനോട് വീണ്ടും വരാം എന്ന് പറഞ്ഞിട്ടുണ്ട്. ആ വാക്ക് പാലിക്കണം.'

ഞാൻ തീരുമാനിച്ചു.

ഞാൻ രാമചന്ദ്രൻ സാറിൻെറ വീട്ടിലെത്തുമ്പോൾ അവിടെ എന്നെക്കാത്ത് ദേവികയുണ്ടായിരുന്നു. സാർ കടന്നുപോയിട്ട് അന്നേക്ക് ഇരുപത്തിയൊന്നു ദിവസം കഴിഞ്ഞിരുന്നു.

ഞാൻ ആലോചിക്കുകയായിരുന്നു. ഹിന്ദുവായി ജനിച്ച് ഹിന്ദുവായി വളർന്ന് പ്രേമിച്ച പെണ്ണിനുവേണ്ടി മതം മാറി ക്രിസ്ത്യാനിയായ ഒരു മനുഷ്യൻ. അദ്ദേഹം പ്രണയത്തോട് നീതി പുലർത്തി.

''അച്ഛൻ മരിക്കുന്നതിനു മുൻപ് രണ്ടു കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന് അമ്മയോടും ഒന്ന് എന്നോടും.'' ദേവിക പറഞ്ഞു. ഞാൻ അവളെ ചോദ്യഭാവത്തിൽ നോക്കി.

''അമ്മയോട് അച്ഛൻ പറഞ്ഞത്. 'ഞാൻ മരിച്ചാൽ പൊട്ട് മായ്ക്കരുത്, വെളുത്ത വസ്ത്രം ധരിക്കരുത്.'''

''പിന്നെ.'' ഞാൻ ചോദിച്ചു.

''എന്നോട് പറഞ്ഞത്. അച്ഛന്റെ ശരീരം അടക്കം ചെയ്യരുത്. ദഹിപ്പിക്കണം''.

പിന്നെ ദേവിക എന്നെ അദ്ദേഹത്തിൻെറ കുഴിമാടത്തിന്റെ അരികിലേക്ക് കൊണ്ടുപോയി.

വീടിൻെറ തെക്കുഭാഗത്ത് ചെത്തിയൊരുക്കിയ സ്ഥലത്ത് നടുക്കായി കുഴിമാടം. അതിൽ സമൃദ്ധമായി വളർന്നു നിൽക്കുന്ന ചെന്തെങ്ങും വാഴയും മാടാമ്പും.

ഞാൻ ആ കുഴിമാടത്തിൻെറ മുന്നിൽ നിശ്ശബ്ദം നിന്നു. അപ്പോൾ ദേവിക അകത്തേക്ക് പോയിട്ട് ഒരു കവറുമായി തിരിച്ചുവന്നു. അത് എൻെറ കൈയ്യിൽ തന്നു.

''മരിക്കുന്നതിന് ഏതാനം ദിവസങ്ങൾക്കു മുമ്പ് അച്ഛൻ സാറിന് വേണ്ടി തന്നതാണ് ഈ കവർ.'' അവൾ പറഞ്ഞു.

ഞാൻ ആ കവർ വാങ്ങി. അത് സ്റ്റേപ്പിൾ ചെയ്തിരുന്നു. ഞാൻ ആ കവർ പൊട്ടിച്ചു. അതിലൊരു വെള്ളപ്പേപ്പർ. അതിൻെറ നടുക്ക് ഒരേയൊരു വരി.

''മുക്കാൽ സെക്കൻഡിൻെറ ജീവിതദൈർഘ്യം എനിക്ക് തീർന്നു''.

**"അച്ഛൻ മരിക്കുന്നതിനു മുൻപ രണ്ടു കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന് അമ്മയോടും ഒന്ന് എന്നോടും." ദേവിക പറഞ്ഞു. ഞാൻ അവളെ ചോദ്യഭാവത്തിൽ നോക്കി. "അമ്മയോട് അച്ഛൻ പറഞ്ഞത്. 'ഞാൻ മരിച്ചാൽ പൊട്ട് മായ്ക്കരുത്, വെളുത്ത വസ്ത്രം ധരിക്കരുത്.'""പിന്നെ." ഞാൻ ചോദിച്ചു. "എന്നോട് പറഞ്ഞത്. അച്ഛന്റെ ശരീരം അടക്കം ചെയ്യരുത്. ദഹിപ്പിക്കണം". പിന്നെ ദേവിക എന്നെ അദ്ദേഹത്തിൻെറ കുഴിമാടത്തിന്റെ അരികിലേക്ക് കൊണ്ടുപോയി.**

അന്ന് പറഞ്ഞു പൂർത്തിയാക്കാൻ പറ്റാതെ പോയ കാര്യം. അടിയിൽ രാമചന്ദ്രൻ സാറിൻെറ ഒപ്പ്. പക്ഷി ചിറകുവിരിച്ചു പറക്കുന്നപോലെയുള്ള ഒപ്പ്. ഞാൻ സാറിൻെറ കുഴിമാടത്തിലേക്ക് നോക്കി

തലയ്ക്കൽ ചെന്തെങ്ങ്, നെഞ്ചിൽ വാഴ, കാൽക്കൽ മാടാമ്പ്. മൂന്നിന്റെയും ചുവട്ടിൽ നല്ല നനവ്. മൂന്നും തഴച്ചു വളരുന്നു. അൽപസമയം കഴിഞ്ഞ് ഞാൻ തിരിച്ചു നടന്നു. പോരുമ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു.

''സർ, നിങ്ങൾ ഭാഗ്യവാനാണ്. മരണശേഷവും അവർ നിങ്ങളെ നന്നായി പരിചരിക്കുന്നുണ്ട്.''

മാസങ്ങൾക്ക് ശേഷം വീണ്ടും ആ വിളി വന്നു. ദേവികയുടെ വിളി.

പാലക്കാടൻ ചൂടിൽ വെന്തുരുകുകയായിരുന്നു ഞാനപ്പോൾ.

''സർ ഇപ്പോൾ എവിടെയാണ്.'' അവൾ ചോദിച്ചു.

അവളുടെ വിവാഹത്തിനു പോകാൻ പറ്റിയില്ല. ക്ലാസ്സുണ്ടായിരുന്നു. അതുകൊണ്ട് ഒരു ആശംസാകാർഡിൽ വിവാഹമംഗളങ്ങൾ നേർന്നൊഴിഞ്ഞു.

''പാലക്കാട്'' ഞാൻ പറഞ്ഞു.

''ഞാൻ കുറേ ബുദ്ധിമുട്ടി ഈ നമ്പർ സംഘടിപ്പിക്കാൻ. തുടരെത്തുടരെ നമ്പർ മാറ്റുന്നത് എന്തിനാ''. ദേവിക ചോദിച്ചു. പരാതിയോ പരിഭവമോ നിഴലിക്കുന്ന ചോദ്യം.

''സൗകര്യം പ്രമാണിച്ച്''. ഞാൻ പറഞ്ഞു.

''എന്ത് സൗകര്യം''. ആ ചോദ്യത്തിൽ ഒരു ആധികാരികത വന്നിരിക്കുന്നു എൻെറ ശിഷ്യയ്ക്ക്.

''സാമ്പത്തിക സൗകര്യം. പുതിയ മൊബൈൽ കമ്പനികൾ വരുമ്പോൾ ആദായകരമായ ഓഫർ മുന്നോട്ടു വെക്കും. അതുകൊണ്ട് സിം മാറും. പുവർ ഫെല്ലോസ് അവർക്കും ജീവിക്കണ്ടേ.'' ഞാൻ പറഞ്ഞു.

''ആർക്കെങ്കിലും സാറിനെ പെട്ടെന്ന് കോണ്ടാക്ട് ചെയ്യണമെന്നു തോന്നിയാലോ''. ദേവിക ചോദിച്ചു.

''തോന്നിയാൽ, ഇപ്പോൾ നീ ചെയ്തത് എന്തോ അതുതന്നെ അവരും ചെയ്യും.'' ഞാൻ പറഞ്ഞു.

ഒരു നിമിഷം അവൾ ഒന്നും മിണ്ടിയില്ല. പിന്നെപ്പറഞ്ഞു.

''എനിക്കൊരു കുഞ്ഞുണ്ടായി. മോനാണ്. ഒരു മാസമായി''.

''അഭിനന്ദനങ്ങൾ''. ഞാൻ ദേവികയെ കലവറയില്ലാതെ അഭിനന്ദിച്ചു. ജീവിച്ചിരുന്നുവെങ്കിൽ രാമചന്ദ്രൻ സാർ വിളിച്ചു പറയുമായിരുന്ന വിശേഷം.

''എന്താ പേര്.'' ഞാൻ ചോദിച്ചു.

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്ക് ശേഷം ദേവിക പറഞ്ഞു.

''രാമചന്ദ്രൻ.''



● പ്രത്യേക അഭിമുഖം / മിത്ര സതീഷ്

# ഏകാന്തസഞ്ചാരത്തിന്റെ കാഴ്ചപ്പുറങ്ങൾ

◉ പ്രദീപ് പനങ്ങാട്

സോളോയാത്രകൾ സഞ്ചാരിയുടെ തിരഞ്ഞെടുപ്പാണ്. കാഴ്ചകളെ ഏകാന്ത ധ്യാനമാക്കാൻ ഈ യാത്രകൾ പ്രേരിപ്പിക്കുന്നു. മിത്ര സതീഷ് ഇത്തരം ഏകാന്തയാത്രകളിലൂടെയാണ് ജനതയെ കണ്ടെത്തുന്നത്.

മനുഷ്യൻ /ജനപദങ്ങൾ / സംസ്കാരം / ചരിത്രം / ഭാഷ / ഭക്ഷണം / വസ്ത്രം എല്ലാം ഈ യാത്രികയുടെ അന്വേഷണ സ്ഥലികളാണ്. യാത്രകൾ എഴുത്തിന്റെ ഏകാന്ത പഥങ്ങളിലും സാധ്യ



മാക്കുന്നു. വി ഫോർ വിയറ്റ്നാം (സാഹിത്യ പ്രസാധക സഹകരണ സംഘം), സോളോ മംഗോളിയ(ഡി.സി.ബുക്ക്സ്), നീലാകാശവും സൈപ്രസ്സുകളും എന്നിവയാണ് പ്രധാന കൃതികൾ. അപ്രതീക്ഷിത കണ്ടു മുട്ടലുകൾ,അസാധാരണ അനുഭവസന്ദർഭങ്ങൾ,സന്ദിഗ്ധതയുടെ അഭിമുഖങ്ങൾ എല്ലാം മിത്രയുടെ എഴുത്തിലുണ്ട്. വി ഫോർ വിയറ്റ്നാം എന്ന പുസ്തകത്തിന്റെ അവതാരികയിൽ ഒ കെ.ജോണി എഴുതുന്നു, 'യാത്രികരായ മലയാളി സ്ത്രീകളുടെ അനുഭവാഖ്യാനങ്ങൾ വെറും വിവരണത്തിന്റെ ഉപരിപ്ലവതയിൽ നിന്നും മുക്തമാകുകയും സഞ്ചാര സാഹിത്യത്തെ നവീകരിക്കുകയും ചെയ്യുമെന്ന്




തീർച്ച. പെണ്ണെഴുത്തിന്റെ ആ ദിശയിലേക്കുള്ള യാത്രയുടെ ഒരടയാളമായിട്ടാണ് ഈ പുതിയ പുസ്തകത്തേയും ഞാൻ കാണുന്നത്. ഒറ്റക്ക് യാത്ര പോകുന്ന സ്ത്രീയും അവളുടെ ഉൾവിലക്കുകളില്ലാത്ത എഴുത്തും സ്ത്രീത്വത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം തന്നെയാണ്.'

*മിത്ര സതീഷുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്:*

**സോളോ യാത്രകളിലാണല്ലോ താൽപര്യം? ഇത്തരം യാത്രകൾ വിഭാവനം ചെയ്യുന്നതിന്റെ അടിസ്ഥാനം എന്താണ്?**

സോളോ ആയിട്ടും, മകന്റെയൊപ്പവും വളരെ ചുരുക്കം സന്ദർഭങ്ങളിൽ സുഹൃത്തുക്കളോടൊത്തും യാത്ര ചെയ്യാറുണ്ട്. ഓരോന്നും വ്യത്യസ്തമായ അനുഭവവും, സന്തോഷവുമാണ് നൽകുന്നത്. എന്നിരുന്നാലും ഒറ്റയ്ക്കുള്ള യാത്രകളാണ് ഇഷ്ടം. യാത്രാപദ്ധതി സ്വന്തമായിട്ടാണ് തയ്യാറാക്കുന്നത്. യാത്രക്കിടയിൽ പല പ്രതിബന്ധങ്ങളും നേരിടേണ്ടി വരാറുണ്ട്. മറ്റൊരാൾ ഒപ്പമുള്ളപ്പോൾ കൂട്ടുത്തരവാദിത്വത്തിലായിരിക്കണം യാത്ര. എല്ലാ കാര്യങ്ങളിലും പരസ്പരമുള്ള ഇഷ്ടാനിഷ്ടങ്ങൾകൂടി കണക്കിലെടുക്കണം. നമ്മുടെ ആഗ്രഹംപോലെ യാത്രചെയ്യാൻ പ്രയാസമാകും. മറ്റൊന്ന് ഒറ്റയ്ക്കുള്ള യാത്രകളിലാണ് അപ്രതീക്ഷിതമായി പല സ്ഥലങ്ങൾ സന്ദർശിക്കാനും ഒരു പാട് പുതിയ ആളുകളെ പരിചയപ്പെടാനും സാധിച്ചിട്ടുള്ളത്.

**'ജീവിതത്തിൽ നമ്മൾ പ്രാധാന്യം കല്പിക്കുന്ന പലതും തീർത്തും നിസ്സാരമാണെന്ന് യാത്രാനുഭവങ്ങൾ വെളിപ്പെടുത്തിത്തരും. ചില കാഴ്ചകൾ, ചിലരുടെ വാക്കുകൾ നമ്മളെ ഏറെ ചിന്തിപ്പിക്കും. ലഡാക്കിലെ ഗ്രാമത്തിൽ ഒരു വൃദ്ധനെ പരിചയപ്പെട്ടു. സംസാരിച്ചിരിക്കുന്നതിനിടയിൽ അദ്ദേഹത്തോട് സ്വന്തമായി വീടുണ്ടോ എന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി 'എന്തിനാണ് എന്തെങ്കിലും ഒരു സാധനം സ്വന്തമായി വേണമെന്ന് കരുതുന്നത്' എന്നായിരുന്നു. നമ്മൾ പ്രപഞ്ചത്തിന്റെ ചെറിയ ഭാഗമാണ്. ഉടമസ്ഥാവകാശമില്ല, സംരക്ഷണാവകാശം മാത്രമേ നമുക്കുള്ളൂ.'**

അതുപോലെ, പെട്ടെന്നുള്ള തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ ഏകാന്തയാത്രകൾ നൽകുന്ന സ്വാതന്ത്ര്യം വലുതാണ്.

**ഈ ഏകാന്ത യാത്രകളിൽ, ഒരു യാത്രിക എന്നനിലയിൽ അനുഭവിക്കുന്ന ആഹ്ലാദം എന്താണ്?**

ചില കാഴ്ച്ചകൾ തീവ്രമായി മനസ്സിനെ സ്പർശിക്കും. അത്തരം സന്ദർഭങ്ങളിൽ കാഴ്ച്ചകൾക്കു മുൻപിൽ സ്വയം അടിയറവുവെച്ച് അതിൽ ലയിച്ചുചേരാൻ ഞാനാഗ്രഹിക്കും. കെട്ടുപാടുകളില്ലാത്ത യാത്രകളാണ് ഏകാന്തയാത്ര. ഇഷ്ടപ്പെടുന്ന കാഴ്ചകൾ തിരഞ്ഞെടുക്കാനും ഇഷ്ടമുള്ളത്ര നേരം അത് ആസ്വദിക്കാനുമുള്ള സ്വാതന്ത്ര്യം.

**വിഭിന്ന രാജ്യങ്ങൾ, പ്രദേശങ്ങൾ അവിടെ ഈ യാത്രികയുടെ പ്രധാന പരിഗണന എന്താണ്?**

ഓരോ രാജ്യത്തിന്റെയും ചരിത്രപരവും സാംസ്കാരികപരവുമായ സവിശേഷതകളെക്കുറിച്ച്ചുള്ള ഏകദേശധാരണ യാത്രയ്ക്കു മുൻപുതന്നെ സ്വായത്തമാക്കാൻ

ശ്രദ്ധിക്കാറുണ്ട്. യാത്രികൾ സ്ഥിരമായി സന്ദർശിക്കുന്ന ഇടങ്ങളോടൊപ്പം തന്നെ സാമൂഹികജീവിതവും ഗ്രാമങ്ങളിലെ കാഴ്ച്ചകളും ഗോത്രസംസ്കാരവുമൊക്കെ കണ്ടറിയാൻ ശ്രദ്ധിക്കാറുണ്ട്. തനത് രുചികളും കലകളും ആസ്വദിക്കാൻ ശ്രമിക്കും.

**? യാത്രകൾ കാഴ്ചകൾക്ക് വേണ്ടി മാത്രമല്ല, കാഴ്ചപാടുകൾക്ക്കൂടിയുള്ളതാണെന്നു എഴുതിയിട്ടുണ്ടല്ലോ? കാഴ്ചകളിൽനിന്നും കാഴ്ചപാടുകളിലേക്ക് എത്തുന്നത് എങ്ങനെയാണ് ?**

ജീവിതത്തിനോടുള്ള പല കാഴ്ചപ്പാടുകളും മാറ്റിയെടുക്കാൻ യാത്ര സഹായിച്ചിട്ടുണ്ട്. ജീവിതത്തിൽ നമ്മൾ പ്രാധാന്യം കല്പ്പിക്കുന്ന പലതും തീർത്തും നിസ്സാരമാണെന്ന് യാത്രാനുഭവങ്ങൾ വെളിപ്പെടുത്തിത്തരും. ചില കാഴ്ചകൾ, ചിലരുടെ വാക്കുകൾ നമ്മളെ ഏറെ ചിന്തിപ്പിക്കും. ലഡാക്കിലെ ഗ്രാമത്തിൽ  ഒരു വൃദ്ധനെ പരിചയപ്പെട്ടു. സംസാരിച്ചിരിക്കുന്നതിനിടയിൽ അദ്ദേഹത്തോട് സ്വന്തമായി വീടുണ്ടോ എന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി 'എന്തിനാണ് എന്തെങ്കിലും ഒരു സാധനം സ്വന്തമായി വേണമെന്ന് കരുതുന്നത്' എന്നായിരുന്നു. നമ്മൾ പ്രപഞ്ചത്തിന്റെ ചെറിയ ഭാഗമാണ്. ഉടമസ്ഥാവകാശമില്ല, സംരക്ഷണാവകാശം മാത്രമേ നമുക്കുള്ളൂ.

**'എത്യോപ്യയിൽ വിദ്യാഭ്യാസത്തിനുള്ള അവസരം പോലും നിഷേധിക്കപ്പെട്ട് വെള്ളത്തിനും ഭക്ഷണത്തിനുമായി അലയുന്ന കുട്ടികളും പുരുഷന്മാർ സ്ത്രീകളെ ചമ്മട്ടി കൊണ്ടടിക്കുന്ന കാഴ്ചകളും നൊമ്പരപ്പെടുത്തി. മാറ് മറയ്ക്കാതെ നടന്നിരുന്ന സ്ത്രീകൾ വർഷങ്ങൾക്ക് മുൻപ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെ ഓർമ്മിപ്പിച്ചു.'**



കാഴ്ചകൾക്കു പിന്നിൽ നമ്മൾ കണ്ടിട്ടില്ലാത്ത അനുഭവിച്ചിട്ടില്ലാത്ത പലതുമുണ്ട്. റുവാണ്ടയിൽ വംശഹത്യ നടന്ന സ്ഥലങ്ങളിൽ കൂടി സഞ്ചരിക്കുകയും, അത് അനുഭവിച്ച ആളുകളുമായി സംവദിക്കുകയും ചെയ്തപ്പോൾ സമാധാനപൂർണ്ണമായ സാമൂഹികവ്യവസ്ഥ ജീവിതപുരോഗതിക്ക് എത്ര അത്യന്താപേക്ഷിതമാണ് എന്ന് തോന്നിയിട്ടുണ്ട്. എത്യോപ്യയിൽ വിദ്യാഭ്യാസത്തിനുള്ള അവസരം പോലും നിഷേധിക്കപ്പെട്ട് വെള്ളത്തിനും ഭക്ഷണത്തിനുമായി അലയുന്ന കുട്ടികളും പുരുഷന്മാർ സ്ത്രീകളെ ചമ്മട്ടി കൊണ്ടടിക്കുന്ന കാഴ്ചകളും നൊമ്പരപ്പെടുത്തി. മാറ് മറയ്ക്കാതെ നടന്നിരുന്ന സ്ത്രീകൾ വർഷങ്ങൾക്ക് മുൻപ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെ ഓർമ്മിപ്പിച്ചു.

ജീവിതത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണങ്ങളും നമ്മുടെ വീക്ഷണങ്ങളും തമ്മിലുള്ള പൊരുത്തങ്ങളും പൊരുത്തക്കേടുകളും മനനം ചെയ്യുമ്പോൾ സ്വന്തം കാഴ്ച്ചപ്പാടുകളിൽ പരിവർത്തനം സംഭവിക്കുകയും കൂടുതൽ സ്വതന്ത്രമായ ചിന്തകളിലേക്കെത്തുകയും ചെയ്യുന്നു.

**? സംസ്കാരം/മനുഷ്യൻ/ പ്രകൃതി യാത്രികയ്ക്ക് കടന്നുപോകാൻ എളുപ്പം ഏതാണ്?**

ഓരോ ദേശത്തെയും മനുഷ്യസമൂഹത്തിന്റെ സാമൂഹ്യജീവിതത്തെ കാലങ്ങൾകൊണ്ട് പരുവപ്പെടുത്തിയതിന്റെ പിന്നിലെ ചാലകശക്തി

യായിരിക്കും ആ നാടിന്റെ സംസ്ക്കാരം. ജീവിതത്തിനോടും പ്രകൃതിയോടുമുള്ള അവരുടെ കാഴ്ച്ചപ്പാടുകളെ ഗ്രഹിക്കാൻ തികച്ചും വ്യത്യസ്തമായ സാംസ്ക്കാരികാന്തരീക്ഷത്തിൽനിന്നും വരുന്ന ഒരാൾക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. ഒരു സംസ്ക്കാരത്തെ മനസിലാക്കാൻ അവിടുത്തെ രാഷ്ട്രീയം, മതം, ഭാഷ, ആഘോഷങ്ങൾ, ആനന്ദങ്ങൾ, ദുഃഖങ്ങൾ, അടിസ്ഥാനപ്രശ്നങ്ങൾ തുടങ്ങിയവയിൽക്കൂടി കടന്നുപോകണം. അത് ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് പരിചയപ്പെടാൻ സാധിക്കില്ല.

പ്രകൃതിയും മനുഷ്യനും തമ്മിൽ ഇഴചേർന്ന് നിലനിൽക്കുന്നതുകൊണ്ട് പ്രകൃതിയെ









**'ഒരു പ്രതിസന്ധി ഘട്ടത്തിലാണ് സർക്കാർ ജോലിയിൽനിന്ന് നീണ്ട അവധിയിൽ പ്രവേശിച്ചത്. വല്ലാത്ത മാനസിക സംഘർഷത്തിന്റെ കാലഘട്ടമായിരുന്നു. സ്വതന്ത്രമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ജനങ്ങളുള്ള മംഗോളിയയിലേക്കുള്ള ഏകാന്തയാത്ര എന്റെ ആത്മവിശ്വാസം വീണ്ടെടുക്കാൻ സഹായിക്കുമെന്ന് തോന്നി. അത് വളരെ ശരിയാണെന്ന് യാത്ര എന്നെ ബോധ്യപ്പെടുത്തി'**

ആസ്വദിക്കുവാൻ സാധിക്കാറുണ്ട്. അതിന് ദേശങ്ങളോ സംസ്ക്കാരങ്ങളോ വിഘാതം സൃഷ്ടിക്കാറില്ല. മരുഭൂമികളും അനന്തമായ സാഗരങ്ങളും നീലാകാശവും ഗിരിനിരകളുമൊക്കെ വിസ്മയക്കാഴ്ച്ചകൾ ഒളിപ്പിച്ചുവെച്ച് മാടിവിളിക്കുന്നതായിട്ടാണ് എനിക്കെന്നും അനുഭവപ്പെടാറുള്ളത്.

### ? യാത്ര എഴുത്ത് ഒരു ആവിഷ്ക്കാരമായി മാറിയത് എങ്ങനെയാണ്?

ആദ്യ കാലങ്ങളിൽ യാത്രകളെ വളരെ ലാഘവത്തോടെയാണ് കണ്ടിരുന്നത്. ആവിഷ്ക്കരിക്കണം എന്നുള്ള ചിന്തയെ ഉണ്ടായിരുന്നില്ല. സോഷ്യൽ മീഡിയയിൽ സഞ്ചാരഗ്രൂപ്പുകളിൽ സജീവമായിരുന്നു. പുതിയ മനുഷ്യരെയും, പുതിയ സംസ്കാരങ്ങളെയും പരിചയപ്പെട്ടപ്പോൾ യാത്രയ്ക്ക് അതിന്റേതായ സവിശേഷതയുണ്ടെന്നു തിരിച്ചറിഞ്ഞു. കാഴ്ച്ചപ്പാടുകളിൽ മാറ്റങ്ങൾ വന്നുതുടങ്ങി. അങ്ങനെ ചെറിയ കുറിപ്പുകളിൽ അനുഭവങ്ങളെ പങ്കുവെക്കാൻ ആരംഭിച്ചു. എഴുത്തിന് ലഭിച്ച സ്വീകാര്യതയും പ്രോത്സാഹനവും കൂടുതൽ എഴുതാനുള്ള പ്രചോദനം നൽകി. യാത്രകളെയും കാഴ്ച്ചകളെയും സ്നേഹിക്കുന്നവരിലേക്ക് കൂടുതൽ എത്തണമെന്ന് അതോടെ തീരുമാനിച്ചു.

### ? കാഴ്ചകൾ എഴുത്തായി തീരുമ്പോൾ അനുഭവങ്ങളുടെ തീക്ഷ്ണത സൂക്ഷിക്കാൻ കഴിയുന്നുണ്ടോ

യാത്രയും എഴുത്തുമായുള്ള ബന്ധം വളരെ സങ്കീർണമാണ്. ചില അനുഭവങ്ങളുടെ തീവ്രത എഴുത്തിലേക്ക് പകർത്താൻ ബുദ്ധിമുട്ടാണ്. മനുഷ്യന്റെ ചില ധർമ്മസങ്കടങ്ങൾ, ചില സാമൂഹിക പ്രശനങ്ങൾ, അതുപോലെ ചില പ്രകൃതിദൃശ്യങ്ങൾ ഇതൊക്കെ വിവരിക്കാൻ വാക്കുകൾക്ക് പരിമിതിയുണ്ട്. അതിന്റെ മറുവശമെന്തെന്നാൽ യാത്രയിൽ ഗൗരവമായി കാണാത്ത പലതും പിന്നീട് പുനർവിചിന്തനം ചെയ്യുമ്പോൾ ശക്തമായ ഭാഷയിൽ അവതരിപ്പിക്കാൻ സാധിക്കാറുണ്ട്. ചില കാര്യങ്ങളിലെ നർമ്മം ബോധ്യംവരുന്നത്

അതിനെപ്പറ്റി എഴുതാനിരിക്കുമ്പോഴാണ്.

**? വിയറ്റ്നാം യാത്ര/അതിന്റെ ആവിഷ്ക്കാരം. അത് കഴിയുമ്പോൾ മനസ്സിൽ അവശേഷിച്ചത് എന്താണ്?**

രാഷ്ട്രീയമായ മുൻവിധികൾ ഒന്നുമില്ലാതെയാണ് വിയറ്റ്നാമിലേക്ക് പോയത്. അത് ഒരു രീതിയിൽ നന്നായി. കാരണം അവിടത്തെ സാധാരണ ജനങ്ങളുമായി ഇടപെട്ടപ്പോൾ ജനങ്ങൾ അവരുടെ ഗതകാല പോരാട്ടങ്ങളോ പ്രത്യയശാസ്ത്രങ്ങളോ ഒന്നും കൊണ്ടുനടക്കുന്നതായി തോന്നിയില്ല. യാത്രയിൽ അവശേഷിച്ചത് കഠിനാധ്വാനികളായ അവിടത്തെ മനുഷ്യരുടെ സ്നേഹവും കരുതലുമാണ്.

**? യാത്ര എഴുത്തിൽ നേരിടുന്ന പ്രതിസന്ധി എന്താണ്? ഭാഷ / ഭാവന /ആ വിഷ്കാരം?**

യാത്ര കഴിഞ്ഞെത്തുമ്പോൾ ഒരു പിടി ഓർമകളും, ചിത്രങ്ങളും, ഡയറിക്കുറിപ്പുകളും ബാക്കിയാകും. ഇതെല്ലാം എഴുത്തിന്റെ പല കണ്ണികളാണ്. ഈ കണ്ണികൾ യോജിപ്പിച്ചു, ഒരു നാടിനെപ്പറ്റി സമഗ്രമായ അവബോധം വായനക്കാർക്ക് നല്കാൻ എഴുത്തിൽ ശ്രമിക്കാറുണ്ട്. എന്റെ എഴുത്തിലുടനീളം സ്വന്തമായ ഒരു ഭാഷാശൈലി നിലനിർത്താനും ശ്രദ്ധിക്കാറുണ്ട്. ഞാൻ കണ്ട കാഴ്ച്ചകളെ അതേ അനുഭൂതിയോടെ വായനക്കാരും മനസ്സിലാക്കണം എന്നാണ് ഞാനാഗ്രഹിക്കുന്നത്.

**? പുതിയ പുസ്തകം സോളോ മംഗോളിയ ആണല്ലോ? മംഗോളിയ തിരഞ്ഞെടുത്തത് എന്തുകൊണ്ടാണ്?**

ചെങ്കിസ് ഖാന്റെ നാട് എന്നനിലയിൽ ചെറുപ്പം മുതലേ മംഗോളിയ പരിചിതമാണ്. അവിടത്തെ മനുഷ്യരുടെ സ്വാതന്ത്ര്യബോധം വല്ലാതെ ആകർഷിച്ചിട്ടുണ്ട്. അവരുടെ ജീവിതരീതി നേരിൽ കാണണമെന്നത് ഏറെ കാലമായി ആഗ്രഹിച്ച ഒന്നാണ്. ഒരു പ്രതിസന്ധി ഘട്ടത്തിലാണ് സർക്കാർ ജോലിയിൽനിന്ന് നീണ്ട അവധിയിൽ പ്രവേശിച്ചത്. വല്ലാത്ത മാനസിക സംഘർഷത്തിന്റെ കാലഘട്ടമായിരുന്നു. സ്വതന്ത്രമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ജനങ്ങളുള്ള മംഗോളിയയിലേക്കുള്ള ഏകാന്തയാത്ര എന്റെ ആത്മവിശ്വാസം വീണ്ടെടുക്കാൻ സഹായിക്കുമെന്ന് തോന്നി. അത് വളരെ ശരിയാണെന്ന് യാത്ര എന്നെ ബോധ്യപ്പെടുത്തി.

**'പടിഞ്ഞാറൻ ആഫ്രിക്ക ആയിരുന്നു അടിമ കച്ചവടത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്ന്. ആ ഭാഗങ്ങളിലെ രാജ്യങ്ങളിൽ അതിന്റെ പല ശേഷിപ്പുകളുമുണ്ടെന്ന് കേട്ടപ്പോൾ അത് കാണാനായി തീരുമാനിച്ചു. സെനഗൽ, ഗാംബിയ, ഘാന, ബെനിൻ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കാനാണ് അടുത്ത പദ്ധതി'.**

**? യാത്രയും ജീവിതവും, ജീവിതവും യാത്രയും. ആത്മസംഘർഷത്തിന്റെ സന്ദർഭങ്ങൾ എങ്ങനെ നേരിടുന്നു?**

യാത്രയും ജീവിതവും വേറിട്ട് കാണുമ്പോഴാണ് സംഘർഷത്തിന് ഇട വരുന്നത്. യാത്രയിലുള്ള ജീവിതവും, ജീവിതത്തിലുള്ള യാത്രയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. അത് കൊണ്ടാണല്ലോ പലപ്പോഴും 'ജീവിതയാത്ര' എന്ന് ജീവിതത്തെ വിശേഷിപ്പിക്കുന്നത്. യാത്രയിൽ കിട്ടുന്ന ഊർജം ജീവിതത്തിലെ പ്രതിസന്ധികൾ നേരിടാൻ ഉപകരിക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികൾ പുതിയ നാടുകൾ തേടിപ്പോകാൻ ഊർജം പകരുന്നു.

**? അടുത്ത ഏകാന്തയാത്ര ലക്ഷ്യം എന്താണ്?**

കുട്ടിക്കാലത്തു വായിച്ചതിൽ ഇഷ്ടപ്പെട്ട നോവലാണ് അലക്സ് ഹെയ്‌ലിയുടെ 'റൂട്സ്' . കുന്റ കിന്റെ എന്ന അടിമയുടെ കഥയാണ് ഇതിവൃത്തം. ഈ ഇടയ്ക്കാണ് പടിഞ്ഞാറൻ ആഫ്രിക്കയിലെ ഗാംബിയ എന്ന രാജ്യത്ത് അദ്ദേഹത്തിന്റെ പേരിലൊരു ദ്വീപുണ്ടെന്ന് മനസിലാക്കിയത്. അവിടന്നായി



രുന്നത്രെ അദ്ദേഹത്തെ അടിമകച്ചവടക്കാർ അമേരിക്കയിലേക്ക് കൊണ്ടുപോയത്. പടിഞ്ഞാറൻ ആഫ്രിക്ക ആയിരുന്നു അടിമ കച്ചവടത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്ന്. ആ ഭാഗങ്ങളിലെ രാജ്യങ്ങളിൽ അതിന്റെ പല ശേഷിപ്പുകളുമുണ്ടെന്ന് കേട്ടപ്പോൾ അത് കാണാനായി തീരുമാനിച്ചു. സെനഗൽ, ഗാംബിയ, ഘാന, ബെനിൻ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കാനാണ് പദ്ധതി.



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®


*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL

● ചെറുകഥ

# മെർജേഴ്സ് ആൻഡ് അക്വിസിഷൻസ്



ഗിരീഷ് രാജ സി



വര:
പി ആർ രാജൻ

'അപ്പൂന് വഴി ഓർമ്മയുണ്ടോ?'

'ഉവ്വ് അമ്മമാ. ഞാൻ കഴിഞ്ഞ കൊല്ലവും നാട്ടിൽ വന്നിരുന്നില്ലേ. അമ്മാമൻ മറന്നോ നമ്മൾ പൂരത്തിന് പോയത് ?'


'അമ്മാമനിപ്പോ ഓർമ്മയൊക്കെ കഷ്ട്യാ. ഇവിടെ ചില കുട്ടികള് ഫോണിൽ കാണണ മാപ്പിൽ നോക്കി കാറിൽ പോയിട്ട് തോട്ടിൽ വീണു.'

'ഞാൻ എല്ലാ കൊല്ലവും നാട്ടിൽ വരാറുള്ളതുകൊണ്ട് വഴിയൊന്നും തെറ്റില്ല അമ്മാമാ. ഞാൻ പോയ്ക്കോളളാം'

'എനിക്ക് വേറെ തിരക്കൊന്നുമില്ല അപ്പൂ. നടക്കാനിറങ്ങിയതാ. ഒരു മണിക്കൂർ നടത്തം. പിന്നെ വെയിലു കൊള്ളൽ .ഇതൊന്നും ചെയ്യാതെ ഇനി വരണ്ടാന്നാ കഴിഞ്ഞ തവണ ചെന്നപ്പോൾ ഡോക്ടർ പറഞ്ഞത് . ഞാൻ വെറുതേ ഫോൺ നോക്കിയിരുന്ന് സൂക്കേട് വരുത്തി വക്കുകയാണെന്നാണ് അമ്മായി പറേണത് .

അപ്പൂൻറെ അപ്പൂപ്പനേം അമ്മൂമ്മേം കണ്ടിട്ട് കുറച്ചു ദിവസമായി, ഞാൻ കൂടെ വരാം '.

രവി അമ്മാമനും അപ്പുവും കൂടി വഴിയരികിലൂടെ നടന്നു തുടങ്ങി.



'ഇപ്പോൾ ആളുകളൊന്നും ഇവിടെ നടക്കാറില്ല. തൊട്ടടുത്താണെങ്കിലും വണ്ടി വേണം. കുട്ടികൾ പോലും നടത്തം ഇല്ല. ആരെങ്കിലും നടക്കണ കണ്ടാൽ ഉറപ്പിക്കാം ഒന്നുകിൽ അന്യനാട്ടിൽ നിന്ന് ള്ള തൊഴിലാളികൾ അല്ലെങ്കിൽ എന്നെപ്പോലെ വയസ്സന്മാരും സൂക്കേടുകാരും' ' അപ്പു ഡെൽഹിന്നാവും അല്ലേ?'

'അതെ കഴിഞ്ഞാഴ്ച അമേരിക്കയിൽ നിന്ന് ഡെൽഹിയിലെത്തി. ഇന്ന് രാവിലെ കൊച്ചിയിലെത്തി.

'എന്താ ഇവിടെ കവലയിൽ ഇറങ്ങിയത്?'

**എൻറെ ബിസിനസ്സ് വേറൊരു കമ്പനി അക്വയർ ചെയ്തു, ഞാൻ ഇപ്പൊ ഒരു ബ്രേക്കിലാ'. അതു കേട്ട് പാർവ്വതിട്ടീച്ചർക്ക് എന്തോ അരുതാത്തത് സംഭവിച്ചുവെന്ന് കേട്ട ഭാവം . മാറാലക്കമ്പ് ചുമരിൽ ചാരി വെച്ചു, കോലായയോട് ചേർന്നുള്ള പൈപ്പ് തുറന്ന് കൈ കഴുകി. അപ്പു പറഞ്ഞതു കേട്ട രവി അമ്മാമനും കേട്ടു എന്തോ പാടില്ലാത്തത്.**

'ഇവിടെ എത്തിയപ്പോൾ ഈ പാടവും തോടും ഒക്കെ കണ്ടു, ഇറങ്ങി നടക്കാൻ തോന്നി.

'ദേ ഈ വരമ്പത്തുകൂടെ പോയാൽ എളുപ്പം എത്തും. നടക്കാൻ വിഷമമാവുമോ അപ്പൂന്?'

ഇല്ല അമ്മാവാ ഈ വഴി തന്നെ പോകാം.

'മാഷിന് അറിയോ അപ്പുവരുന്ന കാര്യം ?'

'ഞാൻ അറിയിച്ചിട്ടില്ല. അച്ഛനോ അമ്മയോ അറിയിച്ചിട്ടുണ്ടോന്നറിയില്ല. അവർജോലിത്തിരക്കിൽ മറന്നിട്ടുണ്ടാവും, ഒരു സർപ്രൈസായിക്കോട്ടെ '

'ദേ കോലായിൽ തന്നെയുണ്ടല്ലോ മാഷ്. പേപ്പറിൽ മുങ്ങിയിരിക്ക്യാ'

......

മാഷ് തലപൊക്കി. മുഖം പൂ പോലെ വിടർന്നു. പേപ്പർ താഴെ വച്ച് പേരക്കുട്ടിയുടെ കൈകൾ ചേർത്ത് പിടിച്ചു. 'അപ്പു അമേരിക്കയിൽ നിന്ന് ഡൽഹിയിൽ വന്നൂന്ന് പറഞ്ഞപ്പോൾ ഇങ്ങോട്ട് വരുന്നുണ്ടാവുമോന്ന് നിരീച്ചു.ഇങ്ങോട്ടു വരൂന്ന് പറഞ്ഞാൽ ലീവുണ്ടാവുമോ തനിക്ക് ബുദ്ധിമുട്ടാവുമോന്നൊക്കെ വിചാരിച്ച് പറയാതിരുന്നതാ. വന്നല്ലോ സന്തോഷായി.'

'പാറൂ ദേ നോക്കൂ ആരാ വന്നിരിക്കണേന്ന് '; പാർവ്വതി ടീച്ചർ ഒരു മാറാലക്കമ്പും കൈയ്യിൽ പിടിച്ച് കോലായയിലേക്ക് വന്നു.

പേരക്കുട്ടിയെ കണ്ടതും മുഖം വിടർന്നു ' ഞാൻ അപ്പൂപ്പനോട് ഇന്നലെയും പറഞ്ഞു. അപ്പു അമേരിക്കയിൽ നിന്നും വന്നില്ലേ, ഇങ്ങോട്ട് വരുന്നുണ്ടാവും. അപ്പോൾ ഈ അപ്പൂപ്പൻ പറയ്യാ. ചിലപ്പോൾ ലീവൊക്കെ കഷ്ടിയാവും .സ്വന്തം ബിസിനസ്സല്ലേന്ന് '.

'എൻറെ ബിസിനസ്സ് വേറൊരു കമ്പനി അക്വയർ ചെയ്തു, ഞാൻ ഇപ്പൊ ഒരു ബ്രേക്കിലാ'

അതു കേട്ട് പാർവ്വതിട്ടീച്ചർക്ക് എന്തോ അരുതാത്തത് സംഭവിച്ചു

വെന്ന് കേട്ട ഭാവം .മാറാലക്കമ്പ് ചുമരിൽ ചാരി വെച്ചു, കോലായ യോട് ചേർന്നുള്ള പൈപ്പ് തുറന്ന് കൈ കഴുകി.

അപ്പു പറഞ്ഞതു കേട്ട രവി അമ്മാമനും കേട്ടു എന്തോ പാടി ല്ലാത്തത്.

മാഷിന് ഒരു ഭാവവ്യത്യാസവു മുണ്ടായില്ല.

'അക്വയർ ചെന്ന് വച്ചാ '; രവി അമ്മാമൻറെ സംശയം

**(2)**

'എന്നു വച്ചാൽ അപ്പു തുട ങ്ങിയ കമ്പനി മറ്റൊരു കമ്പനി കാശു കൊടുത്ത് വാങ്ങീന്നർത്ഥം ' മാഷാണ് മറുപടി പറഞ്ഞത്

'അപ്പോ അപ്പു ഇനി എന്തു ചെയ്യും ?'; അമ്മാമന് വീണ്ടും സംശയം

'ഇപ്പോൾ പുതിയ ഒരു ബിസിനസ്സ് തുടങ്ങാനുള്ള ഡിസ്കഷനിലാണ്'

അമ്മൂമ്മയുടെയും അമ്മാമൻറെ യും സംശയം മാറിയോന്ന് സംശ യിച്ചു കൊണ്ട് അപ്പു പറഞ്ഞു

'അപ്പോൾ വലിയ പണക്കാരനാ യിട്ടാണ് ഇത്തവണ വന്നേക്കണത് ' മാഷ് ന് സന്തോഷം

'എന്തിനാ സ്വന്തം കമ്പനി വിൽ ക്കണത്?' രവി അമ്മാമൻറെ സംശ യം മാറിയിട്ടില്ല.

'രവീ,കമ്പനികൾ സ്ഥാപി ക്കുക, അത് വിറ്റു കാശുണ്ടാക്കുക ഇതൊക്കെ ബിസിനസ്സ് ലോകത്ത് സ്വാഭാവികാ.മറ്റൊരു കമ്പനി കാ ശു കൊടുത്തു വാങ്ങാൻ പാ കത്തിന് കേമമായിരുന്നു അപ്പുവി റ്റ് കമ്പനി. കമ്പനി സ്ഥാപിക്കുന്ന വർക്ക് കിട്ടുന്ന പ്രതിഫലമാണ് വിൽക്കുമ്പോൾ കിട്ടുന്ന പണം. ചില കമ്പനികൾ, തുടങ്ങി കുറച്ചു കഴിഞ്ഞാൽ അവരുടെ ഓഹരി കളുടെ കുറേ ഭാഗം വിൽക്കും, നമുക്കൊക്കെ വാങ്ങാം. കമ്പനി ഉട മകളുടെ കയ്യിലും ഉണ്ടാവും കുറേ ഓഹരികൾ. അതിൻറെ വിലയാണ് കമ്പനി തുടങ്ങാനുണ്ടായ അധ്വാ നത്തിനുള്ള പ്രതിഫലം. ഇടക്ക് പേപ്പറിൽ കാണാറില്ലേ ചിലർ ലോ കത്തേറ്റവും വലിയ പണക്കാരനാ യീന്ന്. ഓഹരിച്ചന്തയിൽ അവരു ടെ കയ്യിലുള്ള ഓഹരിയുടെ വില നോക്കി പറയുന്നതാണിത്. കാശ് അവരുടെ കയ്യിലുണ്ടായിട്ടല്ല. അപ്പു കാശ് വാങ്ങി പോക്കറ്റിലിട്ടു. '

മാഷ് ഒരു ക്ലാസ് മുറിയിലെ ത്തിയ സന്തോഷത്തിൽ.

'വാങ്ങിയവർ എനിക്ക് അവരു ടെ കമ്പനിയുടെ രണ്ടു ശതമാനം ഓഹരികളും തന്നിട്ടുണ്ട്

'അമ്പടാ, നല്ല ഡീലാണല്ലോ '

**'ഒരു ദിവസം വിഡിയോകാളിൽ കണ്ട സുന്ദരി ഇപ്പോഴും കൂടെയു ണ്ടോ അപ്പൂ'. 'ഹേയ്, അവൾ രണ്ടു ദിവസേണ്ടായിരുന്നുള്ളൂ'.' ഇപ്പോ ആരാ?''അങ്ങനെ ആരുമില്ല. ചില പ്പോൾ ആരെങ്കിലും വരും, വീക്കെൻ ഡിൽ ഹോളിഡേയ്സിൽ, രണ്ടു മൂന്നു ദിവസം കഴിഞ്ഞ് മടങ്ങും. ചിലപ്പോൾ ഞാൻ ഫ്രണ്ട്സിൻറെ അപ്പാർട് മെന്റിൽ പോകും'**

'അങ്ങനെയാണ് എക്സ്പെർട്ട് സ് പറയുന്നത് '.

'രണ്ടു കമ്പനികൾ ഒരുമിച്ചു ചേർന്ന് മൂന്നാമതൊന്നുണ്ടാക്കുന്ന തിനെ മെർജർ എന്നാണ് സായ്പ് പറയുക. കല്യാണം പോലെ, രണ്ടു പേര് ചേർന്ന് പുതിയ ഒരു കുടും ബം ഉണ്ടാക്കുന്നതുപോലെ. ഒരു കമ്പനിയെ മറ്റൊന്ന് ഏറ്റെടുക്കു ന്നത് അക്വിസിഷൻ'മാഷ് ക്ലാസ് തുടർന്നു.

'നമ്മുടെ ഗൾഫ് കാരൻ പങ്ക ജാക്ഷൻ ചേട്ടൻ മോളെ ഐ എ എസ്സുകാരനെക്കൊണ്ട് കെട്ടിച്ച പോലെ' രവി അമ്മാമന് കാര്യ ങ്ങൾ പിടികിട്ടിത്തുടങ്ങി.

എല്ലാവരും ചിരിച്ചു

'ബാങ്കിൽ നിന്ന് പിരിഞ്ഞിട്ട് കൊല്ലങ്ങളായി. എന്നിട്ടും പങ്കജാ ക്ഷൻ അക്കൗണ്ട് തുടങ്ങാത്തതിൻ റെ പരിഭവം തീർന്നിട്ടില്ല രവിക്ക് 'മാഷിനും മനസ്സിലായി. '

ഇപ്പോഴും ബാങ്കിലെപ്പണിയു ണ്ടായിരുന്നെങ്കിൽ രവി അപ്പുവി നെക്കൊണ്ടും അക്കൗണ്ട് തുടങ്ങി ച്ചേനെ'

'പാറൂ ഇവർക്ക് കുടിക്കാൻ കാ പ്പിയോ ചായയോ കൊണ്ടുവരു'.

'അമ്മൂമ്മേ എനിക്ക് സംഭാരം മതി.'' അപ്പു വീണ്ടും അമ്മൂമ്മയു ടെ പുന്നാരക്കുട്ടിയായി.

'രവിക്കോ?'

'എനിക്കും സംഭാരം മതി. പഞ്ചസാരയില്ലാത്ത ചായയും കാ പ്പിയും കുടിച്ച് മതിയായി '

ടീച്ചർ സംഭാരമുണ്ടാക്കാൻ അടുക്കളയിലേക്ക് പോയി.

'രവിക്ക് എവിടന്ന് കിട്ടി ഇയാ ളെ?'

'നമ്മുടെ കവലയിൽ അപ്പു കാറിൽ വന്നിറങ്ങിയപ്പോൾ ഞാൻ ശ്രദ്ധിച്ചു; മുഖം കണ്ടാൽ ഇവി ടത്തുകാരൻ വേഷം കണ്ടാൽ വിദേശി. എന്നെ കണ്ടപ്പോൾ അമ്മാമനെന്നെ മനസ്സിലായില്ലേന്ന് ചോദിച്ചു കൊണ്ട് വന്നു ' അപ്പൂ, ന്നാ ഇനി വേഷമൊക്കെ മാറ്റി ഇവി ടത്തുകാരെപ്പോലെയായിക്കോളൂ.'

അപ്പൂപ്പൻ പറഞ്ഞതുകേട്ട് അപ്പു എഴുന്നേറ്റ് അപ്പൂപ്പൻറെ മുണ്ടുകൾ വയ്ക്കുന്ന വലിയ മര അലമാര തു റന്നു ഒരുമുണ്ട് എടുത്തുടുത്തു.

'മാഷെ ആദ്യം കണ്ടപ്പോൾ ദേ ഇങ്ങനെയായിരുന്നില്ലേ ടീച്ച റേ? ' മുണ്ടുടുത്തു നടന്നു വരുന്ന അപ്പുവിനെക്കണ്ട് രവി അമ്മമാൻ ചോദിച്ചു.

സംഭാരവുമായി ടീച്ചർ എത്തി യിരുന്നു. ടീച്ചറുടെ മുഖത്തൊരു മന്ദഹാസം വിരിഞ്ഞു.

**(3)**

രവി അമ്മാമൻ പോയിക്കഴിഞ്ഞ് അപ്പു കുറേ നേരം പറമ്പിലൊക്കെ നടന്നു.പണ്ട് അവധിക്കാലത്ത്

പഴങ്ങൾ പറിച്ചുതിന്നാറുള്ള ചാമ്പ മരച്ചോട്ടിലും മാവിൻ ചോട്ടിലും ചെന്നു നിന്നു. പിന്നെ കുറേ നേരം തോട്ടിൻ കരയിൽ ചെന്നു നിന്നു. വായിച്ചു മറന്ന ഏതോ കഥയിലെ കഥാപാത്രമാണ് താനെന്നു അവന് തോന്നി.

കുറേ നേരമായിട്ടും കാണാഞ്ഞപ്പോൾ മാഷ് അന്വേഷിച്ചു ചെന്നു. രണ്ടു പേരും കുളത്തിലേക്ക് പോയി. അപ്പു കുളിച്ചു. മാഷ് കല്പടവുകളിലിരുന്ന് കഴിഞ്ഞ കാല വർഷക്കാലത്ത് കുളം നിറഞ്ഞു കവിഞ്ഞ കഥ പറഞ്ഞു. 'ഇപ്പൊ പണ്ടത്തെപ്പോലെ യൊന്നുമല്ലട്ടോ മഴ. ഈ ക്ലൈമറ്റ് ചേഞ്ചാക്കെ പറയണതു

ശരിയാണെന്ന് തോന്നും ' അദ്ദേഹം പറഞ്ഞു. കുളി കഴിഞ്ഞപ്പോൾ മാഷ് തലതുവർത്തിക്കൊടുത്തു, അതൊരു പഴയ ശീലമാണ്.

നാലുകെട്ടിൽ നടുമുറ്റത്തിന് പടിഞ്ഞാറ് ഭാഗത്താണ് അപ്പു ഉറങ്ങാറുള്ളത്.

അപ്പൂപ്പനും അമ്മൂമ്മക്കും നടുവിൽ. അപ്പൂവില്ലാത്തപ്പോൾ മാഷും ടീച്ചറും പടിഞ്ഞാറു ഭാഗത്തുള്ള ഒരു മുറിയിലാണുറങ്ങാറ്. ഇന്ന് അത്താഴം കഴിഞ്ഞയുടനെ അമ്മൂമ്മ കിടക്കകൾ വിരിച്ചു. ആകാശത്തേക്ക് നോക്കി കിടക്കുമ്പോൾ അപ്പൂപ്പൻ ചില കഥകൾ പറയാറുണ്ടായിരുന്നു.

'ഒരു ദിവസം വിഡിയോകാളിൽ കണ്ട സുന്ദരി ഇപ്പോഴും കൂടെയുണ്ടോ അപ്പൂ'.

'ഹേയ്, അവൾ രണ്ടു ദിവസേണ്ടായിരുന്നുള്ളൂ'

' ഇപ്പോ ആരാ?'

'അങ്ങനെ ആരുമില്ല. ചിലപ്പോൾ ആരെങ്കിലും വരും, വീക്കെൻഡിൽ ഹോളിഡേയ്സിൽ, രണ്ടു മൂന്നു ദിവസം കഴിഞ്ഞ് മടങ്ങും. ചിലപ്പോൾ ഞാൻ ഫ്രണ്ട്സിൻറെ അപ്പാർട്മെന്റിൽ പോകും'

'ഞാൻ അമ്മൂമ്മയെ ഡേറ്റിങ്ങ് എന്താണെന്നൊക്കെ പറഞ്ഞു പഠിപ്പിച്ചത് വെറുതെയായല്ലോ, ആപ്പൂ . സാരല്യ . ഇനീം സമയണ്ടല്ലോ'.

'അപ്പൂപ്പാ നാളെ രാവിലെ അമ്പലത്തിൽ പോയാലോ'

'ആവാം, രാവിലത്തെ നടത്തത്തിൻറെ സുഖം ഒന്ന് വേറെന്ന്യാ. അല്ലാ ബിസിനസ്സുകാരനായപ്പോൾ അപ്പൂന് ഭക്തി കൂടിയോ ? '

'എനിക്കും രാവിലെ നടക്കാനിഷ്ടാ. അമ്പലത്തില് ത്രിമധുരം, രാവിലെയല്ലേ കിട്ടുള്ളൂ ?'

മാഷും ടീച്ചറും ചിരിച്ചു

**മൂന്നു സഹോദരങ്ങൾ മാഷിൻറെ കാൽ തൊട്ടു വന്ദിക്കാൻ കുനിഞ്ഞു. മാഷ് വാത്സല്യത്തോടെ അവരുടെ തലയിൽ കൈവെച്ചു. എന്നിട്ടു പറഞ്ഞു 'അവനവൻറെ പാദങ്ങൾ ദിവസവുംപത്തുപതിനഞ്ചു തവണ തൊട്ടാൽ നല്ല വ്യായാമമായി അമ്പലത്തിലും മാഷിന്ശിഷ്യരും പരിചയക്കാരും ധാരാളം. തീർത്ഥക്കിണറിനടുത്തിരുന്ന് മാല കെട്ടുന്നപെൺകുട്ടിയുടെ അടുത്തേക്ക് മാഷ് ചെന്നു. മാഷെ കണ്ടയുടനെ ഒരു കഷണംമാല ഇലയിൽ പൊതിഞ്ഞ് അവൾ കൊടുത്തു. അപ്പുവിനെപരിചയപ്പെടുത്തിയപ്പോൾ അവൾ പുഞ്ചിരിച്ചു**

'അപ്പൊ അപ്പൂപ്പനെപ്പോലെയാണ് പേരക്കുട്ടിയും എന്നർത്ഥം. അമ്പലത്തിൽപോണത് തൊഴാനല്ല', ടീച്ചർക്ക് ഒരത്ഭുതവും ഇല്ല.

'പണ്ടു ഞാൻ അപ്പൂപ്പനോടു എന്താ അമ്പലത്തിൽ പോയാൽ തൊഴാത്തത് എന്ന് ചോദിച്ചപ്പോൾ അപ്പൂപ്പൻ അഹം ബ്രഹ്മാസ്മി തത്വമസി ഇങ്ങനയൊക്കെ പറഞ്ഞൊരു വല്യ ക്ളാസെടുത്തു.

അപ്പൊ എനിക്കൊന്നും മനസ്സിലായില്ല. ഇപ്പോഴാണ് എന്തെങ്കിലും മനസ്സിലായിത്തുടങ്ങിയത് .'അപ്പൂപ്പൻറെയും അമ്മൂമ്മയുടെയും നടുവിൽ കിടക്കുമ്പോൾ അപ്പുവിന് പഴയതൊക്കെ ഓർക്കാനെളുപ്പം. രാവിലെ തന്നെ കുളിച്ച് മാഷും അപ്പുവും അമ്പലത്തിലേക്ക് പുറപ്പെട്ടു. വഴിയിൽ കണ്ട പരിചയക്കാർക്കൊക്കെ മാഷ് അപ്പുവിനെ പരിചയപ്പെടുത്തി.

ചില ചെറുപ്പക്കാർ കൂടെ നിന്ന് സെൽഫിയെടുത്തു. മൂന്നു സഹോദരങ്ങൾ മാഷിൻറെ കാൽ തൊട്ടു വന്ദിക്കാൻ കുനിഞ്ഞു. മാഷ് വാത്സല്യത്തോടെ അവരുടെ തലയിൽ കൈവെച്ചു. എന്നിട്ടു പറഞ്ഞു 'അവനവൻറെ പാദങ്ങൾ ദിവസവും പത്തുപതിനഞ്ചു തവണ തൊട്ടാൽ നല്ല വ്യായാമമായി അമ്പലത്തിലും മാഷിന് ശിഷ്യരും പരിചയക്കാരും ധാരാളം. തീർത്ഥക്കിണറിനടുത്തിരുന്ന് മാല കെട്ടുന്ന പെൺകുട്ടിയുടെ അടുത്തേക്ക് മാഷ് ചെന്നു.

മാഷെ കണ്ടയുടനെ ഒരു കഷണം മാല ഇലയിൽ പൊതിഞ്ഞ് അവൾ കൊടുത്തു. അപ്പുവിനെ പരിചയപ്പെടുത്തിയപ്പോൾ അവൾ പുഞ്ചിരിച്ചു. ഒരു പ്രദക്ഷിണം വച്ച് ത്രിമധുരം വാങ്ങിഅവർ മടങ്ങി.

വീട്ടിലെത്തിയയുടനെ അപ്പു ത്രിമധുരം കഴിച്ചു മാഷ് അമ്പലത്തിൽ നിന്ന് കിട്ടിയ മാല ടീച്ചർക്ക് കൊടുത്തു .ടീച്ചർ അപ്പുവിനിഷ്ടമുള്ള അടയുണ്ടാക്കി കാത്തിരിക്കുകയായിരുന്നു.

' നാളെ ആ വേണുവിൻറെ മകൾ വീണ വരുന്നുണ്ട്. അവൾ ബാംഗളൂരിൽ എംബിഎ ക്ക് പഠിക്ക്യാ. അപ്പൂനോട് എന്തൊക്കെയോ ചോദിച്ചറിയാനുണ്ട്. അപ്പു വന്ന കാര്യം രവി പറഞ്ഞതാ'.

അട വിളമ്പുന്നതിനിടയിൽ ടീച്ചർ പറഞ്ഞു. മാഷിൻറെ വിദ്യാർത്ഥിയായിരുന്നു വേണു. അപ്പുവിൻറെ അച്ഛൻറെ സഹപാഠിയും.

'രവി അമ്മാമൻ അപ്പൂന് ഒരു ടിവി ഇൻറെർവ്യൂ തരമാക്കിയിട്ടുണ്ട്. രവിയുടെ അയൽപക്കത്ത് ഒരു ചാനലുകാരനുണ്ട്. അപ്പൂൻറെ കമ്പനി

മറ്റൊരു കമ്പനി വാങ്ങിയ കാര്യ മൊക്കെ പറഞ്ഞപ്പോൾ അയാൾ ക്കൊരു ഇൻറർവ്യൂ വേണമത്രേ. ഞാൻ പറഞ്ഞു അപ്പു ഡെൽഹിക്ക് മടങ്ങുന്നതിൻറെ തലേന്ന് വന്നാ മതീന്ന്. ടി വി യിലൊക്കെ കണ്ടാൽ വേറെ പലർക്കും കാണണമെന്ന് തോന്നും, അപ്പൂന് സരമുണ്ടാവില്ല. ശരിയല്ലേ മാഷേ?''



**(4)**

'അപ്പുവിൻറെ അനുഭവം ചെറുപ്പക്കാർക്ക് പ്രചോദനമാവുകയാണെങ്കിൽ ആയ്‌ക്കോട്ടെ .പിറ്റേ ദിവസവും അപ്പുവും മാഷും അമ്പലത്തിൽ പോയി.

ഉച്ചയൂണിന് മുമ്പ് വീണ സ്കൂട്ടറിൽ പറന്നെത്തി. വന്നയുടനെ അവൾ കൊണ്ടുവന്ന ലാപ്‌ടോപ്പ് തുറന്ന് വച്ച് അപ്പുവുമായി ചർച്ച തുടങ്ങി. ഇടക്കിടെ ലാപ് ടോപ്പിൽ ടൈപ്പു ചെയ്യുകയും അതിൻറെ സ്ക്രീൻ അപ്പുവിനെ കാണിച്ച് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. കുറെ നേരം അറിയാത്ത ഏതോ ഭാഷ കേൾക്കുന്നപോലെ അവരുടെ ചർച്ച ടീച്ചർ കേട്ടിരുന്നു. പിന്നെ അടുക്കളയിലേക്കുപോയി. മാഷ് പേപ്പർ വായനയിൽ മുഴുകി.

വൈകുന്നേരം താനിന്ന് ഇവിടെ തങ്ങാൻ പോവുകയാണെന്ന് വീണ അച്ഛനെ വിളിച്ചറിയിച്ചു. ടീച്ചർ കിഴക്കിനിയിലെ കട്ടിലിൽ വീണക്ക് കിടക്കയൊരുക്കി. മാഷിൻറെ ഉച്ചയുറക്കം കിഴക്കിനിയിലാണ്. ഇന്നലെ ഉച്ചയൂണുകഴിഞ്ഞു അപ്പൂപ്പനോടൊരോന്നു പറഞ്ഞു പറഞ്ഞു അപ്പുവും ഉറങ്ങിയത് അവിടെയാണ്.

പണ്ട് അപ്പുവിൻറെ അച്ഛൻറെ മുറിയായിരുന്നു. ഡൽഹിയിൽ നിന്ന് അവധിക്കുവന്നാലും ആ മുറിയിലേ അപ്പുവിൻറെ അച്ഛൻ ഉറങ്ങാറുള്ളൂ.

അച്ഛനോടും അമ്മയോടും ഒപ്പം കുട്ടിക്കാലത്തു നാട്ടിൽ വരുമ്പോൾ അപ്പുവും ആ മുറി അവൻറെയാക്കി. ഡൽഹിക്കു മടങ്ങുമ്പോൾ എന്തിങ്കിലും കൊണ്ടുപോകാൻ മറക്കും, മാഷിനും ടീച്ചർക്കും മകനെയും കുടുംബത്തെയും എന്നും ഓർക്കാൻ ബാക്കി വെച്ച പോലെ.

**അത്താഴത്തിന് ശേഷവും വീണ അപ്പുവുമായി ചർച്ച തുടർന്നു. അന്ന് അപ്പൂ അപ്പൂപ്പനും അമ്മൂമ്മക്കും നടുവിൽ ഉറങ്ങിയില്ല. പിറ്റേന്ന് വെളുപ്പിന് എഴുന്നേറ്റു അപ്പുവിനോടൊപ്പം ജോഗിങ് കഴിഞ്ഞു വീണ മടങ്ങി. വൈകുന്നേരം വരാമെന്നു പറഞ്ഞിട്ടാണവൾ പോയത് മാഷും അപ്പുവും പതിവുപോല അമ്പലത്തിൽ പോയി. അന്ന് അപ്പുവാണ് മാമാലകെട്ടുന്നവൾ കൊടുത്ത പൊതി വാങ്ങിയത്**

അത്താഴത്തിന് ശേഷവും വീണ അപ്പുവുമായി ചർച്ച തുടർന്നു.

അന്ന് അപ്പൂ അപ്പൂപ്പനും അമ്മൂമ്മക്കും നടുവിൽ ഉറങ്ങിയില്ല.

പിറ്റേന്ന് വെളുപ്പിന് എഴുന്നേറ്റു അപ്പുവിനോടൊപ്പം ജോഗിങ് കഴിഞ്ഞു വീണ മടങ്ങി. വൈകുന്നേരം വരാമെന്നു പറഞ്ഞിട്ടാണവൾ പോയത് മാഷും അപ്പുവും പതിവുപോല അമ്പലത്തിൽ പോയി. അന്ന് അപ്പുവാണ് മാലകെട്ടുന്നവൾ കൊടുത്ത പൊതി വാങ്ങിയത് .

വീണ വരുന്നതിനു മുമ്പു തന്നെ മാഷ് നിർദ്ദേശിച്ച പ്രകാരം കിഴക്കിനിയിൽ ലാപ് ടോപ്പ് വയ്ക്കാൻ മേശയും, രണ്ടു കസേരകളും ടീച്ചറും അപ്പുവും കൂടി കൊണ്ടു വന്നിട്ടു. വന്നയുടനെ വീണ ലാപ് ടോപ്പ് തു

റന്ന് വച്ച് അപ്പുവുമായുള്ള ചർച്ച തുടങ്ങി.

ലാപ് ടോപ്പിനോടൊപ്പം ഒരു വലിയ ബാഗും അവൾ കൊണ്ടു വന്നിരുന്നു. അന്നു രാത്രിയും അപ്പൂപ്പനും അമ്മൂമ്മക്കും നടുവിൽ ഉറങ്ങാൻ അപ്പു ഉണ്ടായിരുന്നില്ല. പിറ്റേന്ന് അതിരാവിലെ അപ്പുവും വീണയും എഴുന്നേറ്റ് ജോഗിങ് പോയി. അവർ മടങ്ങിവന്നപ്പോൾ എല്ലാവരും കൂടിചായകുടിച്ചു.

അമ്പലത്തിൽ പോക്ക് മുടക്കിയില്ല. മാഷും അപ്പുവും വീണയും കൂടിയാണ് അമ്പലത്തിലേക്ക് പോയത്.

വീണയും അപ്പുവും കുളത്തിലും മാഷ് കുളിമുറിയിലും കുളിച്ചു.

അമ്പലത്തിലേക്ക് പോകുമ്പോൾ ധരിക്കാൻ വസ്ത്രങ്ങളും ആഭരണങ്ങളും വീണ കൊണ്ടുവന്നിരുന്നു. അമ്പലത്തിലും വഴിയിലും മാഷുടെ പരിചയക്കാരും ശിഷ്യരും അന്ന് വീണയേയും പരിചയപ്പെട്ടു. വീണയെക്കണ്ടിട്ട് മാല കെട്ടുന്നവൾ രണ്ടു മാലകൾ പൊതിഞ്ഞ് അപ്പുവിന് കൊടുത്തു.

'ഇവൾടെ അമ്മയാണ് പണ്ട് അമ്പലത്തിൽ മാലകെട്ടിയിരുന്നത്, ഇവള് കോളേജിൽ പഠിക്കുമ്പോൾ അവര് പാവം മരിച്ചു പോയി, പിന്നെ ദേവസ്വം ഇവൾക്ക് ജോലി കൊടുത്തു. ഇപ്പോൾ അനുജനെ പഠിപ്പിക്കുന്നത് ഇവളാ'മാഷ് വീണയോട് പറഞ്ഞു. ' പാറു ഇവളേം ഇവൾടെ അമ്മേം പഠിപ്പിച്ചിട്ടുണ്ട്,

ഇവൾക്ക് വല്യ കാര്യാ പാറൂനെ .പൂക്കൾ ചെടിയിൽ നിൽക്കുന്നതാണ് ഭംഗിഎന്ന അഭിപ്രായമാണ് മാഷിന് . വീണക്കും അതാണഭിപ്രായം. എന്നാലും മാലകെട്ടുന്നവളെ വീണക്കിഷ്ടമായി. സുന്ദരി'' അവൾ പറഞ്ഞു 'കിണറ്റിന് കരയിൽ അവൾ ഇരിക്കുന്നത് ഒരു പെയിന്റിംഗ് പോലെ സുന്ദരം, അല്ലെ അപ്പൂ വീണ മാലചൂടിയില്ല. ടീച്ചർ ഒരെണ്ണം ചൂടി രണ്ടാമത്തേത് ചുവരിലെ കൃഷ്ണൻറെ ചിത്രത്തെ അണിയിച്ചു. ''നമുക്കൊരു ബീച്ചിൽ പോയാലോ'. കടലോരങ്ങൾ വീണക്ക് ഹരമാണ് അന്ന് വൈകുന്നേരം വീണയും അപ്പുവും സ്കൂട്ടറിൽ മുമ്പ് അപ്പുപോയിട്ടില്ലാത്ത ഒരു കടലോരത്തേക്ക് പോയി. മടങ്ങിയെത്തിയപ്പോൾ സന്ധ്യകഴിഞ്ഞു. കടലിൽ കുളിച്ചു നനഞ്ഞ വസ്ത്രങ്ങളുമായാണ് എത്തിയത്.

**കടലോരങ്ങൾ വീണക്ക് ഹരമാണ് അന്ന് വൈകുന്നേരം വീണയും അപ്പുവും സ്കൂട്ടറിൽ മുമ്പ് അപ്പു പോയിട്ടില്ലാത്ത ഒരു കടലോരത്തേക്ക് പോയി. മടങ്ങിയെത്തിയപ്പോൾ സന്ധ്യ കഴിഞ്ഞു. കടലിൽ കുളിച്ചു നനഞ്ഞ വസ്ത്രങ്ങളുമായാണ് എത്തിയത്. അന്നുമുതൽ കടലിലെ കുളിയും അവർ പതിവാക്കി, ദിവസങ്ങൾ എത്ര വേഗമാണ് കടന്നു പോയതെന്ന് അവർക്കുതോന്നി.**

അന്നുമുതൽ കടലിലെ കുളിയും അവർ പതിവാക്കി, ദിവസങ്ങൾ എത്ര വേഗമാണ് കടന്നു പോയതെന്ന് അവർക്കുതോന്നി.

'ഇന്ന് ടിവിക്കാരൻ വരുംന്ന് ഓർമ്മിപ്പിക്കാൻ രവി വിളിച്ചിരുന്നു'.; മാഷിത് പറയുമ്പോൾ തൻറെ കണ്ണുകൾ നിറയുന്നതറിഞ്ഞ് ടീച്ചർ മേൽമുണ്ടിൻറെ തലപ്പു കൊണ്ട് കണ്ണുനീർ തുടച്ചു.

## (5)

വൈകുന്നേരം ടിവി ക്കാർ എത്തി. വീടും പറമ്പുമൊക്കെ അവർ ക്യാമറയിലാക്കി.

'എന്താണ് അങ്ങയുടെ കമ്പനി ഏറ്റെടുക്കാൻ കാരണം?'

'ഞങ്ങളുടെ സേവനങ്ങളും ഉത്പപന്നങ്ങളും നന്നായതുകൊണ്ടാവാം, ഏറ്റെടുത്ത കമ്പനിയുടെ ഉത്പപന്നങ്ങളും സേവനങ്ങളുമായി ഒത്തു പോകുന്നവയായിട്ടാവാം, നാം നമുക്ക് പറ്റിയ വരനേയോ വധുവിനേയോ തിരഞ്ഞെടുക്കുന്നത് പോലെ.'

'എന്താണ് അങ്ങയുടെ അഭിപ്രായത്തിൽ വിജയം?'

'തൃപ്തിയും സന്തോഷവും ഉണ്ടെങ്കിൽ നാം വിജയിച്ചതായി കരുതാം.

ഓരോരുത്തർക്കും ഓരോന്നാണ് വിജയം,' ഇൻറർവ്യൂ നീണ്ടു പോകുന്നത് കണ്ട് വീണ ആംഗ്യം കൊണ്ട് യാത്രപറഞ്ഞിറങ്ങി.

മാഷും ടീച്ചറും അപ്പുവിൻറെ മറുപടികൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു,

ഇൻറർവ്യൂ കഴിഞ്ഞയുടനെ ടീച്ചർ എല്ലാർക്കും അടവിളമ്പി. അപ്പു അട കഴിക്കുന്നതും അവർ ക്യാമറയിലാക്കി. അന്ന് രാത്രി അപ്പു അപ്പൂപ്പനും അമ്മൂമ്മക്കും നടുവിൽ ഉറങ്ങി. പിറ്റേന്ന് രാവിലെ അപ്പുവും മാഷും അമ്പലത്തിലേക്ക് പോയി. അപ്പു മാലകെട്ടുന്നവൾ കൊടുത്ത പൊതി വാങ്ങി. ഇന്ന് മടങ്ങുകയാണെന്ന് പരിചയപ്പെട്ടവരോടൊക്കെ അപ്പു പറഞ്ഞു.

രാവിലെ മുതൽ മാഷും അപ്പുവും ടീച്ചറും അവരറിയാതെ മൗനികളായി. എന്തു പറഞ്ഞാണ് ഈ മൗനം ഭന്ജിക്കേണ്ടതെന്നറിയാതെ മാഷ് ചിന്തയിലാണ്ടു.

'അവിടെ ചങ്ങാതിമാരോടൊക്കെ ഞങ്ങളുടെ അന്വേഷണം പറയൂ അപ്പു, എപ്പോഴെങ്കിലും വീഡിയോ കാളിൽ അവരെ പരിചയപ്പെടാം'

അപ്പൂപ്പൻ പറഞ്ഞത് കേട്ടിട്ടും അപ്പു ഒരു ചിന്തയിലെന്ന പോലെ നിന്നു. വീണ്ടും മൗനം.

''ഞാൻ ഒരുകാര്യം ചോദിക്കട്ടെ' അപ്പുവിൻറെ ചോദ്യം കേട്ട് മാഷും ടീച്ചറും അവൻറെ മുഖത്തേക്കു നോക്കി.

'ആ മാലകെട്ടുന്നവൾക്ക് എന്നെ ഇഷ്ടമാവുമോ?'



● സംഗീതം /ഓർമ്മക്കുറിപ്പുകൾ

മലയാളത്തിലെ
പിന്നണി സംഗീതത്തിലെ
മാറ്റങ്ങൾ കാണുകയും താരങ്ങളുമായി
പ്രവർത്തിക്കുകയും വീഴ്ചകളും
ഉയർച്ചകളും കാണുകയും
ചെയ്ത സംഗീതകാരൻ
**എസ് രാജേന്ദ്ര ബാബു**
പാട്ടിന്റെ കാലം ഓർക്കുന്നു

എന്റെ സംഗീത വഴികൾ – 11

# എംകെ അർജുനൻ മുത്തിലും മുത്തായ സംഗീതകാരൻ



ധീരതയുടെ പ്രതിരൂപമാണ് മഹാഭാരതത്തിൽ അർജുനൻ. പക്ഷെ ഇവിടെ കൊച്ചിക്കാരൻ അർജുനൻ ആട്ടിൻകുട്ടിയെപ്പോലെ പേടിച്ചുവിറച്ചു നിൽക്കുകയാണ്.

പേടിക്കാതിരിക്കുന്നതെങ്ങനെ? സംഗീതത്തിൻറെ ഉഗ്രമൂർത്തി സാക്ഷാൽ ദേവരാജൻ മാസ്റ്ററുടെ മുന്നിലാണ് നിൽക്കുന്നത്! വർഷം 1960. കൊല്ലം കാളിദാസ കലാകേന്ദ്രത്തിൻറെ പട്ടത്താനത്തെ നാടക ക്യാമ്പിൽ ദേവരാജൻ മാസ്റ്റർ പുതിയ നാടകത്തിനായി സംഗീതസംവിധാനത്തിൻറെ തപസ്സിലാണ്. മറ്റു കലാകാരന്മാർ ചുറ്റും ഇരിക്കുന്നു. നിശ്ശബ്ദഗംഭീരവും സംഗീതസാന്ദ്രവുമായ അന്തരീക്ഷം. നടൻ മണവാളൻ ജോസഫിൻറെ ശിപാർശപ്രകാരം സമിതിയിലെ ഹാർമോണിസ്റ്റാകാൻ കൊച്ചിയിൽ നിന്നെത്തിയിരിക്കുകയാണ് 'ആട്ടിൻകുട്ടി!' മണവാളൻറെ സഹോദരനും തബലിസ്റ്റുണ്ടായ രാജപ്പൻ പരിചയപ്പെടുത്തി– 'മാസ്റ്റർ, ഇത് അർജുനൻ.



എം കെ അർജുനനും കുടുംബവും

ഹാർമോണിയം വായിക്കാൻ വന്നയാളാണ്.' ഹാർമോണിസ്റ്റിനെ അടിമുടി ഒന്നു നോക്കിയിട്ട് മാസ്റ്റർ പറഞ്ഞു – 'അർജുനനായാലും ഭീമനായാലും കൊള്ളാം, വായിക്കാൻ കൊള്ളില്ലെങ്കിൽ പറഞ്ഞുവിടും'; ഭയഭക്തിയോടെ അർജുനൻ ഹാർമോണിയത്തിനു മുന്നിലിരുന്നു. അർജുനൻ ക്രമേണ ദേവരാജൻ മാസ്റ്ററുടെ പ്രിയപ്പെട്ട ഹാർമോണിസ്റ്റായി; മാനസപുത്രനായി. ഹാർമോണിസ്റ്റ് അർജുനൻ പിന്നീട് മലയാളികൾ ഹൃദയത്തിൽ കുടിയിരുത്തിയ സംഗീത സംവിധായകൻ എംകെ അർജുനനായി. 'സംഗീതത്തിലും ജീവിതത്തിലും എന്നും ഈ അർജുനനു വഴികാട്ടിയായി തേരുതെളിച്ചത് ആ കാരുണ്യ മൂർത്തിയായ തമ്പുരാനാണ്'

ഗുരുനാഥനെ കുറിച്ചോർക്കുമ്പോൾ അർജുനൻ മാസ്റ്ററുടെ മനസ്സിൽ ആദരവിൻറെ വേലിയേറ്റം!

കൊടിയ ദാരിദ്ര്യദുഃഖത്തിൽ നിന്ന് ആശ്വാസം തേടി കുട്ടിക്കാലത്ത് സഹോദരൻ പ്രഭാകരനൊടൊപ്പം

**കൊടിയ ദാരിദ്ര്യദുഃഖത്തിൽ നിന്ന് ആശ്വാസം തേടി കുട്ടിക്കാലത്ത് സഹോദരൻ പ്രഭാകരനൊടൊപ്പം പഴനിയിലെ ജീവകാരുണ്യാനന്ദാശ്രമത്തിൽ എത്തിയ അർജുനൻ കുമാരയ്യാ പിള്ള എന്ന സംഗീതാചാര്യൻറെ ശിക്ഷണത്തിൽ ശാസ്ത്രീയ സംഗീതത്തിൽ അവഗാഹം നേടിയപ്പോൾ പിൽക്കാലത്ത് അതു മലയാള സംഗീതത്തിന് മുതൽക്കൂട്ടാവുമെന്ന് ആരും കരുതിയില്ല.**

പഴനിയിലെ ജീവകാരുണ്യാനന്ദാശ്രമത്തിൽ എത്തിയ അർജുനൻ കുമാരയ്യാ പിള്ള എന്ന സംഗീതാചാര്യൻറെ ശിക്ഷണത്തിൽ ശാസ്ത്രീയ സംഗീതത്തിൽ അവഗാഹം നേടിയപ്പോൾ പിൽക്കാലത്ത് അതു മലയാള സംഗീതത്തിന് മുതൽക്കൂട്ടാവുമെന്ന് ആരും കരുതിയില്ല. കൊച്ചിയിലും പരിസരത്തുമുള്ള ചെറിയ ചെറിയ സമിതികളിൽ ഗായകനായി കൗമാരവും യൗവനവും താണ്ടുന്നതിനിടയിൽ ഹാർമോണിയം വായിക്കുന്നതിലും അർജുനൻ പ്രാവീണ്യം നേടി. ഷരീഫ് എന്ന സുഹൃത്തിൻറെ സഹായത്തോടെ പിജെ ആൻറണിയുടെ നാടക സമിതിയിൽ എത്തിയ കഥ ഓർക്കുമ്പോൾ അദ്ദേഹത്തിനു ചിരിയാണ്.'ക്യാമ്പിൽ നിന്ന് നാടക സ്ഥലത്തേക്കുള്ള വണ്ടിയിൽ ഞാനും തിക്കിക്കയറി. സുഹൃത്ത് നേരത്തേയുള്ള വണ്ടിയിൽ പുറപ്പെട്ടു കഴിഞ്ഞിരുന്നു. മറ്റുള്ളവർക്ക് എന്നെ പരിചയവുമില്ല.

അപരിചിതൻ തിക്കിക്കയറിയതിൻറെ പേരിൽ അംഗങ്ങൾ തമ്മിൽ നാടകം കഴിഞ്ഞ് തർക്കമായി. തർക്കം വാക്കേറ്റമായി. പിജെ ആൻറണി അംഗങ്ങളെയും എന്നെയും കണ്ണടച്ച് തെറി പറഞ്ഞു. കോപം വന്നാൽ ആൻറണി പരിസരം മറന്ന് തെറിയഭിഷേകം നടത്തും. സമിതിയിൽ പുതിയതായി ഹാർമോണിയം വായിക്കാൻ

കണ്ടെത്തിയ ആളാണതെന്ന് ഷെരീഫ് വ്യക്തമാക്കുന്നതിനു മുമ്പു തന്നെ ഞാൻ സ്ഥലം വിട്ടിരുന്നു.

എല്ലാവരും കൂടി പരിസരത്താകെ അന്വേഷിച്ചെങ്കിലും ഫലമുണ്ടായില്ല.

ക്യാമ്പിലെത്തിയപ്പോൾ ഞാൻ വരാന്തയിൽ കിടന്നുറങ്ങുന്നതാണ് കണ്ടത്. പിജെ ആൻറണി സ്നേഹത്തോടെ വിളിച്ചു,‘;ആളറിയാതെ പറ്റിപ്പോയതാണ്. ക്ഷമിക്കണം.

അർജുനാ, എഴുന്നേൽക്ക്, ഭക്ഷണം കഴിക്കാം.‘ ഞാൻ അയഞ്ഞില്ല. ഭക്ഷണം വേണ്ടെന്നു വാശിപിടിച്ചു. ആൻറണി വീണ്ടും വീണ്ടും വിളിച്ചു. ഞാൻ തീരെ വഴങ്ങിയില്ല.

ഒടുവിൽ അദ്ദേഹത്തിൻറെ ക്ഷമകെട്ടു. ‘എന്നാൽ താൻ എഴുന്നേറ്റ് കുറച്ചു കള്ളെങ്കിലും കുടിക്ക്.‘; അതൊരു കൂട്ടച്ചിരിയിലാണ് അവസാനിച്ചത്. അദ്ദേഹവുമൊത്തുള്ള സൗഹൃദം പിന്നീട് വളരെക്കാലം തുടർന്നു. പിജെ ആൻറണിയുടെ നിരവധി നാടകങ്ങൾക്ക് ഞാൻ പിൽക്കാലത്ത് സംഗീതം നൽകിയിട്ടുണ്ട്.‘

കാളിദാസ കലാകേന്ദ്രത്തിൽ അംഗമായതു മുതൽ അർജുനൻറെ സംഗീതത്തിനും ജീവിതത്തിനും പ്രകടമായ വ്യതിയാനങ്ങളുണ്ടായി. തുടർച്ചയായ നാൽപതു വർഷം ആ സമിതിയുമായി അദ്ദേഹം സഹകരിച്ചു. കേരളത്തിലെ മറ്റൊരു സമിതിയിലും ഒരു കലാകാരൻ ഇത്രകാലം സഹകരിച്ചിട്ടുണ്ടാവില്ല. ‘;ദേവരാജൻ മാസ്റ്ററാണ് കാളിദാസ കലാകേന്ദ്രത്തിൻറെ സ്ഥാപകൻ. സംഗീതത്തോടൊപ്പം എന്നെ ജീവിതവും പഠിപ്പിച്ചത് അദ്ദേഹമാണ്. എങ്ങനെ ജീവിക്കണം, മറ്റുള്ളവരോട് എങ്ങനെ പെരുമാറണം, കിട്ടുന്ന വരുമാനം കുടുംബത്തിനു പ്രയോജനപ്പെടും വിധം എങ്ങനെ ചെലവഴിക്കണം എന്നു തുടങ്ങി അച്ചടക്കവും അടുക്കും ചിട്ടയുമെല്ലാം ഞാൻ മനസ്സിലാക്കിയത് മാസ്റ്ററിൽ നിന്നാണ്. സമിതിയിലെ അംഗങ്ങൾ തികഞ്ഞ



എം കെ അർജുനനനും ദേവരാജനും ലേഖകനും

**ചലച്ചിത്രരംഗത്ത് തിരക്കേറിയതോടെ കാളിദാസ കലാകേന്ദ്രത്തിൻറെ ചുമതല ഒമാധവനെ ഏൽപിച്ച് ദേവരാജൻ മാസ്റ്റർ മദിരാശിയിലേക്കു പോയി. ആ വർഷത്തെ പുതിയ നാടകൺമായ'യമുന';യ്ക്ക് സംഗീതം പകരാൻ അർജുനനെ ഏൽപിച്ചാൽ മതിയെന്ന് മാസ്റ്റർ നിർദ്ദേശവും നൽകി. 'വിവരം അറിഞ്ഞ ദിവസം ഞാൻ ഉറങ്ങിയില്ല. ദേവരാജൻ മാസ്റ്റർ ഇരുന്ന സ്ഥലത്ത് കയറിയിരിക്കുക എനിക്കു ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല.**

അച്ചടക്കം പാലിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. എന്നാൽ ആരുടെയും വ്യക്തിസ്വാതന്ത്ര്യത്തിൽ അദ്ദേഹം ഇടപെട്ടിരുന്നില്ല. സമിതിയുടെ പ്രവർത്തനത്തിൽ ആർക്കെങ്കിലും പരാതിയോ നിർദ്ദേശങ്ങളോ അവതരിപ്പിക്കാനുണ്ടെങ്കിൽ അംഗങ്ങളുടെ ജനറൽ ബോഡി യോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കുകയായിരുന്നു പതിവ്. ചില കലാകാരന്മാർ നാടകം കഴിഞ്ഞ് മദ്യപിച്ച് മറ്റംഗങ്ങൾക്ക് ശല്യമാകുന്നതായി പരാതി ഉയർന്നപ്പോൾ ജനറൽ ബോഡി യോഗം വിളിച്ചു ചേർത്തു. മീറ്റിംഗ് നടക്കുന്ന ഹാളിൻറെ ഒരു കോണിൽ പനി ബാധിച്ച് മൂടിപ്പുതച്ച് കിടക്കുകയായിരുന്നു ഞാൻ. യോഗം ആരംഭിച്ചു. ‘നിങ്ങളിൽ പലരും മദ്യപിക്കുന്നവരാണെന്ന് എനിക്കറിയാം. അതു നിങ്ങളുടെ സ്വകാര്യ സന്തോഷമാണ്. ഞാൻ അതിൽ ഇടപെടില്ല. പക്ഷേ അത്തരം സന്തോഷം സമിതിയിലെ മറ്റംഗങ്ങൾക്ക് ദോഷകരമാകാതെ നോക്കണം. ആ കിടക്കുന്നയാളെ കണ്ടില്ലേ. അയാൾ ഇടക്കിടെ മദ്യപിക്കുമെന്ന് എനിക്കറിയാം. പക്ഷേ അയാൾ മദ്യപിച്ച് എന്തെങ്കിലും ശല്യമുണ്ടാക്കിയതായി ആർക്കെങ്കിലും പരാതിയുണ്ടോ? ഇല്ല‘ ദേവരാജൻ മാസ്റ്റർ പറഞ്ഞു നിർത്തി. ഞാൻ മദ്യപിക്കുന്ന വിവരം മാസ്റ്റർക്ക് അറിയാമെന്ന് അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. മാസ്റ്ററുടെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നല്ലോ വയലാർ. അദ്ദേഹം മദ്യപിക്കാറുണ്ടായിരുന്നു.

ചില സുഹൃത്തുക്കൾ വിദേശത്തു നിന്നു വരുമ്പോൾ മാസ്റ്റർ വയലാറിനു വേണ്ടി വിദേശമദ്യം വരുത്തി നൽകിയിട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്,‘അർജുനൻ മാസ്റ്റർ ഓർക്കുന്നു. ‘

പതിനഞ്ചു രൂപയായിരുന്നു അക്കാലത്തെ പ്രതിഫലം. ആ തുക കൊണ്ട് ജീവിക്കാനും മിച്ചം

പിടിക്കാനും സാധിച്ചിരുന്നത് മാസ്റ്ററിൽ നിന്നു പഠിച്ച സാമ്പത്തിക അച്ചടക്കം കൊണ്ടു മാത്രമായിരുന്നു. മിച്ചം പിടിച്ച തുകയ്ക്കു വാങ്ങിയ സ്ഥലത്താണ് ഞാൻ പിന്നീടു വീടു പണിത് കുടുംബത്തോടൊപ്പം താമസമാക്കിയത്?. ചലച്ചിത്രരംഗത്ത് തിരക്കേറിയതോടെ കാളിദാസ കലാകേന്ദ്രത്തിൻറെ ചുമതല ഒ മാധവനെ ഏൽപിച്ച് ദേവരാജൻ മാസ്റ്റർ മദിരാശിയിലേക്കു പോയി. ആ വർഷത്തെ പുതിയ നാടകൺമായ'യമുന';യ്ക്ക് സംഗീതം പകരാൻ അർജ്ജുനനെ ഏൽപിച്ചാൽ മതിയെന്ന് മാസ്റ്റർ നിർദ്ദേശവും നൽകി. 'വിവരം അറിഞ്ഞ ദിവസം ഞാൻ ഉറങ്ങിയില്ല.

ദേവരാജൻ മാസ്റ്റർ ഇരുന്ന സ്ഥലത്ത് കയറിയിരിക്കുക എനിക്കു ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. അന്നു രാത്രി ഞാൻ നാടകക്യാമ്പിൽ നിന്ന് ആരുമറിയാതെ സ്ഥലം വിട്ടു. അധികം പണം കൈയിലില്ലാത്തതു കൊണ്ട് ദൂരെയെങ്ങും പോകില്ലെന്ന് മനസ്സിലാക്കിയ മാധവൻ ചേട്ടനും വൈക്കം ചന്ദ്രശേഖരൻ നായരും കാലായ്ക്കൽ കുമാരനും കൊല്ലത്ത് കാടൻമുക്കിലുള്ള എൻറെ ചെറിയമ്മയുടെ വീട്ടിലെത്തി. ഞാൻ അവിടെ ഒളിച്ചിരിപ്പുണ്ടായിരുന്നു. അവർ എന്നെ പിടികൂടിയെങ്കിലും ഞാൻ തീരുമാനത്തിൽ ഉറച്ചു നിന്നു. ';എന്നാൽ അവിടെ വന്ന് സമിതി പിരിച്ചുവിട്ടേക്ക്.

ദേവരാജൻ തുടങ്ങിവച്ചത് അർജുനൻ അവസാനിപ്പിക്ക്. അംഗങ്ങളെല്ലാം അവരവരുടെ വഴിക്ക് പോകട്ടെ,' ഒ മാധവൻ നിരാശയോടെയും തെല്ല് അരിശത്തോടെയും പറഞ്ഞു. സമിതിയുടെ നടത്തിപ്പു തന്നെ സ്തംഭനാവസ്ഥയിലെത്തുമല്ലോ എന്നോർത്ത് ഉപാധികളോടെ ഞാൻ വഴങ്ങി – മാസ്റ്റർ ഉപയോഗിച്ച മുറിയിൽ ഇരുന്ന് പാട്ടുണ്ടാക്കാനാവില്ല. കംപോസിംഗും റിഹേഴ്സലും മറ്റൊരിടത്തേക്ക് മാറ്റണം. വ്യവസ്ഥ അംഗീകരിക്കപ്പെട്ടു. പട്ടത്താനത്ത് മറ്റൊരു കെട്ടിടത്തിൽ മാധവൻ ചേട്ടൻ സൗകര്യം ഏർപ്പെടുത്തി, അർജുനൻ മാസ്റ്റർ കഴിഞ്ഞകാല അനുഭവങ്ങൾ ഓർത്തെടുക്കുന്നു.



എം കെ അർജുനനും യേശുദാസും ശ്രീകുമാരൻ തമ്പിയും

**കെപിഎസി, ആലപ്പി തിയേറ്റേഴ്സ്,ദേശാഭിമാനി തിയേറ്റേഴ്സ്, കായംകുളം പീപ്പിൾസ് തിയേറ്റേഴ്സ്, ചങ്ങനാശ്ശേരി ഗീഥാ ആർട്ട്സ് ക്ലബ്, വൈക്കം മാളവിക, സൂര്യസോമ, അങ്കമാലി മാനിഷാദ... അങ്ങനെ നിരവധി സമിതികളുടെ നാടകങ്ങൾക്ക് അർജുനൻ മാസ്റ്റർ സംഗീതം പകർന്നു. 1964 – ൽ ആദ്യമായി ഒരു ചലച്ചിത്രത്തിനു സംഗീതം നൽകി. ചിത്രം ഒരേ ഭൂമി ഒരേ രക്തം'**

മറ്റ് നാടക സമിതികളിലേക്കും സംഗീതം ചെയ്യാനുള്ള ക്ഷണം ലഭിച്ചു തുടങ്ങിയതോടെ കാളിദാസനിൽ ഹാർമോണിയം വായിക്കുന്ന പതിവ് മതിയാക്കി. തുടർന്നുള്ള ശ്രദ്ധ മുഴുവൻ സംഗീത സംവിധാനത്തിലായി. കെപിഎസി, ആലപ്പി തിയേറ്റേഴ്സ്, ദേശാഭിമാനി തിയേറ്റേഴ്സ്, കായംകുളം പീപ്പിൾസ് തിയേറ്റേഴ്സ്, ചങ്ങനാശ്ശേരി ഗീഥാ ആർട്ട്സ് ക്ലബ്, വൈക്കം മാളവിക, സൂര്യസോമ, അങ്കമാലി മാനിഷാദ... അങ്ങനെ നിരവധി സമിതികളുടെ നാടകങ്ങൾക്ക് അർജുനൻ മാസ്റ്റർ സംഗീതം പകർന്നു.

1964–ൽ ആദ്യമായി ഒരു ചലച്ചിത്രത്തിനു സംഗീതം നൽകി. ചിത്രം ഒരേ ഭൂമി ഒരേ രക്തം'.;. പക്ഷേ ചിത്രം പുറത്തു വന്നില്ല. 1968–ൽ കറുത്ത പൗർണമി എന്ന ചിത്രത്തിനു സംഗീതം നൽകിയതോടെ എംകെ അർജുനൻ ശ്രദ്ധിക്കപ്പെട്ടു. അതിലെ പാട്ടുകളെല്ലാം ശ്രോതാക്കൾ ഏറ്റുവാങ്ങി. മാനത്തിൻ മുറ്റത്ത്..., ഹൃദയമുരുകി നീ കരയില്ലെങ്കിൽ..., പൊൻകിനാവിൻ പുഷ്പരഥത്തിൽ... തുടങ്ങിയ ഗാനങ്ങൾ ഇന്നും ഒളിമങ്ങാതെ മലയാളി മനസ്സിൽ തിളങ്ങുന്നു. തുടർന്ന് റസ്റ്റ് ഹൗസ് (യദുകുല രതിദേവനെവിടെ, പാടാത്ത വീണയും പാടും?, മുത്തിലും മുത്തായ), സിഐഡി നസീർ (നിൻമണിയറയിലെ, നീലനിശീഥിനീ), പുഷ്പാഞ്ജലി (നക്ഷത്ര കിന്നരന്മാർ വിരുന്നുവ

ന്നു, ദുഃഖമേ നിനക്കു പുലർകാല വന്ദനം), ആദ്യത്തെ കഥ (ഭാമിനീ ഭാമിനീ, ഓട്ടുവളയെടുക്കാൻ മറന്നു ഞാൻ മറന്നു), യാമിനി (പുഞ്ചിരിപ്പൂവുമായ് (സിന്ധു? (ചെട്ടികുളങ്ങര ഭരണിനാളിൽ?), ഹലോ ഡാർലിംഗ് (അനുരാഗമേ അനുരാഗമേ, ദ്വാരകേ ദ്വാരകേ), (പിക്നിക്) ചന്ദ്രക്കല മാനത്ത്, കസ്തൂരി മണക്കുന്നല്ലോ കാറ്റേ, വാൽക്കണ്ണെഴുതി വനപുഷ്പം ചൂടി), ഇതു മനുഷ്യനോ? (സുഖമൊരു ബിന്ദു ദുഃഖമൊരു ബിന്ദു), ആശിർവാദം (സീമന്തരേഖയിൽ), കന്യാദാനം (രണ്ടു നക്ഷത്രങ്ങൾ കണ്ടുമുട്ടി), ചീനവല (തളിർവലയോ താമരവലയോ), കാത്തിരുന്ന



**എം.കെ. അർജുൻ, ആർ.കെ.ശേഖർ, സംവിധായകൻ വേണു, പി. ജയചന്ദ്രൻ എന്നിവർക്കൊപ്പം**

നിമിഷം (ചെമ്പകത്തൈകൾ പൂത്ത) ... അങ്ങനെ എത്രയെത്ര ഗാനങ്ങൾ! ദേവരാജൻ മാസ്റ്ററും രാഘവൻ മാസ്റ്ററും ദക്ഷിണാമൂർത്തി സ്വാമിയും ബാബുരാജുമൊക്കെ മലയാള ചലച്ചിത്ര സംഗീതരംഗം അടക്കിവാഴുമ്പോഴാണ് അർജുനൻ മാസ്റ്റർ തൻറെ ഇടം കണ്ടെത്തിയത്. പി ഭാസ്കരനും വയലാറും ഒക്കെ അർജുനൻറെ വളർച്ചയ്ക്ക കരുത്തു പകർന്നെങ്കിലും ശ്രീകുമാരൻ തമ്പി – അർജുനൻ കൂട്ടുകെട്ടിലാണ്

**1968–ൽ കറുത്ത പൗർണമി എന്ന ചിത്രത്തിനുസംഗീതം നൽകിയതോടെ എംകെ അർജുനൻ ശ്രദ്ധിക്കപ്പെട്ടു. അതിലെ പാട്ടുകളെല്ലാം ശ്രോതാക്കൾ ഏറ്റുവാങ്ങി. മാനത്തിൻ മുറ്റത്ത്..., ഹൃദയമുരുകി നീ കരയില്ലെങ്കിൽ..., പൊൻകിനാവിൻ പുഷ്പരഥത്തിൽ... തുടങ്ങിയ ഗാനങ്ങൾ ഇന്നും ഒളിമങ്ങാതെ മലയാളി മനസ്സിൽ തിളങ്ങുന്നു.**

ഏറ്റവുമധികം ഗാനങ്ങൾ പിറന്നത്. ചലച്ചിത്ര സംഗീത ചരിത്രത്തിൽ സുവർണലിപികളാൽ രേഖപ്പെടുത്തേണ്ട അനശ്വര ഗാനങ്ങൾ അവർ നെയ്തുകൂട്ടി!

ആദ്യകാലത്ത് ആർകെ ശേഖറും പിൽക്കാലത്ത് ജോൺസണുമാണ് അർജുനൻ മാസ്റ്ററുടെ സഹായികളായി പ്രവർത്തിച്ചത്. അദ്ദേഹത്തിൻറെ മനോഹരങ്ങളായ ഈണങ്ങൾക്ക് അനുയോജ്യമായ ഓർക്കസ്ട്ര ഒരുക്കാൻ രണ്ടുപേരും പരമാവധി ശ്രമിച്ചിട്ടുണ്ട്. ഒരു സഹപ്രവർത്തകൻ എന്നതിനേക്കാൾ ഒരു സഹോദരനെപ്പോലെയാണ് അർജുനൻ മാസ്റ്റർ ആർകെ ശേഖറെ കണ്ടിരുന്നതെങ്കിൽ ജോൺസൺ അദ്ദേഹത്തിനു മകനു തുല്യമായിരുന്നു. ശേഖറിൻറെ അകാലനിര്യാണം ആ കുടുംബത്തിനേൽപിച്ച ആഘാതത്തിന് അങ്ങേയറ്റം ആശ്വാസമായി വർത്തിച്ചതും മാസ്റ്റർ തന്നെ. ശേഖറിൻറെ മരണശേഷവും ഓരോ റെക്കോഡിംഗിനും ശേഖറിനു നൽകിപ്പോന്ന പ്രതിഫലം മാസ്റ്റർ ആ കുടുംബത്തിൽ പതിവായി എത്തിച്ചിരുന്നു. ശേഖറിൻറെ മകൻ ദിലീപിന് അന്നു പന്ത്രണ്ടു വയസ്സ്. കീബോഡിൽ പിച്ചവയ്ക്കുന്ന കാലം. ശശികുമാറിൻറെ സംവിധാനത്തിൽ ജംബുലിംഗം എന്ന ചിത്രത്തിലെ പൂവച്ചൽ ഖാദർ എഴുതിയ ഗാനത്തിൻറെ റെക്കോഡിംഗിന് സ്റ്റുഡിയോയിൽ അർജുനൻ മാസ്റ്റർ ആദ്യമായി ദിലീപിനേയും കൂട്ടിക്കൊണ്ടു വന്നു. ലതികയും സംഘവും ചേർന്നു പാടുന്ന മുല്ലപ്പൂ കൊണ്ടുവായോ, മല്ലിപ്പൂ കൊണ്ടുവായോ എന്ന ഗാനത്തിൻറെ റിഹേഴ്സൽ നടക്കുകയാണ്. ചെറിയ പയ്യനു മ്യൂസിക് പറഞ്ഞുകൊടുക്കാൻ തെല്ലു മടിയോടെയാണെങ്കിലും ജോൺസൺ മുന്നോട്ടു വന്നു. റെക്കോഡിംഗ് കഴിഞ്ഞപ്പോൾ മാസ്റ്റർ സ്വന്തം പോക്കറ്റിൽ നിന്ന് നൂറു രൂപ ദിലീപിനു പ്രതിഫലം നൽകി. ദിലീപ് വളർന്നു വളർന്ന് പിൽക്കാലത്ത് ഇളയരാജയുടേയും ഹംസലേഖയുടേയും മറ്റ് പ്രമുഖ സംഗീത സംവിധായകരുടെയും ഒക്കെ പ്രധാന കീബോഡ് പ്ലെയർ ആയി. പിന്നീട് ലോകം പിടിച്ചടക്കിയ സംഗീതസംവിധായകനായി – എആർ റഹ്മാനായി. ചലച്ചിത്ര രംഗത്ത് തിരക്കിലായിരുന്നപ്പോഴും നാടക സംഘങ്ങളെ അർജുനൻ മാസ്റ്റർ കൈവെടിഞ്ഞിരുന്നില്ല. 350–ല



ധികം നാടകങ്ങൾക്കും 175-ല ധികം ചലച്ചിത്രങ്ങൾക്കുമായി ആയിരത്തോളം സുന്ദര ഗാനങ്ങൾ അർജുനൻ മാസ്റ്റർ മലയാളിക്കു സമ്മാനിച്ചു. പകരം ചലച്ചിത്രലോകം മാസ്റ്റർക്കു സമ്മാനിച്ചതോ, അവഗണന മാത്രം. 2017-ൽ ആദ്യമായാണ് അർജുനൻ മാസ്റ്ററുടെ പാട്ടുകൾ സംസ്ഥാന ചലച്ചിത്ര അവാർഡ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെട്ടത്.

പത്മാപുരസ്കാരങ്ങൾ പലതവണ പടിക്കൽ വരെ എത്തി നോക്കി കടന്നുപോയി. എന്നാൽ സംസ്ഥാന നാടക അവാർഡ് കമ്മിറ്റിയാകട്ടെ പതിനാറു തവണ അദ്ദേഹത്തെ മികച്ച സംഗീതസംവിധായകനായി തെരഞ്ഞെടുത്തു. ജനങ്ങളുടെ പ്രിയപ്പെട്ട കലാകാരൻ ഇതിലൊന്നും പരിഭവിക്കാനോ സന്തോഷിക്കാനോ പോയില്ല.

മലയളികളുടെ പ്രിയങ്കരനായ അർജുനൻ മാസ്റ്റർ 2020 ഏപ്രിൽ 6-ാം തീയതി നമ്മെ വിട്ടുപിരിഞ്ഞു. കൊവിഡ് മഹാമാരിയുടെ താണ്ഡവവും കർശന നിയന്ത്രണങ്ങളും മൂലം അന്തിമോപചാരം അർപ്പിക്കാൻ അധികമാർക്കും സാധിച്ചില്ല. ആരാധകർക്കും സുഹൃത്തുക്കൾക്കും താങ്ങാനാകാത്ത വേദനയായിരുന്നു ആ വിടവാങ്ങൽ. ആ സംഗീതോപാസകൻറെ ഓർമ്മയ്ക്കായി സുഹൃത്തുക്കളെല്ലാം ചേർന്ന്

**ദേവരാജൻ മാസ്റ്ററും രാഘവൻ മാസ്റ്ററും ദക്ഷിണാമൂർത്തി സ്വാമിയും ബാബുരാജുമൊക്കെ മലയാള ചലച്ചിത്ര സംഗീതരംഗം അടക്കിവാഴുമ്പോഴാണ് അർജുനൻ മാസ്റ്റർ തൻറെ ഇടം കണ്ടെത്തിയത്. പി ഭാസ്കരനും വയലാറും ഒക്കെ അർജുനൻറെ വളർച്ചയ്ക്ക കരുത്തു പകർന്നെങ്കിലും ശ്രീകുമാരൻ തമ്പി – അർജുനൻ കൂട്ടുകെട്ടിലാണ് ഏറ്റവുമധികം ഗാനങ്ങൾ പിറന്നത്. ചലച്ചിത്ര സംഗീത ചരിത്രത്തിൽ സുവർണലിപികളാൽ രേഖപ്പെടുത്തേണ്ട അനശ്വര ഗാനങ്ങൾ അവർ നെയ്തുകൂട്ടി!**


ആശ എന്ന കലാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ മാസ്റ്ററുടെ പേരിൽ ഒരു അവാർഡ് നിശ്ചയിച്ചിട്ടുണ്ട്. മാസ്റ്ററുടെ പ്രിയസുഹൃത്തും പ്രശസ്ത കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിയാണ് പ്രഥമ എംകെ അർജുനൻ അവാർഡ് ഏറ്റുവാങ്ങിയത്.

സംഗീതകുലപതിയായ ദേവരാജൻ മാസ്റ്ററുടെ മാനസപുത്രനു മരണമില്ല. പള്ളുരുത്തി ഭവാനീശ്വര ക്ഷേത്രത്തിനു സമീപമുള്ള ഓപ്പൺ എയർ സ്റ്റേഡിയം അർജുനൻ മാസ്റ്ററുടെ നാമധേയത്തിലാണ് അറിയപ്പെടുന്നത്. സ്റ്റേഡിയത്തിൻറെ നവീകരണ പ്രവർത്തനങ്ങൾ കൊച്ചിൻ കോർപറേഷൻറെ മേൽനോട്ടത്തിൽ ഇപ്പോൾ പുരോഗമിച്ചുവരുന്നു. നൂറുകണക്കിനുള്ള മനോഹര ഗാനങ്ങളിലൂടെ മലയാളി മനസ്സുകളിൽ ചിരഞ്ജീവിയായി എക്കാലവും അദ്ദേഹം നിറഞ്ഞു നിൽക്കും.



കവിത

# ജ്ഞാനപുസ്തകം



**രമാ പ്രസന്ന പിഷാരടി**

എനിക്ക് പ്രിയം, ഭയം
എന്നെ മാത്രമാണെന്റെ
ചിറക്, വിലങ്ങുകൾ
ശൂന്യത, കിനാവുകൾ
എനിക്ക് സ്വന്തം തന്നെ
ശിരസ്സിൽ കുരുക്കിട്ട്
വലിച്ച് മുറുക്കുന്നൊരായിരം
വിചാരങ്ങൾ
കുടമൺകുളമ്പടിയൊച്ചകൾ
കാറ്റിൽ കൂടിയൊഴുകും പോകും
പഞ്ഞിപ്പക്ഷികൾ
വെൺപ്രാവുകൾ..

എനിക്ക് പ്രിയം, വാശി-
യെന്നോട് തന്നെ സ്നേഹക്കടങ്ങൾ,
കനൽ കോരിക്കുടിച്ച പരാതികൾ
ഹൃദയം ദയാവായ്പിൽ
കോലമിട്ടടുപ്പ് കല്ലതിലായ്
തിളയ്ക്കുന്നൊരാറ്റുകാൽ
പൊങ്കാലകൾ
നിഴലും, വെളിച്ചവും
വെയിലും, മഴച്ചാറ്റൽ
മുനമ്പിൽ കൂടിച്ചേരും
സമുദ്രം, കടലുകൾ.
സ്നേഹവും, കലമ്പലും
രോഷവും, ദയാവായ്പും
ചേരുന്ന ജൂഗൽബന്ദി
തീരത്തിന്നാന്തോളനം

എന്നിലുണ്ടിതേ വിധം
ചേർത്തടുക്കുമ്പോൾ
ശരപഞ്ജരങ്ങളും
തൂവൽ വിരിച്ച
പീഠങ്ങളും
രാത്രിമുല്ലകൾ, പാല-
പൂക്കുന്ന നിശാകാശ-
യാത്രയിൽ മാലാഖമാർ
തൊടുന്ന സു:സ്വപ്നങ്ങൾ
മന്ത്രയക്ഷികളാണിപ്പാടിൽ
നിന്നോടിപ്പോന്ന് വന്നിരിക്കുമാ-
പനങ്കാടിന്റെ പ്രകമ്പനം

എനിക്ക് പ്രിയം, ഭയം
എന്റെ വാക്കുകൾ തന്നെ-
യൊഴുക്കിൽ നീന്തുന്നേരമുയിരിൽ
ചുംബിക്കുന്നോർ
എനിക്ക് ചുറ്റും വിസ്ഫോടനങ്ങൾ
മദ്ധ്യാഹ്നത്തിലിടക്ക്
ഞാൻ കത്തിക്കുമെന്റെയീ
മഹാമൗനം
ജപകാലങ്ങൾ കഴിഞ്ഞൊരു-
മണ്ഡപത്തിലെ
കൊഴിഞ്ഞ രുദ്രാക്ഷങ്ങൾ
കത്തുന്ന ത്രിനേത്രങ്ങൾ.

വാദിയും, പ്രതിക്കൂടുമെന്നുമേ-
ഞാനാണെന്റെ
ജ്ഞാനപുസ്തകത്തിന്റെ
നാരായമുനയ്ക്കുള്ളിൽ
നോവുണ്ട്, ഹിരണ്മയ-
ഗർഭത്തിലുണർന്നതാം
നാദവീചികൾ, പദമാലിക
മന്ത്രാക്ഷരം.
പർവ്വതശിഖരത്തിലുണരും
പച്ചത്തുരുത്തുർവ്വിയിൽ
ഉദാസീനമിരിക്കും
തടാകങ്ങൾ
ദർപ്പണങ്ങളിൽ നിന്നുമടരും
പ്രതിച്ഛായ
സ്വച്ഛമായിരിക്കുന്നതിലെ
നിസ്സംഗത
ദിക്പാലകന്മാർ കാവൽ
നിൽക്കുന്ന ഭൂമണ്ഡലം
സ്വപ്നലോകത്തിൽ വന്ന്
നിറയും മഹാജാലം
മായയോ, മരീചികയെന്ന പോൽ
ദൂരത്തൊരു ദീപമുണ്ടാകാം
പ്രകാശത്തിന്റെയൊരു തരി

എന്നിലുണ്ടതേ ദീപസ്തംഭങ്ങൾ
മഹാലയമൗനമായമാവാസി-
യിരുളും പിതൃക്കളും
ജലമിറ്റിക്കാനൊരു ഋണത്തെ
വീട്ടാനൊരു മഴ പെയ്യുവാൻ
കാത്ത് ഞാനിരിക്കുന്നു വീണ്ടും
എന്നിലുണ്ടതേ മഴ, തുലാവർഷങ്ങൾ
നിന്ന് പെയ്യുന്ന നിർത്താത്തൊരു
മഴയാണതേ മഴ

എനിക്ക് പ്രിയം, ദ്വേഷം
എന്നിലെയെന്നോടെന്നും
നെരിപ്പോടുകൾ കത്തിപ്പടർന്ന
തീഗോളത്തെയടക്കാൻ
തെളിനീരാൽ ധാരകോരുന്നു ഞാനും

കയ്പുണ്ട്, ചവർപ്പുണ്ട്
ശിരസ്സിൽ തളം കെട്ടിയിത്തിരി-
നോവിക്കുന്നു
എന്നിലെ മറ്റേയൊരാൾ
തണുക്കുന്നിടക്കത്
മഞ്ഞുപൂവുകൾ പോലെ
ജ്വലിക്കുന്നിടക്കത്
വേനലോർമ്മകൾ പോലെ.

എനിക്ക് പ്രിയം, സ്നേഹം
മടുപ്പതെന്നോടെന്നും
തണുപ്പിൽ മണ്ണിൽ
നിന്ന് പിടയ്ക്കും
വേരാണത്...
തളിർ പൊട്ടുമോ,
താഴെത്തളരും വൈദേഹിയെ
ഒരിക്കൽ കാണാനായി പോകുമോ
ജലാർദ്രത കുറഞ്ഞ മരുഭൂവിലൊറ്റക്ക്
നടക്കുമോ?
ഇലകൾ പൊഴിഞ്ഞൊരു
ഹേമന്തം കടന്നാദിയുഗമായ്
മഞ്ഞിൽ ധ്യാനമാർന്ന്
ഞാനിരിക്കുമോ?

എനിക്ക് പ്രിയം ഭയം
എന്നെയാണെങ്കിൽ പോലും
ഋതുസംഗ്രഹങ്ങളാണത്
ഭൂമിയെ പോലെ ..
ഉണരും നേരം പൂവ്
വിരിയും വസന്തത്തിനൊരു
ചില്ലയിൽ എന്റെ
സ്വപ്നങ്ങളുണ്ടായേക്കാം..


the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
The Cotillion is Guaranteed to be a Great Dine Experience
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300





**ഇരുസൈന്യങ്ങളുടെ നടുക്കായി നിറുത്തിയ തേർത്തട്ടിൽ തളർന്നു ചഞ്ചലമനസ്കനായി ധർമ്മവും അധർമ്മവും തിരിച്ചറിയാതെയിരിക്കുന്ന അർജുനൻ തന്റെ മാനസികവിഷമങ്ങൾ വിവരിച്ച് പൂർണ്ണമായി കൃഷ്ണനെ ശരണം പ്രാപിക്കുന്നു. അപ്പോൾ ഭഗവൻ അർജുനനെ തത്വങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നു.**

# സാംഖ്യയോഗം

സുധീർ പണിക്കവീട്ടിൽ

കപിലമുനിയുടെ സാംഖ്യ ദർശനമല്ല ഇവിടെ വിസ്തരിക്കുന്നത്. വേദാന്തത്തിലെ ജ്ഞാനമാർഗ്ഗത്തെപ്പറ്റിയാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഇരുസൈന്യങ്ങളുടെ നടുക്കായി നിറുത്തിയ തേർത്തട്ടിൽ തളർന്നു ചഞ്ചലമനസ്കനായി ധർമ്മവും അധർമ്മവും തിരിച്ചറിയാതെയിരിക്കുന്ന അർജ്ജുനൻ തന്റെ മാനസിക വിഷമങ്ങൾ വിവരിച്ച് പൂർണ്ണമായി കൃഷ്ണനെ ശരണം പ്രാപിക്കുന്നു.

അപ്പോൾ ഭഗവൻ അർജുനനെ തത്വങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നു. ശരീരം നാശമുള്ളതാണ്. ആത്മാവ് നശിക്കുന്നില്ല. ആത്മാവിനെ ആർക്കും കൊല്ലാൻ കഴിയുകയില്ല. പഴയ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പുതിയവ സ്വീകരിക്കുന്നപോലെ ആത്മാവ് ജീർണ്ണിച്ച ശരീരങ്ങളെ ഉപേക്ഷിക്കുന്നു. ജീവികളുടെ ആദി അവ്യക്തമാണ്. മധ്യാവസ്ഥയാണ് വ്യക്തം. അന്ത്യവും അവ്യക്തമാണ്. സ്വധർമ്മാനുഷ്ഠാനത്തിൽ നിന്ന് പിന്മാറുന്നത് മാനികൾക്ക് മരണത്തേക്കാൾ ഭയാനകമാണ്.

**സഞ്ജയൻ പറഞ്ഞു. യുദ്ധം ചെയ്യുകയില്ലെന്നു ഹൃഷികേശനോട് പറഞ്ഞു അർജുനൻ നിശ്ശബ്ദത പാലിച്ചുനിന്നു. ഉഭയസൈന്യങ്ങളുടെ മധ്യത്തിൽ മനോവേദനയോടെ നിൽക്കുന്ന അര്ജുനനോട് ഹൃഷികേശൻ ഒരു മന്ദഹാസത്തോടെ താഴെ പറയുന്ന കാര്യങ്ങൾ പറഞ്ഞു. ഭഗവൻ: നീ ആർക്ക് വേണ്ടി കേഴുന്നവോ അവർക്കുവേണ്ടി നീ കേഴേണ്ടവനല്ല. അതേസമയം നീ ജ്ഞാനികളെപോലെ സംസാരിക്കുകയും ചെയ്യുന്നു. ബുദ്ധിമാന്മാർ ജീവിച്ചിരിക്കുന്നവർക്കോ, മരിച്ചവർക്കോ വേണ്ടി കരയുന്നില്ല. ഒരിക്കലും, ഞാനോ നീയോ, ഈ രാജാക്കന്മാരോ ഇല്ലാതിരുന്നിട്ടില്ല. ഇവരൊന്നും ഇല്ലാതാകാൻ പോകുന്നുമില്ല.**

ഇതിനു ശേഷം കർമ്മയോഗത്തെപ്പറ്റി ഭഗവൻ അർജുനനെ ഉപദേശിക്കുന്നു. കർമ്മയോഗമനുഷ്ഠിക്കുന്നവർക്ക് ഭയപ്പെടേണ്ടതില്ലെന്നും കാമ്യകർമ്മങ്ങളെ (ഫലകാംക്ഷയോടെയുള്ള കർമ്മങ്ങൾ) വിശദീകരിച്ച് ത്രിഗുണവിഷയങ്ങൾക്കതീതനാകാനും പറയുന്നു. ഫലം കിട്ടണമെന്ന ആഗ്രഹത്തോടെ കർമ്മം ചെയ്യരുതെന്നും എന്നാൽ കർമ്മം ചെയ്യാ

തിരിക്കരുതെന്നും ഉപദേശിക്കുന്നു. സ്ഥിതപ്രജ്ഞനെപ്പറ്റിയും ബ്രഹ്മനിഷ്ഠയെപ്പറ്റിയും വിവരിക്കുന്നു. ഇനി വിശദമായി സഞ്ജയൻ പറഞ്ഞു. ദുഖത്തോടെ, ഈറനണിഞ്ഞ കണ്ണുകളോടെ ഇരുന്ന കരുണാമയനായ അർജുനനോട് മധുസൂദനൻ പറഞ്ഞു. ഈ വിഷമഘട്ടത്തിൽ മഹാന്മാർക്ക് യോജിക്കാത്തവിധം ഏതു മായക്കാണ് നീ അധീനനായിരിക്കുന്നത്.

ക്‌ളൈബ്യം മാ സ്മഗമ: പാർത്ഥ !
നൈെത ത്ത്വായ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൗർബല്യം
ത്യക് ത്വോ ത്തിഷ്ഠ പരന്തപ !

നപുംസകം ആയി അധഃപതിക്കാതിരിക്കുക. അത് നിനക്ക് യോജിച്ചതല്ല. ഈ ഹൃദയദൗർബല്യം മാറ്റി കർമ്മോന്മുഖകനാകുക ശത്രുക്കളെ തപിപ്പിക്കുന്നവനെ.

അർജുനൻ: ശത്രുദമനനായ കൃഷ്ണാ, പൂജനീയരായ ഭീഷ്മരും ദ്രോണരുമായി ഞാൻ എങ്ങനെ യുദ്ധത്തിൽ ഏർപ്പെടും. ശ്രേഷ്ഠരായ ഇവരെ കൊല്ലുന്നതിനേക്കാൾ ഈ ലോകത്തിൽ ഭിക്ഷ യാചിക്കുന്നത് നല്ലതാണ് ഇവരെ കൊന്നു കിട്ടുന്ന സുഖത്തിൽ ചോരപുരണ്ടിരിക്കുകില്ലേ. യുദ്ധത്തിൽ ഞങ്ങളോ, അവരോ ജയിച്ചേക്കാം.ഇതിൽ ഏതാണ് കാമ്യം എനിക്കറിഞ്ഞുകൂടാ. ഹൃദയദൗബല്യം മൂലം എന്റെ ശരീരം തളരുന്നു.

കാർപണ്യദോഷത്താൽ (മാനസികമായ ഇടിവ്) എന്ത് ചെയ്യണമെന്നറിയാനുള്ള തിരിച്ചറിവ് എനിക്കില്ലാതായിരിക്കുന്നു. അതുകൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു. എന്തിലാണ് എന്റെ നന്മയിരിക്കുന്നത് എന്ന് അസന്ദിഗ്ദ്ധമായ ഭാഷയിൽ എന്നോട് പറയുക. ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ നിന്റെ ശിഷ്യനാണ്. ഞാൻ നിന്നിൽ അഭയം തേടുന്നു. എനിക്ക് നേർവഴി പറഞ്ഞു തരിക. ഈ ഭൂമി മുഴുവൻ കിട്ടിയാലും ദേവന്മാരുടെ മേലാധിപത്യം ലഭിച്ചാലും എന്റെ ദുഃഖത്തെ

**ആയുധങ്ങൾ ഇതിനെ മുറിപ്പെടുത്തുന്നില്ല. അഗ്നിയിൽ ഇതിനു പൊള്ളലേൽക്കുന്നില്ല. വെള്ളം ഇതിനെ നനയ്ക്കുന്നില്ല. കാറ്റ് ഇതിനെ ഉണക്കുന്നില്ല. പഞ്ചേന്ദ്രിയങ്ങൾ വഴി അറിയാൻ അസാധ്യമാകയാൽ ആത്മാവിനെ അവ്യക്തനെന്നും മനസ്സ് കൊണ്ട് അറിയാൻ വയ്യാത്തതിനാൽ അചിന്ത്യനെന്നും ആത്മാവിനെ അറിഞ്ഞിട്ടും നിനക്ക് ദുഖിക്കാൻ അവകാശമില്ല. ഇനിയിപ്പോൾ ഇത് ജനിക്കുന്നുവെന്നും മരിക്കുന്നുവെന്നും, മഹാബാഹുവായ അർജുന , നീ വിചാരിക്കുന്നുവെങ്കിൽ കൂടി നീ ദുഃഖിക്കരുത്**

അതിനു മാറ്റാൻ കഴിയില്ല. കൃഷ്ണന്റെ ഉപദേശം സ്വീകരിക്കാൻ തയ്യാറുള്ള അർജുനൻ, കൃഷ്ണനെ വിശ്വസിക്കുന്നു അർജുനൻ. തനിക്ക് നല്ലതേ പറഞ്ഞു തരു എന്ന് ഉറച്ച് വിശ്വസിക്കുന്ന അർജുനൻ അർജുനന്റെ ഈ മനോനിലയാണ് ഭക്തന്മാർക്ക് ഉണ്ടായിരിക്കേണ്ടത്. പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അചഞ്ചലമായ ഭക്തിയോടെ ഭഗവാനിൽ ആശ്രയം തേടുക. അഭയം തേടുക.

സഞ്ജയൻ പറഞ്ഞു. യുദ്ധം ചെയ്യുകയില്ലെന്നു ഹൃഷികേശനോട് പറഞ്ഞു അർജുനൻ നിശ്ശബ്ദത പാലിച്ചുനിന്നു. ഉഭയസൈന്യങ്ങളുടെ മധ്യത്തിൽ മനോവേദനയോടെ നിൽക്കുന്ന അര്ജുനനോട് ഹൃഷികേശൻ ഒരു മന്ദഹാസത്തോടെ താഴെ പറയുന്ന കാര്യങ്ങൾ പറഞ്ഞു.

ഭഗവൻ: നീ ആർക്ക് വേണ്ടി കേഴുന്നവോ അവർക്കുവേണ്ടി നീ കേഴേണ്ടവനല്ല. അതേസമയം നീ ജ്ഞാനികളെപോലെ സംസാരിക്കുകയും ചെയ്യുന്നു. ബുദ്ധിമാന്മാർ ജീവിച്ചിരിക്കുന്നവർക്കോ, മരിച്ചവർക്കോ വേണ്ടി കരയുന്നില്ല.ഒരിക്കലും, ഞാനോ നീയോ, ഈ രാജാക്കന്മാരോ ഇല്ലാതിരുന്നിട്ടില്ല. ഇവരൊന്നും ഇല്ലാതാകാൻ പോകുന്നുമില്ല. ആത്മാവ് ഒരു ശരീരം വിട്ടു വേറൊരു ശരീരം തിരഞ്ഞെടുക്കുമ്പോൾ ബുദ്ധിമാന്മാർ അതിൽ ഖേദിക്കുന്നില്ല. ചൂടും, തണുപ്പും, സുഖവും വേദനയും ഇന്ദ്രിയാനുഭൂതികളാണ്. അവ ക്ഷണികങ്ങളാണ്. അവയെ സഹിക്കുക. സുഖദുഃഖങ്ങളിൽ സമചിത്തത പാലിക്കുന്നവനെ ഇന്ദ്രിയവിഷയങ്ങൾ അലട്ടുന്നില്ല. അവൻ അമൃതത്വത്തിനു യോഗ്യനായിത്തീരുന്നു. ഇല്ലാത്തത് ഉണ്ടായിരുന്നതായും, ഉള്ളത് ഇല്ലാതിരുന്നതുമായ അവസ്ഥയില്ല. ഈ രണ്ടിന്റെയും സത്യാവസ്ഥ ദാർശനികർ കണ്ടെത്തുന്നു. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ആത്മാവ് നാശമില്ലാത്തതാണ്. അതിനെ നശിപ്പിക്കാൻ ആരാലും സാധ്യമല്ല. ശരീരം നാശമുള്ളതാണ്. അതിൽ വസിക്കുന്ന ആത്മാവ് നിത്യനും നാശരഹിതനുമാണ്. അതിനാൽ അർജ്ജുനാ നീ യുദ്ധം ചെയ്താലും.

## ആത്മാവിനെപ്പറ്റിയുള്ള വിവരണം

ന ജായതേ മ്രിയതേ വാ കദാചിത്
നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ
അജോ നിത്യ: ശ്വാശ്വ തോതയം
പുരാണ:
ന ഹന്യതേ ഹന്യാമാനേ ശരീരേ
(2:20)

ആത്മാവിനെ കൊല്ലുന്നവനായും ആത്മാവിനെ കൊല്ലപ്പെട്ടവനായും വിചാരിക്കുന്നവർ സത്യം അറിയുന്നില്ല. ആത്മാവ് ഒരിക്കലും ജനിക്കുന്നില്ല. മരിക്കുന്നില്ല. ഉണ്ടായിട്ട് ഇല്ലാതാവുകയോ ഇല്ലാതിരുന്നിട്ട് ഉണ്ടാകുകയോ ചെയ്യുന്നില്ല. എന്നും ഒരേ രൂപത്തിൽ ഇരിക്കുന്ന ആത്മാവ് ശരീരം നശിക്കുമ്പോഴും നശിക്കുന്നില്ല. ആത്മാവിനു നാശമില്ലെന്നും ജനനമില്ലെന്നും ക്ഷയമില്ലെന്നുമറിയുന്നവൻ ആരെ കൊല്ലും. എങ്ങനെ കൊല്ലിക്കും. പഴയ

വസ്ത്രങ്ങൾ കളഞ്ഞു മനുഷ്യൻ പുതിയ വസ്ത്രങ്ങൾ സ്വീകരിക്കുന്നപോലെ ജീർണ്ണിച്ച ശരീരത്തെ വിട്ട് ആത്മാവ് പുതിയ ശരീരത്തെ സ്വീകരിക്കുന്നു.

വാസാംസി ജീർണാനി യഥാ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീർണാ-
ന്യന്യാനി സംയാതി നവാനി ദേഹീ
(2:22)

ആയുധങ്ങൾ ഇതിനെ മുറിപ്പെടുത്തുന്നില്ല.അഗ്നിയിൽ ഇതിനു പൊള്ളലേൽക്കുന്നില്ല. വെള്ളം ഇതിനെ നനയ്ക്കുന്നില്ല. കാറ്റ് ഇതിനെ ഉണക്കുന്നില്ല. പഞ്ചേന്ദ്രിയങ്ങൾ വഴി അറിയാൻ അസാധ്യമാകയാൽ ആത്മാവിനെ അവ്യക്തനെന്നും മനസ്സ് കൊണ്ട് അറിയാൻ വയ്യാത്തതിനാൽ അചിന്ത്യനെന്നും ആത്മാവിനെ അറിഞ്ഞിട്ടും നിനക്ക് ദുഖിക്കാൻ അവകാശമില്ല. ഇനിയിപ്പോൾ ഇത് ജനിക്കുന്നുവെന്നും മരിക്കുന്നുവെന്നും, മഹാബാഹുവായ അർജുന , നീ വിചാരിക്കുന്നുവെങ്കിൽ കൂടി നീ ദുഃഖിക്കരുത്. കാരണം ജനിച്ചാൽ ഒരിക്കൽ മരണമുണ്ട്.ഒഴിവാക്കാൻ കഴിയാത്ത ഒന്നിനെക്കുറിച്ച് നീ വ്യസനിക്കരുത്.

അവ്യക്താദീനി ഭൂതാനി
വ്യക്ത മധ്യാനി ഭാരത!
അവ്യക്ത നിധനാന്യേവ
തത്രകാ പരിദേവനാ (2:28)

എല്ലാ ജീവികളുടെയും ജനനത്തിനുമുമ്പുള്ള അവസ്ഥ സ്പഷ്ടമല്ല. മരണത്തിനു ശേഷമുള്ളതും അസ്പഷ്ടമാണ്. ഇതിനിടയിൽ ജീവിതമാണ് സ്പഷ്ടം. അതിൽ നീ എന്തിനു വിലപിക്കണം. ആത്മാവിനെ ആശ്ചര്യമെന്നു വിചാരിക്കുന്നവനും പറയുന്നവനും കേൾക്കുന്നവനുമുണ്ട്. എന്നാൽ ആരും ആത്മാവിനെ അറിയുന്നില്ല. സകല അപായങ്ങളിൽ നിന്നും മുക്തമാണീ ആത്മാവ്. ഓ ! ഭാരത അതുകൊണ്ട് നീ അതേക്കുറിച്ച് ദുഖിക്കേണ്ട.

## ജ്ഞാനവും കർമ്മയോഗവും

നീ നിന്റെ കർത്തവ്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാൻ നോക്കരുത്. ഒരു ക്ഷത്രിയനെ സംബന്ധിച്ചേടത്തോളം ധർമ്മയുദ്ധത്തിൽ പങ്കെടുക്കുകയെന്നത് ഏറ്റവും ശ്രേഷ്ഠമാണു. ഉദ്ദേശിച്ചിരിക്കാതെ അങ്ങനെ ഒരു യുദ്ധം (സ്വർഗ്ഗത്തിന്റെ പടിവാതിൽ തുറക്കുന്ന സമയം) ഭാഗ്യവാന്മാരായ ക്ഷത്രിയർക്കേ ഒത്തുവരികയുള്ളു. ഈ ധർമ്മയുദ്ധം ചെയാതിരുന്നു കൃത്യവിലോപം കാണിച്ചാൽ നിനക്ക് മാനഹാനിയുണ്ടാകും. നീ പാപിയാകും. നിന്റെ മാനക്കേടിനെക്കുറിച്ച് ചരിത്രം ഉദഘോഷിക്കും.അഭിമാനിയായ ഒരു മനുഷ്യന് അപമാനം മൃതിയേക്കാൾ കഷ്ടത്തരം. പേടികൊണ്ടാണ് നീ പിന്മാറിയതെന്നു മഹാരഥന്മാർ കരുതും. നിന്നെ ശ്രേഷ്ഠനായി കണ്ടവർ നിന്നെ നിസ്സാരമായി കാണും. നിന്റെ ശത്രുക്കൾ നിന്റെ പൗരുഷത്വത്തെ പരിഹസിക്കും. പറയാൻ പറ്റാത്ത അനവധി കാര്യങ്ങൾ അവർ നിന്നെ കുറിച്ച് പറയും. അതിനേക്കാൾ വേദനാജനകമായി എന്തുണ്ട്. വധിക്കപ്പെട്ടാൽ നിനക്ക് സ്വർഗ്ഗം പ്രാപിക്കാം. വിജയശ്രീലാളിതനായാൽ ഈ ഭൂമിയെ സ്വന്തമാക്കാം അതുകൊണ്ട് എഴുന്നേൽക്കുക കൗന്തേയ യുദ്ധം ചെയ്യാനുള്ള ദൃഡനിശ്ചയത്തോടെ.

**നീ നിന്റെ കർത്തവ്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാൻ നോക്കരുത്. ഒരു ക്ഷത്രിയനെ സംബന്ധിച്ചേടത്തോളം ധർമ്മയുദ്ധത്തിൽ പങ്കെടുക്കുകയെന്നത് ഏറ്റവും ശ്രേഷ്ഠമാണു. ഉദ്ദേശിച്ചിരിക്കാതെ അങ്ങനെ ഒരു യുദ്ധം (സ്വർഗ്ഗത്തിന്റെ പടിവാതിൽ തുറക്കുന്ന സമയം) ഭാഗ്യവാന്മാരായ ക്ഷത്രിയർക്കേ ഒത്തുവരികയുള്ളു. ഈ ധർമ്മയുദ്ധം ചെയാതിരുന്നു കൃത്യവിലോപം കാണിച്ചാൽ നിനക്ക് മാനഹാനിയുണ്ടാകും. നീ പാപിയാകും. നിന്റെ മാനക്കേടിനെക്കുറിച്ച് ചരിത്രം ഉദഘോഷിക്കും. അഭിമാനിയായ ഒരു മനുഷ്യന് അപമാനം മൃതിയേക്കാൾ കഷ്ടത്തരം.**

ഹതോ വാ പ്രാപ്സ്യസി സ്വർഗം
ജിത്വാ വാ ഭോ ക്ഷ്യ സേ മഹീം
തസ്മാദുത്തിഷ്ഠ കൗന്തേയ
യുദ്ധായ കൃത നിശ്ചയഃ (2:37)

സുഖവും ദുഖവും നേട്ടവും കോട്ടവും വിജയവും പരാജയവും ഒരേപോലെ കാണുക. അരമുറുക്കി കെട്ടികൊണ്ട് യുദ്ധത്തിന് തയ്യാറാകുക ഇതുമൂലം നിനക്ക് പാപമുണ്ടാകില്ല. അങ്ങനെ അറിവിനെക്കുറിച്ചുള്ള (സാംഖ്യവിഷയകമായ) വിവരങ്ങൾ ഞാൻ നിന്റെ മുന്നിൽ നിവർത്തി.

ഇനി പ്രവർത്തിയെപ്പറ്റി (കർമ്മയോഗം) കേൾക്കുക. ഇത് മനസ്സിലാക്കുമ്പോൾ നീ കർമ്മബന്ധങ്ങളിൽ നിന്നു മുക്തനാകാൻ പ്രാപ്തനാകും. മേല്പറഞ്ഞ സാംഖ്യയോഗത്തിലെ ശരീരത്തിന്റെ നാശത്തെത്തക്കുറിച്ച് ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് ഭഗവാൻ അർജുനനെ മനസ്സിലാക്കി. അതിനുശേഷ ഒരു ക്ഷത്രിയന്റെ കടമയെയും കർത്തവ്യത്തെയുംക്കുറിച്ച് പറഞ്ഞു മനസ്സിലാക്കി. ഹൃദയദൗർബല്യം കളഞ്ഞു കർമ്മോന്മുഖനാകാൻ ഉപദേശിച്ചു. സുഖവും ദുഖവും മിഥ്യയാണെന്നു മനസ്സിലാക്കി. പഴയ വസ്ത്രങ്ങൾ കളഞ്ഞു പുതിയവ ധരിക്കുന്ന മനുഷ്യനെപ്പോലെ ആത്മാവ് പുതിയ ശരീരത്തെ തേടുന്നു. അതുകൊണ്ട് ആത്മാവിനെ ആർക്കും നശിപ്പിക്കാൻ കഴിയുകയില്ല. സ്വന്തക്കാരും ബന്ധക്കാരും യുദ്ധത്തിൽ കൊല്ലപ്പെട്ട പോകുമെന്ന ദുഃഖം . കാരണം അവർ കൊല്ലപ്പെടുന്നില്ലെന്ന സത്യം ഭഗവൻ വെളിപ്പെടുത്തി. ആദിയും അന്ത്യവും വെറും മിഥ്യയാണെന്നും മധ്യത്തിലായി കാണുന്നത് സ്പഷ്ടമാണെന്നു

തോന്നുമെങ്കിലും അതും വെറും മായയാണെന്നു ഭഗവാൻ മനസ്സിലാക്കിപ്പിക്കുന്നു.

കർമ്മയോഗത്തിൽ അഭിക്രമ നാശം (ചെയ്ത പ്രവർത്തി നിഷ്ഫലമാകൽ) സംഭവിക്കുന്നില്ല. വിപരീതഫലവും ഉണ്ടാകില്ല. അല്പമാത്രമായ കർമ്മം പോലും ശ്രേഷ്ഠമായ ഫലമുളവാക്കും. നിശ്ചയദാർഢ്യവും ഏകാഗ്രതയുമാണ് കർമ്മയോഗത്തിൽ വേണ്ടത്. അതില്ലാത്തവരുടെ ബുദ്ധിപലശാഖകളോടുകൂടിയും അവസാനമില്ലാത്തതുമായിരിക്കും. ബുദ്ധിയില്ലാത്തവർ ഭംഗി വാക്കുകളാൽ വേദങ്ങൾ ഉദഘോഷിച്ചുകൊണ്ട് പറയുന്നു. ഇതല്ലാതെ വേറൊന്നില്ലന്നു.

അതിൽ പറയുന്ന സ്വഗ്ഗപ്രാപ്തിയാണ് ലക്ഷ്യമെന്നും അത് നേടാനുള്ള ക്രിയാവിശേഷങ്ങളെപ്പറ്റി പറയുന്നു സുഖവും ആധിപത്യവും കാംക്ഷിക്കുന്നവർക്ക് അവരുടെ മനസ്സിനെ അത്തരം സുഖാകാംക്ഷകൾ  കീഴടക്കുന്നത്കൊണ്ട് അവർ ദൃഡനിശ്ചയമോ, ഏകാഗ്രതയോ ഇല്ല. സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി വേദങ്ങൾ അനവധി ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർദേശിക്കുന്നു. അത്തരം വിവരണത്തെ വ്യാസൻ വിമർശിച്ചിരിക്കുന്നു.

വേദങ്ങളിൽ പറയുന്ന സത്യം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾക്കതീതനായിരിക്കുക. മനസ്സ് ബുദ്ധിയും ത്രിഗുണങ്ങളിൽ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു. സുഖദുഃഖങ്ങളിൽ നിന്ന് നീ സ്വാതന്ത്രനാകുക. അനശ്വരമായ സത്യത്തെ പാലിക്കുക.നേടാനും കൂട്ടിവയ്ക്കാനും ശ്രമിക്കാതിരിക്കുക. നീ നിന്റെ ആത്മാവിന്റെ യജമാനനാകുക. പ്രബുദ്ധനായ ഒരു ബ്രാഹ്മണന് വേദങ്ങൾ വെള്ളപ്പൊക്കത്തിൽ മൂടിപ്പോയ കിണർപോലെയാണ്. വെള്ളം തേടി  കിണറ്റിലിനരികിലേക്ക് പോകുന്നപോലെ  വേദങ്ങളിൽ നിന്ന് അറിവ് തേടുന്ന മനുഷ്യർ മായയാൽ ബന്ധിതനാണ്. ഇന്ദ്രിയ

**രാഗദ്വേഷങ്ങളില്ലാതെ ഇന്ദ്രിയങ്ങളെ തന്റെ സ്വാധീനത്തിലാക്കി മനസ്സിനെ കീഴടക്കിയവൻ ശാന്തി അനുഭവിക്കുന്നു. ശാന്തി കൈവരുമ്പോൾ ദുഃഖങ്ങൾ ഇല്ലാതാകുന്നു. മനചാപല്യമുള്ളവർക്ക് ആത്മ വിഷയകമായി അറിവുണ്ടാകില്ല. അവർക്ക് ആത്മധ്യാനവും സാധ്യമല്ല. അങ്ങനെയുള്ളവർക്ക് ശാന്തിയും സുഖവുമുണ്ടാകുന്നില്ല. ഇന്ദ്രിയങ്ങളുടെ ആസക്തിക്കനുസരിച്ച് മനസ്സ് പിൻതുടരുന്നവന്റെ ബുദ്ധിയും തോണിയെ കാറ്റ് വലിച്ചുകൊണ്ട് പോകുന്നപോലെ പോകുന്നു. അതുകൊണ്ട് മഹാബാഹുവായ അർജുന ഇന്ദ്രിയ മനോ നിയന്ത്രണമുള്ളവന്റെ ബുദ്ധി ഉറച്ചതാണെന്നു മനസിലാക്കുക.**

സുഖങ്ങൾക്ക് വേണ്ടി കാംക്ഷിക്കുന്നവന് വേദങ്ങൾ സഹായകമായേക്കാവുന്ന സൂചന. എന്നാൽ അറിവ് നേടി കഴിയുമ്പോൾ വെള്ളപ്പൊക്കത്തിൽ മൂടിപോകുന്ന കിണറുപോലെ വേദങ്ങളുടെ പ്രാധാന്യം കുറയുന്നു.

കർമ്മണ്യേ വാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമ്മ ഫല ഹേതുർ ഭു :
മാ തേ സംഗോ സ്ത്വാ കർമണി

ഫലേച്ഛ കൂടാതെ നീ കർമ്മം ചെയ്യുക. പ്രവർത്തിയുടെ ഫലം നിന്റെ ഉദ്ദേശ്യമായിരിക്കരുത്. പ്രവർത്തി ഉപേക്ഷിക്കാനും നീ ആഗ്രഹിച്ചുപോകരുത്.

യോഗസ്ഥനായി കിട്ടുന്നതിലും കിട്ടാത്തതിലും സമചിത്തത പാലിച്ച്, ആസക്തി വെടിഞ്ഞു കർമ്മങ്ങൾ അനുഷ്ഠിക്കുക. ഈ സംഭവത്തെ യോഗം എന്ന് പറയുന്നു. കാമ്യകർമ്മങ്ങളിലുള്ള ഭ്രമങ്ങളിൽ നിന്നും (ഫലകാംക്ഷയോടെ ചെയ്യുന്ന കർമ്മങ്ങൾ) സമത്വബുദ്ധിയോടെ ചെയ്യുന്ന കർമ്മങ്ങളെക്കാൾ നികൃഷ്ടമാണ്. അതിനാൽ സമത്വബുദ്ധിയിൽ ആശ്രയിക്കുക. ഫലപ്രാപ്തി ലക്ഷ്യമാക്കി കർമ്മം ചെയ്യുന്നവർ ദീനന്മാരാണ്. കർമ്മ ബന്ധങ്ങളുടെ കെട്ടുപാടിൽ നിന്നും. മുക്തനായ ഒരാൾ, (യോഗി) ഈ ലോകത്തിൽ നന്മ തിന്മകളുടെ ഫലങ്ങളിൽ നിന്ന് രക്ഷപെടുന്നു. അതുകൊണ്ട് യോഗത്തിനായി പ്രയത്നിക്കുക. യോഗം പ്രവർത്തിയിൽ ഉള്ള നൈപുണ്യമാണ്. (യോഗം സമത്വബുദ്ധിയാണ്, യോഗം കർമ്മകുശലതയാണ്, രണ്ടു പരസ്പരപൂരകങ്ങൾ മാത്രം) ലൗകിക ബന്ധങ്ങളിൽ നിന്ന് വിരക്തി നേടിയ ജ്ഞാനികൾ പ്രവർത്തിയുടെ ഫലം നിരാകരിച്ചവർ ജന്മബന്ധങ്ങളിൽ നിന്ന് വിമുക്തരായിരിക്കുന്നു. അവർ പരമ പദത്തെ പ്രാപിക്കുന്നു. കാമ്യകർമ്മങ്ങളിലുള്ള ഭ്രമങ്ങളിൽ നിന്ന് പൂർണ്ണമായി നീ മുക്തി നേടുമ്പോൾ ഇതുവരെ കേട്ടതിനോടും ഇനി കേൾക്കാനിരിക്കുന്നതിനോടും താല്പര്യക്കുറവ് തോന്നും. കേൾക്കുകയും, കേൾക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് അതുവരെയുള്ള അനുഭവങ്ങളും ഇനി ഉണ്ടാകാനിരിക്കുന്ന അനുഭവങ്ങളും  എന്നത്രെ. ഇതുവരെ കേട്ട കാര്യങ്ങളിൽ ഭ്രമിച്ചിരിക്കുന്ന നിന്റെ ബുദ്ധി ഏകലക്ഷ്യത്തിൽ ഇളക്കമില്ലാതെ നിർത്തുമ്പോൾ നീ യോഗത്തെ പ്രാപിക്കും.

അർജുനൻ പറഞ്ഞു. ഒരു മനുഷ്യന്റെ ധാരണ ഉറച്ചതും അവന്റെ മനസ്സ് ഏകാഗ്രതയിൽ ദൃഡവുമാണെന്നതിന്റെ അടയാളം എന്താണ്? അങ്ങനെയുള്ള സ്ഥിതപ്രജ്ഞൻ എങ്ങനെ സംസാരിക്കുന്നു . എങ്ങനെ സ്ഥിതി ചെയ്യുന്നു, എങ്ങനെ സഞ്ചരിക്കുന്നു.  ഓ ! പാർത്ഥ ഒരു മനുഷ്യൻ അവന്റെ എല്ലാ ആഗ്രഹങ്ങളും  ഉപേക്ഷിക്കുമ്പോൾ ആത്മാവിൽ ആനന്ദം കണ്ടെത്തുമ്പോൾ ആ മനുഷ്യനെ സ്ഥിതപ്രജ്ഞൻ എന്ന് പറയപ്പെടുന്നു. ആത്മീയാനന്ദം എന്ന് പറയുന്നത് പ്രലോഭനത്തിൽ നിന്നുള്ള

മുക്തിയാണ് ലൗകികാനുഭൂതികൾ സുഖവും അതേ.പോലെ ദുഖവും ഉണ്ടാക്കുന്നു.

സുഖം തേടാത്ത ദുഃഖത്തിൽ അചഞ്ചലതപാലിക്കുന്ന, വികാരവിമുക്തനായ, പേടി, കോപം, എന്നിവയിൽ ഇളകാത്തയാളെ സ്ഥിതപ്രജ്ഞൻ എന്ന് പറയപ്പെടുന്നു. ഒന്നിനോടും വിശേഷസ്നേഹമില്ലാതെ

ഇഷ്ടാനിഷ്ടങ്ങൾ വരുമ്പോൾ സുഖമോ ദുഖമോതോന്നാത്ത മനുഷ്യന്റെ ബുദ്ധി ഉറച്ചതാകുന്നു. ആമ അവയവങ്ങളെ ഉള്ളിലേക്ക് വലിക്കുന്നപോലെ വിഷയങ്ങളിൽ നിന്നും ഇന്ദ്രിയങ്ങളെ പിൻവലിക്കുന്നവന്റെ ബുദ്ധി ഉറച്ചതാകുന്നു. ഇന്ദ്രിയങ്ങളെ പ്രലോഭിപ്പിക്കുന്ന വസ്തുക്കളെ ഒരാൾ വർജ്ജിച്ചാലും, അതിനോടുള്ള അഭിലാഷം അയാളിൽ നിന്ന് വിട്ടു മാറാതെ കിടക്കും. എന്നാൽ പരമാത്മാവിനെ ദർശിക്കുമ്പോൾ  സ്ഥിതപ്രജ്ഞന്റെ വിഷയവാസന കൂടി മാറിപ്പോകുന്നു. ബുദ്ധിമാനായ ഒരു മനുഷ്യൻ ഇന്ദ്രിയ സംയമനത്തിനു പ്രയത്നിച്ചാലും അടങ്ങി നിൽക്കാൻ കൂട്ടാക്കാത്ത ഇന്ദ്രിയങ്ങൾ അവന്റെ മനസ്സിന്റെ ഏകാഗ്രതയെ ഭഞ്ജിപ്പിച്ച് കൊണ്ടിരിക്കും. ഇന്ദ്രിയങ്ങളെ അടക്കി യോഗയുക്തനായി എന്നിൽ മനസ്സ് ഏകാഗ്രമാക്കുന്നവന്റെ ബുദ്ധി ഉറച്ചതാകുന്നു.

ധ്യായതോ വിഷയാൻ പുംസഃ
സംഗ സനേഷുപ ജായതേ
സംഗാത് സം ജായതേകാമ:
കാമാത് ക്രോധോഭി ജായതേ
(2:62)

ക്രോധാത് ഭവതീസമ്മോഹ :
സമ്മോഹാത് സ്മൃതി വിഭ്രമ
സ്മൃതി ദം ശാ ത് ബുദ്ധിനാശോ
ബുദ്ധിനാശാ ത് പ്രണശ്യതി (2:63)

വിഷയങ്ങളെ ധ്യാനിച്ചിരിക്കുന്നവന് അവയിൽ ആസക്തിയുണ്ടാകുന്നു. അതിൽനിന്നും കാമം ഉണ്ടാകുന്നു കാമത്തിൽ നിന്നു ക്രോധമുണ്ടാകുന്നു. ക്രോധത്തിൽ നിന്ന് ബുദ്ധി ഭ്രംശവും ബുദ്ധിഭ്രംശം കൊണ്ട് ഓർമ്മകേടും ഓർമ്മകേടിൽ നിന്നും ബുദ്ധിനാശവുമുണ്ടാകുന്നു. ബുദ്ധിനാശമുണ്ടാകുമ്പോൾ അത് ഒരാളെ നാശത്തിലേക്ക്  നയിക്കുന്നു. വിഷയകാര്യങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ചിരിക്കുന്നവർക്ക് നാശമുണ്ടാകുന്നു എന്നീ ശ്ലോകം  സൂചന തരുന്നു.

രാഗദ്വേഷങ്ങളില്ലാതെ ഇന്ദ്രിയങ്ങളെ തന്റെ സ്വാധീനത്തിലാക്കി മനസ്സിനെ കീഴടക്കിയവൻ ശാന്തി അനുഭവിക്കുന്നു. ശാന്തി കൈവരുമ്പോൾ ദുഃഖങ്ങൾ ഇല്ലാതാകുന്നു. മനചാപല്യമുള്ളവർക്ക് ആത്മ വിഷയകമായി അറിവുണ്ടാകില്ല. അവർക്ക് ആത്മധ്യാനവും സാധ്യമല്ല. അങ്ങനെയുള്ളവർക്ക് ശാന്തിയും സുഖവുമുണ്ടാകുന്നില്ല. ഇന്ദ്രിയങ്ങളുടെ ആസക്തിക്കനുസരിച്ച് മനസ്സ് പിൻതുടരുന്നവന്റെ ബുദ്ധിയും തോണിയെ കാറ്റ് വലിച്ചുകൊണ്ട് പോകുന്നപോലെ പോകുന്നു. അതുകൊണ്ട് മഹാബാഹുവായ അർജുന ഇന്ദ്രിയമനോ നിയന്ത്രണമുള്ളവന്റെ ബുദ്ധി ഉറച്ചതാണെന്നു മനസിലാക്കുക.

യാ നിശാ സർവ ഭൂതാനാം
തസ്യാം ജാഗർത്തി സംയമീ

**എല്ലാ ജീവികൾക്കും രാത്രിയായി തോന്നുന്നതിൽ ജിതേന്ദ്രിയൻ ഉണർന്നിരിക്കുന്നു. ജീവികൾക്ക് പകൽ എന്ന് തോന്നുന്നത് സ്ഥിതപ്രജ്ഞനായ ഒരാൾക്ക് രാത്രിയാകുന്നു. അതായത് ഓരോ വ്യക്തിയും അയാളുടെ ബുദ്ധിയും മനസ്സും പോലെ ഈ ലോകത്തെ കാണുന്നു. എന്നാൽ സ്ഥിതപ്രജ്ഞനായ ഒരു വ്യക്തി അദ്ദേഹത്തിന്റെ വിവേകനേത്രങ്ങളിലൂടെ ഈ ലോകത്തെ സാധാരണവ്യക്തി കാണുന്നതിനേക്കാൾ വ്യത്യസ്തമായി കാണുന്നു.**

യസ്യാം ജാഗ്രതി ഭൂതാനി
സാ നിശാ പശ്യ തോ മുനേ (2:69)

എല്ലാ ജീവികൾക്കും രാത്രിയായി തോന്നുന്നതിൽ ജിതേന്ദ്രിയൻ ഉണർന്നിരിക്കുന്നു. ജീവികൾക്ക് പകൽ എന്ന് തോന്നുന്നത് സ്ഥിതപ്രജ്ഞനായ ഒരാൾക്ക് രാത്രിയാകുന്നു. അതായത് ഓരോ വ്യക്തിയും അയാളുടെ ബുദ്ധിയും മനസ്സും പോലെ ഈ ലോകത്തെ കാണുന്നു. എന്നാൽ സ്ഥിതപ്രജ്ഞനായ ഒരു വ്യക്തി അദ്ദേഹത്തിന്റെ വിവേകനേത്രങ്ങളിലൂടെ ഈ ലോകത്തെ സാധാരണവ്യക്തി കാണുന്നതിനേക്കാൾ വ്യത്യസ്തമായി കാണുന്നു.

ആപൂര്യമാണ മചല പ്രതിഷ്ഠം
സമുദ്രമാപ : പ്രവിശന്തി യദ്വത്
തദ്വത് കാമായം പ്രവിശന്തിസർ വേ
സാ ശാന്തി മാ പ് നോതിന കാമകാമി (2:70)

ആഗ്രഹങ്ങൾ അനന്തമാണ്. തന്മൂലം അവ ദുഃഖം കൊണ്ടുവരുന്നു. ഇന്ദ്രിയങ്ങളെ എല്ലാ ഭാഗത്തു നിന്നും കടിഞ്ഞാണിട്ട് നിറുത്തിയിരിക്കുന്ന ഒരാളാണ് യഥാർത്ഥ അറിവ് നേടിയ ആൾ. സമുദ്രത്തിൽ നദികൾ ചെന്ന് ചേരുന്നപോലെ അങ്ങനെ അനവധി നദികളിലെ വെള്ളം ചേർന്നിട്ടും ഒരിക്കലും കവിയാത്ത സമുദ്രം പോലെയാണ്  എല്ലാ ആഗ്രഹങ്ങളും തന്നിൽ ലയിപ്പിക്കുന്ന യോഗി. യോഗിയിൽ അത് ഒരു മാറ്റവും വരുത്തുന്നില്ല. അയാൾ സമാധാനം അനുഭവിക്കുന്നു. സകല കാമങ്ങളും വെടിഞ്ഞു എന്റേതെന്നും ഞാനെന്നും ഭാവമില്ലാതെ കഴിയുന്നൊരാൾക്ക് ശാന്തിയുണ്ടാകുന്നു. ഹേ അർജുന ഇതാണ് ബ്രഹ്മനിഷ്ഠ . ഈ അവസ്ഥ പ്രാപിച്ചവർ മായയിൽ നിന്ന് മുക്തരാണ്. ഈ അവസ്ഥയിലുള്ളവർ മരണസമയത്തും ബ്രഹ്മനുമായി ഒന്നായിച്ചേരുന്നു.

അറിവിന്റെ പ്രാധാന്യത്തെപ്പറ്റി പ്രതിപാദിക്കുന്ന ഈ അദ്ധ്യായം ഗീതയിലെ പ്രധാന അധ്യായങ്ങളിൽ  ഒന്നാണ്.

അദ്ധ്യായം രണ്ടു സമാപ്തം

മറുപടി: ഗീതയുടെ ഒന്നാം അധ്യായത്തിലാണ് കൃഷ്ണനോട് അർജുനൻ ഈ ആശങ്ക പങ്കിടുന്നത്. എന്നാൽ രണ്ടാമത്തെ അധ്യായത്തിൽ കൃഷ്ണൻ ഇതിനു നേരിട്ട് മറുപടി പറയുന്നില്ല, മറിച്ച് ശരീരം ജീർണ്ണിച്ചാലും ആത്മാവിനു നാശമില്ലെന്നും ആത്മാവിനെ ആർക്കും കൊല്ലാൻ കഴിയുന്നില്ലെന്നും വിവരിക്കുന്നു. പിന്നെ സ്വധർമ്മാനുഷ്ഠാനത്തെ കുറിച്ച് മനസ്സിലാക്കിപ്പിക്കുന്നു. കർമ്മത്തെയും ജ്ഞാനത്തെയും വിവരിക്കുന്നു.

ഫലം ഇച്ഛിക്കാതെ കർമ്മം അനുഷ്ഠിക്കുക എന്ന് പഠിപ്പിക്കുന്നു. ഇങ്ങനെ അറിവുകൾ പകർന്നുകൊണ്ട് അർജുനനെ ആത്മീയ തലത്തിലേക്ക് ഉയർത്തുകയാണ് ഭഗവൻ കൃഷ്ണൻ. ജ്ഞാനിയായ ഒരാൾ എല്ലാവരിലും മീതെയാണ്. അറിവുണ്ടാകുമ്പോൾ തെറ്റായ ചിന്തകൾ ഉണ്ടാകുന്നില്ല.

ഗീതയുടെ നാലാം അധ്യായത്തിൽ ഭഗവൻ പറയുന്നുണ്ട്. ചാതുർവർണ്യം മയ സൃഷ്ടം ഗുണ കർമ്മ വിഭാഗശ' . എന്നാൽ അതു നമ്മൾ ഇന്നു കാണുന്ന ജാതിയെപ്പറ്റിയല്ല. ഓരോ വ്യക്തികളുടെയും 'ജന്മ' 'കർമ്മ' വാസനകളെ അടിസ്ഥാനമാക്കിയായിരുന്നു അതു നിലനിന്നിരുന്നത്.

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വേർതിരിവ് 'ത്രിഗുണങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രാചീന കാലം മുതൽക്കേ തുടർന്ന് വന്നുകൊണ്ടിരുന്ന ഒരു ജീവിതരീതിയായിരുന്നു. സത്വ, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾ അനുസരിച്ചാണ് ഒരാളുടെ വർണ്ണം നിശ്ചയിക്കുന്നത്.

വർണ്ണം എന്നത് തൊഴിൽപരമായ തരംതിരിക്കലാണ്. വർണ്ണങ്ങളെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശങ്ങൾ ലഭിക്കുന്നത് ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ ആണ്.

അതു പക്ഷെ വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ബ്രാഹ്മണോ'?സ്യ മുഖമാസീത് }
ബാഹൂ രാജന്യഃ കൃതഃ }
ഊരൂ തദസ്യ യദ്വൈശ്യഃ } പദ്ഭ്യാഗ്ം ശൂദ്രോ അജായത }} 13 }}

വിരാട് പുരുഷന്റെ വായിൽ നിന്ന് ബ്രാഹ്മണരും, കൈകളിൽ നിന്ന് ക്ഷത്രിയരും, തുടയിൽ നിന്ന് വൈശ്യരും, പാദങ്ങളിൽ നിന്ന് ശൂദ്രരും ജനിച്ചു.വാസ്തവത്തിൽ ബ്രാഹ്മണനെ തലയിൽ നിന്നും സൃഷ്ടിച്ചു വെന്നാണ് ശരിയായ വ്യാഖ്യാനം. അതു സവർണ്ണ മേധാവിത്തത്തെ കാണിക്കാനാണ്.



ആർക്കാണോ അറിവുള്ളത് ആ വ്യക്തി എന്നർത്ഥത്തിലാണ് അതുപോലെ ക്ഷത്രിയൻ കൈകളിൽ നിന്നും വന്നുവെന്നാണ്. അതായത് അദ്ദേഹം സമൂഹത്തെ രക്ഷിക്കുന്നു.വൈശ്യൻ ഉദരത്തിൽ നിന്നും വന്നു. അവരാണ് സമൂഹത്തെ പരിപോഷിപ്പിക്കുന്നത്. ശൂദ്രൻ പാദങ്ങളിൽ നിന്നു വന്നുവെന്നു പറയുമ്പോൾ അത് ഒരു കുറവല്ല. മറിച്ച് കാലുകൾ സമൂഹത്തിനു പിന്തുണ നൽകുന്നു അവരെ മുന്നോട്ട് പോകാൻ സഹായിക്കുന്നു. ഇതൊക്കെ ജാതിയുടെ പേരിൽ ദുർവ്യഖ്യാനങ്ങൾ ചെയ്തു തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്.

ഇത് ശ്രദ്ധിക്കുക ശൂദ്രൻ ശീല സമ്പന്നൻ ആയി മാറിയാൽ ബ്രഹ്മണൻ ആകാം, ബ്രാഹ്മണൻ കർമ്മഹീനൻ ആയാൽ ശൂദ്രൻ ആയി നിപതിക്കുന്നു..') അതായത് സനാതന ധർമ്മത്തിൽ ജന്മം കൊണ്ടല്ല വർണ്ണങ്ങൾ കൈവരുന്നത് മറിച്ച് കർമ്മം കൊണ്ടാണ്. മഹർഷി വാല്മീകിയും മഹർഷി വ്യാസനും ഉപനിഷദ് ഋഷിമാരും, മഹീദാസ ഐതരേയനും തുടങ്ങി ഇങ്ങു കേരളത്തിൽ എത്തിയാൽ ചട്ടമ്പി സ്വാമികളും നാരായണഗുരുവും ഒക്കെ അങ്ങനെ ബ്രാഹ്മണ്യത്തിലേക്ക് ഉയർന്നവർ ആണ്.

അർജുനന്റെ ചോദ്യത്തിനുള്ള ഉത്തരം മേല്പറഞ്ഞ അറിവുകളിൽ നിന്നും ലഭിക്കും. ഓരോ മനുഷ്യരും അവരുടെ ഗുണങ്ങൾ അനുസരിച്ചുള്ള ജോലിയിൽ വ്യാപൃതരാകുന്നു. അതിൽ അസ്പൃശ്യർ ഇല്ല. അർജുനൻ ഈ ചോദ്യം ചോദിക്കുമ്പോൾ നാല് വർണ്ണങ്ങളുടെ സങ്കരം നടന്നാലോ എന്ന ഭയമായിരുന്നു.

ഇന്നാണെങ്കിൽ നാലല്ല നാലായിരത്തിൽ കൂടുതൽ ജാതികൾ ഉണ്ട്. മനസ്സിലാക്കേണ്ടത് കർമ്മം കൊണ്ടാണ് ജാതി നിശ്ചയിക്കപ്പെടുന്നത്. അപ്പോൾ പിന്നെ വർണ്ണസങ്കരമെന്ന ആശങ്കക്ക് വഴിയില്ല തന്നെ, അര്ജുനന് കർമ്മവും ജ്ഞാനവും ഉപദേശിക്കുന്നത് അതുകൊണ്ടാണ്. അറിവില്ലായ്മ സംശയങ്ങൾ ഉണ്ടാക്കുന്നു. മേൽപ്പറഞ്ഞതിന്റെ അർത്ഥം, ബ്രാഹ്മണനു മാത്രമേ അറിവുള്ളൂ ക്ഷത്രിയനു മാത്രമേ ധൈര്യമുള്ളൂ എന്നല്ല. മറിച്ച് അറിവുള്ളവൻ ആരായാലും അവൻ ബ്രാഹ്മണനാണ്. ധൈര്യമുള്ളവൻ ആരായാലും അവൻ ക്ഷത്രിയനാണ്.സന്നദ്ധതയുള്ളവനാരായാലും അവൻ ശൂദ്രനുമാണ്. 'സാംഖ്യയോഗങ്ങളിൽ നിന്നും ലഭിക്കുന്ന ജ്ഞാനം ഒരുവനെ കർമ്മബന്ധങ്ങളിൽ നിന്നും മുക്തനാക്കുവാൻ പ്രാപ്തനാക്കുന്നു.

തത്വവിചാരം കൊണ്ടു മനസ്സിന്റെ സമനില കൈവരിക്കാനായാൽ അത് ജ്ഞാനയോഗം.

ശുഭം




സിനിമ
/ഓർമ്മ

# മെല്ലി ഇറാനി
# സ്റ്റാർട്ട് ക്യാമറ. ആക്ഷൻ. കട്ട്-ഇറ്റ്.

ടി. ശരത്ചന്ദ്രൻ

ചിത്രീകരണവേളകളിൽ ഏതൊരു സെറ്റിലും അത് സിനിമയായാലും ടിവി സീരിയലായാലും ആൽബമായാലും സർവ്വസാധാരണ നമ്മൾ കേൾക്കാറുള്ള ഓർഡറുകളാണ്....വാക്കുകളാണ് സ്റ്റാർട്ട് ക്യാമറ. ആക്ഷൻ. കട്ട് ഇറ്റ്.ഏതു സെറ്റിലും സംവിധായകനാണ് ടീമിന്റെ ക്യാപ്റ്റൻ എന്നതുകൊണ്ടും സംരംഭത്തിന്റെ ഉത്തരവാദിത്വവും പരിപൂർണ്ണതയും അയാളിൽ നിക്ഷിപ്തമായതുകൊണ്ടും ഈ ഓർഡേഴ്സ് പറയുന്നത് സംവിധായകൻ തന്നെയാണ്.

സംവിധായകന്റെ ഭാവനകൾ ദൃശ്യാവിഷ്കാരത്തിൽ ഒപ്പിയെടുക്കുന്നത് ഛായാഗ്രാഹകനാണ്. ഛായാഗ്രാഹകൻ സംവിധായകന്റെ കണ്ണുകളായി പ്രവർത്തിക്കുന്നുവെന്ന് സാരം.



റിസൾട്ട് എന്താണ് വേണ്ടതെന്ന് ക്യാമാറാമാന് മുൻകൂട്ടി സംവിധായകൻ പറഞ്ഞു ധരിപ്പിച്ചിട്ടുണ്ടെങ്കിലും സംവിധായകൻ സ്റ്റാർട്ട് ക്യാമറ പറഞ്ഞാലേ ക്യാമറമാൻ തൃപ്തനാകൂ. ക്യാമറ ഓൺ ചെയ്യൂ.

ഒരിക്കൽ പ്രസിദ്ധ ഛായാഗ്രാഹകനായ മെല്ലി ഇറാനി 'എന്റെ മോഹങ്ങൾ പൂവണിഞ്ഞു' എന്ന ചിത്രത്തിന്റെ സെറ്റിൽവെച്ച് എന്നോട് പറഞ്ഞ വാക്കുകളാണ് എനിക്കോർമ്മ വരുന്നത്.

'ഇവിടെ വലിപ്പചെറുപ്പമൊന്നുമില്ല. പ്രായവ്യത്യാസമില്ല. കോംപ്ലക്സ് തൊട്ടു തീണ്ടാനും പാടില്ല. ഇപ്പോൾ ശരത്തിന്റെ ഓർഡർ കിട്ടിയാലേ ഞാൻ ക്യാമറ ഓൺ ചെയ്യൂ.' മലയാളത്തിലാണ് ഞാനിതെഴുതുന്നതെങ്കിലും അദ്ദേഹം ഹിന്ദിയിലാണ് എന്നോടിത് പറഞ്ഞത്. എവിഎം സ്റ്റുഡിയോയിലെ ഒരു ഫ്ളോറിനു മുന്നിൽ വെച്ച് വെറുമൊരു ഇൻസർട്ട് എടുക്കുവാൻ സംവിധായകൻ ഭദ്രൻ എന്നെ ചുമതലപ്പെടുത്തിയ ഒരു സാഹചര്യമുണ്ടായി. വെറുമൊരു ഇൻസർട്ട് എടുക്കാൻ വേണ്ടി അദ്ദേഹത്തോട് സ്റ്റാർട്ട് ക്യാമറ പറയാൻ എന്നെ എന്റെ വിധേയത്വം അനുവദി

ച്ചില്ല. പ്രായം സഹകരിച്ചില്ല. സ്റ്റാർട്ട്, ക്യാമറ-പറയാതെ അദ്ദേഹം ക്യാമറ ഓൺ ചെയ്യില്ലെന്നും വാശി പിടിച്ചു. ഒടുവിൽ അദ്ദേഹത്തിന്റെ സ്നേഹമസൃണങ്ങളായ ഉപദേശങ്ങൾക്ക് കീഴടങ്ങിക്കൊണ്ട് ഞാൻ ക്യാമറയിലൂടെ ഷോർട്ടിന്റെ കാഴ്ചപ്പാട് നോക്കിക്കണ്ടു.

സ്റ്റാർട്ട് ക്യാമറ-ആക്ഷൻ എന്ന് ഞാൻ അറിയാതെ ഉറക്കെ വിളിച്ചു പറഞ്ഞു. എങ്കിലും-കട്ട് ഇറ്റ് എന്നു പറയാൻ വിട്ടുപോയി. വിട്ടുപോയതല്ല. മടിച്ചുപോയതാണ്. എന്നെക്കൊണ്ട് കട്ട് ഇറ്റ് പറയിപ്പിക്കാനായിട്ട് അദ്ദേഹം ആ ഷോട്ട് വീണ്ടും എടുപ്പിച്ചു. അപൂർവ്വം ചിലരിൽ മാത്രം കാണപ്പെടുന്ന ശിക്ഷണമാതൃകയും മനോഭാവവും. നിറകുടം തുളുമ്പില്ല. മറ്റുള്ളവർക്ക് നൽകുന്ന അറിവാണ് നാം എന്നേയും സൂക്ഷിച്ചുവെക്കുന്ന സമ്പത്ത്. അറിവ് പകർന്നു കൊടുക്കുമ്പോൾ ഒരുവനിലെ അറിവ് വളരുകയാണെന്നറിയാത്ത പലരുമുണ്ട് ഇന്നിവിടെ.

സിനിമ പൂർത്തിയാകുന്നതുവരെയുള്ള ഒട്ടുമുക്കാൽ ആൾക്കാർക്കും സമ്പർക്കവും സംസാരവും. അതു കഴിഞ്ഞാൽ പരിചയഭാവം അത് യാദൃശ്ചികം മാത്രം. ഇതിൽ നിന്നൊക്കെ വ്യത്യസ്തമായിരുന്നു മെല്ലി ഇറാനി എന്ന പ്രതിഭാധനൻ. പ്രായവും സീനിയോറിറ്റിയുമൊക്കെ മറന്ന് അദ്ദേഹം ഒരു സുഹൃത്തിനോടെന്ന പോലെ എന്നോട് പെറുമാറിയപ്പോൾ പലപ്പോഴും ഞാനതീവ സന്തുഷ്ടനായി പോയിട്ടുണ്ട്. ചെന്നൈയിലെ മൗണ്ട്റോഡിലെ ശാന്തി തിയേറ്ററിനടുത്തുള്ള 'ഇറാനി കഫേ'യിൽ സായാഹ്നങ്ങളിൽ ഞാൻ മിക്കവാറും പോകാറുണ്ടായിരുന്നു. അദ്ദേഹത്തോട് പലതിനെയും കുറിച്ച് ചോദിച്ചറിയും. മൂവി ക്യാമറ എങ്ങനെ പിറവിയെടുത്തു? എന്താണ് ഫിലിം? എങ്ങനെ ഫ്രെയിം സെറ്റപ്പ് ചെയ്യണം?

ഇതിനിടയിൽ അദ്ദേഹം 'ഇറാനി ചായയും സമോസ'യും നൽകി സൽക്കരിക്കും. ആ രുചികൾ ഒന്നു വേറെ തന്നെ. ഇന്ന് ഊട്ടിയിലെ സുന്ദരമായ പ്രകൃതി ആസ്വദിച്ച് റിട്ടയേർഡ് ജീവിതം ചിലവഴിക്കുകയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ആദ്യമലയാള ചിത്രം അറുപതുകളിൽ പുറത്തിറങ്ങിയ 'ജ്ഞാനസുന്ദരി'യാണ്. അതു സംവിധാനം ചെയ്തതോ പ്രതിഭ കൊണ്ട് പ്രായത്തെ മറികടന്ന കെ.എസ്. സേതുമാധവൻ എന്ന എവർഗ്രീന് സംവിധായകനും. സംവിധായകന്റെ കല്പനകൾക്കും കാഴ്ചപ്പാടുകൾക്കും കാൽപ്പനികതയുടെ ദൃശ്യാവിഷ്കാരം നൽകിക്കൊണ്ട് മറക്കാൻ കഴിയാത്ത ഒട്ടനവധി ചിത്രങ്ങൾ അവർ ചെയ്തു.


**മെല്ലി ഇറാനിയുടെ ആദ്യമലയാള ചിത്രം അറുപതുകളിൽ പുറത്തിറങ്ങിയ 'ജ്ഞാനസുന്ദരി'യാണ്. അതു സംവിധാനം ചെയ്തതോ പ്രതിഭ കൊണ്ട് പ്രായത്തെ മറികടന്ന കെ. എസ്. സേതുമാധവൻ എന്ന എവർഗ്രീന് സംവിധായകനും. സംവിധായകന്റെ കല്പനകൾക്കും കാഴ്ചപ്പാടുകൾക്കും കാൽപ്പനികതയുടെ ദൃശ്യാവിഷ്കാരം നൽകിക്കൊണ്ട് മറക്കാൻ കഴിയാത്ത ഒട്ടനവധി ചിത്രങ്ങൾ അവർ ചെയ്തു.**

വാഴ്വേമായം ,യക്ഷി ,ശരപഞ്ജരം ,ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച തുടങ്ങി എത്രയെത്ര ചിത്രങ്ങളാണ് അദ്ദേഹം തൻറെ ക്യാമറയിൽ കൂടി സാക്ഷാൽക്കരിച്ചത് .ക്യാമറ സർഗവിസ്മയമാക്കി അദ്ദേഹം മാറ്റി .പ്രത്യേകിച്ചും കറുപ്പും വെളുപ്പും മാത്രം നിറഞ്ഞ ആ ചിത്രങ്ങളിൽ

ആ കാലയളവിൽ അവർ ഇരുവരെയും ഫിലിം എഡിറ്ററുടെ രൂപത്തിൽ ഇണക്കി ചേർക്കാൻ മൂന്നാമതൊരാൾ കൂടി ഉണ്ടായിരുന്നുവെന്നും ഓർക്കുന്നത് നന്ന്. എന്നോ ജെ.സി. ദാനിയേൽ അവാർഡ് നൽകി ബഹുമാനിക്കേണ്ട എഡിറ്റർ എം.എസ്.മണി എന്ന നിസ്വാർത്ഥ കാരണവരാണ് അത്. ത്രിമൂർത്തികൾ എന്ന് വിശേഷിപ്പിച്ചു പോകുന്ന ഇവർ മലയാളത്തിൽ മാത്രമല്ല ഹിന്ദിയിലും മറ്റു മറുനാടൻ ഭാഷകളിലുമായി നിരവധി ചിത്രങ്ങൾ പ്രേക്ഷകർക്ക് നൽകി. തലമുറകൾ വേറെയും വന്നു. പക്ഷെ അവരുടെ സഹിഷ്ണതക്കും കർമ്മനിരതക്കും ഉപമകളായി വേറെയാരുണ്ട്?

മൂവി ക്യാമറ എന്താണ്? എങ്ങനെയാണ് അതിന്റെ പിറവി എന്നതാണല്ലോ എന്റെ ജിജ്ഞാസ? ലൂമിയർ ബ്രദേഴ്സാണ് ആദ്യമായി ക്യാമറയും പ്രൊജക്ടറും ചേർന്ന സിനിമാറ്റോഗ്രാഫ് കണ്ടുപിടിച്ചത്.

ഏകദേശം 300 ആണ്ടുകൾക്കു മുമ്പ് കാലിഫോർണിയയിലെ ഗവർണ്ണറായിരുന്ന ലേലൻഡ് സ്റ്റാൻഫോർഡ് കുതിരപ്പന്തയം കാണുകയായിരുന്നു. കുതിര നാലുകാലും നിലത്തു തൊടാതെ പായുന്നുവെന്ന് അദ്ദേഹം അതിശയത്തോടെ അടുത്തിരുന്ന സുഹൃത്തിനോട് പറഞ്ഞു. സുഹൃത്ത് വിശ്വസിക്കാൻ തയ്യാറായില്ല. വാദപ്രതിവാദങ്ങൾ പലതും നടന്നു. എന്നിട്ടും വിശ്വസിക്കാത്ത സുഹൃത്തിനെ അത് വിശ്വസിപ്പിക്കാൻ തെളിവുകളുണ്ടാക്കാൻ ലേലൻഡ് സ്റ്റാൻഫോർഡ് തീരുമാനിച്ചു. സ്റ്റിൽഫോട്ടോഗ്രാഫർ എഡ്വേർഡ് മൈബ്രിഡ്ജിനെ ക്ഷണിച്ചു വരുത്തി കുതിരപ്പന്തയത്തിന്റെ ചിത്രങ്ങൾ എടുക്കാൻ ആവശ്യപ്പെട്ടു. വെറുമൊരു ക്യാമറയിൽ പകർത്തിയെടുക്കാനും പറ്റില്ല. പക്ഷെ കാര്യം നടക്കണമല്ലോ. സ്റ്റിഫ് ഫോട്ടോഗ്രാഫർ തല പുകഞ്ഞ് ആലോചിച്ചു. പോംവഴിയും കണ്ടെത്തി. റോയിസ് ട്രാക്കിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഒരേ അകലത്തിൽ ഒട്ടനവധി ക്യാമറ നിരത്തിവെക്കുക. എന്നിട്ട് കുതിയോടുന്ന ക്രമത്തിൽ ഓരോ ക്യാമറകളും ഒന്നൊന്നായി ക്ലിക്ക് ചെയ്യുക! ക്ലിക്ക് ചെയ്ത ഫിലിം ഡവലപ്പ് ചെയ്തിട്ട് ക്രമത്തിൽ ഒരു ചില്ലിനു ചുറ്റും ഒട്ടിച്ചു. നല്ല വെളിച്ചമുള്ള വിളക്കിന്റെ പ്രകാശത്തിനും ഭിത്തിയിലെ വെള്ള സ്ക്രീനിനുമിടയിൽ ചില്ലു മെല്ലെ കറക്കി. സ്ക്രീനിൽ ചലിക്കുന്ന കുതിരയോട്ടം കാണാൻ സാധിച്ചു. ഗവർണ്ണർ ലേലൻഡ് സ്റ്റാൻഫോർഡ് എന്റെ വാദം തെളിയിച്ചു. 1872-ൽ ആയിരുന്നു ഈ സംഭവം. ഇതു




ശ്രദ്ധിക്കാനിടയായ 'ജിൾമാരി' എന്ന ശാസ്ത്രജ്ഞൻ എല്ലാ സ്നാപ്പുകളും ഒറ്റ ക്യാമറയിൽ എടുക്കാനുള്ള പോം വഴിയെപ്പറ്റി ആലോചിച്ചു. അങ്ങനെ കാഞ്ചി വലിക്കുമ്പോൾ ഷട്ടറുകൾ തുറന്നടയുന്ന ക്യാമറ അദ്ദേഹം കണ്ടുപിടിച്ചു. ജിൾമേരി അതിന് ഫോട്ടോഗ്രാഫിക്ക് റിവോൾവർ' എന്നു പേരിട്ടു.

സെക്കന്റിൽ ഒരു ഡസ്സൻ ചിത്രങ്ങൾ വരെ എടുക്കുവാൻ അതിനു കഴിയുമായിരുന്നു. ജിൾമാരിയുടെ സംരംഭം ശ്രദ്ധിക്കാൻ ഇടയായ തോമസ് ആൽവാ എഡിസൺ- അതായത് ഒട്ടനവധി കണ്ടുപിടുത്തങ്ങളുടെ ഗുരുവായ സാക്ഷാൽ എഡിസൺ തന്നെ-ചിത്രങ്ങളെ ചലനത്തോടുകൂടി രേഖപ്പെടുത്തുന്ന ഒരു പുതിയ ഉപകരണം കണ്ടുപിടിച്ചു. 'കൈനറ്റോസ് കോപ്പ്' ഇംഗ്ലീഷുകാരനായ വില്യം ഡിക്സൺ അദ്ദേഹത്തിന്റെ സഹായിയായിരുന്നു അപ്പോൾ-ആയിടെയാണ് 1889-ൽ അമേരിക്കയിലെ ജോർജ്ജ് ഈസ്റ്റ്മെൻ എന്ന വ്യക്തി, റോൾ ഫിലിം കണ്ടുപിടിച്ചു. ഇതുംകൂടി മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ വില്യം ഡിക്സന് ഒരു പുത്തൻ ഉണർവ്വ് കിട്ടി. അങ്ങനെ ഫിലിമിന്റെ രണ്ടു വശത്തും ചെറിയ തുളകൾ ഇട്ടിട്ട് ക്യാമറയിൽ അതിന് പാകത്തിലുള്ള പൽച്ചക്രങ്ങളിൽ ഘടിപ്പിട്ട് ഫിലിം ക്ലിക്ക് ചെയ്താൽ കൃത്യമായ വേഗത്തിൽ അതോടും. അങ്ങനെയാണ് തോമസ് ആൽവാ എഡിസന് 35 എം.എം. ഫിലിം കണ്ടുപിടിക്കാൻ വഴി ഒരുക്കിയത്. തുടർന്ന് പീപ്പ് പാർലറിന് രൂപകല്പന നൽകി. ഇത് 'എഡിസന്റെ സിനിമാകൊട്ടക' എന്നാണ് പറഞ്ഞിരുന്നത്. ഏകദേശം ഒരു മരപ്പെട്ടി. അതിൽ ഒരു സുഷിരം. സുഷിരത്തിൽ ഒരു ലെൻസ് ഘടിപ്പിച്ചിട്ടുണ്ടാകും. അതുവഴി നോക്കിയാൽ ജീവനുള്ള ചിത്രങ്ങൾ കാണാം. ഇത് അമേരിക്കയിൽ വളരെ പ്രചാരത്തിലുമായി. പക്ഷെ ഒരു നേരം ഒരാൾക്കേ ഈ സിനിമ കാണാൻ കഴിയൂ. തുടർന്ന് സ്ക്രീനിൽ തെളിയുന്ന മാതിരി 'വിറ്റാസ്കോപ്പ്' എന്ന യന്ത്രം രൂപപ്പെടുത്തി. അതത്ര കണ്ട് വിജയിച്ചില്ല. 1895 ഡിസംബർ 28. ഫ്രാൻസിലെ ലൂയി ലൂമിയർ, അഗസ്റ്റെ ലൂമിയർ എന്നീ സഹോദരൻമാർ ക്യാമറയും പ്രൊജക്റ്ററും ചേർന്ന സിനിമാട്ടോഗ്രാഫ് കണ്ടുപിടിച്ചു. വെള്ളിത്തിരയിലെ ആദ്യസിനിമാ പ്രദർശനം. പക്ഷെ 1903-ൽ മാത്രമേ കഥയും കഥാപാത്രങ്ങളുമായി ഒരു നിശ്ശബ്ദ ചിത്രം ഇറങ്ങിയുള്ളൂ. എഡിസന്റെ സഹായിയും ഫോട്ടോഗ്രാഫറുമായ എഡ് വിൻ എസ്. പോർട്ടർ ആയിരുന്നു ആ നിശ്ശബ്ദ ചിത്രത്തിന്റെ സംവിധായകൻ. 'ദ ഗ്രേറ്റ് ട്രെയിൻ റോബറി' എന്നാണ് ആ ആംഗലേയ ചിത്രത്തിന്റെ പേര്. തുടർന്ന് ചാർളി ചാപ്ലിന്റെ ഒട്ടനവധി നിശ്ശബ്ദ ചിത്രങ്ങൾ പുറത്തു വന്നു. 1927-ൽ അമേരിക്കയിലെ വാർണർ ബ്രദേഴ്സ് ആണ് അറകുറെ സംസാരിക്കുന്ന് 'ദ ജാസ് സിംഗർ' എന്ന ചിത്രം പ്രേക്ഷകർക്ക് സമ്മാനിച്ചത്. അതാണ് ലോകത്തിലെ ആദ്യത്തെ ശബ്ദ ചിത്രം.

**വാഴ്വേമായം ,യക്ഷി ,ശരപഞ്ജരം , ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച തുടങ്ങി എത്രയെത്ര ചിത്രങ്ങളാണ് അദ്ദേഹം തൻറെ ക്യാമറയിൽ കൂടി സാക്ഷാൽക്കരിച്ചത് . ക്യാമറ സർഗവിസ്മയമാക്കി അദ്ദേഹം മാറ്റി . പ്രത്യേകിച്ചും കറുപ്പും വെളുപ്പും മാത്രം നിറഞ്ഞ ആ ചിത്രങ്ങളിൽ.**


ആംഗലേയ നിശ്ശബ്ദ ചിത്രങ്ങൾ കണ്ട് പ്രലോഭിച്ച ദാദാ സാഹേബ് ഫാൽക്കെ ഒട്ടനവധി ത്യാഗങ്ങൾ സഹിച്ച് 1913-ൽ തന്നെ ഹിന്ദിഭാഷയിൽ 'രാജാ ഹരിശ്ചന്ദ്ര' എന്ന ആദ്യ നിശ്ശബ്ദ ഇന്ത്യൻ ചിത്രം നിർമ്മിച്ചു. അതുപോലെ തന്നെയാണ് ജെ.സി. ദാനിയേൽ എന്ന കർമ്മിയുടെയും കാര്യം. ആദ്യമായി മലയാള ഭാഷയിൽ 'വിഗതകുമാരൻ' എന്നൊരു ചിത്രം നിർമ്മിച്ച് പുസ്തക ചരിത്രത്തിൽ നാമം നേടിയെങ്കിലും-ജീവിതം ദുഃഖപൂർണ്ണമായിരുന്നു. നഷ്ടങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും അവർ നേടിയെത്ത വിജയത്തെ അനുസ്മരിക്കാൻ ഒരു ഫാൽക്കേ അവാർഡും ജെ.സി.ദാനിയേൽ അവാർഡും കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും നൽകുന്നുവെന്നത് വാസ്തവം. അത് അർഹതപ്പെട്ട പലരും ഇന്ന് ജീവിച്ചിരുന്നിട്ടും അവർക്ക് നൽക്കാതെ പേരിന് ഒരാൾക്കു വെച്ചു നീട്ടിയാൽ അതിലെന്ത് മാഹാത്മ്യം. സമസ്തരംഗങ്ങളിലും വിഹരിച്ചവർക്കൊക്കെ അതു കൊടുക്കാവൂ എന്നൊരു നിയമാവലിയുണ്ടായിട്ടും എന്തുകൊണ്ട് തലപ്പത്തിരിക്കുന്നവർ വൈമുഖ്യം കാട്ടുന്നു. നിർദാക്ഷിണ്യം പെരുമാറുന്നു? തന്നത്താൻ വഞ്ചിക്കുന്ന കഴിവിലാണ് പലരും തങ്ങളുടെ നൈപുണ്യം പ്രകടമാക്കുന്നതെന്ന്-തലപ്പത്ത് ഇരിക്കുന്നവർ മനസ്സിലാക്കിയാൽ അനീതികൾ ഒഴിവാകും. അർഹത മാനിക്കപ്പെടും.



FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555



**കോഴിക്കോട് ചെലവൂർ വേണു എന്ന പോലെയാണ് കോട്ടയത്ത് വാല്മീകി. സുഹൃത്തുക്കൾക്കിടയിൽ വാത്മീകി എന്നറിയപ്പെടുന്ന കോട്ടയത്തെ സാംസ്കാരിക പ്രവർത്തകൻ കുര്യൻ കെ തോമസ്. സാംസ്കാരിക സംഘാടനം കലയെങ്കിൽ ആ കലയിലെ രത്നമാകുന്നു കുര്യൻ കെ തോമസ്.**



*വരയും എഴുത്തും*
◉ **പ്രസന്നൻ ആനിക്കാട്**

# കരിമ്പനത്തറക്കാരന്റെ ഊർജ്ജ തന്ത്രങ്ങൾ

വാത്മീകി' എന്നാൽ നമുക്ക് ആദികവിയാകുന്നു. ശ്രീകോവിലിന്റെ കട്ടിളപ്പടിയിലെ സ്വർണംവരെ കവരുന്നവരെപ്പോലെയല്ലാതെ, അന്തസായി പിടിച്ചുപറിച്ചു കഴിഞ്ഞിരുന്ന 'രത്നാകരൻ' എന്ന കാട്ടാളനെയാണ് ഗസറ്റിലെ പരസ്യമൊന്നുമില്ലാതെ തന്നെ, എഴുത്തച്ഛൻ തന്റെ എഴുത്തിലൂടെ, വാത്മീകിയാക്കി മാറ്റിയത്.

എന്നാൽ അക്ഷരനഗരിയായ കോട്ടയത്തെ കലാലയ മുത്തശി



യായ സിഎംഎസ് കോളേജ് വൃത്തങ്ങളിൽ, ഈ പേരിൽ പരക്കെ അറിയപ്പെടുന്നത്, ഒരു സാംസ്കാരിക പ്രവർത്തകനെയാണ്;കുര്യൻ തോമസ് കരിമ്പനത്തറയിൽ എന്ന മണർകാട് സ്വദേശിയെ. സാംസ്കാരിക സംഘാടനം കലയെങ്കിൽ ആ കലയിലെ രത്നമാകുന്നു കുര്യൻ കെ തോമസ്.

1984 ൽ സുരേഷ് കുറുപ്പ് എന്ന എസ്എഫ്ഐ നേതാവിന് കോട്ടയം മണ്ഡലത്തിൽനിന്നും ആദ്യമായി പാർലമെന്റിലേക്ക് മത്സരിക്കാൻ കുറി വീണപ്പോൾ ആ മത്സരച്ചൂടിന് അന്നേവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള പോസ്റ്ററുകളും പ്രചാരണ സാമഗ്രികളും ഇൻഡക്സാക്കി മാറ്റിയ ചിന്തകളിൽ ഈ പ്രതിഭയും ഉണ്ടായിരുന്നു. ഊർജതന്ത്രം പഠിച്ചതുകൊണ്ടാവാം ആള് നല്ല തന്ത്രശാലിയുമാകുന്നു.

'ക്രിയേറ്റീവ് മൈൻഡുള്ള' രാധാകൃഷ്ണനും കുര്യനും ഒക്കെ ചേർന്ന് കോട്ടയത്ത് കുറുപ്പിന് അസാധ്യമെന്നു കരുതിയിരുന്ന വിജയങ്ങൾ ഡിസൈൻ ചെയ്തു കൊടുത്തതിൽ അന്നത്തെ പോസ്റ്ററുകൾക്കും പ്രചാരണ സാമഗ്രികൾക്കും ചെറുതല്ലാത്ത സ്ഥാനമുണ്ടായിരുന്നു. കുറുപ്പിന്റെ വേറിട്ട വിജയഗാഥകൾക്കായി ഒരുക്കിക്കൊടുത്ത തറവാടിത്തം തുളുമ്പിയ പോസ്റ്ററുകൾ മതിലുകൾ മറന്നാലും മനസുകൾ മറക്കില്ല..!

**'ക്രിയേറ്റീവ് മൈൻഡുള്ള' രാധാകൃഷ്ണനും കുര്യനും ഒക്കെചേർന്ന് കോട്ടയത്ത് സുരേഷ് കുറുപ്പിന് അസാധ്യമെന്നു കരുതിയിരുന്ന വിജയങ്ങൾ ഡിസൈൻ ചെയ്തു കൊടുത്തതിൽ അന്നത്തെ പോസ്റ്ററുകൾക്കും പ്രചാരണ സാമഗ്രികൾക്കും ചെറുതല്ലാത്ത സ്ഥാനമുണ്ടായിരുന്നു. കുറുപ്പിന്റെ വേറിട്ട വിജയഗാഥകൾക്കായി ഒരുക്കിക്കൊടുത്ത തറവാടിത്തം തുളുമ്പിയ പോസ്റ്ററുകൾ മതിലുകൾ മറന്നാലും മനസുകൾ മറക്കില്ല..!**

ഇന്ന് പഞ്ചായത്ത് വാർഡിലെ സ്ഥാനാർഥികൾപോലും കേവലം ആയിരം വോട്ടിന് ഫ്ലക്സ് അടിച്ച് തങ്ങളെ അടയാളപ്പെടുത്താൻ ജാഗരൂകരാകുന്നു. ആ ഫ്ലക്സുകളിൽ പലതിന്റെയും ഡിസൈൻ കണ്ടാലോ, കാക്ക ചികഞ്ഞ മാതിരിയും..!

വാത്മീകിയുടെ സ്വതസിദ്ധമായ സാമൂഹിക-സാംസ്കാരികമേഖലകളിലെ സംഘാടന മികവിനെ ഊതിക്കാച്ചിയ ഉല, ഒരുപക്ഷെ, അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിൽ ഏതാണ്ട് രണ്ടു പതിറ്റാണ്ടോളം കോട്ടയത്തെ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ, സയൻറിഫിക് പബ്ലിക്കേഷൻ ഓ

**വാത്മീകിയുടെ സ്വതസിദ്ധമായ സാമൂഹിക – സാംസ്കാരികമേഖലകളിലെ സംഘാടന മികവിനെ ഊതിക്കാച്ചിയ ഉല, ഒരുപക്ഷെ, അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിൽ ഏതാണ്ട് രണ്ടു പതിറ്റാണ്ടോളം കോട്ടയത്തെ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ, സയൻറിഫിക് പബ്ലിക്കേഷൻ ഓഫീസറായി പ്രവർത്തിക്കാൻ ലഭിച്ച നിയോഗത്തിൽ കൂടി പരുവപ്പെട്ട തായിരിക്കാം. ഈ കാലയളവിൽ സംഘടിപ്പിക്കപ്പെട്ട ദേശീയവും അന്തർദ്ദേശീയവുമായ ഒട്ടനവധി സെമിനാറുകളുടെ പ്രസിദ്ധീകരണ/ ഡിസ്പ്ലേ സാമഗ്രികൾ, റബ്ബറിന്റെ ഗ്രേഡിനെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന, RSS-1 പോലെ, ഗുണമേന്മ ഉള്ളതായിരുന്നു.**


വിരമിക്കൽപാർട്ടിയിൽ എരിവും മധുരവുമായി രാഷ്ട്രീയചർച്ച


രാഗാർദ്രമായ നാല് രാകേന്ദു രാവുകൾ


മലയാള മനോരമ 2021 മാർച്ച് 28 ഞായർ

പുതുമകൾക്കായി തപസ്സിലാണെന്നും വാൽമീകി

വ്യത്യസ്തതയുടെ കയ്യൊപ്പിട്ട പോസ്റ്ററുകളും നോട്ടീസുകളുമായി കുര്യൻ തോമസ്

ഫീസറായി പ്രവർത്തിക്കാൻ ലഭിച്ച നിയോഗത്തിൽ കൂടി പരുവപ്പെട്ട തായിരിക്കാം. ഈ കാലയളവിൽ സംഘടിപ്പിക്കപ്പെട്ട ദേശീയവും അന്തർദ്ദേശീയവുമായ ഒട്ടനവധി സെമിനാറുകളുടെ പ്രസിദ്ധീകരണ/ ഡിസ്പ്ലേ സാമഗ്രികൾ, റബ്ബറിന്റെ ഗ്രേഡിനെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന, RSS-1 പോലെ, ഗുണമേന്മ ഉള്ളതായിരുന്നു.

അദ്ദേഹം മഹാത്മാഗാന്ധി സർവകലാശാലാ പ്രസിദ്ധീകരണ വിഭാഗം മേധാവിയായിരുന്ന കാലത്തെ ശൈലിയിലും ആ ഊർജ്ജത്തിന്റെ ശാസ്ത്രമുണ്ട്. ഈ കരിമ്പനത്തറക്കാരന്റെ ജീവിതം ഒരു പുസ്തകമാക്കിയാൽ അതിലെ ഏറ്റം മികച്ച അധ്യായം, 1988–2007 കാലഘട്ടത്തിൽ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രം, 2007–2014 കാലയളവിൽ എം ജി യൂണിവേഴ്സിറ്റി എന്നിവിടങ്ങിൽനിന്നും ആർജ്ജിച്ച അനുഭവപരിചയവും വിട്ടുവീഴ്ചയില്ലാത്ത നിഷ്കർഷകളും ആയിരിക്കും.

വാത്മീകിയുടെ സംഘാടന മികവിന്റെ ആത്മാംശം കലർന്ന, സംഗീത ബന്ധിയായ ഒരു പരിപാടിയുണ്ട്. 'രാകേന്ദു' എന്ന പേരിൽ 2014 മുതൽ 2017 വരെ അത് കോട്ടയത്തിന്റെ സംഗീതാഭിരുചിയുടെ സിംഫണിയായിരുന്നു. രാഷ്ട്രീയ, കലാ, സാംസ്കാരിക മേഖലകളിലെ തീപ്പൊരിയായിരിക്കെ അകാലത്തിൽ പൊലിഞ്ഞ സി കെ ജീവ







ന്റെ പേരിൽ രൂപംകൊണ്ട ട്രസ്റ്റിന്റെ നവീന സംരംഭമായിരുന്നു അത്. ട്രസ്റ്റ് സെക്രട്ടറി എന്ന നിലയിൽ വാത്മീകിയും ചെയർമാൻ ഡിജോ കാപ്പനും സുരേഷ് കുറുപ്പും സമാനഹൃദയരും ചേർന്ന് ഒരുക്കിയ പരിപാടി കോട്ടയത്തെ സി എം എസ് കോളേജിന്റെയും ബസേലിയസ് കോളേജിന്റെയും എം ടി സെമിനാരി സ്കൂളിന്റെയും കാമ്പസ് ഭൂമികയെ സംഗീത-സാഹിത്യ സാന്ദ്രമാക്കിയെങ്കിലും, പിന്നീടതിന് തുടർച്ചയുണ്ടായില്ല.

നല്ലൊരു കർഷകൻ കൂടിയായ വാൽമീകിക്ക് കൾച്ചറും അഗ്രികൾച്ചറും തമ്മിൽ ഭേദാഭേദങ്ങളില്ല. തൊടിയിൽനിന്ന് വെട്ടിയെടുക്കുന്ന ഫലങ്ങൾ മണർകാട്ടെ 'കർഷകന്റെ കട'യിൽ വിറ്റുകിട്ടുന്ന നയാപൈസയുടെ കണക്കുപോലും ഫെയിസ് ബുക്കിലൂടെ നാട്ടാരെ അറിയിക്കുന്ന അക്കൗണ്ടബിലിറ്റിയാണ് കുര്യന്റെ കണക്കുപുസ്തകത്തിന്റെ പ്രത്യേകത..!

സാംസ്കാരിക ഇടങ്ങളിൽ ഊർജസ്വലനായി ഓടിനടന്നിരുന്ന വാത്മീകിയെ ചിതൽപുറ്റിലാക്കാൻ കാലം കോവിഡിന്റെ രൂപത്തിൽ എത്തിയെങ്കിലും അദ്ദേഹത്തിലെ

**വാത്മീകിയുടെ സംഘാടന മികവിന്റെ ആത്മാംശം കലർന്ന, സംഗീത ബന്ധിയായ ഒരു പരിപാടിയുണ്ട്. 'രാകേന്ദു' എന്ന പേരിൽ 2014 മുതൽ 2017 വരെ അത് കോട്ടയത്തിന്റെ സംഗീതാഭിരുചിയുടെ സിംഫണിയായിരുന്നു. രാഷ്ട്രീയ, കലാ, സാംസ്കാരിക മേഖലകളിലെ തീപ്പൊരിയായിരിക്കെ അകാലത്തിൽ പൊലിഞ്ഞ സി കെ ജീവന്റെ പേരിൽ രൂപംകൊണ്ട ട്രസ്റ്റിന്റെ നവീന സംരംഭമായിരുന്നു അത്.**

വറ്റാത്ത ഊർജ്ജം അവിടെയും തോറ്റുകൊടുത്തില്ല. അടുത്തിടെ തിരുനക്കരയിൽ സംഘടിപ്പിച്ച, ഗസ്സയിൽ ജീവൻ പൊലിഞ്ഞ കുട്ടികൾക്കുവേണ്ടി നടത്തിയ കൂട്ടായ്മയുടെ വൻവിജയം പഴയ വാത്മീകിയുടെ മടങ്ങി വരവായിരുന്നു.

അകാലത്തിൽ അന്തരിച്ച ഉഴവൂർ വിജയൻ വാത്മീകിയുടെ അടുത്ത സ്നേഹിതനായിരുന്നു.. മാധ്യമ പ്രവർത്തകൻ ബാലുവുമായി ചേർന്ന് ഉഴവൂർ പ്രസംഗങ്ങളിലെ നർമം ചാലിച്ച് ഒരു ഓർമപ്പുസ്തകമെഴുതി, അതിൽ നിറയെ എന്റെ വരകളും ചേർത്ത് ഒരുക്കി വച്ചിട്ട് വർഷം അഞ്ചെട്ടായെങ്കിലും ആത് അച്ചടിപ്പിക്കാനോ പ്രകാശിപ്പിക്കാനോ വാത്മീകിക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

കുറുപ്പിന്റെ പോസ്റ്ററുകളുടെ കാര്യംപോലെ, ഒരു വ്യത്യസ്തതക്കായി കാലം ഒരുക്കുന്ന കാത്തിരിപ്പായിരിക്കാം.

നമുക്കും കാത്തിരിക്കാം... കാലം കയ്യൊപ്പു ചാർത്തുന്ന, വാത്മീകി നേതൃത്വം നൽകുന്ന, മറ്റൊരു കോട്ടയം കൂട്ടായ്മയ്ക്കായി...



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

പുസ്തകലോകം




**നിന്നു കത്തുന്ന കടലുകൾ**
ആല്മകഥ
**ജോളി ചിറയത്ത്**
ഗൂസ്ബെറി പബ്ലിക്കേഷൻസ് ,തൃശൂർ
വില: 299 രൂപ



# നിന്നു കത്തുന്ന കടലുകൾ പൊട്ടിത്തെറിക്കുന്ന അഗ്നിപർവ്വതം

**ഒരു പെൺകുട്ടിയുടെ ,ഒരു സ്ത്രീയുടെ ,ഭാര്യയുടെ ജീവിതം എത്ര ദുസ്സഹമാണ് ഈ വികസിത കേരളത്തിൽ എന്നതിന്റെ നേർസാക്ഷ്യമാണ് ജോളി ചിറയത്തിന്റെ ജീവിത കഥ.**

പി എസ് ജോസഫ്

മലയാളത്തിൽ അടുത്തയിടെ ഏറ്റവും സജീവമായ സാഹിത്യ ശാഖ ആൽമകഥകളാണ് . ഹൃദയം ദ്രവിപ്പിക്കുന്ന ,പൊള്ളുന്ന ജീവിതാനുഭവങ്ങളുടെ കഥകൾ എഴുതുന്നവർ ഏറെയും അവഗണിക്കപ്പെട്ട ,ചരിത്രത്തിലും ജീവിതത്തിലും തമസ്ക്കരിക്കപ്പെട്ട സ്ത്രീകൾ ആണെന്നത് മറ്റൊരു വസ്തുത .നിന്നു കത്തുന്ന കടലുകൾ എന്ന് തൻറെ അല്മകഥയ്ക്ക് ജോളി ചിറയത്ത് പേരിടുമ്പോൾ അതൊരു അതിശയോക്തി അല്ലേ എന്ന് തോന്നാം .പക്ഷെ എഴുപതുകളിൽ ബാല്യം പിന്നിട്ട ഒരു തൃശൂർക്കാരി പെൺകുട്ടിയുടെ സാധാരണമായ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ നിങ്ങളുടെ മനസ്സും അറിയാതെ പൊള്ളും . പൊട്ടിത്തെറിക്കുന്ന അഗ്നിപർവത സമാനമായ അനുഭവങ്ങളുടെ നിരന്തരമായ പൊട്ടിത്തെറിയാണ് ഈ ആൽമകഥ .ജോളി ചിറയത്ത് അടുത്ത കാലത്ത് മാത്രമാണ് ഒരു നടി എന്ന നിലയിൽ ശ്രദ്ധ നേടിയത് .നാടകങ്ങളുമായി അവർക്ക് അടുത്ത ബന്ധം ഉണ്ടെങ്കിലും

ജീവിത സമരങ്ങളാണ് അവരെ പൊതു ധാരയിൽ കൊണ്ടു വന്നു നിർത്തുന്നത് .ഒരു കുട്ടിയുടെ ,ഒരു സ്ത്രീയുടെ ,ഭാര്യയുടെ ജീവിതം എത്ര ദുസ്സഹമാണ് ഈ വികസിത കേരളത്തിൽ എന്നതിന്റെ നേർ സാക്ഷ്യം കൂടിയാണ് ഈ ജീവിത കഥ.ആകർഷകമായ ഭാഷയിൽ ആല്മാർഥമായി ഒരു തുറന്നു പറച്ചിൽ നടത്തുകയാണ് അവർ ഈ കൃതിയിൽ.

''ആരുടെയെങ്കിലും തോന്നലല്ല ഞാനെന്നും ശരിക്കും ഞാനുണ്ടെന്നും മറ്റുള്ളവരുടെ ജീവിതകഥയിലെ അടിക്കുറിപ്പായി മാത്രം ഒതുങ്ങേണ്ടതല്ലെന്നുമുള്ള അവബോധത്തിലെക്കെത്താൻ സമയമെടുത്തു . അനാവശ്യവും അപ്രസക്തവുമെന്ന തോന്നലിൽ ആല്മഹത്യ മുനമ്പിലെത്തി . അതിൽ നിന്നുള്ള തിരിഞ്ഞു നടത്തമാണ് ഇപ്പോഴത്തെ ജീവിതം. ജീവിതം കൊണ്ടു എന്ത് നേടിയെന്ന വലിയ ചോദ്യങ്ങളൊന്നും ഞാൻ ചോദിക്കാറില്ല . നിന്നു കത്തുന്ന കടൽ പോലെ ഞാനുണ്ട് . അതിന്റെ ചൂടും വേവുമുണ്ട് ,ആളലുണ്ട് .അത് മാത്രമറിയാം ', ജോളി ചിറയത്ത് തൻറെ പുസ്തകത്തെ പറ്റി പറയുന്നു .

ഭൂമി ഉണ്ടായിരുന്നെങ്കിലും നിരക്ഷരതയും പട്ടിണിയും രോഗങ്ങളും വലച്ച ,ഇരുപതാം നൂറ്റാണ്ടിലെ അവസാന പാദങ്ങളിലെ ഒരു ക്രിസ്തീയ കുടുംബത്തിൻറെയും ഒരു രാഷ്ട്രീയ കുടുംബത്തിന്റെയും കഥ യാതൊരു ഒളിമറവും ഇല്ലാതെ ജോളി ചിറയത്ത് അവതരിപ്പിക്കുമ്പോൾ അത് സമീപകാല കേരള സമൂഹത്തിനു നേരെ പിടിച്ച കണ്ണാടി കൂടിയാകുന്നു .വരുമാനമോ തൊഴിലോ വേണ്ട സുരക്ഷിതത്വമോ ഇല്ലാതെ വളർന്നു വരുന്ന ഒരു തലമുറയുടെ ബാക്കിപത്രം . നിരക്ഷരനായ, ജോലി തേടി മഹാരാഷ്ട്രയിലെ സട്ടാനയിൽ പോയ പിതാവ് .സുന്ദരിയായ യുവതിയെ

**'ആരുടെയെങ്കിലും തോന്നലല്ല ഞാനെന്നും ശരിക്കും ഞാനുണ്ടെന്നും മറ്റുള്ളവരുടെ ജീവിതകഥയിലെ അടിക്കുറിപ്പായി മാത്രം ഒതുങ്ങേണ്ടതല്ലെന്നുമുള്ള അവബോധത്തിലെക്കെത്താൻ സമയമെടുത്തു . അനാവശ്യവും അപ്രസക്തവുമെന്ന തോന്നലിൽ ആല്മഹത്യ മുനമ്പിലെത്തി . അതിൽ നിന്നുള്ള തിരിഞ്ഞു നടത്തമാണ് ഇപ്പോഴത്തെ ജീവിതം. ജീവിതം കൊണ്ടു എന്ത് നേടിയെന്ന വലിയ ചോദ്യങ്ങളൊന്നും ഞാൻ ചോദിക്കാറില്ല . നിന്നു കത്തുന്ന കടൽ പോലെ ഞാനുണ്ട് . അതിന്റെ ചൂടും വേവുമുണ്ട് ,ആളലുണ്ട് . അത് മാത്രമറിയാം ',ജോളി ചിറയത്ത് തൻറെ പുസ്തകത്തെ പറ്റി പറയുന്നു .**



വിവാഹം കഴിച്ചതിന്റെ അപകർഷതാബോധം തലയിലേറ്റിയ അപ്പൻ , വരുമാനമില്ലാതെ ജീവിതം തള്ളി നീക്കാൻ ശ്രമിക്കുന്നതിനിടെ മദ്യത്തിൽ അകപ്പെട്ടു ഭാര്യയെ ക്രൂരമായി മർദ്ദിക്കുന്ന ഭർത്താവ് , ഹൃദ്രോഗം മൂലം നാലാം വയസ്സ് വരെ മകളെ നോക്കാൻ കഴിയാതെ പോയ അമ്മ ,വടക്ക് പഠനം തുടങ്ങി കേരളത്തിലെത്തുമ്പോൾ ഇവിടത്തെ ആൽമവഞ്ചനയും ഇരട്ട സ്വഭാവരീതികളും കാണുന്ന വിദ്യാർഥിനി.ജോളിയുടെ ജീവിത കഥയുടെ തുടക്കം ആരെയും വല്ലാതെ മഥിക്കും .പണക്കാരെയും ആല്ലാത്തവരെയും രണ്ടായി കാണുന്ന പള്ളി സ്കൂൾ ഇതിലെ ഒരു പതിവ് യാഥാർത്ഥ്യമാണ് .ജോളിയുടെ ചോദ്യം ചെയ്യൽ വാസന അവിടെ തുടങ്ങുന്നു .

ജോളിയുടെ ഓർമ്മകളിൽ നാലാം വയസ്സുകാരി രോഗിയായി കിടക്കുന്ന അമ്മയെ ആദ്യം കാണുന്ന മുഹൂർത്തം അതിമനോഹരമായി രേഖപ്പെടുത്തിയിരിക്കുന്നു . എടുത്തു പുണർന്നില്ലെങ്കിലും അമ്മയുടെ വാൽസല്യമാർന്ന ഒരു നോട്ടം ആ മധുരമായ കൂടിക്കാഴ്ചയുടെ ഓർമ്മയായി അവർ കുറിച്ചു വെയ്ക്കുന്നു .സട്ടാനയിൽ നിന്ന് അച്ഛൻറെ മർദ്ദനം സഹിക്കവയ്യാതെ വീട് വിട്ടോടുന്ന അമ്മയെ പറ്റി അവർ എഴുതുന്നുണ്ട് .കാപ്പി നിറത്തിൽ മഞ്ഞപൂക്കൾ വിതറിയ ഒരു സാരി ഉടുത്തു വീട് വിട്ടു എങ്ങോ പോയ അമ്മയെ കുട്ടികൾ പിന്തുടരുന്നു .നിന്നു കത്തുന്ന ഒരു മരം എന്നാണു അവരെ ജോളി വിശേഷിപ്പിക്കുന്നത് .വൈകാരികമായി ഒരു ദൗർബല്യം പോലെ അമ്മ എപ്പോഴും ജോളിയുടെ ചിന്തകളിൽ ഉണ്ട് .അവരുടെ ആല്മകഥ അവസാനിക്കുന്നത് തന്നെ അങ്ങനെയാണ്.''പതിനെട്ടു വയസ്സ് വരെ അമ്മയുടെയും ചേച്ചിയുടെയും കൂടെ ഒരു വീട്ടിൽ ആയിരുന്നു എൻറെ ജിവിതം .ആ ഓർമ്മകളിലാണ്

ഞാനിപ്പോഴും ജീവിക്കുന്നതെന്ന് തോന്നും ചിലപ്പോൾ . ''എല്ലാക്കാലത്തും സങ്കടം തൂങ്ങി ,അമ്മച്ചിക്ക് വേണ്ടി കാത്തിരിക്കുന്ന ,നിന്നുകത്തുന്ന കടല് പോലെയുള്ള ഒരു കുട്ടിയുടെ ജീവനാണ് ഞാൻ ' അമ്മയുടെ ആ മടക്കയാത്ര നാട്ടിൽ അവർ തിരികെ എത്തുന്നതിൽ കലാശിച്ചു .എങ്കിലും അപ്പനെ കുറിച്ചു നിർദ്ദയമായി കുറ്റപ്പെടുത്തൽ നടത്തുന്ന മകളല്ല ജോളി എന്നത് ശ്രദ്ധേയം .

വലിയ നിയന്ത്രണങ്ങൾ ഇല്ലാത്ത ഒരു സ്കൂളിൽ ആയിരുന്നു ജോളി സട്ടാനയിൽ പഠിച്ചിരുന്നത്. കുട്ടികൾ നിലത്തിരിക്കും. ആൺകുട്ടികൾക്ക് ഇറാൻ ഷർട്ട് ഉണ്ടാവില്ല . . ക്ലാസ്സിൽ പലരും ജനാലയിൽ കൂടി വരികയും പോകുകയും ചെയ്യും .ആൺ പെൺ വ്യത്യാസം ഉണ്ടായിരുന്നില്ല അവിടെ. എന്നാൽ കേരളത്തിൽതിരികെ വന്നപ്പോൾ നേരെ എതിരായിരുന്നു കാര്യങ്ങൾ . പ്രൈമറി തലത്തിൽ തന്നെ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ സംസാരിക്കുന്നതിൽ തന്നെ വലിയ എതിർപ്പ് .ഒരേ ബെഞ്ച് എന്നത് ചിന്തിക്കാനെ ആവില്ല. ഈ ജീവിതത്തിൽ ലഭിച്ച ചില സൌഹൃദങ്ങൾ ആണ് ജോളിയുടെ ജീവിതത്തിനു വലിയ അടിത്തറയാകുന്നത് . പ്രത്യേകിച്ചും സാഹിറ എന്ന ബാല്യകാലസഖി . ആ ബന്ധം ഇപ്പോഴും നിലനിൽക്കുന്നു .

കുടുംബസാഹചര്യങ്ങൾ സൃഷ്ടിക്കുന്ന പരിമിതികളിൽ നിന്ന് രക്ഷപെടാൻ അവർ നടത്തുന്ന ശ്രമമാണ് ആദ്യ പകുതിയിലെ പ്രധാന ഘടകം .ട്യൂഷൻ എടുത്തും പട്ടിണി കിടന്നും കോളേജിൽ പോയ കാലങ്ങൾ .അത് മുന്നിൽ തുറന്ന പുതിയ ലോകങ്ങൾ . അതിൽ രസകരമായത് ഒരു ആർ എസ് എസുകാരനുമായുള്ള അവരുടെ പ്രണയബന്ധമാണ്.മതപരമായ ,യാഥാസ്ഥിതികമായ



**എഴുപതുകളിൽ ബാല്യം പിന്നിട്ട ഒരു തൃശൂർക്കാരി പെൺകുട്ടിയുടെ സാധാരണമായ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ നിങ്ങളുടെ മനസ്സും അറിയാതെ പൊള്ളും . പൊട്ടിത്തെറിക്കുന്ന അഗ്നിപർവത സമാനമായ അനുഭവങ്ങളുടെ നിരന്തരമായ പൊട്ടിത്തെറിയാണ് ഈ ആൽമകഥ .**

കർക്കശമായ നിയന്ത്രണങ്ങൾ ആ പ്രണയബന്ധത്തെ തകർത്തു .വളരെ അടുപ്പം ഉണ്ടായിരുന്ന ഒരു യുവാവിൻറെ ആകസ്മികമായ അപകടമരണമാണ് ആ ജീവിതത്തിലെ മറ്റൊരു കറുത്ത നിമിഷം .ഇതിനിടെ അവർ മറ്റൊരു ബന്ധത്തിലായി .ഒരു സി പി ഐ നേതാവിൻറെ മകൻ .

അന്നാണ് അവർ അറിയുന്നത് . ആ വീട്ടിൽ സിദ്ധാന്തവും പ്രായോഗിക രാഷ്ട്രീയവുമായി യാതൊരു ബന്ധവും ഇല്ല എന്ന് .

സൈദ്ധാന്തികമായ പ്രശ്നങ്ങൾ എക്കാലവും അവരെ അലട്ടിയിരുന്നു .സ്കൂൾ കാലത്ത് അവർ കെ എസ് യു വിനോടാണ് ആഭിമുഖ്യം പുലർത്തിയത് .അന്ന് മറ്റു കുട്ടികൾ ഒരു അധ്യാപകനെതിരെ ലൈംഗീകാരോപണം ഉന്നയിച്ചപ്പോൾ എല്ലാം സഹിച്ചു അവർ കു

റ്റാരോപിതനൊപ്പം നിന്നതും ഒരു കഥ .. ഇതെപോലെയൊരു അന്തരീക്ഷം ആണ് കോളേജിലും അവർ അഭിമുഖീകരിക്കുന്നത് .അങ്ങനെയാണ് അവർ എസ് എഫ് ഐയുമായി തെറ്റിപ്പിരിയുന്നത്.പിന്നിട് കുറച്ചു കൂടി സ്വതന്ത്രമായ ഫെമിനിസ്റ്റ് ചിന്താധാരയിൽ അവർ എത്തിപ്പെടുന്നു .

എല്ലാക്കാലത്തും നാടകം ജോലി ചിറയത്തിനു ഒരു അഭിനിവേശമായിരുന്നു .ആറാം ക്ലാസിൽ ഒരു ഇംഗ്ലീഷ് നാടകം സംവിധാനം ചെയ്തു അഭിനയിച്ചത് മുതൽ അത് തുടങ്ങുന്നു .കോളേജ് കാലത്തു അത് തീവ്രമായി . നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ അഭിനയം കോഴ്സിന് അഭിമുഖത്തിൽ പങ്കെടുത്തുവെങ്കിലും മറ്റൊരാൾക്ക് വേണ്ടി താൻ തഴയപ്പെട്ടുവെന്നു അവർ ഓർക്കുന്നു . കൂത്താട്ടുകുളത്തെ നാടക ക്യാമ്പാണ് അവരുറെ ഓർമ്മയിൽ നിറം പിടിച്ചു നിൽക്കുന്ന ഒന്ന് .

ആ ക്യാമ്പിൽ പല അവതരണങ്ങളും നടന്നു .പിൽക്കാലത്തെ പല സൗഹൃദങ്ങളുടെ തുടക്കം കൂടിയായിരുന്നു ആ ക്യാംപ് .ഗൾഫിൽ ഇല്ലായ്മകളുടെയും അവിടുത്തെ പലവിധ വിലക്കുകളുടെയും നടുവിൽ കുട്ടികൾക്ക് വേണ്ടി ഒരു നാടക ക്യാമ്പ് നടത്താൻ അവർ ചെയ്ത ശ്രമവും അതിന്റെ ഭാഗം തന്നെ .നടൻ മുരളി അതുമായി സജീവമായി സഹകരിച്ചു . പക്ഷെ കുടുംബ ജീവിതത്തിൻറെ ഭാരിച്ച നുകത്തിനടിയിൽ പെട്ട അവർക്ക് നാടകം സ്ഥിരമായ ഒരു മോഹമായി , അഭിനിവേശമായി കൊണ്ടു നടക്കാൻ കഴിഞ്ഞില്ല .

ജോലിയുടെ ജീവിതത്തിൻറെ ആദ്യഭാഗം കുടുബ ബന്ധങ്ങളിലെ ദുസഹമായ സംഭവങ്ങൾ ആയിരുന്നുവെങ്കിൽ ദാമ്പത്യ ജീവിതം സൃഷ്ടിച്ച കടുത്ത നിഴലുകൾ ആയിരുന്നു അവരുടെ ജീവിതത്തിൻറെ രണ്ടാം ഭാഗത്തെ വല്ലാതെ ബാധിച്ചത് .മതിയായ വിദ്യാഭ്യാസം ഉണ്ടെങ്കിലും സാമ്പത്തികമായി ഉയർന്ന ഒരു സി പി ഐ നേതാവിൻറെ കുടുംബത്തിലാണ് പ്രണയ വിവാഹിതയായി ചെന്ന് കയറിയതെങ്കിലും അവിടത്തെ ആചാരങ്ങളിലും അരക്ഷിതാവസ്ഥയിലും നരകതുല്യമായ ജീവിതം നയിക്കാനായിരുന്നു അവരുടെ ദുര്യോഗം .സൈദ്ധാന്തികമായി കമ്മ്യുണിസ്റ്റ് കുടുംബം ആണെങ്കിലും ഭ്രുത്യരെയും മരു

**നിരക്ഷരതയും പട്ടിണിയും രോഗങ്ങളും വലച്ച ,ഇരുപതാം നൂറ്റാണ്ടിലെ അവസാന പാദങ്ങളിലെ ഒരു ക്രിസ്തീയ കുടുംബത്തിൻറെയും ഒരു രാഷ്ട്രീയ കുടുംബത്തിന്റെയും കഥ യാതൊരു ഒളിമറവും ഇല്ലാതെ ജോളി ചിറയത്ത് അവതരിപ്പിക്കുമ്പോൾ അത് സമീപകാല കേരള സമൂഹത്തിനു നേരെ പിടിച്ച കണ്ണാടി കൂടിയാകുന്നു . വരുമാനമോ തൊഴിലോ വേണ്ട സുരക്ഷിതത്വമോ ഇല്ലാതെ വളർന്നു വരുന്ന ഒരു തലമുറയുടെ ബാക്കിപത്രം .**

മക്കളെയും തൃണ സമാനരായി കാണുന്ന ഒരു തറവാടിലായിരുന്നു അവരുടെ ദാമ്പത്യത്തിന്റെ തുടക്കം .ഭർത്താവ് ബാലു പുറമേ അക്കാലത്തെ ആധുനിക, പുരോഗമന ചിന്തഗതിക്കാരനാണെങ്കിൽ , അതൊക്കെ വീട്ടിൽ വരുമ്പോൾ പരണത്തു വെക്കുന്ന വ്യക്തിയാണ് . .സ്വന്തം വീട്ടിൽ വിശപ്പ് സഹിക്കാതെ ഭക്ഷണം മോഷ്ടിച്ചു കഴിക്കേണ്ട നില അവർക്കുണ്ടായി .ഒരു മുപ്പതു കൊല്ലം മുൻപത്തെ കാര്യമാണിതെന്നോർക്കണം . ഇപ്പോഴും സ്ഥിതി വ്യത്യസ്തമല്ല എന്ന് ദിനപത്രങ്ങൾ ഓർമ്മപ്പെടുത്തുന്നു .ഭർത്താവ് ആകട്ടെ ഉത്തരവാദിത്തമില്ലാതെ ദിവസങ്ങൾ തള്ളി നീക്കുകയും ..ഒരു സ്ത്രീയുടെ തിളയ്ക്കുന്ന പ്രായത്തിലെ ദുരവസ്ഥ .

മദ്രാസിൽ സ്വതന്ത്രമായി ഒരു ചെറിയ കച്ചവടം ചെയ്തപ്പോഴാണ് മറ്റൊരു ജീവിതം അവർ കാണുന്നത് .അതും ഫലത്തിൽ തകർന്നു വീണു .അവസാനം പോണ്ടിച്ചേരിയിൽ ഒരു കമ്പ്യൂട്ടർ കടയിൽ ജോലി .കോളേജിൽ .കമ്പ്യൂട്ടറിനെതിരെ സമരം ചെയ്ത വിദ്യാർഥിനിയുടെ പരിണാമം !.

അവസാനം ഗൾഫിൽ ഭർത്താവുമൊത്ത് ജീവിതം. ചെറിയ ശമ്പളം മാത്രമുള്ള ഭർത്താവിനു ഒപ്പമുള്ള ആദ്യകാലജീവിതം ഏറെ ക്ലേശകരമായിരുന്നു എന്നവർ ഓർക്കുന്നു . മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിതം തള്ളി നീക്കിയ കാലം .ആദ്യപ്രസവത്തിനു ചില്ലിക്കാശു പോലുമില്ലാതെ ആശുപത്രിയിൽ വിശന്നു കഴിഞ്ഞ നിമിഷങ്ങൾ അവർ ഓർക്കുന്നുണ്ട് . ഭർത്താവ് അതറിഞ്ഞിട്ടു പോലുമില്ല ..ക്രമേണെ അവർ ഫോട്ടോഗ്രഫി പഠിക്കുന്നു .അറബി കുടുംബങ്ങളിൽ വിവാഹ ചിത്രങ്ങൾ എടുക്കുന്നു ..അപ്പോൾ നാട്ടിൽ നിന്ന് മറ്റൊരു പെണ്കുട്ടി ആ ജീവിതത്തിൽ എത്തുന്നു. .മർദ്ദനമോ ക്രൂര വാക്കുകളോ ഇല്ലെങ്കിലും ആ കുടുംബജീവിതത്തിൻറെ താളം തെറ്റുന്നു .നാട്ടിൽ എത്തിയപ്പോഴും ഭർത്താവിന്റെ ജീവിതത്തിൽ മറ്റൊരു സ്ത്രീ . ഭർത്താവ് മറ്റൊരാളുടെ സ്വന്തമാകാൻ പോകുന്ന നിമിഷങ്ങളെ തരണം ചെയ്യുന്ന ജോലിയുടെ ഹൃദയസ്പ്രുക്കായ നിമിഷങ്ങളുടെ ചിത്രങ്ങൾ ഈ കഥയിൽ ഉണ്ട് .പല ആയുസ് ഈ ജീവിതത്തിൽ ജീവിച്ചു കഴിഞ്ഞപോലെയുള്ള ഒരു അനുഭവം .

അവസാനം, സിനിമയിലേക്ക് ആരും അവസരം കൊടുക്കാൻ ഇടയില്ലാത്ത ഒരു പ്രായത്തിൽ അവർക്ക് അങ്കമാലി ഡയറിസിൽ ഒരു

**ഭർത്താവ് മറ്റൊരാളുടെ സ്വന്തമാകാൻ പോകുന്ന നിമിഷങ്ങളെ തരണം ചെയ്യുന്ന ഒരു സ്ത്രീയുടെ ഹൃദയസ്പ്രുക്കായ നിമിഷങ്ങളുടെ ചിത്രങ്ങൾ ഈ കഥയിൽ ഉണ്ട് .പല ആയുസ് ഈ ജീവിതത്തിൽ ജീവിച്ചു കഴിഞ്ഞപോലെയുള്ള ഒരു അനുഭവം .അവസാനം, സിനിമയിലേക്ക് ആരും അവസരം കൊടുക്കാൻ ഇടയില്ലാത്ത ഒരു പ്രായത്തിൽ,വിവാഹമോചനശേഷം ജോളി ചിറയത്തിനു അങ്കമാലി ഡയറിസിൽ ഒരു റോൾ ലഭിക്കുന്നു . നിരവധി റോളുകളുടെ തുടക്കം .ജോളി ചിറയത്ത് എന്ന സ്ത്രീ നടിയായി അറിയപ്പെട്ടു തുടങ്ങുന്നു.**

റോൾ ലഭിക്കുന്നു . നിരവധി റോളുകളുടെ തുടക്കം .ജോളി ചിറയത്ത് എന്ന സ്ത്രീ നടിയായി അറിയപ്പെട്ടു തുടങ്ങുന്നു.

നടി ആക്രമിക്കപ്പെട്ട കാലത്ത് സിനിമയിൽ പ്രവേശിച്ച ജോളി ചിറയത്ത് ആ വ്യവസായത്തെ പറ്റി വിമർശനാല്മ്കമായി ചിന്തിക്കുന്നതിൽ അതിശയമില്ല .വേതനത്തിൽ സ്ത്രീകളോടുള്ള നിലപാടാണു അവരുടെ വലിയ ആശങ്ക.ഒരു നിർമാതാവ് തനിക്കു രണ്ടായിരം രൂപ മാത്രമാണ് നൽകിയെന്ന് അവർ കുറ്റപ്പെടുത്തുന്നു .അതേപോലെ മതിയായ ടോയിലെറ്റ് ഉൾപടെയുള്ള സൌകര്യങ്ങൾ അവർക്കില്ല എന്നതും അവർ ചൂണ്ടിക്കാട്ടുന്നു . മീ ടൂ കാലത്ത് രൂപപ്പെട്ട വിമൻ ഇൻ സിനിമ കളെക്ടീവും അവരടെ വിമർശനത്തിൽ കടന്നു വരുന്നു .

അതെ പോലെ രാഷ്ട്രീയമായി ഉൾക്കാഴ്ചയുള്ള ചില നിരീക്ഷണങ്ങളും ഈ പുസ്തകത്തിൽ കാണാം. പ്രത്യേകിച്ചും ജാതീയതയെയും വലതു പക്ഷ രാഷ്ട്രീയത്തെപ്പറ്റിയും പറയുന്ന ഭാഗങ്ങളിൽ.വലതു രാഷ്ട്രീയത്തിന്റെ ഭാഗമാകാനുള്ള ഒരു തരം ഊർ



ജ്ജമാണ് ഇവിടെ കാണുന്നതെന്ന് അവർ പറയുന്നു വംശീയതയും ജാതീയതയും പേറി നടക്കുന്ന ഇത്രയും ഹിപ്പോക്രാറ്റിക്ക് ആയ ഒരു സമൂഹത്തെ താൻ വേറെ എവിടെയും കണ്ടിട്ടില്ല .കേരളത്തിൽ ജാതി എന്നത് പച്ചപ്പുല്ലിനടിയിൽ ജീവിക്കുന്ന വിഷപ്പാമ്പുകൾ ആണ് .അത് ചൂണ്ടിക്കാണിച്ചാൽ സ്വത്വ വാദത്തിൻറെ കുശുമ്പായി മാത്രമേ കാണൂ എന്നവർ പറയുന്നു .

മത വിശ്വാസി അല്ലെങ്കിലും തന്റെയീ കഥയിൽ വന്നു പോയ എല്ലാവരും ഒരു ഗ്രാൻഡ് നരേറ്റീവിന്റെ ഭാഗമാണെന്നു പറഞ്ഞാണ് ജോളി ആല്മകഥ അവസാനിപ്പിക്കുന്നത് നമ്മുടെ തന്നെ ജീവിതത്തിനു മേൽ വലിയ നിയന്ത്രണങ്ങൾ ഇല്ലാത്ത സ്വാഭാവികമായ ആ ഒഴുക്കിനെ കാലുഷ്യമില്ലാതെ തനിക്കു കാണാനാകുന്നു എന്നവർ പറഞ്ഞു അവസാനിപ്പിക്കുന്നു .

ആറാമത്തെ പതിപ്പിൽ എത്തി നിൽക്കുന്ന ഈ പുസ്തകം സത്യസന്ധത കൊണ്ടും അതുയർത്തുന്ന ചോദ്യങ്ങൾ കൊണ്ടും നമ്മുടെ കാലത്തെ ശ്രദ്ധേയ കൃതിയാണ് .ചായം തേക്കാത്ത അനുഭവങ്ങളുമായി ഈ കൊച്ചു കേരളത്തിന്റെ യുവ മുഖം തൻറെ കഥ പറയുമ്പോൾ പൊള്ളുന്ന അനുഭവ സാക്ഷ്യമായി മാറുന്നു .നാം ഇനിയും എത്രയോ മാറാൻ ഉണ്ടെന്ന സൂചന തരുന്ന വെളിപ്പെടുത്തൽ . നമ്മുടെ സ്ത്രീകൾ എന്ത് കൊണ്ടു മുന്നോട്ടു വരാതെ, ദാമ്പത്യത്തിലും കുടുംബപ്രശ്നങ്ങളിലും തട്ടി വീണു വഴിവക്കിൽ തളർന്നു വീഴുന്നു എന്നതിന് വലിയ ഉദാഹരണം കൂടിയാണ് ജോളി ചിറയത്തിന്റെ ഈ പുസ്തകം .


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

ഗിരീഷ് ഗോപിനാഥന്റെ സോളോ എക്സിബിഷൻ ജീവിതത്തെ ഒരു പരമ്പരയായി പുനർവ്യാഖ്യാനിക്കുന്നു



ഗിരീഷ് ഗോപിനാഥൻ



ബാംഗളൂര് അവന്യൂ റോഡ്

# പരമ്പരാഗത ആശയങ്ങളെ വെല്ലുവിളിക്കുന്ന പ്രദർശനം

തിരുവനന്തപുരത്തെ ഫൈൻ ആർട്സ് കോളേജിലെ ആർട്ട് ഗാലറി കോംപ്ലക്സിൽ അടുത്തയിടെ പ്രദർശിപ്പിച്ച ഫോട്ടോ മോണ്ടാഷ് സോളോ എക്സിബിഷനായ Panoramas But Not Quite? (പനോരമക്കും അപ്പുറം ) ഇൽ ഗിരീഷ് ഗോപിനാഥൻ പനോരമിക് കാഴ്ചയെ പറ്റിയുള്ള പരമ്പരാഗത ആശയങ്ങളെ വെല്ലുവിളിക്കുന്നു. പരമ്പരാഗത അർത്ഥത്തിൽ ഈ സൃഷ്ടികൾ പനോരമിക് അല്ല, മറിച്ച് ഇവ പുതിയ ആഖ്യാനങ്ങൾ സൃഷ്ടിക്കുന്നതിനായി കൂട്ടിച്ചേർക്കപ്പെട്ട ഒന്നിലധികം ചിത്രങ്ങളിൽ നിന്നാണ് നിർമ്മിച്ചിരിക്കുന്നത്. ഓരോ ചിത്രവും കലാകാരന്റെ നേരിട്ടുള്ള മോണ്ടേജിംഗ് സമീപനത്തിൽ നിന്നാണ്



കഴിഞ്ഞ കാലം



**തെരുവിൽ നിന്നുള്ള വിളികൾ**

ഉയർന്നുവരുന്നത്,മിനിമലിസവും ഡിജിറ്റൽ ഇടപെടലും പരമാവധി കുറച്ചു ഗിരീഷ് ജീവിതത്തെ ശകലങ്ങളുടെയും തുടർച്ചകളുടെയും ഒരു പരമ്പരയായി പുനർവ്യാഖ്യാനിക്കുന്നു, പനോരമിക് ഫോർമാറ്റിനെ ധാരണയും ഓർമ്മയും തമ്മിൽ കൂട്ടിമുട്ടുന്ന ഒരു സിനിമാറ്റിക് ഇടമാക്കി മാറ്റുന്നു. ഫ്രെയിമിന്റെ അക്ഷരാർത്ഥത്തിലുള്ള അരികുകൾക്കപ്പുറത്തേക്ക് നോക്കാനും, സമയം, ചലനം, അനുഭവം എന്നിവയാൽ രൂപപ്പെടുന്ന ദൃശ്യകഥകളായി ചിത്രങ്ങൾ എങ്ങനെ വികസിക്കുമെന്ന് പര്യവേക്ഷണം ചെയ്യാനും ഈ ചിത്രങ്ങൾ കാഴ്ചക്കാരെ ക്ഷണിക്കുന്നു.

ഒരു ഫോട്ടോ ജേണലിസ്റ്റും കലാകാരനും എന്ന നിലയിൽ തന്റെ സംവേദനക്ഷമതകളെ സമന്വയിപ്പിച്ചുകൊണ്ട്, ഗിരീഷിന്റെ ഫോട്ടോമോണ്ടേജുകൾ ഡോക്യുമെന്റേഷനും ഭാവനയും തമ്മിലുള്ള - കാണുന്നതും ഓർമ്മിക്കുന്നതും പുനർസങ്കൽപ്പിക്കുന്നതും തമ്മിലുള്ള - ഒരു തുടർച്ചയായ സംഭാഷണത്തെ പ്രതിഫലിപ്പിക്കുന്നു.

ഫോട്ടോഗ്രാഫറും വിഷൽ സ്റ്റോറിടെല്ലറുമായ ഗിരീഷ് ഗോപിനാഥൻ ഡോക്യുമെന്ററി, ആശയപരമായ, പരീക്ഷണാത്മക ഫോട്ടോഗ്രാഫി എന്നിവയുൾപ്പെടെ വിവിധ പദ്ധതികളിൽ പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സൃഷ്ടികൾ ഐഡന്റിറ്റി, സ്പേസ്, പരിസ്ഥിതിയുമായുള്ള മനുഷ്യബന്ധം എന്നിവയുടെ തീമുകൾ പര്യവേക്ഷണം ചെയ്യുന്നു.

ഗിരീഷ് ഗോപിനാഥൻ ഡൽഹി ആസ്ഥാനമായുള്ള ഒരു ഡോക്യുമെന്ററി ഫോട്ടോഗ്രാഫറും കലാകാരനുമാണ്, അദ്ദേഹത്തിന്റെ മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട പ്രവർത്തനത്തിൽ പ്രകൃതിദുരന്തങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്റേഷൻ, ദീർഘകാല കമ്മ്യൂണിറ്റി പഠനങ്ങൾ, അമൂർത്ത പര്യവേഷണങ്ങൾ, ആശയപരമ്പരകൾ എന്നിവ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ കൃതികൾ പലപ്പോഴും കാവ്യാത്മക സംവേദനക്ഷമതയും സാമൂഹിക നിരീക്ഷണവും സംയോജിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പല പദ്ധതികളും പുസ്തകങ്ങളായും ക്യൂറേറ്റഡ് എക്സിബിഷനുകളായും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട് .



**രാഷ്ട്രീയ ഇടവേള**

# Blue Ocean Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



സാമൂഹിക സേവനം/
ഗോപിനാഥ് മുതുകാട്

### ഭിന്നശേഷിക്കാർക്ക് കാസർകോട് കേന്ദ്രം എന്ന സ്വപ്നപദ്ധതി തുടങ്ങുന്നു

# കാലം എല്ലാം തിരിച്ചു ചോദിക്കുമ്പോൾ...

തിരുവന്തപുരത്തെ ഡിഫറൻറ് ആർട്ട് സെൻററും കാസർകോട് നിർമാണം ആരംഭിച്ചിരിക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ഇൻസ്റ്റിറ്റിയൂട്ടും തന്റെ ജീവിത സ്വപ്നമാണെന്ന് പ്രൊഫ. ഗോപിനാഥ് മുതുകാട് പപറഞ്ഞു. ഫൊക്കാന ഹെൽത്ത് ക്ലിനിക്കും മെൻസ് ഫോറവും ഉദ്ഘാടനം ചെയ്തു പ്രൊഫ. ഗോപിനാഥ് മുതുകാട് ന്യു ജേഴ്സിപാറ്റെഴ്സണിൽ നടത്തിയ ശ്രദ്ധേയമായ പ്രസംഗത്തിലായിരുന്നു പ്രഖ്യാപനം .
ന്യു യോർക്കിൽ നിന്നുള്ള അന്തരിച്ച പ്രൊഫ. ലൂക്ക കാസർകോട് വാങ്ങി നൽകിയ 20 ഏക്കർ സ്ഥലത്താണ് ആയിരത്തോളം ശാരീരിക-മാനസിക പ്രശ്നങ്ങളുള്ളവരെ പാർപ്പിക്കാൻ 120 കോടിയുടെ പ്രോജക്ട് രൂപം കൊള്ളുന്നത്.

ചെറുപ്പത്തിൽ ബോധം കെട്ടുവീണപ്പോൾ പാൽ കൊടുത്ത സ്ത്രീക്ക് ഒരു ഡോക്ടർ ചെയ്യുന്ന പ്രത്യുപകാരത്തിന്റെ കഥ പറഞ്ഞു കൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. പ്രായമായപ്പോൾ ആ സ്ത്രീ ഒരു ആശുപത്രിയിൽ അഡ്മിറ്റായി. വലിയ തുക ആശുപത്രി ഫീസ് വന്നു.ബിൽ എങ്ങനെ അടക്കും എന്നു വിഷമിച്ച് റിസപ്ഷനിൽ ചെന്നപ്പോൾ 'ഫുള്ളി പേയ്ഡ് വിത്ത് വൺ ഗ്ലാസ് ഓഫ് മിൽക്ക്' ഡോ. ഹോവേർഡ് കെല്ലി എന്ന് അവിടെ എഴുതി വച്ചിരുന്നു.

**ഭിന്നശേഷി കുട്ടികളുടെ കലാപരമായ കഴിവുകൾ ഉയർത്തിക്കൊണ്ടു വന്ന് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയും അവരെ സ്വയം പര്യാപ്തരാക്കുകയും അവർക്ക് ഒരു വരുമാനം ഉണ്ടാക്കുകയും ചെയ്യുന്ന ഒരു സെന്റാണ് ഡിഫറന്റ് ആർട്സ് സെന്റർ.**

ഇത് ഒരു കടപ്പാടിന്റെ കഥയാണ്. ഞാനിപ്പോൾ പറയുന്നതും ഒരു കടപ്പാടിന്റെ കഥയാണ്. ഫൊക്കാന എന്ന ഈ പ്രസ്ഥാനത്തോട് ഒരു മാന്ത്രികന്റെ അല്ലെങ്കിൽ ഡിസെബിലിറ്റി സെന്ററിൽ വർക്ക് ചെയ്യുന്ന ഒരു വ്യക്തിയുടെ കടപ്പാടിന്റെ കഥ.

പോൾ കറുകപ്പള്ളി ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിലൂടെയാണ് ഫൊക്കാന എന്ന പ്രസ്ഥാനമായി ഞാൻ ബന്ധപ്പെടുന്നത്. ഭിന്നശേഷി കുട്ടികളുടെ കലാപരമായ കഴിവുകൾ ഉയർത്തിക്കൊണ്ടു വന്ന് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയും അവരെ സ്വയം പര്യാപ്തരാക്കുകയും അവർക്ക് ഒരു വരുമാനം ഉണ്ടാക്കുകയും ചെയ്യുന്ന ഒരു സെന്റാണ് ഡിഫറന്റ് ആർട്സ് സെന്റർ.

കോവിഡിന്റെ സമയത്ത് വല്ലാത്ത കഷ്ടതയിലേക്ക് പോയ ഒരു ഘട്ടമുണ്ടായിരുന്നു. അവിടത്തെ അമ്മമാർക്കും കുട്ടികൾക്കും ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ പണമില്ലാതെ, ആ കുട്ടികൾക്ക് എല്ലാമാസവും കൊടുക്കുന്ന സ്റ്റൈപ്പന്റ് കൊടുക്കാൻ സാധിക്കാതെ കഷ്ടപ്പെട്ട് നിൽക്കുന്ന ഒരു ഘട്ടം. ആ സമയത്ത് ഫൊക്കാനയാണ് അമ്മമാർ കരയരുത് എന്ന് ചിന്തിച്ചു കൊണ്ട് ഒരു സംരംഭം തുടങ്ങുവാൻ

സഹായ ഹസ്തവുമായി വന്നത്.

കാലാകാലങ്ങളിൽ ഫൊക്കാന യും ഇവിടെ ഇരിക്കുന്ന വ്യക്തിക ളും സഹായിച്ചിട്ടുണ്ട്. തിരുകുറൽ പറയുന്നുണ്ട് കാലം എല്ലാം തിരിച്ചു ചോദിക്കും. നിന്റെ സൗന്ദര്യവും സമ്പത്തും ആയവും വ്യയവുമെല്ലാം കാലം തിരികെ വാങ്ങും. അതിനാൽ നന്മയിൽ ജീവിക്കണം . ഇറ്റാലിയൻ ഫിലോസഫർ ആയിട്ടുള്ള ബനഡിക് റ്റോ ക്രോച്ചെ പറയുന്നു സത്യത്തിന് മുന്നിൽ സൗന്ദര്യം ഒന്നുമല്ല. ഒരു ദുരന്തത്തിനോ ദുഃഖത്തിനോ ദുരിത ത്തിനോ നശിപ്പിക്കാൻ കഴിയാത്ത എന്ത് സൗന്ദര്യമാണ് ഈ ലോക ത്തുള്ളത് എന്ന് അദ്ദേഹം ചോദിക്കു ന്നു. നമ്മളെല്ലാം എന്ത് സമ്പാദിച്ചു കഴിഞ്ഞാലും എന്ത് സമ്പത്ത് ഊട്ടി ഉറപ്പിച്ചു കഴിഞ്ഞാലും ഒരു ദുഃഖത്തി നോ ദുരന്തത്തിനോ നശിപ്പാക്കാൻ കഴിയാത്ത ഒരു സൗന്ദര്യവും ഇന്ന് ഈ ലോകത്ത് നിലനിൽക്കുന്നില്ല.

കേരളം ഗോഡ്സ് ഓൺ കൺട്രി എന്ന് നമ്മൾ സാധാരണ പറയാറു ണ്ട്. ഒരു പ്രളയത്തോടു കൂടി കേരള ത്തിന്റെ മുഴുവൻ സൗന്ദര്യവും ഒലി ച്ചു പോയ സംഭവം മലയാളികളായ നമ്മൾക്ക് മറക്കാൻ സാധിക്കുകയില്ല.

ഫൊക്കാന കോവിഡിന്റെ സമ യത്ത് വിമൻസ് ഫോറത്തിന്റെ നേ തൃത്വത്തിൽ, പോൾ തന്നെ താൽപ ര്യമെടുത്ത് 10 ലക്ഷം രൂപ ഡിഫറന്റ് ആർട്സ് ക്ലബിലേക്ക് തന്നു. അമ്മ മാർക്ക് തയ്യൽ മെഷീനും മറ്റും തന്ന സഹായിച്ചു. ഇന്ന് ആ കുട്ടികളുടെ അമ്മമാരെല്ലാം ചിരിച്ച മുഖത്തോടെ വന്ന് അവിടെ പ്രവർത്തിക്കുന്നു.

ഒരു വിത്ത് മണ്ണിൽ നട്ട് വെള്ളവും വളവും കൊടുത്താൻ ആ വിത്ത് മര മായിട്ട് മാറും. നമ്മൾ ഈ ഭൂമിയിൽ നിന്ന് പോയിക്കഴിഞ്ഞാലും അതിൽ കായ്കളും പൂക്കളും ഉണ്ടാകും. എത്രയോ തലമുറക്ക് തണലായി മാറും. അന്ന് ഞാൻ പോളേട്ടനോട് സംസാരിക്കുമ്പോൾ ഉണ്ടായ ഒരു ആശയം. ആ ആശയം കരിസ്മ എന്ന സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തു. അമ്മമാരുടെ അക്കൗണ്ടി ലേക്ക് ലക്ഷക്കണക്കിന് രൂപ കൊടു ക്കാൻ സാധിച്ചു. അതിൽ അമ്മമാർ ക്ക് ഇന്നു ബാങ്ക് ബാലൻസ് ഉണ്ട്. അന്ന് പോളേട്ടൻ നട്ട വിത്ത് വളർന്ന് അവിടെ വരെ എത്തിയിരിക്കുന്നു. കുറെ കുട്ടികളുടെ അമ്മമാർക്ക് ഒരു ജീവിതമാർഗമായി.

എന്റെ ഇപ്പോഴത്തെ ശ്രദ്ധ കാ സർഗോഡ് നടക്കാനുള്ള ഒരു വലിയ പ്രോജക്റ്റിലാണ്. ന്യൂയോർക്കിലു ണ്ടായിരുന്ന ഡോ. എംകെ. ലൂക്ക കോട്ടയത്തു പ്രൊഫസറായിരുന്നു. അദ്ദേഹം അടുത്ത് വന്ന് പറഞ്ഞു. സാർ കാസർഡോഗ് വച്ചാണല്ലോ മനമാറ്റം ഉണ്ടായത്. അവിടെ ഞാ നൊരു സ്ഥലം വാങ്ങിതരാമെന്ന്. അദ്ദേഹം ഇരുപതേക്കർ സ്ഥലം നമ്മുടെ ചാരിറ്റബിൾ സൊസൈറ്റിയു ടെ പേരിൽ വാങ്ങിതന്നു. നിർഭാഗ്യവ ശാൽ ബ്രെയിൻട്യൂമർ വന്ന് അദ്ദേഹം മരിച്ചു. മരിക്കുന്നതിന് മുമ്പ് അദ്ദേ ഹം എന്റെ കൈപിടിച്ചുകൊണ്ട് പറ ഞ്ഞു. എന്തൊക്കെ പ്രതിസന്ധികൾ വന്നാലും, ആരൊക്കെ എന്തൊക്കെ അപവാദം പറഞ്ഞാലും ഇതു ഉപേ ക്ഷിക്കരുത്.

വരുന്ന മെയ് മാസത്തിൽ അമേരി ക്കയിലെ വിവിധ ഭാഗത്ത് പ്രോഗ്രാം നടത്തി ഇതിനായി ഫണ്ട് ശേഖരിക്ക ണമെന്ന് ആഗ്രഹിക്കുന്നു. ഒരു ഗ്ലോ ബൽ പ്രോജക്ടാണ് കാസർഗോഡ് വരാനുള്ളത്. ആയിരം കുട്ടികൾക്ക് ജീവൻ കൊടുക്കാൻ സാധിക്കുന്ന ഒരു പ്രോജക്ട്. എല്ലാവരും ഒരുമി ച്ചു നിന്നാൽ വലിയ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഒരുപാട് അമ്മമാരുടെ കണ്ണീർ തുടയ്ക്കാൻ സാധിക്കും.

മരിക്കുന്നതിന് മുമ്പ് അച്ഛൻ അമ്മയോട് പറഞ്ഞു. കുട്ടിയോട് മാജിക്ക് ഉപേക്ഷിക്കരുത് എന്ന് പറ യാൻ. അതു തന്നെയാണ് ലൂക്കാസാ റും പറഞ്ഞത്. എന്തൊക്കെ പ്രതിസ ന്ധികളുണ്ടായാലും ഈ പ്രോ ജക്ട് ഉപേക്ഷിക്കരുതെന്ന്. വലിയ പ്രൊജക്ടാണ് വിഭാനം ചെയ്യുന്നത്. ആയിരം കുട്ടികൾക്ക്, കുടുംബങ്ങൾ ക്ക് ജീവൻ കൊടുക്കുന്ന പ്രൊജക്ട്. ലൂക്കാ സാറിന്റെ പേരിൽ തന്നെയാ ണ് എഎപിടി എന്ന പ്രോജക്ട് വരാൻ പോകുന്നത്. ഇത് പൂർത്തിയായി കഴിഞ്ഞാൽ ലോകത്തിന് മാതൃകയാ കുന്ന രീതിയിൽ ആണ് സംരംഭം.

ഡിഫറന്റ് ആർട്സ് സെന്ററിന് പത്തു കോടി രൂപ ഉണ്ടായിരുന്നു. അതു അഡ്വാൻസ് കൊടുത്തു. ഊരാ ളുങ്കിൽ സൊസൈറ്റിയാണ് അതിന്റെ വർക്ക് ചെയ്തു കൊണ്ടിരിക്കുന്നത്. 24 മണിക്കൂറും വർക്ക് ചെയ്തുകൊ ണ്ടിരിക്കുകയാണ്. കഴിഞ്ഞ ഫെ ബ്രുവരി 23ന് മുഖ്യമന്ത്രി തറക്കല്ലിട്ടു. അടുത്ത ഫെബ്രുവരി 23ന് ആദ്യ ഘട്ടം ഉദ്ഘാടനം ചെയ്യണമെന്ന് വിചാരിക്കുന്നു. അപ്പോൾ നമ്മൾക്ക് കുട്ടികളെ അവിടെ ചേർക്കാൻ സാ ധിക്കും.

അതിനുശേഷം 2027 നവംബറിൽ ആയിരം ദിവസം പൂർത്തിയാകുന്ന ദി വസം മുഴുവനായി തുറന്നു കൊടുക്ക ണമെന്നാണ് വിചാരിക്കുന്നത്. രണ്ടു രീതിയിലാണ് ഫണ്ട് ശേഖരിക്കു ന്നത്. ഒന്ന് സി.എസ്.ആർ കൊണ്ടു സ്ഥാപനങ്ങളിലൂടെ. രണ്ട് എംക്യൂബ് എന്ന പ്രോഗ്രാമിലൂടെ- മാജിക് മ്യൂ സ്ക് ആന്റ് മോട്ടിവേഷൻ – ആ ഷോ ചെയ്ത് അതിലൂടെ സമാഹരിക്കുന്ന ഫണ്ട് ഇതിലേക്കു കൊടുക്കുകയാ ണ്. ഞാനും എന്റെ കൂടെയുള്ളവരും ഒരുരൂപപോലും പ്രതിഫലം വാങ്ങാ തെ പല രാജ്യങ്ങളിലായി പരിപാടി കൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഓസ്ട്രേലിയ, ഇംഗ്ലണ്ട്, സ്കോ ട്ട്ലന്റ്, അയർലന്റ്, ഖത്തർ, ദുബായ് എന്നീ രാജ്യങ്ങളിൽ പരിപാടികൾ നടത്തി. അമേരിക്കയിൽ മെയ് 15 മുതൽ ജൂൺ 15 വരെയാണ് ഉദ്ദേശി ക്കുന്നത്.

എന്റെ ജീവിതത്തിൽ ഈ ഒരു സ്വപനം മാത്രമേ ഉള്ളൂ. അവിടെ ഈ കുട്ടികൾ വന്ന് ജീവിക്കുന്ന ഒരു സ്വർഗ്ഗം സ്വപ്നം കണ്ട് ജീവിക്കുന്ന ഒരു മനുഷ്യനാണ് താൻ.

**-സ്വന്തം ലേഖകൻ**



Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ചിത്രലോകം



അജയകുമാർ



**He flew away with green flames**
oil on canvas



Spice Village

# TODDY SHOP
# കള്ള് ഷാപ്പ്

## ഷാപ്പിലെ കറികളും
## നല്ല നാടൻ കള്ളും



- Kallummakkaya (കല്ലുമ്മക്കായ)
- Duck Mappas (താറാവ് മപ്പാസ്)
- Meen Curry (മീൻകറി)
- Mathi Varuthathu (മത്തി വറുത്തത്)
- Beef Coconut Fry (പോത്ത് ഉലർത്ത്)
- Crab Roast (ഞണ്ട് റോസ്റ്റ്)
- Kappa (കപ്പ)
- Idiyappam/Paratha (ഇടിയപ്പം പറോട്ട)
- Liver Fry (ലിവർ ഫ്രൈ)
- Idukki Idiyirachi (ഇടുക്കി ഇടിയിറച്ചി)
- Rabbit Roast (റാബിറ്റ് റോസ്റ്റ്)
- Potty Ulathu (പോട്ടി ഉലത്ത്)

**വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM**
**FRIDAY, SATURDAY, SUNDAY 5-10 PM**

8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY